70

# ഭാരതീയ പൈതൃകത്തിൽനിന്ന്
# ജീവിതസന്ദേശങ്ങൾ
## (ഹിന്ദു ധർമ്മജ്ഞാന സംക്ഷിപ്തം)

ഡോ. എൻ. ഗോപാലകൃഷ്ണൻ Ph.D., D.Litt.
(Scientist & Director IISH)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം – 695 018

Heritage Publication Series-111

Scanned with CamScanner

# ഭാരതീയ പൈതൃകത്തിൽ നിന്ന്
# ജീവിത സന്ദേശങ്ങൾ

## (ഹിന്ദു ധർമ്മജ്ഞാന സംക്ഷിപ്തം)


ഡോ. എൻ. ഗോപാലകൃഷ്ണൻ Ph.D., D.Litt.

(Scientist & Director IISH)



ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്

തിരുവനന്തപുരം – 695 018

www.iish.org / iish.tv

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് – 111



Scanned with CamScanner

# ഭാരതീയ പൈതൃകത്തിൽ നിന്ന്
# ജീവിത സന്ദേശങ്ങൾ

**Dr. N. Gopalakrishnan**

M.Sc (Pharm), M.Sc (Chem), M.A. (Soc), Ph.D., D.Litt.

(Scientist & Director IISH)

Published by:

**Indian Institute of Scientific Heritage (IISH)**

**Registered Charitable Trust 328/99/IV**

Ushus, Estate Road, Pappanamcode

Trivandrum - 695 018 (Ph. 0471 - 2490149)

Website : www.iish.org / www.iish.tv

**Rs. 70/-**

*Printed at:*

Sree Printers

Ind. Estate, Pappanamcode, TVM - 19, Ph. 0471 - 2490135

Scanned with CamScanner

# DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

**Details of the bank account**

Beneficiary : IISH Trivandrum
Ac No : 57020795171
IFSC : SBIN0070030
Bank : SBI industrial estate, papanamcode
Trivandrum-19

*In the service of the motherland and dharma*

***IISH Publication Team***

Scanned with CamScanner

ധന്യാത്മക്കളേ!

## ഇതും വായിക്കുമല്ലോ

ഈ പുസ്തകത്തിലെഴുതിയിരിക്കുന്നത് ഉപദേശങ്ങളാണെന്നു വിചാരിക്കേണ്ടതില്ല. ഇതിലുള്ളതെല്ലാം ഉത്തരങ്ങളാണ്. ഒരു പതിനായിരം വർഷത്തെ പാരമ്പര്യമുള്ള ഭാരതം ലോകത്തിനെന്തു സംഭാവന ചെയ്തു എന്ന ചോദ്യത്തിനുള്ള ഉത്തരം. രണ്ടായിരത്തോളം അടിസ്ഥാന ഗ്രന്ഥങ്ങളും, പതിനായിരത്തോളം വ്യാഖ്യാനങ്ങളും, ഒരു ലക്ഷത്തിലധികം ഉപാഖ്യാനങ്ങളുമായി, നമുക്കു നൽകിയ സന്ദേശങ്ങളിലൊരംശം ഈ പുസ്തകത്തിലൂടെ നിങ്ങൾക്ക് സമർപ്പിക്കുകയാണ്. ഒരു മഹാസാഗരത്തിൽ നിന്ന് ഒരു ബക്കറ്റ് എന്ന അളവിൽ. എന്തെല്ലാം പഠിക്കണമെന്നതിനേക്കാൾ എങ്ങിനെ പഠിക്കണം എന്തിനു പഠിക്കണം എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരമാണീ പുസ്തകത്തിൽ.

നമ്മുടെ പൈതൃകത്തിലെന്തെല്ലാമുണ്ടെങ്കിലും അതെന്തെല്ലാമാണെന്നറിയേണ്ടേ? ആർക്കുള്ളതാണെന്നറിയേണ്ടേ? എന്തിനുള്ളതാണെന്നറിയേണ്ടേ? അറിയേണ്ടതെങ്ങിനെയാണെന്നറിയേണ്ടേ? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം ക്ലാസിൽ പഠിപ്പിക്കുന്നതുപോലെയാണെഴുതിയിരിക്കുന്നത്. ചിലയിടത്ത് ആവർത്തനങ്ങളുണ്ട്. കഥ വായിക്കുന്നതുപോലെ വായിച്ചു മനസ്സിലാക്കി പോകുക.

30 ജൂലൈ 2011

ഡോ. എൻ. ഗോപാലകൃഷ്ണൻ



Scanned with CamScanner

## അദ്ധ്യായം 1

## ലോകജനത ഭാരതത്തിൽ നിന്നും പ്രതീക്ഷിക്കുന്നു...

- സ്വാമി വിവേകാനന്ദൻ ചിക്കാഗോവിലെ അന്താരാഷ്ട്ര മതസമ്മേളനത്തിൽ പങ്കെടുത്തതും, അവിടെ പ്രഭാഷണം നടത്തി ഭാരതീയ സംസ്കാരത്തെ ലോകത്തിന്റെ മുമ്പിൽ ആത്മാഭിമാനത്തോടെ സമർപ്പിച്ചതും, മതങ്ങളുടെ മാതാവായ ഹൈന്ദവ സംസ്കാരത്തിന്റെ പ്രതിനിധിയായിട്ടാണ് ഇവിടെ നിന്ന് പ്രസംഗിക്കുന്നതെന്നു പ്രഖ്യാപിച്ചതും നമുക്കെല്ലാം അറിയാവുന്നതാണ്.
- ആ യാത്രയുടെ ഭാഗമായി അമേരിക്കയിലെ മിഷിഗൺ സർവ്വകലാശാലയിൽ അദ്ദേഹം പ്രഭാഷണം നടത്തിയ വേളയിൽ അവിടത്തെ ബുദ്ധിജീവികളും പത്രപ്രതിനിധികളും ചോദിച്ചുവത്രെ; താങ്കളെന്തിനാണ് ഈ ശാസ്ത്രയുഗത്തിൽ ശാസ്ത്ര സാങ്കേതിക വിദ്യയിലൂടെ മുന്നേറുന്ന അമേരിക്കയിലേക്ക് അങ്ങയുടെ രാഷ്ട്രത്തിന്റെ മതവും പ്രാകൃതമായ ചിന്തകളും കൊണ്ടുവരുന്നത് എന്ന്. അതിനു സ്വാമി വിവേകാനന്ദൻ മറുപടി പറഞ്ഞത് 'എന്റെ പ്രിയ സുഹൃത്തുക്കളെ ഇരുപതാം നൂറ്റാണ്ട് നിങ്ങൾ അമേരിക്കക്കാരുടേതാണ്. ഇരുപത്തൊന്നാം നൂറ്റാണ്ട് ഞങ്ങൾ ഭാരതീയരുടേതാണ്', എന്നായിരുന്നു.
- ആ ഇരുപത്തൊന്നാം നൂറ്റാണ്ടിലാണ് നമ്മൾ ഇന്നു ജീവിക്കുന്നത്. അക്ഷരാർത്ഥത്തിൽ മുൻ പ്രവചനം സത്യമായി ഭവിക്കുന്നു. ഇരുപത്തി ഒന്നാം നൂറ്റാണ്ട് ഭാരതത്തിന്റേതാണ്. അഥവാ പൂർണ്ണമായും ഭാരതത്തിന്റേതായിക്കൊണ്ടിരിക്കുന്നു. അവിടവിടെയായിക്കാണുന്ന കുറേ അപസ്വരങ്ങൾ മാറ്റി നിർത്തിയാൽ ഭാരതം ഇന്നു ലോകത്തിന്റെ സ്മരണയിലുള്ള രാഷ്ട്രമാണ്.
- ആധുനികവും അത്യാധുനികവുമായ ശാസ്ത്ര സാങ്കേതിക വിദ്യയിൽ നാം വളരെയേറെ മുന്നേറിക്കൊണ്ടിരിക്കുന്നു. നമ്മുടെ സാമ്പത്തിക വളർച്ചാനിരക്ക് വളരെയേറെ മുന്നോട്ടുപോകുന്നു.
- ലോകമെമ്പാടും സാമ്പത്തീക മാന്ദ്യം സംഭവിച്ചപ്പോഴും അതെല്ലാം തരണംചെയ്യാൻ ഭാരതത്തിനു സാധിച്ചു. ആധുനികമായ എല്ലാ വാണിജ്യ-വ്യാവസായിക-കാർഷിക-സാമ്പത്തിക-ആരോഗ്യ-സാമൂഹിക മണ്ഡലങ്ങളിലും ഭാരതം അടിവെച്ചടിവെച്ച് മുന്നേറുന്നു എന്നത് ഒരു സത്യം മാത്രമാണ്.
- ചിലപ്പോൾ ഞാൻ എന്റെ പ്രഭാഷണങ്ങളിൽ പറയാറുണ്ട്; നമ്മെ ആരും ഭരിക്കട്ടെ. ഇടതുപക്ഷമോ, മധ്യപക്ഷമോ, വലതു പക്ഷമോ



Scanned with CamScanner

ആരുമാകട്ടെ, നമ്മുടെ രാഷ്ട്രത്തിന്റേയും ജനതയുടേയും നന്മയായിരിക്കണം രാഷ്ട്രീയ ലക്ഷ്യത്തേക്കാൾ മഹത്തായി നാം കാണേണ്ടത്.

- ഭാരതത്തിൽ ആധുനീക നന്മയിലേയ്ക്കുള്ള പ്രയാണത്തോടൊപ്പം പുരാതനനന്മയിലേക്കുള്ള പ്രയാണവും ദൃശ്യമാണ്. ജപ്പാൻ ആധുനികതയുടെ ഉത്തുംഗ ശൃംഗത്തിലെത്തിയപ്പോഴും പുരാതന പൈതൃകങ്ങളൊന്നും കൈവിട്ടുകളഞ്ഞില്ല. അമേരിക്ക ആധുനിക നന്മകളെല്ലാം സ്വാംശീകരിച്ചപ്പോൾ പുരാതനമായ നന്മകളെല്ലാം പുച്ഛിച്ചു തള്ളി. രണ്ടുരാജ്യങ്ങളും ചെയ്തതിന്റെ ഫലങ്ങൾ നന്നായിട്ടവരനുഭവിക്കുന്നു. ജപ്പാൻ ലോകത്തിനു മാതൃകയായി നിലകൊള്ളുന്നു. അമേരിക്ക ആർക്കും മാതൃകയാകാൻ പാടില്ലാത്ത രാഷ്ട്രമായി നിലകൊള്ളുന്നു.
- നമുക്കും വളരണം. ആധുനീകമായ എല്ലാ നന്മകളും സ്വീകരിച്ചുകൊണ്ട് പൈതൃകമായ നന്മകളൊന്നും കളയാതെ ഭാരതമെന്ന രാഷ്ട്രത്തെ പൂജാവിഗ്രഹമായി പ്രതിഷ്ഠിച്ചുകൊണ്ടു വളരണം.
- മുമ്പിലുള്ള 180 ഡിഗ്രിയിൽ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യകളുടെയെല്ലാ നന്മകളും സ്വീകരിച്ച് പുറകിലുള്ള 180 ഡിഗ്രിയിൽ നിന്ന് പുരാതന ഭാരതീയ നന്മകളുമെല്ലാം സ്വീകരിച്ചുകൊണ്ട് 360 ഡിഗ്രിയായ പൂർണമാക്കി മുന്നേറണം.
- ഇന്നു നമ്മുടെ ജീവിതത്തിൽ കാര്യമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഹൈന്ദവ ജനതക്ക് പൈതൃക നന്മകൾ സ്വീകരിക്കണമെന്ന് ഉൽക്കടമായ ആഗ്രഹമുണ്ട്. വ്യക്തിജീവിതത്തിൽ ആചാരാനുഷ്ഠാനങ്ങളും വിശ്വാസ പ്രമാണങ്ങളും സ്വീകരിക്കാനവർ തുടങ്ങിയിട്ടുണ്ട്. ജീവിതത്തിൽ പൈതൃക നന്മകൾ ചേർക്കണമെന്ന് മാതാപിതാക്കൾക്ക് തോന്നുന്നുണ്ട്. നമ്മുടെ മക്കൾക്ക്, നമുക്ക് ലഭിക്കാതെ പോയ പൈതൃക സമ്പത്ത് ലഭിക്കണമെന്നവർ ആഗ്രഹിക്കുന്നു. അതിന്നായി പ്രവർത്തിക്കുന്നു.
- അനേകം വിദ്യാലയങ്ങളിൽ ക്ലാസെടുക്കാനുള്ള ഭാഗ്യമെനിക്കുണ്ടാകുന്നുണ്ട്. അവിടെയെല്ലാം എല്ലാവിഭാഗം വിദ്യാർത്ഥികൾക്കും പൈതൃകത്തോട് അതിയായ താല്പര്യമുണ്ടാകുന്നു എന്നത് വ്യക്തിപരമായി ഉയരുന്നതിന്റെ വ്യക്തമായ ലക്ഷണമാണ്.
- മക്കളും മാതാപിതാക്കളും ക്ഷേത്രദർശനത്തിന് പ്രാധാന്യം നൽകുന്നു. ടെലിവിഷന്റെ മുന്നിലിരുന്നു പൈതൃക നന്മകൾ കേൾക്കുന്നു. പൈതൃക ഗ്രന്ഥങ്ങൾ വായിക്കുന്നു. നന്മനിറക്കുന്ന



Scanned with CamScanner

സംഘടനകളിൽ പ്രവർത്തിക്കുന്നു. നല്ല നല്ല പ്രഭാഷണങ്ങളുള്ളിടത്ത് മണിക്കൂറുകളോളം അതു കേൾക്കാനായിട്ടിരിക്കുന്നു. ഇതെല്ലാം ചൈതന്യവത്തായ മാറ്റങ്ങളാണ്.

- അപവാദങ്ങളും അപസ്വരങ്ങളുമില്ലെന്നല്ല. പൈതൃകത്തെ പുച്ഛിക്കുകയും അവഹേളിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്തിരുന്ന ഒരു തലമുറ ഇന്നു ചന്ദനം തൊട്ടുകൊണ്ട് നടക്കുന്നു. അവർ ക്ഷേത്രത്തിലേക്കു പോകുന്നത് ജീവിത വ്രതമാക്കിയിരിക്കുന്നു. അഭിമാനത്തോടെയവർ ഹിന്ദുവാണെന്നു പറയുന്നു.
- മാതാപിതാക്കളിലും മാറ്റമുണ്ട്. പൈതൃകത്തെക്കുറിച്ചു ഞങ്ങൾക്കൊന്നുമറിഞ്ഞുകൂടാ എന്നു സമ്മതിക്കുകയും അങ്ങിനെ മക്കൾക്ക് സംഭവിക്കരുതെന്ന് വിചാരിക്കുകയും ചെയ്യുന്ന മാതാപിതാക്കളുടെ എണ്ണം നിരന്തരം കൂടുകയും ചെയ്യുന്നു. അവരും ആചാരങ്ങളുടെ നന്മകളിലേക്കും, ക്ഷേത്രദർശനത്തിനും, തീർത്ഥാടനത്തിനും സകുടുംബം പോകുന്നു. കുടുംബാംഗങ്ങളുടെ എല്ലാ യാത്രകളിലും ക്ഷേത്രദർശനം ലക്ഷ്യങ്ങളും മാർഗങ്ങളുമാകുന്നു.
- ആത്മീയ ഗ്രന്ഥങ്ങൾ കുടുംബത്തിൽ പ്രത്യക്ഷപ്പെടുന്നു. ആത്മീയതയും ചേരുന്ന മാഗസിനുകൾക്ക് പ്രിയമേറുന്നു. ആത്മീയ പരിപാടികളുൾക്കൊള്ളുന്ന സിഡികളും, വിസിഡികളും കാറിലും കുടുംബത്തിലും സ്ഥാനം പിടിക്കുന്നു. മൊത്തത്തിൽ ആധുനികതയോടൊപ്പം പുരാതന നന്മയും വീടുകളിലെത്തിത്തുടങ്ങിയിരിക്കുന്നു.
- വിഷുവും, ദീപാവലിയും, പുസ്തകപൂജയും, എഴുത്തിനിരുത്തലും, വിദ്യാരംഭവും, വീട്ടിലെ പ്രാർത്ഥനകളും, ജന്മദിന ആത്മീയതയും വീടുവെപ്പിന്റെ ചടങ്ങുകളും എല്ലാമെല്ലാം ഹൈന്ദവ ഗൃഹങ്ങളിൽ തെളിഞ്ഞു വരുന്നു.
- അതികർക്കശരായ യുക്തിവാദികളുടേയും കമ്മ്യൂണിസ്റ്റുകാരുടേയും വീടുകളിലും അതിഗഹനമായ ഭാരതീയ ആത്മീയതക്ക് സ്വീകരണം ലഭിക്കുന്നു.
- എല്ലാ യുക്തിവാദികളും 99 ശതമാനം കമ്മ്യൂണിസ്റ്റുകാരും ഹിന്ദുക്കളാണ്. അവരിലെല്ലാം അസാധാരണമാറ്റം വന്നിരിക്കുന്നു. പാർട്ടി സെക്രട്ടറി ശിവഗിരി തീർത്ഥാടനത്തിനും, മുഖ്യമന്ത്രി ശിവഗിരിയിലെ ശ്രീകോവിലിനുമുന്നിൽ നിന്നുതൊഴാനും, ഇടപതുപക്ഷ നേതാക്കളുടെയെല്ലാം ഭാര്യമാരും കുടുംബാംഗങ്ങളും പൂർണ്ണ ആത്മീയ ആചാരാനുഷ്ഠാന പന്ഥാവിലൂടെ ചരിക്കാനും തുടങ്ങിയത് (പ്രത്യേകിച്ച് കേരളത്തിൽ) സാധാരണമായ ഒരു കാര്യമായി കാണാൻ തുടങ്ങിയിരിക്കുന്നു.



Scanned with CamScanner

- പൂർണ ഇടതുപക്ഷക്കാരായി പൈതൃകത്തെ പുച്ഛിച്ചിരുന്ന അദ്ധ്യാപകരിലും അതിഗഹനമായ മാറ്റങ്ങളുണ്ട്. നമ്മുടെ പൈതൃകത്തെ അവഹേളിക്കാത്ത നിലയിലേക്ക് അവരും ഉയരുന്നു, വളരുന്നു. ഇന്നലവരെ എങ്ങിനെയാണോ പിന്തിരിപ്പൻ, വർഗ്ഗീയ, സവർണ മൂരാച്ചി എന്നൊക്കെ പറഞ്ഞവഹേളിച്ച് വളരുന്ന തലമുറകളിൽ വിഘടനത്തിന്റെയും രാഷ്ട്രനിന്ദയുടേയും വിത്തുപാകിയിരുന്നത്, ഇന്നവരും മാറുന്നു.
- ശബരിമലയിലേക്കും, സ്വാമിമാരുടെ പ്രഭാഷണങ്ങളിലേയ്ക്കും ആശ്രമങ്ങളിലേക്കും, കൈലാസത്തിലേക്കും, അമർനാഥിലേക്കും ഇടതുപക്ഷക്കാരുടെ ഒരു പ്രവാഹം തന്നെ കാണാം.
- ക്ഷേത്രങ്ങളിലും മാറ്റമുണ്ട്. പണ്ട് ബാലെ, നാടകം, ഗാനമേള, അട്ടഹസിച്ചപസഹിച്ച് ഹിന്ദുക്കളെ കളിയാക്കുന്ന കലാപരിപാടികൾ നടത്തിയിരുന്ന ക്ഷേത്രങ്ങൾ ഇന്ന് കുറേയൊക്കെ ഭക്തിയുടെ മാർഗത്തിലെത്തുന്നു.
- ഭാഗവതം, ഭഗവദ്ഗീത, രാമായണം, രാമായണ മാസാചരണം, തിരുവോണം, മലയാള മാസാരംഭം, പുതുവത്സരാരംഭം എല്ലാ വിശേഷ ദിവസങ്ങളാചരിക്കലും, ശബരിമല വ്രതവും, ക്ഷേത്രദർശനവും, മകം തൊഴലും, പൈതൃകമായി ബന്ധപ്പെട്ട പ്രത്യേക ചടങ്ങുകളും, ഉത്സവങ്ങളും, ആഘോഷങ്ങളും, യാഗങ്ങളും, യജ്ഞങ്ങളുമെല്ലാം ദർശിക്കുവാനിന്ന് ജനലക്ഷങ്ങളണിനിരക്കുന്നു. ക്ഷേത്രാന്തരീക്ഷത്തിൽ അടിമുടി മാറ്റമുണ്ട്. ക്ഷേത്രങ്ങൾ നവീകരിക്കപ്പെടുന്നു. എല്ലാവിഭാഗംജനതയും അതിൽ സഹകരിക്കുന്നു.
- ഹൈന്ദവ സമൂഹത്തിലും മാറ്റങ്ങൾ തിരുതകൃതിയായി സംഭവിച്ചുകൊണ്ടിരിക്കുന്നു. ശ്രീനാരായണ ഗുരുദേവന്റെ സന്ദേശങ്ങൾ ജാതിക്കതീതമായി സ്വീകരിക്കപ്പെടുന്നു. ധർമ്മ സമ്മേളനങ്ങൾക്ക് ആയിരക്കണക്കിന് ജനത പങ്കെടുക്കുന്നു. പിതൃകർമ്മങ്ങളും കുടുംബക്ഷേത്രാരാധനയും വർദ്ധിക്കുന്നു. രാമായണ മാസാചരണം ഏറെ മുന്നോട്ടു പോകുന്നു. വീടുകളിൽ പ്രാർത്ഥനയും ഈശ്വര സ്മരണയും സ്വീകൃതമായിരിക്കുന്നു. മാതാ അമൃതാനന്ദമയി ദേവിയുടേയും, സത്യസായി ബാബയുടേയും, ശ്രീ ശ്രീ രവിശങ്കറിന്റേയും, ചിന്മയാ മിഷൻ, രാംദേവ് ബാബ, രമാദേവി, ബ്രഹ്മകുമാരീസ്... എന്നീ പ്രസ്ഥാനങ്ങളിലുമെല്ലാം നവചൈതന്യം തുളുമ്പുന്നതു പ്രത്യേകം ദർശിക്കാൻ സാധിക്കുന്നു. ഏതു രാഷ്ട്രീയ പാർട്ടിയിൽപെട്ട ഹിന്ദുവും തന്റെ സ്വത്വം തിരിച്ചറിയുവാൻ തുടങ്ങിയിരിക്കുന്നു.



Scanned with CamScanner

- ക്രൈസ്തവ ജനസമൂഹത്തിലും എടുത്തു പറയാവുന്ന അനവധി മാറ്റങ്ങളുണ്ട്. ബൈബിളിൽ പറഞ്ഞിരിക്കുന്നതുമാത്രമാണ് ശരിയെന്നും, യേശുവിനെ മാത്രമേ ആരാധിക്കാവൂ എന്നുമെല്ലാമുള്ള വിശ്വാസങ്ങൾ മാറുന്നു. ഇന്ന് ക്രൈസ്തവ സമൂഹത്തിലേക്ക് വികൃതമായ മാർഗത്തിലൂടെ മതപരിവർത്തനം നടക്കുന്നുണ്ടെങ്കിലും അവരും വിദ്യാരംഭം, പള്ളികളിൽ കൊടിമരം, കൽവിളക്ക്, പുഷ്പാരാധന, ആനപ്പുറത്തെഴുന്നള്ളിപ്പ്, തുലാഭാരം, ചുറ്റുവിളക്ക്, പറയെടുപ്പ്, ക്രിസ്തു സഹസ്രനാമം, എല്ലാത്തിനും സംസ്കൃത പദപ്രയോഗം, ഉപനിഷദ് മന്ത്രപ്രാർത്ഥന, അന്നദാനം, പ്രസാദ ഊട്ട്, മലകയറ്റം, തീർത്ഥാടനം...... എന്നിപ്രകാരം പലതും ഭാരതീയ പൈതൃകത്തിൽ നിന്ന് സ്വീകരിക്കുന്നു.
- വിവാഹ-ഗൃഹപ്രവേശ-ജന്മദിന-ഷഷ്ട്യബ്ദപൂർത്തി-ഓണ-ദീപാവലി-ഹോളി-....... ആചാരങ്ങളിലും ഭാരതീയ രീതി വരുത്തുകയും ആചരിക്കുകയും ചെയ്യുന്നു.
- ക്ഷേത്രനിർമ്മാണത്തിനു മുമ്പോട്ടുവരുകയും, ക്ഷേത്രാചാരങ്ങളിൽ പങ്കെടുക്കുകയും, ശബരിമല യാത്രയിൽ ഭാഗഭാക്കാകുകയും, ചന്ദനം തൊടുകയും, ക്ഷേത്ര-ഭാരതീയ ആത്മീയ പ്രഭാഷണങ്ങൾ സശ്രദ്ധം കേൾക്കുകയും, ജ്യോതിഷം-ജാതകം-വാസ്തുവിദ്യ-പൂജാകർമ്മങ്ങൾ എന്നിവയ്ക്ക് വളരെയേറെ പ്രാധാന്യം കൊടുക്കുയും ചെയ്തുകൊണ്ടിരിക്കുന്ന അവസ്ഥാവിശേഷത്തിലേക്ക് അവരും വരുന്നു.
- ക്രൈസ്തവ പേരുകൾ, ഗൃഹനാമങ്ങൾ, ചടങ്ങുകൾ, ചിന്തകൾ.... മാത്രം വെച്ചു പുലർത്തിയിരുന്നവർ മറ്റു ശരികളെടുക്കാൻ തുടങ്ങിയിരിക്കുന്നതാണ് ഏറ്റവും ചൈതന്യവത്തായ മാറ്റം. കൂടാതെ മറ്റു മതങ്ങളിലുള്ള വിവാഹവും തടസ്സങ്ങളില്ലാതെ നടക്കുവാൻ തുടങ്ങിയിരിക്കുന്നു.
- ക്രൈസ്തവ ജനത വിദേശത്തു നിന്നു വന്ന അവരുടെ മതത്തിന്റെ പരിമിതികളെക്കുറിച്ചും മതമേധാവികളുടെ ചെയ്തികളെക്കുറിച്ചും, മതത്തിന്റെ പേരിൽ നടക്കുന്ന ചൂഷണങ്ങളെക്കുറിച്ചും ബോധവാന്മാരാകുമ്പോഴാണ് ഭാരതീയ ആത്മീയതയുടെ മഹത്വം അവരറിയുന്നത്.
- മുസ്ലീം സമൂഹത്തിലും കുറേയേറെ മാറ്റം വന്നുകൊണ്ടിരിക്കുന്നു. ഹൈന്ദവാരാധനയോടും ആചാരങ്ങളോടും, ജ്യോതിഷം, വാസ്തു എന്നതിനോടുമുള്ള സ്വീകാര്യത വളരെ കൂടിവരുന്നു. ക്ഷേത്രദർശ



Scanned with CamScanner

നവും ക്ഷേത്രങ്ങൾക്കുള്ള വഴിപാടുകളും നടത്തുന്ന ആയിരക്കണക്കിന് മുസ്ലീമുകളുണ്ട് എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്.

- ദേശത്തിനോടും ധർമ്മത്തിനോടുമുള്ള അവരുടെ തീവ്രവാദത്തിന്റെ കാഠിന്യം കുറഞ്ഞുവരുകയും സ്വയം ഭാരതീയരാണെന്നും ഇവിടത്തെ പൈതൃകത്തിന്റെ അവകാശികളാണെന്ന ബോധവും അവരിലുണ്ടായിക്കൊണ്ടിരിക്കുന്നു. ഇസ്ലാമിക രാഷ്ട്രങ്ങളിൽ നടക്കുന്ന തെരുവു യുദ്ധങ്ങളും, ബോംബു സ്ഫോടനങ്ങളും, തീവ്രാദവും, ഏകാധിപത്യവും ഭാരതത്തിലെ മുസ്ലീമുകളേയും ഭാരതീയ നന്മകളിലേക്കെത്തിക്കുന്നു.
- കേരളത്തിലെ പത്രമാധ്യമങ്ങൾ ധർമ്മത്തിനും രാഷ്ട്രത്തിനും വേണ്ടി വാദിക്കുന്ന ഒരു കാലഘട്ടത്തിൽ നാം ജീവിക്കാനാരംഭിച്ചിരിക്കുന്നു. സത്യം ധർമ്മം നീതി ന്യായം എന്നീ നാലും നമ്മുടെ മാധ്യമങ്ങളുടെ ലക്ഷ്യവും മാർഗവുമായിക്കൊണ്ടിരിക്കുന്നു. പൈതൃക നന്മകൾ ജനതയിലേക്കെത്തിക്കാൻ എല്ലാ മാധ്യമങ്ങളും കിണഞ്ഞു പരിശ്രമിക്കുന്നു. നമ്മുടെ രാമായണവും, ഭാരതവും, ഗീതയും, ഉപനിഷത്തും ഇന്നു മാധ്യമങ്ങളുടെ പ്രസിദ്ധീകരണ വിഷയങ്ങളിൽ പ്രധാന സ്ഥാനമലങ്കരിക്കുന്നു.
- അഴിമതിയും, കൈക്കൂലിയും മറ്റെല്ലാ തിന്മകളും എതിർക്കുവാനും ജനങ്ങളുടെ ധർമ്മബോധം വളർത്തുവാനും ഭാരതത്തിലെ മാധ്യമങ്ങളിൽ ഭൂരിഭാഗവും ചൈതന്യവത്തായി പ്രവർത്തിക്കുന്നു.
- ഭാരതത്തിൽ യുക്തിവാദികളും ബുദ്ധിജീവികളും, ചിന്തകരും പണ്ഡിതരും ഭാരതീയമായി ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു. ഭാരതത്തിന്റെ നന്മകളും, കലകളും, ഗ്രന്ഥങ്ങളും, ആത്മീയതയും, ആചാരങ്ങളും, വിചാരങ്ങളും, വിശ്വാസങ്ങളുമെല്ലാം അവരും പഠിക്കാനും വിലയിരുത്താനും തുടങ്ങിയിരിക്കുന്നു.
- ഭാരതീയ ശാസ്ത്രജ്ഞന്മാരും ശാസ്ത്ര സംഘടനകളും ഭാരതീയ പൈതൃകം ജീവിതത്തിൽ പകർത്താനും അവയിലോരോന്നിലും ഗവേഷണം നടത്തി ആധുനിക മേന്മകളോടൊപ്പം ചേർക്കാനുമുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. ആത്മീയതയേയും പൈതൃകത്തേയും എതിർക്കലാണ് ശാസ്ത്രം, ശാസ്ത്രീയ വീക്ഷണം എന്ന ധാരണകൾ പൂർണമായും ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ നിന്ന് മാറിയിരിക്കുന്നു.
- ഇന്ന് ഗവേഷണശാലകളിലും, ആയുധ പൂജയും, പൈതൃക നന്മകളുടെ പ്രദർശനവും, പ്രചരണവും, ചർച്ചകളും.... എല്ലാം നടക്കുന്നു.



Scanned with CamScanner

ആത്മാർത്ഥമായും പ്രകടനാത്മകമല്ലാതെയും ഭാരതീയ ശാസ്ത്ര ലോകം ഭാരതത്തിലേക്ക് തിരിയുന്നു.

- ഭാരതത്തിലും ആയുർവേദം, ജ്യോതിഷം, വാസ്തു, സംസ്കൃതം, വേദം, ഭഗവദ്ഗീത, ഭാരതീയ ഭക്ഷ്യവിഭവങ്ങൾ, ഭാരതീയ നൃത്ത നൃത്ത്യങ്ങൾ, സംഗീതം, വേദഗണിതം, തത്വശാസ്ത്രം, ഭാരതീയ കലകൾ, ഭാരതീയ സാഹിത്യങ്ങൾ, ഭാരതീയ കായികവിനോദങ്ങൾ, ഭാരതീയ ആത്മീയത, ഭാരതീയ ജീവിത ചര്യകൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവയ്ക്കെല്ലാം സമൂലമായ അംഗീകാരം ലഭിക്കുന്നു.
- കുംഭമേളയും, ഗംഗാസ്നാനവും, കൈലാസ യാത്രയും, തീർത്ഥാടനങ്ങളും ഉപാസനയും, യോഗപഠനവും, സേവന പ്രവർത്തനങ്ങളും എല്ലാമെല്ലാം വ്യാപിച്ചുകൊണ്ടേയിരിക്കുന്നു.
- പൈതൃക വ്യവസായങ്ങൾ, പൈതൃക ദ്രവ്യസംസ്കരണ ശാലകൾ, പൈതൃക മൂല്യവിദ്യാഭ്യാസം, പൈതൃക ഉൽപന്നങ്ങളുടെ പ്രചരണം, ആയുർവേദ ഔഷധങ്ങളുടെ സർവ്വാംഗീകാരം, പൈതൃക വസ്ത്രങ്ങൾ, ആഭരണങ്ങൾ, ഗൃഹാന്തരീക്ഷം, ഗൃഹസാധനകൾ എന്നിവയെല്ലാം ഇന്ന് അസാധാരമായി സ്വീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.
- പൈതൃക ഗ്രന്ഥങ്ങളെല്ലാംതന്നെ ജാതി-മത-ഇസ-വർഗ-വർണ ഭേദമില്ലാതെ ജനത വാങ്ങി വായിച്ചു പഠിക്കുന്ന ഒരു കാലമാണിത്. ആയുർവേദ ഗ്രന്ഥങ്ങളും, ആയുർവേദ കോളേജുകളിൽ പഠനവുമെല്ലാം ഇന്ന് വിപുലമായ തോതിൽ നടക്കുന്നു.
- ഭാരതത്തിലെമ്പാടും കാണാൻ സാധിക്കുന്ന ഈ ഭാരതീയ പൈതൃക സ്വീകരണം വിദേശികളുമിവിടെ വന്നു ചെയ്യുന്നു. അമ്മയുടേയും, ബാബയുടെയും, ഗുരുജിയുടെയും ആശ്രമങ്ങളിൽ തടിച്ചുകൂടുന്ന വിദേശീയരുടെ എണ്ണവും, ഋഷികേശിലും ഹരിദ്വാരിലും, ഗംഗാതീരത്തിലുമുള്ള ആശ്രമങ്ങളിലും വന്നെത്തുന്ന വിദേശികളുടെ എണ്ണവും അസാധാരണമായി വർദ്ധിക്കുന്നു.
- ലോകമെമ്പാടും അസ്വസ്ഥത നിറയുമ്പോൾ ഈ പുണ്യഭൂമി ജനകോടികൾക്ക് ശാന്തിമന്ത്രമോതിക്കൊടുക്കുന്നു. അതു സ്വീകരിക്കാൻ 21-ാം നൂറ്റാണ്ടിൽ വിദേശ ജനലക്ഷങ്ങളിവിടെയെത്തുന്നു. അവർക്ക് സ്വീകരിക്കാൻ പറ്റുന്നതെല്ലാം സ്വീകരിച്ചുകൊണ്ടവർ സ്വദേശത്തേക്കു പോയി പഠിച്ചത് പ്രചരിപ്പിക്കുന്നു.
- ഭാരതീയ അവതാരങ്ങളും സന്യാസിമാരും വിദേശപര്യടനം നടത്തുമ്പോൾ ചിന്താതീതമായ രീതിയിലും എണ്ണത്തിലും വിദേശി



Scanned with CamScanner

കൾ കാത്തു നിൽക്കുന്നു. അവർക്കിന്ന് ഭാരതത്തിന്റെ ചിന്തകളാണാവശ്യം.

- വിദേശത്ത് ഇന്ന് ഭഗവദ്ഗീത സിലബസിന്റെ ഭാഗമായി പഠിപ്പിക്കുന്നു. വേദമന്ത്രങ്ങൾ ഗവേഷണശാലകളിലും ആശുപത്രികളിലും യാത്രാവേളയിൽ വാഹനങ്ങളിലും, അവിടത്തെ ആശ്രമങ്ങളിലും വിദ്യാലയങ്ങളിലും മുഴങ്ങുന്നു. അമേരിക്കൻ പാർലമെന്റും സംസ്ഥാനങ്ങളിലെ അസംബ്ലികളും സമ്മേളനമാരംഭിക്കുന്നതിന് മുമ്പ് വേദപ്രാർത്ഥന പതിവാക്കിയിരിക്കുന്നു. ദീപാവലിക്ക് വൈറ്റ് ഹൗസിലും വേദപ്രാർത്ഥനയുണ്ട്.
- ഭാരതീയ നൃത്തങ്ങൾ വിദേശത്ത് അസാധാരണ സ്വീകാര്യത നേടുന്നു. അതുപോലെ ഭാരതീയ സംഗീതവും! ധർമ്മാടിസ്ഥാനത്തിലുള്ള മാനേജ്മെന്റ് എന്ന ഭാരതീയ സന്ദേശവും പ്രസിദ്ധ യൂണിവേഴ്സിറ്റികളിൽ പഠിപ്പിക്കുന്നു. സംസ്കൃതത്തിന് എല്ലാ ഭാഗത്തുനിന്നും സ്വീകരണം ലഭിക്കുന്നു. വേദഗണിതം നാസയിൽപോലും ഗവേഷണത്തിനു വിധേയമാക്കുന്നു. ഭാരതീയ കുടുംബജീവിതസങ്കല്പം പാശ്ചാത്യലോകം രണ്ടു കൈയ്യും നീട്ടി സ്വീകരിക്കുന്നു, ഭാരതീയ മനശാസ്ത്രവും, പുനർജന്മ സിദ്ധാന്തങ്ങളും ആധുനീക മനഃശാസ്ത്രം അടിവരയിട്ട് അംഗീകരിക്കുന്നു. ഭാരതീയ യോഗചര്യയും പ്രാണായാമം, ധ്യാനം ഇവയും വൻകിട കമ്പനികളുടെ എച്ച് ആർഡിയുടെ ഭാഗമായിരിക്കുന്നു.
- ഭാരതീയമായ സർവ്വ ജനസംതൃപ്തി, ഐക്യം, ലാളിത്യം, എളിമ, ആത്മീയത, പ്രാർത്ഥന, ജീവിതശൈലി, ശാസ്ത്ര സാങ്കേതിക വിജ്ഞാനം..... എന്നിവയെല്ലാം ഇന്ന് ലോകപൈതൃകമായി മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ജീവിക്കാൻ ഭാഗ്യം ലഭിച്ചവരല്ലെ നമ്മൾ എന്നു നാം ചിന്തിക്കണം, ചിന്തിപ്പിക്കണം.
- ഇനി ആധുനിക നന്മകളോടൊപ്പം നമ്മുടെ തന്നെ പൈതൃകത്തിന്റെ നന്മകളും പഠിച്ചും പഠിപ്പിച്ചും പ്രചരിപ്പിച്ചും ശിഷ്ടകാലം ജീവിതമാസ്വദിക്കാൻ സാധിക്കണം. സ്വാമി വിവേകാനന്ദൻ പറഞ്ഞ വരി ഓർമ്മിക്കണം. 21-ാം നൂറ്റാണ്ട് ഭാരതത്തിന്റേതാണ്. ഭാരതമുണ്ടായതിനുശേഷം കെട്ടിപ്പടുത്ത പല പുസ്തകങ്ങളും, ചിന്താധാരകളും, മതങ്ങളും, സംസ്കാരങ്ങളും, ചത്തുമണ്ണടിഞ്ഞു. ഭാരതം മരിച്ചില്ല. നമ്മുടെ സംസ്കാരവും മരിച്ചില്ല. അതുകൊണ്ടതിനെ ചൈതന്യവത്താക്കേണ്ടത് നമ്മുടെ ദൗത്യമാണ്. നമ്മുടെ പൂർവ്വീകർ നമ്മെ ഏൽപ്പിച്ചുപോയ ദൗത്യം അവസാന ശ്വാസം വരെ പ്രവർത്തിച്ച് അടുത്ത തലമുറയെ ഏൽപ്പിക്കാം; പൈതൃക സമ്പ



Scanned with CamScanner

ത്തിനെ അവരുടെ കയ്യിലേൽപ്പിച്ച് നമുക്കും ഈ ലോകത്തോട് വിടപറയാം.

- ഭാരതീയ പൈതൃകം ഇവിടത്തെ ഹിന്ദുവിന്റേയും ക്രിസ്ത്യാനിയുടേയും, മുസ്ലീമിന്റേയും, യുക്തിവാദിയുടേയും, നിരീശ്വരവാദിയുടേയും, ഇടതുപക്ഷത്തിന്റേയും, വലതുപക്ഷത്തിന്റേയും, മധ്യപക്ഷത്തിന്റേതുമാണെന്നുറക്കെ പ്രഖ്യാപിക്കാം. അതിനെ ബഹുമാനിക്കാതിരിക്കാൻ അവർക്ക് സ്വാതന്ത്ര്യമുണ്ട്. അതവരുടെതല്ലെന്നു പറയാനുള്ള സ്വാതന്ത്രമവർക്കില്ല.
- വിദേശത്തു നിന്നു വന്ന മതങ്ങളുടെ സർവ്വതും സ്വീകരിച്ചവരാണ് ഭാരതീയർ. ഭാരതീയമായതും ഇവിടത്തെ ക്രിസ്ത്യാനിയും മുസ്ലീമും സ്വീകരിച്ചേ മതിയാകൂ. അവരുടെ രക്തം ഭാരതീയ രക്തമാണ്. യരുശലേമിലേയോ, മക്കയിലേയോ രക്തമല്ല. ഇവടെ ഹിന്ദുക്കളും ഹിന്ദുക്കളായിരുന്നവരും എന്ന രണ്ടുവിഭാഗം ജനതയേ ഉള്ളൂ. നമ്മുടെ പൈതൃകം പഠിക്കാനും പഠിപ്പിക്കാനുമുള്ള ഇച്ഛാശക്തിയും ജ്ഞാനശക്തിയും ക്രിയാശക്തിയും നാം കാണിച്ചാൽ ലോകം ഭാരതത്തിന്റെ മുമ്പിൽ ഭക്ത്യാദരവോടെ തലകുനിക്കും. നമ്മുടെ പൈതൃകം അവരും സ്വീകരിക്കും.

## അദ്ധ്യായം 2

## നാം ജീവിതത്തിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ

- നമ്മുടെ മക്കൾ ആവശ്യപ്പെട്ടിട്ടല്ല നാമവർക്ക് ജന്മം നൽകിയത്.
- മക്കളെ നന്മ തിന്മയിലേക്കു നയിക്കുന്നത് മാതാപിതാക്കളാണ്.
- മക്കൾക്ക് നന്മയുടെ പന്ഥാവ് കാണിച്ച് അതിലൂടെ നയിക്കണം.
- തിന്മയുടെ പന്ഥാവുകളിലൂടെ നടക്കരുതെന്നുപദേശിക്കണം.
- മക്കളെ വലിയവരും നല്ലവരുമാക്കേണ്ടത് നമ്മുടെ ദൗത്യമാണ്.
- ശരീരം വളരാൻ ഭക്ഷണം കൊടുക്കൽ മാത്രമല്ല മാതൃപിതൃധർമ്മം.
- ബുദ്ധിയും യുക്തിയും ശാസ്ത്രബോധവും വളരാനുള്ള ഉപദേശവും നൽകണം.
- ലോകത്തിൽ സുഖദുഃഖങ്ങളും നന്മതിന്മകളുമുണ്ടെന്നറിയിക്കണം.
- ജീവിതത്തിൽ ജയപരാജയങ്ങളുണ്ടെന്നോർമ്മിപ്പിക്കണം.
- ജീവിക്കാനുള്ള തയ്യാറെടുപ്പല്ല ജീവിതമെന്നവരെയറിയിക്കണം.
- ജീവിതാനുഭവങ്ങളിലൂടെയുള്ള പ്രയാണമാണ് ജീവിതം.



Scanned with CamScanner

- ഈ ലോകത്തിൽ എത്രകാലം ജീവിക്കുന്നു എന്നതിനെക്കാൾ പ്രധാനപ്പെട്ട കാര്യങ്ങളുണ്ട്.
- ജീവിക്കുന്നിടത്തോളം ധന്യമായ ജീവിതമായിരിക്കണം നമ്മുടേത്.
- മാനസീകമായ മാറ്റങ്ങളാണ് ശാശ്വതമാറ്റങ്ങളുണ്ടാക്കുന്നത്.
- കേൾക്കുന്ന സന്ദേശങ്ങളിലൂടെ മനസ്സിൽ മാറ്റം വരുത്തിക്കണം.
- കാണുന്ന കാഴ്ചകളിലൂടെയും മനസ്സിൽ മാറ്റങ്ങൾ സംഭവിപ്പിക്കണം.
- നന്മകളും തിന്മകളും നമ്മുടെ മക്കൾ കാണുകയും കേൾക്കുകയും വേണം. അതിൽ നിന്ന് നന്മകൾ മാത്രമെടുക്കാനുപദേശിക്കണം.
- നല്ല നല്ല ഉപദേശങ്ങളും സന്ദേശങ്ങളും അവർക്കു കൊടുക്കണം.
- പണ്ഡിതരുടെ ഉപദേശങ്ങൾ ബുദ്ധിക്കും യുക്തിക്കും അനുയോജ്യമായി നൽകണം.
- 21-ാം നൂറ്റാണ്ടിൽ ജീവിക്കാനുതകുംവിധം നന്മകൾ നൽകണം.
- ജീവിതാനുഭവങ്ങൾ കഥകൾപോലെ പറഞ്ഞുകേൾപ്പിക്കണം.
- ആ അനുഭവങ്ങളിൽ നിന്നെല്ലാം സന്ദേശങ്ങളെടുപ്പിക്കണം.
- നല്ല കഥകളും അവയുടെ സന്ദേശങ്ങളും ലളിതമായി വിവരിക്കണം.
- കഥകൾ ചരിത്രമല്ല. അവയിൽ നിന്നെടുക്കേണ്ടത് സന്ദേശങ്ങളാണ് എന്നോർമ്മിപ്പിക്കണം.
- പഴഞ്ചൊല്ലുകളും അർത്ഥ-സന്ദേശ സഹിതം വിവരിച്ചു കൊടുക്കണം.
- സദാചാരങ്ങൾ മന-ശരീര-കുടുംബ-സമൂഹ-രാഷ്ട്ര നന്മക്കുള്ള താണ്.
- ഇക്കാലഘട്ടത്തിനാവശ്യമില്ലാത്തവയാണ് അനാചാരങ്ങൾ.
- ദൂഷ്യഫലങ്ങളുളവാക്കുന്ന ആചാരങ്ങളാണ് ദുരാചാരങ്ങൾ.
- യുക്തിസഹജമായ ആത്മീയത മനശാസ്ത്രത്തിന്റെ ഭാഗമാണ്.
- വേദസന്ദേശങ്ങൾ പടിപടിയായി പറഞ്ഞുകൊടുക്കണം.
- ഇതിഹാസങ്ങളിലെ അനുഭവങ്ങൾ ജീവിതവുമായി താരതമ്യം ചെയ്തു പഠിപ്പിക്കണം.
- പുരാണകഥകളിൽ നിന്നും സന്ദേശങ്ങളെടുക്കാനുപദേശിക്കണം.
- ദുഷ്കർമ്മത്തിന്റെ ഫല (Result) ത്തെയാണ് പാപമെന്നു പറയുന്നത്.
- നല്ല കർമ്മത്തിന്റെ ഫലത്തെ (Result) പുണ്യമെന്നു പറയുന്നു.
- ആരെങ്കിലും ചെയ്ത പാപപുണ്യം മറ്റൊരാൾക്കും കൈമാറാനാകില്ല.



Scanned with CamScanner

- മറ്റുള്ളവർ നമ്മുടെ പാപം ഏറ്റെടുക്കുകയുമില്ല.
- മറ്റുള്ളവർ ചെയ്ത പാപഫലം നമ്മൾക്കേറ്റെടുക്കാനാകുകയുമില്ല.
- പാപവും പുണ്യവും ഈ ലോകത്തിൽ തന്നെയാണനുഭവിക്കുക.
- എങ്ങിനെ, എവിടെ, എപ്പോൾ, ജനിക്കണമെന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം നമുക്കില്ല.
- മാതാപിതാക്കളേയും, കുടുംബവും തെരഞ്ഞെടുക്കാനും ആണോ പെണ്ണോ ആയി ജനിക്കണമെന്നു തീരുമാനിക്കാനുമുള്ള സ്വാതന്ത്ര്യവും നമുക്കില്ല.
- നല്ല മനസ്സും നല്ല ചിന്തകളും അതിലൂടെ നല്ല കർമ്മങ്ങളും ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ട്.
- വലിയവരാകുന്നതോടൊപ്പം നല്ലവരുമാകണം.
- ഇതുപോലെയുള്ള മക്കളെ ലഭിച്ചത് ഒരനുഗ്രഹവാണെന്ന് അവർക്കനുഭവപ്പെടുന്ന വിധത്തിലവരെ വളർത്തണം.
- ഇതുപോലെയുള്ള മാതാപിതാക്കളെ ലഭിച്ചതു പുണ്യമാണെന്നു മക്കൾക്കും തോന്നുന്നവിധത്തിലവരോട് പെരുമാറണം.
- മൂന്ന് വയസ്സു മുതൽക്കുതന്നെ നല്ലനല്ല കാര്യങ്ങൾ കേൾപ്പിക്കണം. നമ്മുടെ കൂടെയിരുന്ന് പ്രാർത്ഥിക്കാൻ പഠിപ്പിക്കണം. അതിന്റെ ഉദ്ദേശം പറഞ്ഞുകൊടുക്കണം.
- ആറ് വയസ്സാകുമ്പോൾ അവർ ചോദിക്കുന്ന ചോദ്യങ്ങൾക്കും മറുപടി പറയണം.
- അറിയാത്ത ഉത്തരങ്ങൾ കണ്ടുപിടിച്ച് പറഞ്ഞുകൊടുക്കണം.
- യുക്തിക്ക് നിരക്കാത്തത് ഒരുതരത്തിലും ഉപദേശിക്കരുത്.
- ഭയപ്പെടുത്തിയും തെറ്റിദ്ധരിപ്പിച്ചും ഒന്നുംതന്നെ അവരെക്കൊണ്ട് വിശ്വസിപ്പിക്കരുത്.
- ശാന്തമായി കാര്യങ്ങൾ വിശദീകരിച്ചുകൊടുക്കണം.
- സ്വന്തം ജീവിതത്തിൽ പകർത്താത്തത് മക്കളോടുപദേശിക്കരുത്.
- പത്ത് വയസ്സാകുമ്പോൾ നമ്മുടെ ഉപദേശങ്ങൾ മക്കൾ തിരസ്കരിക്കാനാരംഭിക്കുമെന്നുമറിയണം.
- ഇത് അനുസരണക്കേടല്ല. പ്രകൃതി അവക്കു സ്വന്തം കാലിൽ നിൽക്കാനും വളരാനുമായി കൊടുക്കുന്ന മാനസീകാവസ്ഥയാണ്.
- പതിനാലു വയസ്സുമുതൽ 21 വരെ അവർ നിഷേധികളെപോലെ പെരുമാറും. അതാണ് പ്രകൃതിയുടെ വരദാനം.

- ഈ ലോകത്തിലാർക്കും ആരേയും വരച്ചവരയിൽ നിർത്താനാകില്ല.
- മക്കൾക്കുള്ള സ്വതസിദ്ധമായ അഭിരുചികൾ വളരാനനുവദിക്കണം.
- കുറേയൊക്കെയെങ്കിലും സ്വതന്ത്ര്യമായി ചിന്തിക്കാനും പ്രവർത്തിക്കാനും മനോബലം നൽകണം.
- നമുക്കിഷ്ടമുള്ളതും ഇല്ലാത്തതുമുള്ളതുപോലെ ഈ ലോകത്തിലെല്ലാവർക്കും ഇതുരണ്ടുമുണ്ട്.
- മക്കൾക്കുനേരെ ഒരിക്കൽപോലും ശാപവാക്കുകളുപയോഗിക്കരുത്.
- 'നീ നന്നാവില്ല, നിന്നെ വിശ്വാസമില്ല, നീ എനിക്കൊരു ശാപമാണ്...' ഇതെല്ലാമാണ് ശാപവാക്കുകൾ,
- ഈ ശാപവാക്കുകൾ മക്കളെ ആ നിലവാരത്തിലേക്കു നയിച്ചാൽ അതിന്റെ ഉത്തരവാദിത്വം മാതാപിതാക്കൾക്കാണ്. അവരെ ശപിക്കുന്നവർക്കാണ്.
- ഞാൻ പറഞ്ഞിട്ടല്ലല്ലോ എന്നെ ഈ ഭൂമിയിലേക്കു കൊണ്ടുവന്നതെന്നു ചോദിക്കാനവസരമുണ്ടാക്കരുത്.
- മക്കളോടൊപ്പം എത്രകാലം ജീവിക്കാൻ സാധിക്കുമെന്നറിയില്ലെന്നോർക്കണം.
- അവർക്ക് സന്തോഷവും ആശ്വാസവും അഭിനന്ദനവും പകർന്നുകൊടുക്കണം.
- ജീവിതത്തിലെ നെഗറ്റീവുകളെ പോസിറ്റീവുകളാക്കാൻ പഠിപ്പിക്കണം.
- അവർക്ക് വേണ്ടുന്നത് സംതൃപ്തിയോടെയും നല്ല മനസ്സോടെയും നൽകണം.
- അമ്മയും അച്ഛനും മാതൃധർമ്മവും പിതൃധർമ്മവും അനുഷ്ഠിക്കണം.
- അതിലൂടെ മക്കൾക്ക് പുത്ര(ത്രീ) ധർമ്മം പഠിപ്പിക്കണം.
- നാം പഠിപ്പിക്കാത്തത് അവർ സ്വയം പഠിക്കുമെന്ന് വിചാരിക്കരുത്.
- മൂല്യങ്ങൾ സ്കൂളിൽ നിന്നും ലഭിക്കില്ല. ലഭിച്ചാൽതന്നെ ഒരല്പം മാത്രമായിരിക്കുമത്.
- അനവധി വിദ്യാർത്ഥികൾക്ക് എല്ലാവർക്കും ജീവിതമൂല്യം കൊടുക്കാൻ അദ്ധ്യാപകർക്ക് വിഷമമാണ്.
- സിലബസും മറ്റും തീർക്കാനുള്ള തത്രപാടിൽ മറ്റുള്ളവയൊന്നും പഠിപ്പിക്കാൻ സമയമുണ്ടാകില്ല.



Scanned with CamScanner

- ജന്മം നൽകി വളർത്തി വലുതാക്കുന്നവരുടെ ധർമ്മമാണ് മൂല്യദാനം.
- കെട്ടിടത്തിന്റെ ഉറപ്പിനും, സൗന്ദര്യത്തിനും, ദീർഘകാലത്തെ നില നില്പിനും സിമന്റാവശ്യമുള്ളതുപോലെ ഈ മൂന്നും ജീവിതത്തിൽ ലഭ്യമാക്കാൻ ജീവിതമൂല്യങ്ങൾ കൊടുക്കണം.
- ഓരോരുത്തരുടേയും തരംഗദൈർഘ്യത്തിനനുസരിച്ചുവേണം സന്ദേശങ്ങളും അനുഭവങ്ങളും കഥകളും പകർന്നുകൊടുക്കാൻ.
- മക്കളുടെ പ്രായവും പക്വതയും നോക്കിവേണം അറിവു നൽകാൻ.
- ശബ്ദം താഴ്ത്തി നൽകുന്നതനുസരിച്ച് സ്വീകാര്യത കൂടുതലായിത്തീരും.
- എന്ത്, എങ്ങിനെ, എപ്പോൾ, എവിടെവച്ച്, ആര്, ആരോട്, എന്തുകൊണ്ട് പറയണം എന്നറിയണം.
- എന്തെല്ലാം, എങ്ങിനെയെല്ലാം, എപ്പോഴെല്ലാം, എവിടെ വെച്ചെല്ലാം, ആരെല്ലാം, ആരോടെല്ലാം, എന്തുകൊണ്ട് ചിലകാര്യങ്ങൾ പറയരുത്, എന്നും നമ്മളറിയിക്കണം.
- മക്കൾക്കു അമ്മതന്നെ ഭക്ഷണം വിളമ്പിക്കൊടുക്കണം.
- കഴിയുന്നത്രയുംകാലം കുടുംബാംഗങ്ങളൊരുമിച്ചിരുന്നു ഭക്ഷണം കഴിക്കണം.
- മക്കളുടെ സുഖദുഃഖങ്ങൾ ഭക്ഷണം കഴിക്കുന്ന വേളയിലോ മറ്റു സമയങ്ങളിലോ (അനുയോജ്യമായ സമയമാണെങ്കിൽ) അമ്മ കേൾക്കണം.
- അഭിനന്ദിക്കേണ്ടതിനെയെല്ലാം വിലയിരുത്തി അഭിനന്ദിച്ച് പ്രോത്സാഹിപ്പിക്കണം.
- തെറ്റുകളും ശരികളും വിമർശനബുദ്ധ്യാ നന്മക്കായി വിവരിച്ചു കൊടുക്കണം.
- തെറ്റുകളെന്തുകൊണ്ടാണ് തെറ്റുകളായതെന്നും ശരികളെന്തുകൊണ്ട് ശരിയാണെന്നും വിവരിക്കണം.
- മക്കളുടെ തിന്മകൾ മാതാപിതാക്കൾ മനസ്സിൽ പകയായി വച്ചു നിറക്കരുത്. അതു ഭാവിയിൽ തികട്ടിവരും.
- അനവസരത്തിൽ പഴയതെടുത്ത് വിമർശിക്കരുത്. കഴിവതും വേണ്ടാത്തതെല്ലാം മറക്കണം.
- തിരുത്താനായി മാത്രമേ വിമർശിക്കാവൂ, വേദനിപ്പിക്കാനായി വിമർശിക്കരുത്.



Scanned with CamScanner

- അനുഗ്രഹം, അഭിനന്ദനം, അനുമോദനം, മാർഗദർശനം എന്നീ വികാരങ്ങൾ വാക്കുകകളിൽ നിറഞ്ഞിരിക്കണം.
- അവഹേളിക്കാനും, അപകീർത്തിപ്പെടുത്താനും, വാശിയും പകയും വിദ്വേഷവുമുള്ള വാക്കുകൾ പ്രയോഗിക്കരുത്.
- മാതാപിതാക്കളാണ് മക്കൾക്ക് ജീവിത മാതൃകയാകുന്നത്.
- ഉപദേശിച്ചറിയിക്കുന്നതിനേക്കാളും അവരിഷ്ടപ്പെടുന്നത് കണ്ടറിയുന്നതിനാണ്. അതുകൊണ്ട് നാംചെയ്യുന്ന കർമ്മങ്ങളെല്ലാം അവർ കണ്ടറിയുന്നുണ്ടെന്ന് നാം ഓർമ്മിക്കണം.
- കണ്ടറിഞ്ഞത് മനസ്സിലെക്കാലവും നിൽക്കുകതന്നെ ചെയ്യും. ഒരു സിനിമാചിത്രം പോലെ നമ്മുടെ ചെയ്തികൾ കാണുന്നവരുടെ മനസ്സിലുണ്ടാകും.
- മാതാപിതാക്കൾ സത്യസന്ധരായാൽ മാത്രം പോരാ, സത്യസന്ധരാണെന്നു ബോധ്യപ്പെടുത്തുന്നവരുമാകണം.
- നമ്മൾ ധർമ്മബോധമുള്ളവരായാൽ പോരാ ധർമ്മബോധമുള്ളവരാണെന്നു ബോധ്യപ്പെടുത്തുന്നവരുമാകണം.
- മക്കളെ ഉപദേശിക്കുമ്പോൾ അപ്രകാരം ചെയ്യുവാൻ യോഗ്യതയുള്ളവരാണോ നാം എന്ന് സ്വയം ഉറപ്പുവരുത്തണം.
- സ്വന്തം മാതാപിതാക്കൾ ഞങ്ങളെ ഉപദേശിക്കുവാനുള്ള യോഗ്യതയുള്ളവരാണെന്നു മക്കൾക്കും തോന്നണം.
- അപ്രകാരം യോഗ്യതയില്ലാത്തവരാണെങ്കിൽ അനുദിനം വളർന്നു യോഗ്യതയുള്ളവരുടെ നിലവാരത്തിലേക്കുയർന്നതിനുശേഷമേ ഉപദേശിക്കാവൂ.
- എവിടെയെല്ലാം കുറവുകളും പരിമിതികളും, ഉണ്ടെന്ന് മാതാപിതാക്കൾക്കു സ്വയം തോന്നുന്നുവോ, ആത്മാർത്ഥമായി അതേറ്റു പറയുവാൻ ഒരിക്കലെങ്കിലും സാധിക്കണം. ന്യായീകരിക്കാതെ കുറവുകൾ വേണ്ട അവസരത്തിൽ ഏറ്റുപറയണം.
- സ്വയം ഉണ്ടാക്കിയിട്ടുള്ള കുറ്റങ്ങൾക്കും കുറവുകൾക്കും ന്യായീകരണം പറഞ്ഞ് സമാധാനിക്കുന്ന മാതാപിതാക്കളെ മക്കൾ എളുപ്പത്തിൽ തിരിച്ചറിയുന്നുണ്ടാകും.
- കള്ളുകുടിക്കുന്നവന്റെ മക്കളെ മറ്റുള്ളവർ കുടിയന്റെ മക്കളാണെന്നും, തന്ത മൂക്കറ്റം കുടിക്കുന്നയാളാണെന്നും പറയുമെന്നോർക്കണം. മക്കളുടെ ഈ പേര് മക്കളുണ്ടാക്കിയതല്ല എന്നുമോർക്കണം.
- കൈക്കൂലിക്കാരന്റെയും, കള്ളന്റെയും മക്കൾ അതേ ഗുണമുള്ളവ



Scanned with CamScanner

രായിരിക്കുമെന്ന് പൊതുജനം ധരിച്ചാൽ അത് മക്കളുടെ കുഴപ്പ മല്ലല്ലോ.

- അച്ഛനെപ്പോലെയും, അമ്മയെപ്പോലെയും, മക്കൾക്ക് വളരണമെന്ന് തോന്നുന്നത് ചിലപ്പോൾ സംഭവിച്ചെന്നു വരും. അപ്പോൾ മാതാ പിതാക്കളെങ്ങിനെയുള്ളവരാകണമെന്ന് ചിന്തിക്കേണ്ടത് അവർ സ്വയം വേണം.
- മാതാപിതാക്കളെ നന്മയ്ക്കും തിന്മയ്ക്കും മാതൃകയാക്കാനുള്ള സ്വാതന്ത്ര്യം മക്കൾക്കുണ്ട്. മാതാപിതാക്കളുടെ തെറ്റുകൾ മക്കളാ വർത്തിച്ചാൽ അതിലവരെ കുറ്റം പറയാനാകില്ല.
- മക്കൾക്ക് മാതൃകയാകേണ്ടത് ഏതുതരത്തിലുള്ള ജീവിതം നയി ച്ചിട്ടാണെന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം മാതാപിതാ ക്കൾക്കുമുണ്ട്.
- നന്മകൾ കേട്ടും കേൾപ്പിച്ചും നാം വളരണം, മക്കളെ വളർത്തണം.
- നന്മകൾ കണ്ടും കാണിപ്പിച്ചും മക്കൾ വളർന്നുയരണം.
- നന്മതിന്മകൾ ചർച്ച ചെയ്തും അതിൽ നിന്ന് നന്മകളെടുത്തു മവരുയരണം.
- നന്മതിന്മകളും അവയുടെ കാരണങ്ങളും ഫലങ്ങളും പ്രതിഫല ങ്ങളും ചിന്തിച്ചും ചിന്തിപ്പിച്ചും ഉയരണമെന്നവരറിയണം.
- സുഖവും ദുഃഖവും, ലാഭവും നഷ്ടവും, ചിരിയും കരച്ചിലും, ജ യവും പരാജയവും, ഇഷ്ടവും അനിഷ്ടവും, നല്ലതു പറയുന്നവരും ചീത്ത പറയുന്നവരും, സ്തുതിക്കുന്നവരും നിന്ദിക്കുന്നവരും, ശത്രു ക്കളും മിത്രങ്ങളും, ചൂടും തണുപ്പും, ഉയർച്ചയും താഴ്ചയും, ...... എല്ലാം ജീവിതത്തിന്റെ ഭാഗമാണെന്ന് മക്കളെ ചെറുപ്പം മുതൽക്കേ അറിയിക്കണം.
- മേൽ വിവരിച്ചതിൽ പോസിറ്റീവുകൾ മാത്രമേ ഇക്കാലഘട്ടത്തിൽ നാം നിരന്തരം മക്കളെ ഓർമ്മിപ്പിക്കാറുള്ളൂ.
- അതിനാൽ നെഗറ്റീവുകൾ വരുമ്പോൾ പുതിയ തലമുറ തളരുന്നു. അല്ലെങ്കിൽ അസഹിഷ്ണതയോടെ പ്രതികരിക്കുന്നു.
- നെഗറ്റീവുകളുണ്ട് ജീവിതത്തിൽ, അതുണ്ടാകുകയും വേണം. അതു ണ്ടാകുന്ന ഓരോ നിമിഷവും പുതിയ പരീക്ഷണങ്ങൾക്കുള്ള അവ സരങ്ങളാണുണ്ടാകുന്നത്.
- മനസ്സിനെ വളർത്താൻ നന്മകൾ കേൾപ്പിക്കണം, കാണിക്കണം, ചർച്ച ചെയ്യിപ്പിക്കണം, ചിന്തിപ്പിക്കണം.



Scanned with CamScanner

- റേഡിയോയിലൂടെയും ടിവിയിലൂടെയും സിനിമയിലൂടെയും മറ്റു പത്ര-മാധ്യമ-ജീവിത-പ്രഭാഷണ-സിഡി-വിസിഡി ഇന്റർനെറ്റിലൂടെ കാണിക്കുകയും വിശകലനം ചെയ്യിപ്പിക്കുകയും വേണം.
- എന്തുകാണുന്നു, കേൾക്കുന്നു എന്നതിനേക്കാൾ പ്രാധാന്യം കാണുന്നതിൽ നിന്നും കേൾക്കുന്നതിൽ നിന്നും ധന്യമായ ജീവിതത്തിനാവശ്യമായതെന്തെല്ലാം സ്വീകരിക്കുന്നു എന്നതാണ്.
- ഏതു സിനിമ കണ്ടാലും കണ്ടതേതെന്നല്ല, കണ്ടതിൽ നിന്നന്തെല്ലാമെടുത്തു പ്രയോജനപ്പെടുത്തിയെന്നതാണ് പ്രധാനം.
- ചിരിക്കാനും സന്തോഷിക്കാനും പഠിപ്പിക്കണം. അതകത്തു നിന്നു വരണം. സന്തോഷിപ്പിക്കാനുള്ള അവസരം അവനവൻ സ്വയം ഉണ്ടാക്കണം.
- പാട്ടുകളും, കാഴ്ചയും, സുഗന്ധവും, സ്വാദും, സ്പർശനവും പുറത്തുനിന്നകത്തേക്ക് വരുന്നവയാണ്. സന്തോഷം അകത്തു നിന്നു പുറത്തേക്കു വരണം, വരുത്തണം, വരുത്താനാവശ്യമായ നന്മകൾ ചെയ്യണം.
- ജീവിതം ശാശ്വത നന്മകൾ ചെയ്താസ്വദിക്കാനുള്ളതാണ്.
- ഇന്നലെ ചെയ്തതും പറഞ്ഞതും ഓർത്ത് ഇന്ന് ദുഃഖിക്കേണ്ടി വരരുത്. ഇന്നത്തെ കർമ്മങ്ങൾ നാളത്തെ ദുഃഖത്തിനു കാരണമാകരുത്.
- ഭൂതകാലത്തെ തിരുത്താനാകില്ല. വർത്തമാന കാലത്തിൽ എന്തെല്ലാമാണെന്നു വ്യക്തമല്ല. ഭാവി, തികച്ചും ചിന്താതീതമാണ്. ഇതാണ് ജീവിതസത്യം.
- ഇന്നുകൾ ഇന്നലെകളാകും; നാളെകൾ ഇന്നുകളുമായിത്തീരും; പിന്നെ ഇന്നലെകളുമാകും. ഈ കാലചക്രചംക്രമണം അനസ്യൂതം നടക്കുന്നു. അതാണ് പ്രകൃതിയിലെ പ്രതിഭാസം.
- ജനനത്തിനും മരണത്തിനുമിടക്ക് ഓരോ ദിവസവും നാം 23,000 പ്രാവശ്യം ശ്വാസോച്ഛ്വാസം ചെയ്യുന്നു. ഓരോ ശ്വാസവും നമ്മെ ശ്മശാനത്തിലേക്കു നയിക്കുന്നു.
- ആരും ഈ ഭൂമിയിൽ ശാശ്വതരല്ല. ഒന്നും ഇവിടെ ശാശ്വതവുമല്ല. ശാശ്വതമായതൊന്നുമാത്രം. എല്ലാം താൽക്കാലികമാണെന്നതാണ് ശാശ്വത സത്യം.
- രണ്ടു ദുഃഖങ്ങൾക്കിടക്കുള്ള ഇടവേളയാണ് സുഖവും സന്തോഷവും.
- ആരംഭമുള്ള എല്ലാത്തിനുമവസാനവുമുണ്ട്. ഉദയമുണ്ടെങ്കിലസ്ത



Scanned with CamScanner

മയം, ഉയർച്ചയുണ്ടെങ്കിൽ താഴ്ച, ജനനമുണ്ടെങ്കിൽ മരണം, പൂർണ്ണതയുണ്ടെങ്കിൽ അപൂർണത, സെൻട്രിഫ്യൂഗലുണ്ടെങ്കിൽ സെന്റട്രിപെറ്റൽ, ക്ലോക്ക്‌വൈസുണ്ടെങ്കിൽ ആന്റിക്ലോക്ക്‌വൈസ്, നോർത്തുപോളുണ്ടെങ്കിൽ...... ഇതാണ് പ്രകൃതിയുടെ സത്യവും നിയമവും.

- എത്രകാലം ജീവിച്ചു എന്നതിനേക്കാൾ ജീവിക്കുന്നിടത്തോളം കാലം എങ്ങിനെ ജീവിച്ചു എന്നതാണ് പ്രധാനം.
- ജീവിച്ചതെങ്ങിനെയെന്നറിയുന്നവരാണ് മരണത്തെ പല പേരുകളിൽ പറയുന്നത്. അവതാരങ്ങൾ സ്വർഗാരോഹണം ചെയ്തു, സന്യാസി സമാധിയായി, മഹാപണ്ഡിതൻ ദിവംഗതനായി, ശ്രേഷ്ഠൻ ഇഹലോകവാസം വെടിഞ്ഞു, രാജാവ് നാടുനീങ്ങി, സാധാരണക്കാരൻ മരിച്ചു, ചിലർ കണ്ണടച്ചു. ലോകത്തിനൊരു നന്മയും ചെയ്യാത്തവർ ............ ? (ചത്തുപോയി. ഇത് നമുക്കെല്ലാവർക്കും ബാധകമാണ്)
- മേൽ വിവരിച്ച വാക്കുകൾ പ്രയോഗിക്കുന്നത് എങ്ങിനെയൊരു വ്യക്തി മരിച്ചു എന്നു നോക്കിയിട്ടല്ല, എങ്ങിനെ ജീവിച്ചു എന്നു നോക്കിയിട്ടാണുപയോഗിക്കാറുള്ളത്. നമ്മളേതു വിഭാഗത്തിൽപെടുമെന്നതും പെടണമെന്നതും ജീവിതാന്ത്യത്തിൽ തീരുമാനിച്ചാൽ പോരാ.
- മനുഷ്യശരീരത്തെ സ്വാധീനിക്കുന്ന കണ്ടുപിടുത്തങ്ങളും, രചനകളും, ചിത്രങ്ങളും, കൃതികളുമൊന്നും കാലത്തിന്റെ ഒഴുക്കിനെ അതിജീവിച്ചിട്ടില്ല. ഭൗതീകമായതെല്ലാം താൽക്കാലികമാണ്.
- മനുഷ്യ മനസ്സിനെ സ്വാധീനിക്കുന്നത് കാലത്തിന്റെ കുത്തൊഴുക്കിൽ നശിച്ചിട്ടുമില്ല.
- മേൽ വിവരിച്ച ചിന്തകൾ മനസ്സിൽ നിറയണം. ജീവിത യാഥാർത്ഥ്യങ്ങളറിയുന്നത് തളരാനല്ല തകരാനല്ല വരളാനല്ല മറിച്ച് വളരാനും ഉയരാനും തളിർക്കാനുമത് സഹായിക്കും.
- പാരമാർത്ഥിക സത്യവും വ്യാവഹാരിക സത്യവും വ്യക്തമായിട്ടറിയണം. അതിലൊരു വ്യാവഹാരിക സത്യമാണ് 'കഴിഞ്ഞ നൂറ്റാണ്ടിൽ ഈ ദിവസം ഞാനീ ഭൂമിയിലുണ്ടായിരുന്നില്ല. അടുത്ത നൂറ്റാണ്ടിലീ ദിവസവും ഞാനീ ഭൂമിയിലുണ്ടാകില്ല' എന്നത്.
- 'വെട്ടിപ്പിടിച്ചതും, കെട്ടിപ്പടുത്തതും, പറ്റിച്ചെടുത്തതും, തട്ടിപ്പറിച്ചതുമൊന്നും ഈ ലോകത്തുനിന്നും യാത്രപറഞ്ഞൊഴിയുമ്പോൾ കൂടെ കൊണ്ടുപോകില്ല' എന്നത് സത്യമാണ്.
- മിനുക്കി സൂക്ഷിച്ച് മോടിപിടിപ്പിച്ച ഈ ശരീരംപോലും ഇവിടെ



Scanned with CamScanner

ത്തന്നെ ഉപേക്ഷിച്ചാണ് ആത്മാവ് പ്രയാണം ചെയ്യുന്നത് എന്ന് നാം മറക്കരുത്.

- മനസ്സിൽ തന്നെ നന്മകൾക്കുള്ള സ്ഥലവും തിന്മകൾക്കുള്ള സ്ഥലവും വച്ചിട്ടുണ്ട്. അങ്ങിനെയുള്ള മനസ്സാണ് മനുഷ്യനുള്ളത്.
- മക്കളിൽ സ്വതസിദ്ധമായി അനവധി നന്മകൾ നിറയുന്നുണ്ടാകും. അതേപോലെ തിന്മകളും നിറയുന്നുണ്ടാകും. ഇതു പ്രകൃതിയുടെ വരദാനംപോലെയാണ്. മനസ്സിനെ നേർവഴിയിലൂടെ ഒഴുകാനനുവദിക്കണം.
- സമൂഹജീവിയും സംസ്കാര സമ്പന്നനുമായിത്തീരുന്ന മനുഷ്യനിൽ തിന്മകൾ കുറയണം, നന്മകൾ കൂടണം. അതിനാണ് മാർഗനിർദ്ദേശവും ധർമ്മബോധവും വേണ്ടത്.
- വഴി തെറ്റിയ വാഹനത്തെ ശരിയായ വഴിയിലേക്ക്. നയിക്കുക എന്നത് ശ്രമകരമാണ്; വഴി തെറ്റും മുമ്പ് ശരിയായ വഴി കാണിച്ചു കൊടുക്കലാണ് എളുപ്പ മാർഗം.
- ഇത് നമ്മുടെ (കുടുംബ) ജീവിതത്തിലും ബാധകമാണ്. മക്കൾക്ക് 13-14 വയസ്സിനുശേഷം ശരിയായ വഴി കാണിച്ചുകൊടുക്കുന്നതിനു പകരം ചെറുപ്പത്തിലെ സത്യം ധർമ്മം നീതി ന്യായം ഇവയെക്കുറിച്ച് യഥാകാലം മനസ്സിലാകുന്ന വിധത്തിൽ ഉപദേശിച്ചുകൊടുത്ത് ബോധമുണ്ടാക്കുക.
- നന്മനിറഞ്ഞ മനസ്സുണ്ടാകണം എന്നതുകൊണ്ടർത്ഥമാക്കുന്നത് ദിനംപ്രതി നമ്മളിൽ സ്വതസിദ്ധമായ തിന്മകളുടെ അളവു കുറയ്ക്കണമെന്നും ആ സ്ഥാനത്തേക്ക് നന്മകൾ നിറക്കണമെന്നും മാത്രമാണ്. രണ്ടുമുള്ള ലോകത്തിൽ നിന്ന് ഒരെണ്ണം കൂടുതലായി എടുക്കണം.
- സ്നേഹം, ബഹുമാനം, ആദരവ്, ദയാ, കരുണ, സംതൃപ്തി, ചാരിതാർത്ഥ്യം, അഭിമാനം ...... എന്നിവയെല്ലാം നന്മനിറഞ്ഞ മനസ്സിൽ സ്ഥാനം പിടിക്കുന്നു. അത് ഈ ലോകത്തിൽ ധാരളമായിട്ടുണ്ട്. ശ്രദ്ധിച്ചു നോക്കിയാലേ കാണുകയുള്ളൂ എന്നുമാത്രം.
- അസൂയ, അഹങ്കാരം, വാശി, പക, വിദ്വേഷം, ഭയം, ദേഷ്യം .... എന്നിവയെല്ലാം നിയന്ത്രിച്ചില്ലെങ്കിൽ മനസ്സിനേയും, ബുദ്ധിയേയും, വിവേകത്തേയും, പിന്നീട് ശരീരം മുഴുവനായും അതു കീഴടക്കും.
- വികാരത്തേക്കാൾ വിചാരമാണു വേണ്ടത്. വികാരം നമ്മുടെ ദാസനും നമ്മൾ വിചാരത്തിന്റെ ദാസനുമാകണം.



Scanned with CamScanner

- വികാരം ഹൃദയത്തിന്റേയും വിചാരം മസ്തിഷ്കത്തിന്റേയും ഉല്പന്നമാണെന്ന് പറയുന്നത് സത്യമാണെങ്കിലും അല്ലെങ്കിലും സ്മരണയിലുണ്ടാകണം. തലച്ചോറാണ് കൂടുതലായി പ്രവർത്തിക്കേണ്ടത് ഹൃദയമാണ് കൂടുതൽ കാലം നിലനിൽക്കേണ്ടത്.
- നന്മനിറഞ്ഞ മനസ്സിലേ നന്മ നിറഞ്ഞ ചിന്തകളുണ്ടാകുകയുള്ളൂ. ചെളിയിൽ നിന്നു താമരയുണ്ടാകുന്നതുപോലെയല്ലിത്.
- കലങ്ങിയ കടൽ വെള്ളത്തിൽ നിന്നുയരുന്ന തിരമാലകളും അതേ കലക്കവെള്ളത്തിന്റേതായിരിക്കും. കലങ്ങിയ മനസ്സിൽ നിന്നുയരുന്ന ചിന്തകളിലും കലക്കമുണ്ടായിരിക്കും.
- സ്നേഹവും, ബഹുമാനവും, പക്വതയും, സംതൃപ്തിയും.... ഉള്ള മനസ്സിൽ നിന്നുദയം ചെയ്യുന്ന ചിന്തകളിലും ആ വികാരങ്ങൾ പ്രതിഫലിക്കും.
- മനസ്സ് നന്മനിറഞ്ഞതാകുന്നത്, നന്മനിറഞ്ഞ ചിന്തകളുണ്ടാകാൻ കാരണമാകുന്ന വാക്കുകളും, ദൃശ്യങ്ങളും, ചർച്ചകളും, അനുഭവങ്ങളും പഞ്ചജ്ഞാനേന്ദ്രിയങ്ങളിലൂടെ മനസ്സിലേക്ക് നിരന്തരം എത്തുമ്പോളാണ്.
- അസംസ്കൃത മനസ്സിൽ നിന്ന് സംസ്കരിച്ച ചിന്തകളുണ്ടാകാൻ സാധ്യത കുറവാണ്. അതുകൊണ്ട് മനസ്സിനേയും, ബുദ്ധിയേയും വിവേകത്തേയും സംസ്കരിക്കണം. അതു മാതാപിതാക്കളുടേയും അദ്ധ്യാപകരുടേയും ധർമ്മമാണ്.
- മനസ്സിലാണ് ബന്ധങ്ങളും ബന്ധനങ്ങളുമുണ്ടാകുന്നത്. അതുപോലെ ബന്ധരാഹിത്യങ്ങളും, ബന്ധമോചനങ്ങളുമിവിടുന്നു വരുന്നു.
- ഉറങ്ങുന്ന മനസ്സിൽ വികാരവിക്ഷോഭങ്ങളില്ല, വിചാരസത്യങ്ങളുമില്ല.
- എല്ലാം വേണമെന്ന ആഗ്രഹവും തോന്നലും, ഒന്നും വേണ്ടെന്ന തോന്നലുകളും, ഉദയം ചെയ്യുന്നതു ഉണർന്നിരിക്കുന്ന മനസ്സിലാണ്.
- ചിന്തകൾക്ക് നിറവും ഗന്ധവുമുണ്ടാക്കാൻ സാധിക്കണമെങ്കിൽ നിറവും ഗന്ധവുമുള്ള മനസ്സുണ്ടാകണം.
- ശാന്തമായ മനസ്സിൽ നിന്ന് ശാന്തമായ ചിന്തകൾ വരുന്നുണ്ടാകും. വികാരമുള്ള മനസ്സിൽ നിന്ന് വികാരമുള്ള ചിന്തകളുദയം ചെയ്യും.
- നന്മനിറഞ്ഞ ചിന്തകളിൽ നിന്ന് നന്മനിറഞ്ഞ കർമ്മങ്ങളുദയം ചെയ്യുന്നു. വിചാരമുള്ള മനസ്സിൽ നിന്ന് വിചാരമുള്ള ചിന്തകളും ഉയരുന്നു.



Scanned with CamScanner

- തിന്മനിറഞ്ഞ ചിന്തകളിൽ നിന്ന് തിന്മനിറഞ്ഞ കർമ്മങ്ങളുദയം ചെയ്യുന്നു. എല്ലാ കർമ്മങ്ങൾക്കുമാധാരം ചിന്തകളാണ്.
- കർമ്മങ്ങൾ ചിന്തകളുടേയും ചിന്തകൾ മനസ്സിന്റേയും ഉൽപന്നമാണ്. വ്യക്തമായി വിശകലനം ചെയ്താലേ ഈ അറിവു ലഭിക്കൂ.
- ചിന്താചക്രം കർമ്മചക്രവും കർമ്മചക്രം ചിന്താചക്രവുമായി (പരസ്പരം) ബന്ധപ്പെട്ടിരിക്കുന്നതിനാൽ നിരന്തരം ചെയ്യുന്നതും ചെയ്യിക്കുന്നതുമായ കർമ്മങ്ങൾ അതിനു സമമായ ചിന്തകൾക്കും കാരണമാകുന്നു.
- സന്മനസുള്ളവനിൽ സത്ചിന്തകളുദയം ചെയ്യുന്നതുപോലെ ദുഷ്ടമനസ്സുള്ളവനിൽ ദുഷ്ചിന്തികളുദയംചെയ്യുന്നത് സ്വാഭാവികമാണ്.
- സത്ചിന്തകളിൽ നിന്ന് സത്കർമ്മങ്ങളും ദുഷ്ചിന്തകളിൽ നിന്ന് ദുഷ്കർമ്മങ്ങളുമുദയം ചെയ്യും.
- ഏതുതരത്തിലുള്ള കർമ്മമാണ് ഭാവിയിൽ നമ്മുടെ മക്കൾ ചെയ്യേണ്ടതെന്ന് ചിന്തിക്കുന്നവർക്ക്, അവരുടെ മനസ്സിൽ മാറ്റം വരുത്തിയാലേ ഉദ്ദേശലക്ഷ്യം നേടാനാകൂ എന്ന അടിസ്ഥാന സത്യവുമറിയിക്കണം.
- കള്ളൻ കള്ളത്തരമെന്ന കർമ്മവും, കൈക്കൂലിക്കാരൻ കൈക്കൂലി വാങ്ങുന്ന കർമ്മവും, ചെയ്യാൻ കാരണം അതിന്നനുസൃതമായ ചിന്തകളുദയംചെയ്യുന്നതുകൊണ്ടാണ്.
- ചെയ്യുന്ന കർമ്മങ്ങളനുസരിച്ചായിരിക്കും കർമ്മഫലമുണ്ടാവുക.
- ചതിക്കാനും വഞ്ചിക്കാനുമുള്ള മനസ്സുള്ളവന്റെ ചിന്തകളും അതനസരിച്ചുള്ള പ്രവൃത്തിയും ചതിയും വഞ്ചനയുമായിരിക്കും.
- ഒരേകർമ്മം നിരന്തരം ആവർത്തിച്ചാൽ ആ കർമ്മത്തിന്റെ അടിമയായിത്തീരുന്ന മനസ് ആ കർമ്മം തന്നെയാവർത്തിക്കാൻ ശരീരത്തെ നിർബന്ധിക്കുന്നു.
- ഒരേതരത്തിലുള്ള ചിന്തകളുണ്ടാക്കാൻ മനസ്സ് എന്നും ആഗ്രഹിക്കുന്നു. അതിനാൽ മനസ്സ് - ചിന്തകൾ - കർമ്മം (പ്രവൃത്തി) ഇവ മൂന്നും ചാക്രികമായി തുടർന്നുകൊണ്ടിരിക്കും.
- കർമ്മമെന്തായാലും ആ കർമ്മത്തിന്റെ ഫലമായിരിക്കും ലഭിക്കുക. കർമ്മഫലം, കർമ്മത്തേയും, അതു ചെയ്യുന്ന വ്യക്തിയേയും, സ്ഥലത്തേയും സമയത്തേയും ബന്ധപ്പെട്ടിരിക്കുന്നുവെങ്കിലും ഏറ്റവുമധികം ബന്ധം, കർമ്മം എന്ന ഘടകത്തിലാണ്.
- അതുകൊണ്ടുതന്നെ മക്കളിൽ കാണുന്ന തെറ്റുകൾ, ദുഷ്കർമ്മങ്ങൾ, നശീകരണ പ്രവൃത്തികൾ ഇവയെല്ലാം കൂടുതൽ പ്രാവശ്യം



Scanned with CamScanner

ആവർത്തിക്കപ്പെടാനിടയാകാതെ കണ്ടയുടനെ നീക്കം ചെയ്യപ്പെട ണം. ചൊട്ടയിലെ ശീലം ചുടലവരെയെന്ന അന്വർത്ഥമായ സന്ദേശം വിശകലനം ചെയ്തു പ്രയോഗിക്കണം.

- ഇതു തന്നെയാണ് മദ്യപാനം, പുകവലി, അസാന്മാർഗീക കൂട്ടു കെട്ട് എന്നിവയുടെയും അടിസ്ഥാന കാരണം. ഒരിക്കലാരംഭിച്ചാൽ പലതും പിന്നീട് നിർത്താനാകില്ല. തുടങ്ങാതിരിക്കുന്നതാണ് ഉത്ത മമാർഗ്ഗം.
- കർമ്മം ധർമ്മമായിട്ടനുശാസിക്കുന്നതിന്റെ മഹത്വം മക്കൾക്കു പറ ഞ്ഞുകൊടുക്കണം. ഒരു ജവാൻ രാഷ്ട്ര സംരക്ഷണത്തിന്റെ ഭാഗ മായിമാത്രം ശത്രുസൈന്യത്തിലൊരുവനെ കൊന്നാൽ അത് മനു ഷ്യഹത്യ/നരഹത്യ/കൊലപാതകം എല്ലാമാണെങ്കിലും ജവാന്റെ രാഷ്ട്രസംരക്ഷണമെന്ന ധർമ്മത്തിന്റെ ഭാഗമായ കർമ്മമാണ്.
- കർമ്മം ധർമ്മം ഇവയുടെ പരസ്പരം പൂരകത്വമറിയണം. ശത്രു രാജ്യത്തിലെ ഒരു സൈനികൻ (നമ്മുടെ രാജ്യത്തിൽ) അനുവാദ ത്തോടെ സന്ദർശകനായി വരുമ്പോൾ അവൻ ശത്രുരാജ്യത്തിലെ സൈനികനാണെങ്കിലും കൊല്ലുന്നത് ധർമ്മത്തിന്റെ ഭാഗമല്ല, അധർമ്മമാണ്. അതിനുള്ള നിയമപരമായ ശിക്ഷ തീർച്ചയായും കൊലപാതകിക്ക് ലഭിക്കുക തന്നെ ചെയ്യും.
- പ്രതിയോടുള്ള പ്രതികാരമായി ജഡ്ജി പ്രതിയെ തൂക്കിക്കൊല്ലാൻ വിധിച്ചാൽ അത് അധർമ്മവും, അനീതിയും, അന്യായവുമാണ്. ഇവിടെ കർമ്മവും ധർമ്മാധർമ്മവും സ്വയം പഠിച്ച് വിശകലനം ചെയ്തു പഠിപ്പിക്കണം. ഇതെല്ലാം വ്യാവഹാരിക സത്യങ്ങളാണ് എന്നുമറിയിക്കണം.
- കർമ്മത്തിനെല്ലാം കർമ്മഫലമുണ്ട്. കർമ്മത്തെ ലോകം വിലയിരു ത്തുന്നത് കർമ്മഫലത്തിന്റെ ഗുണദോഷങ്ങൾ പരിശോധിച്ചിട്ടാണ്.
- ദുഷ്കർമ്മത്തിനെ പാപം അഥവാ പാപകർമ്മം എന്നു പറയുന്നു. അതുപോലെ സത്കർമ്മത്തിന് പുണ്യമെന്നും പുണ്യകർമ്മമെന്നും പറയുന്നു. മറ്റൊരർത്ഥത്തിൽ പാപത്തിന് കാരണമായ കർമ്മം പാപ കർമ്മവും പുണ്യത്തിന് കാരണമായ കർമ്മം പുണ്യകർമ്മവുമാണ്.
- പാപകർമ്മവും പുണ്യകർമ്മവും പ്രകൃതിയുടെ താളവുമായി ബന്ധ പ്പെട്ടിരിക്കുന്നു. സർവചരാചരങ്ങളുടെ, മനസ്സിനും, ശരീരത്തിനും, കുടുംബത്തിനും, ധർമ്മത്തിനും, സമൂഹത്തിനും, രാഷ്ട്രത്തിനും, മാനവരാശിക്കും ശാശ്വതവും സ്ഥിരവുമായ നന്മകൾ സൃഷ്ടിക്കുന്ന കർമ്മങ്ങളാണ് സത് കർമ്മങ്ങൾ അവയുടെ ഫലങ്ങളാണ്

സത്കർമ്മഫലമായ പുണ്യം. മറിച്ചുള്ളത് ദുഷ്കർമ്മവും അതിന്റെ ഫലം പാപവുമാണ്.

- ഈശ്വരൻ പാപത്തേയോ പുണ്യത്തേയോ തരുന്നില്ല. അത്തരം ധാരണകൾ നമ്മുടെ മനസ്സിൽ നിന്നുദയം ചെയ്യുന്നതാണ് തെറ്റ്. അത്തരം ചിന്തകൾക്കടിമയായി ജീവിക്കുമ്പോഴാണ് ആ ധാരണയുണ്ടാകുന്നത്.
- 'താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താൻ താനനുഭവിച്ചീടുകെന്നേ വരൂ' എന്നതിന്റെ അർത്ഥവും സന്ദേശവും വ്യക്തമാണ്.
- 'നമുക്കിലുയരാം നടുകിൽ തിന്നാം നൽകുകിൽ നേടീടാം. നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ' ഈ ഉജ്ജ്വലമായ സന്ദേശത്തിൽ സംശയമൊന്നുമുണ്ടാകാനിടയില്ല.
- കർമ്മഫലം പുണ്യമാണെങ്കിൽ അതിന്റെ പ്രതിഫലമാണ് സ്വർഗ്ഗം എന്നപേരിൽ സർവസാധാരണയായി അറിയപ്പെടുന്നത്. പാപകർമ്മമാണെങ്കിൽ അതിന്റെ പ്രതിഫലം നരകം എന്ന പദത്താൽ സൂചിപ്പിക്കുന്നു. ഇതു രണ്ടും നാം സ്വയം ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യുന്നതിന്റെ ഫലമാണ്. അതുകൊണ്ടുതന്നെ നമുക്കർഹതയുള്ള സ്വർഗ്ഗത്തിന്റേയോ നരകത്തിന്റേയോ വിധി തീരുമാനിക്കുന്നത് നാം തന്നെയാണ്. നമ്മുടെ സ്വർഗനരകങ്ങളുടെ സൃഷ്ടി നാം നടത്തുന്നു എന്നു സാരം.
- നമ്മുടെ മനസ്സിന്റെ സൃഷ്ടിയും സൃഷ്ടിയുടെ സൃഷ്ടിയുമാണ് സ്വർഗ്ഗ നരകങ്ങളെങ്കിൽ അതിൽ ഈശ്വരൻ ഒരു 'ജഡ്ജിയായോ പോലീസ് ഇൻസ്പെക്ടറായോ, പുണ്യവാളൻ വക്കീലന്മാരായോ നിലകൊള്ളുന്നില്ല'.
- ജനനമുണ്ടെങ്കിൽ മരണമുണ്ട്. പുണ്യവാളനും പാപിയും മരിക്കും. അതിനാൽ പാപത്തിന്റെ ഫലമോ പ്രതിഫലമോ അല്ല പാപിയുടേയും പുണ്യവാളന്റേയും മരണം.
- അന്ത്യവിധിയെന്നൊന്നില്ല. കർമ്മത്തോടൊപ്പം കർമ്മഫലവും കർമ്മ പ്രതിഫലവും നിശ്ചയിക്കപ്പെട്ടിരിക്കുന്നു എന്നത് ശാസ്ത്ര സത്യം മാത്രമാണ്. അതിന് അന്ത്യവിധിവരെ കാത്തിരിക്കേണ്ടതില്ല. അത് ദൈവത്തിന്റെ ജഡ്ജ്മെന്റ് ദിവസവുമല്ല നടക്കുന്നതും തീരുമാനിക്കുന്നതും എന്നു നാം അറിയണം, ബോധ്യപ്പെടുത്തണം.
- താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ മറ്റൊരുവനനുഭവിച്ചീടുകെന്നേവരൂ എന്നല്ല പറഞ്ഞിരിക്കുന്നത്. താൻ താനനുഭവിക്കുന്നീടത്ത് ആ പാപപുണ്യ കർമ്മങ്ങളുടെ പ്രതിഫലം മറ്റൊരുവനേ



Scanned with CamScanner

റ്റെടുക്കില്ല. പാപപുണ്യങ്ങൾ ട്രാൻസ്ഫറബിളല്ല. പാപിയുടെ പാപം പോകാൻ മറ്റൊരാളെ പണ്ടു കുരിശിലേറ്റിയതുകൊണ്ടു പ്രയോജനമില്ല.

നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ എന്നതിന്റെ അർത്ഥവും വളരെ വ്യക്തമാണ്. ഈശ്വരനല്ല നമുക്ക് സ്വർഗനരകങ്ങൾ നിശ്ചയിക്കുന്നത് നാം തന്നെയാണ് നിശ്ചയിക്കുന്നത്. മറ്റൊരർത്ഥത്തിൽ ഈ പ്രപഞ്ചത്തിന്റെ ഭാവരാഗതാളം നിയന്ത്രിക്കുന്ന ഒരു ശക്തിക്കുമുന്നിൽ നിന്നും നാം സത്കർമ്മനിരതനാകുമ്പോൾ അതിന്റെ പ്രതിഫലം പ്രകൃതി നിശ്ചയിക്കുന്നു എന്നു നാം വിവരിച്ചുകൊടുക്കണം.

അപ്പോൾ പുരാണം വായിച്ചാൽ എങ്ങിനെ പുണ്യം ലഭിക്കും, അഥവാ സ്വർഗ്ഗം ലഭിക്കും. മേൽവിവരണങ്ങൾ പരിശോധിക്കുക। പുരാണകഥകളിലൂടെ വിവരിക്കുന്ന ധർമ്മാധർമ്മങ്ങളും അവയുടെ ഗുണദോഷഫലങ്ങളും പ്രതിഫലങ്ങളും ശ്രദ്ധയോടെ കേട്ട വ്യക്തിയുടെ മനസ്സിൽ നന്മകൾ നിറയുന്നുവെങ്കിൽ ആ നന്മനിറയുന്ന മനസ്സിൽ നിന്ന് നന്മയുള്ള സത്ചിന്തകളല്ലേ വരുകയുള്ളൂ. ആ സത്ചിന്തകൾ സത്കർമ്മങ്ങൾക്ക് കാരണമായിത്തീരില്ലേ? സത്കർമ്മഫലങ്ങളാണല്ലോ പുണ്യമെന്നു പറയുന്നത്. അതിന്റെ പ്രതിഫലം തന്നെയല്ലേ സ്വർഗ്ഗവും. എങ്കിൽ പുരാണം കേട്ട വ്യക്തിക്ക് പുണ്യകർമ്മം ചെയ്യാൻ ഉപോത്ബലകമായത് പുരാണ ശ്രവണമാണല്ലോ. അതാണ് സ്വർഗ്ഗം എന്ന പദവി പുരാണ ശ്രവണത്തിലൂടെ ലഭിക്കുമെന്ന് പറയുന്നത്.

സ്വർഗ്ഗം എന്നാൽ ആകാശത്തിനു മുകളിലുള്ള ഒരിടമല്ല. സ്വർഗ്ഗമെന്ന പദത്തിന്റെ അർത്ഥം തന്നെ ജീവിതത്തിൽ ദുഃഖങ്ങളും വേദനകളും തടസ്സങ്ങളും ഇല്ലാതെ മുന്നോട്ടുള്ള പ്രയാണത്തിന് സുഗതിയുണ്ടാക്കുക/ഉണ്ടാവുക എന്നതാണ്.

അപ്പോൾ വാശിയും പകയും വിദ്വേഷവുമുള്ള മനസ്സിലേക്ക് പുരാണകഥകളിറങ്ങിചെന്നപ്പോൾ മനസ്സിൽ ധർമ്മബോധവും, സ്നേഹവും അഭിമാനവും ബഹുമാനവും വളർന്നു, അത് ചിന്തകളിലും കർമ്മത്തിലും പ്രതിഫലിച്ചു, സ്വർഗത്തിലെത്തിച്ചു എന്നു പറയുന്നത് യുക്തിയുടെ പന്ഥാവിലൂടെ ചിന്തിച്ചാലും ശരിയല്ലേ?

പുരാണങ്ങളെല്ലാം കേട്ടിട്ടും മനസ്സിലൊരു വ്യത്യാസവും വന്നില്ലെങ്കിൽ, ചിന്തകളിലും കർമ്മങ്ങളിലും, കർമ്മഫലങ്ങളിലും, കർമ്മപ്രതിഫലങ്ങളിലും മാറ്റമുണ്ടാകില്ലല്ലോ? അപ്പോൾ പുരാണം



Scanned with CamScanner

കേൾക്കലല്ല പ്രധാനം കേട്ട് മനസ്സിൽ മാറ്റമുണ്ടാകലാണ് പ്രധാനം. അതുകൊണ്ട് പുരാണശ്രവണത്തിന്റെ ഫലം, അതിലെ സന്ദേശങ്ങൾ മാനസീക നന്മക്കുതകുന്നതാക്കിയാലേ, ലഭ്യമാകൂ എന്നർത്ഥം.

- പല വ്യക്തികളിലും കഥകൾ മനപരിവർത്തനത്തിന് കാരണമാകുന്നു. ചിലർക്ക് അനുഭവങ്ങളും അവയുടെ സന്ദേശങ്ങളും മനപരിവർത്തനത്തിനു കാരണമാകുന്നു. അവർക്ക് അനുയോജ്യമായതാണ് രാമായണത്തിലൂടെയും മഹാഭാരതത്തിലൂടെയും വിവരിക്കുന്ന ഓരോ ഇതിഹാസ കഥാപാത്രത്തിന്റേയും ജീവിതാനുഭവങ്ങൾ. അതുകൊണ്ടാണ് രാമായണവും മഹാഭാരതവും പഠിച്ചാൽ പുണ്യം ലഭിക്കുമെന്നു പറയുന്നത്. മനസ്സിലും ചിന്തയിലും കർമ്മത്തിലും കർമ്മഫലത്തിലും മാറ്റമുണ്ടാകുന്നുവെന്നർത്ഥം.
- വേദങ്ങൾ മുഴുവനും സന്ദേശങ്ങളാണ്. ജാതി-മത-ഇസ-വർഗ-വർണ-ഭാഷാ-രാഷ്ട്ര അതിർവരമ്പുകൾക്കതീതമായി മാനവരാശിക്കുതകുന്ന സന്ദേശങ്ങളാണ് പലരിലും എളുപ്പത്തിൽ മനപരിവർത്തനം വരുത്തുന്നത്. അതുകൊണ്ട് വേദവും നല്ലചിന്തകളേയും, അതിൽ നിന്ന് നല്ല കർമ്മത്തേയും, അതിന്റെ നല്ല കർമ്മഫലത്തേയും കർമ്മപ്രതിഫലത്തേയും തരുന്നു.
- പുരാണങ്ങളും, ഇതിഹാസങ്ങളും, വേദങ്ങളും മോക്ഷം തരുന്നതിനുള്ളതാണെന്നും ചിലപ്പോൾ പറയുന്നുണ്ട്. ആഗ്രഹങ്ങളില്ലാത്ത/മോഹങ്ങളില്ലാത്ത അവസ്ഥയെ മോക്ഷം എന്നു പറയുന്നു. ജീവിതയാഥാർത്ഥ്യങ്ങളറിയുമ്പോൾ മനസ്സ് താൽക്കാലികമായ പല ആഢംബരങ്ങളിൽ നിന്നും, അനുകരണങ്ങളിൽ നിന്നും, ആകർഷണങ്ങളിൽ നിന്നും പിന്മാറുന്ന അവസ്ഥയാണ് മോക്ഷം. മോക്ഷം സ്വർഗത്തിന്റെ പര്യായപദമല്ല.
- മോക്ഷവും തിന്മകളിൽ നിന്നുള്ള മാനസീക അകൽച്ച അഥവാ മോചനമാണ്. അതിനാൽ സ്വർഗവും നരകവും മോക്ഷവുമെല്ലാം മനസിന്റെ സൃഷ്ടിയാണ്. ആ മനസ്സിനെയാണ് നന്മകളിലേക്കു നയിക്കേണ്ടത്.
- മനസ്സിലുദയം ചെയ്യുന്ന വികാരകങ്ങളെ നിയന്ത്രിക്കാനൊരു എളുപ്പമാർഗ്ഗമുണ്ട്. മനസ്സിൽ തിന്മകളുദയം ചെയ്യുവാൻ കാരണമാകുന്ന വാർത്തകളും കാണുന്ന ദൃശ്യങ്ങളും ചർച്ച ചെയ്യുന്ന വിഷയങ്ങളും മാറ്റിയാൽമതി, സ്വാഭാവികമായും മനസ് മറ്റൊന്നിലേക്കുപോകും. ദോശയെക്കുറിച്ച് സംസാരിക്കുന്നവനോട് നന്ദനം സിനിമയെക്കുറിച്ചു പറഞ്ഞാലോ വിഷയം മാറും!



Scanned with CamScanner

- തിന്മയുള്ള വികാരങ്ങൾ ഉളവാക്കുന്നവ കേൾക്കാതിരിക്കുക അഥവാ കേട്ടയുടനെ പ്രതികരിക്കാതിരിക്കുക. അഥവാ പ്രതികരിക്കാൻ സാധ്യതയുള്ള മനസ്സിലേക്ക് മറ്റൊന്നു കേൾപ്പിക്കുക. ഒരു നല്ല സംഗീതമോ, മന്ത്രമോ, അനുഭവമോ മനസ്സിന്റെ വികാരത്തെ ശാന്തമാക്കും അല്ലെങ്കിൽ ദിശമാറ്റിയൊഴുക്കും.
- വികാര വിക്ഷോഭജഢിലമാകാൻ സാധ്യതയുള്ള ദൃശ്യങ്ങളിൽ നിന്ന് കണ്ണിനെയകറ്റുക അല്ലെങ്കിൽ ആ കാഴ്ചയിൽ മനസ്സ് പ്രതികരിക്കുന്നതിനു മുമ്പ് മറ്റൊന്നിലേക്ക് മനസ്സിനെ നയിക്കുക. മനസ്സിനെ മറ്റാനിതാണെളുപ്പവഴി.
- ചർച്ച ചെയ്യുന്ന വിഷയങ്ങളിൽ മാറ്റം വരുത്തിയും വിഷയത്തോടുള്ള വീക്ഷണത്തിൽ മാറ്റം വരുത്തിയും മനസ്സിനെ മറ്റൊരു ദിശയിലക്കു നയിക്കാം. ഇതിലൂടെ വികാരത്തിനടിമയാകുവാൻ സാധ്യതയുള്ള മനസ്സിനെ വിചാരത്തിന്നടിമയാക്കുക.
- ചിന്തകളുദയം ചെയ്യുന്നത് തടയുകയാണ് യോഗശാസ്ത്രമെന്ന് പതഞ്ജലി മഹർഷി **ചിത്തവൃത്തിനിരോധ** എന്ന സൂത്രത്തിലൂടെ നിർദ്ദേശിക്കുന്നു.
- ചിന്തകളുണ്ടാക്കുന്ന മനസ്സിന്റെ പ്രവൃത്തി നിരോധിക്കുകയോ മറ്റൊരു വഴിയിലൂടെ തിരിച്ചുവിടുകയോ ചെയ്താൽ അതു മനസ്സിനെ ശാന്തമാക്കും.
- മനസ്സിൽ നാമെന്തായിത്തീരണമെന്നാഗ്രഹിക്കുന്നുവോ അതു നാമായിത്തീരുന്നു. അതിന്റെ മന്ത്രവാക്യമാണ് യത്ഭാവ തദ്ഭവതി എന്താണോ ഭാവന ചെയ്യുന്നത് നാം അതായിത്തീരുന്നു.
- ചിലരിൽ മനഃപരിവർത്തനം അസാധാരണ വേഗത്തിൽ നടക്കുന്നു. ഒരു സന്ദേശമോ അനുഭവമോ കഥയോ ആ വ്യക്തിയുടെ മനസ്സിനേയും അതിലൂടെ ജീവിതം മുഴുവനും മാറ്റി മറിയ്ക്കപ്പെടുന്ന സംഭവങ്ങളുണ്ടായിട്ടുണ്ട്.
- സൗത്താഫ്രിക്കയിലെ തീവണ്ടിയിലുണ്ടായ അനുഭവം മോഹൻദാസ് കരംചന്ദ് ഗാന്ധിയെ മഹാത്മഗാന്ധിയിലേക്കുയർത്തി എന്ന ഒറ്റ വരിയിലെ സന്ദേശം മനസ്സിലാകുന്നുണ്ടോ?
- വില്യം വേർഡ്സ് വർത്തിന്റെ കവിതയിലെ 'ecstacy' എന്ന വാക്ക് നരേന്ദ്രനെ സ്വാമി വിവേകാനന്ദനിലേക്കുയർത്തി എന്ന വലിയ സത്യം മനസ്സിന്റെ ചലനത്തിന്റെ വേഗതയെ ഓർമ്മിപ്പിക്കുന്നു.
- ഉറക്കത്തിൽ കണ്ടതായ ഒരു സ്വപ്നം വിപ്ലവകാരിയായ അരവിന്ദനെ മഹർഷി അരവിന്ദനാക്കി. അടിമുടി മാറുന്നു എന്നു നാം



Scanned with CamScanner

പറയാറില്ലെ! നിരന്തരമുപദേശിച്ചിട്ടല്ല. ഒരൊറ്റ സ്വപ്നം കൊണ്ടാണിത് സംഭവിച്ചത്.

- കലിംഗ യുദ്ധത്തിലെ വേദനാജനകമായ കാഴ്ച അശോകചക്രവർത്തിയെ മഹാനായ അശോകനാക്കി. ഇതെല്ലാം നമ്മെപ്പോലെയുള്ളവനും ബാധകമാണ്.
- 'ഈ നസ്രാണി പാട്ടുപഠിച്ചാൽ ശരിയാകുമോ' എന്ന അവഹേളന വരിയാണത്രെ ശ്രീ യേശുദാസിനെ ഗാനഗന്ധർവനാക്കി മാറ്റിയത്.
- ആകാശം മുട്ടെ വളരണമെന്ന അനുഗ്രഹം മുക്കുവ കുടുംബത്തിൽ ജനിച്ച പാവപ്പെട്ട അബ്ദുൾ കലാമിനെ ഭാരതം കണ്ടതിൽ ശ്രേഷ്ഠനായ പ്രസിഡന്റും ശാസ്ത്രജ്ഞനുമായ ഡോ. എ.പി.ജെ. അബ്ദുൾ കലാമാക്കി. ഇതാണ് ചെറുപ്പത്തിൽ കൊടുക്കുന്ന ഉപദേശത്തിന്റെ മഹത്വം.
- ഇതുപോലെയുള്ള ചിലത് നമ്മളിലും മക്കളിലും സംഭവിക്കണം. അത് നമ്മെ അടിമുടി വളർത്തും. മനസ്സ് മനസ്സിനെ മാറ്റി മറിക്കുക തന്നെ ചെയ്യും.

## അദ്ധ്യായം 3

## മനസ് - ചിന്തകൾ - കർമ്മങ്ങൾ - കർമ്മഫലങ്ങൾ

- ആധുനിക ശാസ്ത്രം കുറേകാലങ്ങൾക്കു മുമ്പുവരെ അന്ധവിശ്വാസവും അശാസ്ത്രീയവുമെന്നു പറഞ്ഞിരുന്ന ഭാരതീയ ആത്മീയ സത്യങ്ങൾ ആധുനീക ശാസ്ത്രം അംഗീകരിക്കുന്നു. അതാണ് മനുഷ്യന്റെ കർമ്മഫലവും പുനർജന്മവും! ഇതും നമ്മൾ ബുദ്ധിക്കും യുക്തിക്കും ശാസ്ത്രത്തിനും നിരക്കുന്ന വിധത്തിൽ അറിയണം മറ്റുള്ളവരെ അറിയിക്കണം.
- ഓരോ വ്യക്തിയും ചെയ്യുന്ന നന്മതിന്മകൾ, കർമ്മഫലങ്ങളായി നമ്മുടെകൂടെയുണ്ടാകുമെന്നത് വെറും നേരമ്പോക്കു പറയലല്ല എന്നു വിവരിക്കാൻ പാകത്തിന് ആധുനിക മനശാസ്ത്രം വളർന്നു.
- അതുകൊണ്ട് കർമ്മമെന്നതുണ്ടെങ്കിൽ കർമ്മഫലവുമുണ്ട് എന്നതാണ് ശാസ്ത്രീയവും ഭാരതീയവുമായ സത്യം.
- കർമ്മം ചെയ്തവനുണ്ടെങ്കിൽ ആ കർമ്മത്തിന്റെ ഫലം ആ കർമ്മം ചെയ്തവൻതന്നെ അനുഭവിക്കേണ്ടിവരുമെന്നത് പ്രകൃതിനിയമം. അതിനെ ലംഘിക്കാനസാദ്ധ്യമാണ് എന്നതും പ്രപഞ്ചസത്യം. ഇതെല്ലാം ഭാരതീയ മതങ്ങളുടെ സന്ദേശം മാത്രമല്ല, അത്യാധുനീക ശാസ്ത്രവും വന്നു നിൽക്കുന്നതിവിടെയാണ്.



Scanned with CamScanner

- ആത്മാവിന് മരണമില്ലെന്നതും ശരീരത്തിനു മാത്രമേ മരണമുള്ളൂ എന്നതും ഇന്ന് മനശാസ്ത്രം അടിവരയിട്ടംഗീകരിക്കുന്നു.
- പ്രപഞ്ചത്തിൽ ശാശ്വതമായി നിലനിൽക്കുന്ന ആത്മാവ് ശരീരത്തെ മാറി മാറി സ്വീകരിച്ചുപയോഗിക്കുന്നു. പഴകി ദ്രവിക്കാൻ തുടങ്ങിയ ശരീരത്തെ ആത്മാവുപേക്ഷിക്കുന്ന പ്രക്രിയയാണ് മരണം.
- ആ ശരീരം നിലനിന്നിടത്തോളംകാലം ചെയ്തു കൂട്ടിയ കർമ്മങ്ങളുണ്ട്. അതിന് ഈക്വൽ ആന്റ് ഓപ്പോസിറ്റ് ആക്ഷനില്ലേ? അതെപ്പോൾ അനുഭവിച്ചുതീർക്കും? അതാതു ജന്മത്തിലനുഭവിച്ചു തീർത്തത് ഇറേസ് ഔട്ട് ചെയ്യും. അനുഭവിച്ചു തീർക്കാത്തതുമില്ലേ? ഈ ജന്മത്തിലനുഭവിക്കാൻ സാധിക്കാത്തത് അടുത്ത ജന്മത്തിലേക്ക് ക്യാരി ഫോർവേർഡ് ചെയ്തില്ലെങ്കിൽ അതെവിടെ പോകും.?
- തിന്മകൾ മാത്രമല്ല നന്മകളുടെ ഫലങ്ങളും അടുത്ത ജന്മത്തിലേക്ക് പകർത്തപ്പെടണം. Result and reward of actions അടുത്ത സൈക്കിളിലേക്ക് പോകണം അല്ലെങ്കിൽ അത് തീർന്നിരിക്കണം.
- ശരീരത്തെ ഉപേക്ഷിക്കുന്ന ആത്മാവാണ് ശരീരം ചെയ്ത നന്മതിന്മകളുടെ ഫലം കാരിഓവർ ചെയ്യുന്ന മീഡിയം. ആത്മാവ് കാരിയർ മാത്രം (പോസ്റ്റ്മാനെപ്പോലെ). കർമ്മഫലം പറ്റാതെ അടുത്ത ശരീരത്തിലേക്കെത്തിക്കുന്ന സംവിധാനം.
- വഹിക്കുന്ന, മുൻ ശരീരത്തിന്റെ കർമ്മഫലങ്ങൾ അനുഭവിച്ചു തീർക്കാൻ പറ്റിയ ഒരു ശരീരത്തെ ഏതോ ഒരമ്മയുടെ ഗർഭത്തിൽ, ഏതോ ഒരു വീട്ടിൽ, ഏതോ ഒരുദേശത്ത് ഏതോ ഒരു കാലഘട്ടത്തിൽ ആ ആത്മാവ് തെരഞ്ഞെടുക്കും.
- ശരീരമല്ല ആത്മാവിനെ തെരഞ്ഞെടുക്കുന്നത്. ആത്മാവ് ശരീരത്തെ തെരഞ്ഞെടുക്കുന്നു. ചെയ്ത നന്മതിന്മകളുടെ റിസൾട്ടും (പാപപുണ്യം) റിവാർഡും (സ്വർഗനരകങ്ങൾ) അനുഭവിച്ചു തീർക്കാനായിട്ടനുയോജ്യമായ ഒരു വീട്ടിലായിരിക്കും ജനനം. അതിന്നനുയോജ്യരായ മാതാപിതാക്കളുടെ മകനായി/മകളായിട്ടായിരിക്കും അവതരിക്കുന്നത്. ഇതിൽ യുക്തിരാഹിത്യമുള്ളതായി തോന്നുന്നുണ്ടോ?
- കർമ്മഫലം അനുഭവിച്ചു തീർക്കാൻ പറ്റിയ ശരീരമല്ല തെരഞ്ഞെടുത്തത് എന്ന് ആത്മാവിന് ബോധ്യം വന്നാൽ എന്തു ചെയ്യുമെന്നൊരു ചോദ്യമുണ്ടല്ലോ? അതിനുത്തരവുമുണ്ട് ഇടക്കു വെച്ച് ആ ശരീരം ഉപേക്ഷിച്ച് ആത്മാവ് പിന്തിരിയും. അതിന് ഇംഗ്ലീഷിലൊരു പേരുണ്ട് **അബോർഷൻ...** യുക്തിക്കു നിരക്കുന്നതാണെന്നു തോന്നുന്നു. ഇല്ലേ...? ഇതു നാം വിശകലനം ചെയ്തു വെക്കണം.



Scanned with CamScanner

യുക്തിക്കു നിരക്കാത്തതാണെന്നു തോന്നുന്നുവെങ്കിൽ തിരസ്കരിക്കാം.

കഴിഞ്ഞ ജന്മത്തിൽ ചെയ്ത കർമ്മത്തിനൊരു പേര് കൊടുക്കേണ്ടേ? അതാണ് **സഞ്ചിതകർമ്മം**, അതിന്റെ ഫലമാണ് **സഞ്ചിതകർമ്മ ഫലം**. അതിന് സാധാരണക്കാരന്റെ ഭാഷയിലൊരു പ്രയോഗമുണ്ട്. **മുൻജന്മ പാപ/പുണ്യ കർമ്മം.**

അറിഞ്ഞുകൊണ്ട് ഒരു വക്കീലെന്നോടു പറഞ്ഞു 'മുജ്ജന്മകൃതം പാപം വക്കീലുരൂപേണ ജായതേ.'

ഓരോ ജന്മത്തിലും ചെയ്തുകൂട്ടുന്ന നന്മതിന്മകളും അവയുടെ ഫലങ്ങളും അനുഭവിച്ചു തീർക്കാത്തത് സഞ്ചിയിലിട്ട് ആത്മാവ് അടുത്ത ശരീരത്തിനു കൈമാറുന്നു. അതത്രെ **സഞ്ചിത കർമ്മഫലം.** ഈ ഒരുപമയോടെ കർമ്മഫലം ഓർമ്മിക്കാൻ ബുദ്ധിമുട്ടു കുറയും എന്നു തോന്നുന്നു.

അപ്പോൾ കഴിഞ്ഞ ജന്മത്തിലെ കർമ്മവും കർമ്മഫലവും നന്നായിരുന്നെങ്കിൽ സഞ്ചിയിൽ കൊണ്ടുപോകുന്ന കർമ്മപ്രതിഫലം നന്മ നിറഞ്ഞതാകുമായിരുന്നില്ലേ? അതുകൊണ്ടും തീർന്നില്ല. കഴിഞ്ഞ ജന്മത്തിലെ കർമ്മഫലം നന്നാകണമായിരുന്നെങ്കിൽ കർമ്മം നന്നാകേണ്ടേ? കർമ്മം നന്നാകണമെങ്കിൽ ചിന്തകൾ നന്നാകേണ്ടിയിരുന്നില്ലേ? ചിന്തകൾ നന്നാകേണ്ടിയിരുന്നെങ്കിൽ മനസ്സും നന്നാകേണ്ടിയിരുന്നു എന്നതു സത്യമല്ലേ! അപ്പോൾ വീണ്ടും നാം വന്നു ചേരുന്നത് മനസ്സിലേക്കു തന്നെയല്ലേ?

അപ്പോൾ നമ്മുടെ ജന്മജന്മാന്തര ജീവിതമെല്ലാം മനസ്സിനെ അടിസ്ഥാനമാക്കിയിരിക്കുന്നു. മനസ്സാണെല്ലാത്തിനും കാരണം. എല്ലാ നന്മതിന്മകളും ഇവിടെ ഉദയം ചെയ്യുന്നു.

കഴിഞ്ഞ ജന്മത്തിലെ സഞ്ചിതകർമ്മഫലം അനുഭവിച്ചു തീർക്കാനാണ് നാം അന്ധനായി, മൂകനായി, ബധിരനായി, മുടന്തനായി, അൽപായുസ്സായി, വികലാംഗനായിട്ടെല്ലാം ജനിക്കുന്നതെന്നു പറഞ്ഞാൽ അതിനെ പുച്ഛിക്കുന്നവരുണ്ടാകാം. അല്ലെങ്കിൽ ഒരമ്മ പെറ്റവരിൽ ഒരാളിങ്ങനെ മറ്റൊരാളങ്ങിനെ മൂന്നാമതൊരാൾ എങ്ങിനെയോ ആയിത്തീരുന്നതെന്തുകൊണ്ട്? ഇതിനുത്തരം ആരുതരും?

ഇവിടെ ഒരു സത്യമില്ലെ? ഈ ജന്മത്തിലെ നല്ല മനസ്സും നല്ല ചിന്തകളും നല്ല കർമ്മങ്ങളും നല്ല കർമ്മഫലങ്ങളും ഈ ജന്മത്തിൽ മാത്രമല്ല അനുഭവയോഗ്യമാകുന്നത്. വരുന്ന ജന്മത്തിലേക്കും അതു വ്യാപിച്ചു കിടക്കുന്നു. ഈ ജന്മത്തിൽ ചെയ്തതും ചെയ്തുകൊ



Scanned with CamScanner

ണ്ടിരിക്കുന്നതുമെല്ലാം അപ്പപ്പോൾ അനുഭവിച്ചു തീർക്കാനുള്ള സമയമില്ലല്ലോ (ജീവിത ദൈർഘ്യവും കുറവെന്നർത്ഥം).

പലരും എന്നോട് ചോദിക്കാറുണ്ട്. എന്റെ കുട്ടിക്ക് ചുണ്ടില്ല, സംസാരിക്കാനാകില്ല, മനസ്സിനു വളർച്ചയില്ല, പോളിയോ വന്നു.... ഈ ജന്മത്തിലീ പിഞ്ചുകുഞ്ഞ് എന്ത് പാപം ചെയ്തിട്ടാ സാറെ ഇങ്ങിനെയൊക്കെയനുഭവിക്കേണ്ടിവന്നത്? പാവം അതിനെന്തറിയാം സാറെ. ദൈവം ഇത്രക്കും കരുണയില്ലാത്തവനാണോ.... ഇവിടെ ആരംഗീകരിച്ചാലും ഇല്ലെങ്കിലും ധർമ്മശാസ്ത്രം പറയുന്നു: ചെയ്തത് ഈ ജന്മത്തിലാകണമെന്നില്ല. ഏതെങ്കിലും ജന്മത്തിലായാലുംമതി. അത് അനുഭവിക്കാൻ സമയമായതിപ്പോഴാണ്. അതങ്ങ് അനുഭവിച്ചു തീർക്കുന്നു.

കുട്ടിയുടെ ആത്മാവ് മുജ്ജന്മകർമ്മഫലമനുഭവിക്കുന്നു. അതിന് അമ്മയായ ഞാനുമെന്തിന്നനുഭവിക്കണം? കഴിഞ്ഞ ജന്മത്തിലിതുപോലൊരു കുഞ്ഞിനോട് ഇങ്ങിനെ പ്രതികരിച്ചുകാണില്ലെന്ന് ഇന്ന് നിങ്ങൾക്ക് തെളിയിക്കാൻ പറ്റുമോ? ഒന്നുപറയാം ചെയ്യാത്ത കർമ്മത്തിന്റെ ഫലം അനുഭവിക്കേണ്ടിവരില്ല. അതു പ്രകൃതി നിയമമാണ്. ഈ ദുരിതമനുഭവിക്കാൻ പാകത്തിനുള്ള ദുഷ്കർമ്മം ചെയ്തിട്ടില്ലെന്നു തെളിയിക്കാനൊരു മാർഗവുമില്ലെന്റെ മുന്നിൽ എന്നേ പറയാനൊക്കൂ!

കഴിഞ്ഞ ജന്മത്തിലനുഭവിച്ചുതീർക്കാത്തതിന്റെ കാര്യമാണിതെന്നല്ലേ വിവരണം? ഈ ജന്മത്തിലിന്നുവരെ ചെയ്തതോ? അതിനുമുണ്ടൊരു പേര് ആർജിതകർമ്മഫലം. ജനനാൽപരം ഇന്നുവരെ ചെയ്തുകൂട്ടിയ കർമ്മഫലം അതിന്റെ കർമ്മപ്രതിഫലവും നമുക്ക് ആർജിത കർമ്മത്തിൽപെടുത്താം.

അതും കഴിവതും ഈ ജന്മത്തിൽ തന്നെ അനുഭവിക്കേണ്ടിവരും. പുഴുത്തു മരിച്ച ദേവസ്വം ബോർഡ് ചെയർമാന്മാരെ ഞാൻ കണ്ടിട്ടുണ്ട്. നൂറുകണക്കിന് യുവാക്കളെ വയറ്റിൽ ടൈം ബോംബു വച്ചു കെട്ടി റിമോട്ട് അമർത്തികൊന്ന സദ്ദാംഹുസൈന് എന്തു സംഭവിച്ചു? നമ്മുടെ അയൽരാജ്യങ്ങളിലെ ഭരണാധികാരികളിൽ ചിലരുടെ മരണവും ജീവിതവുമെല്ലാം എങ്ങിനെയാണ്? ഒറ്റവരിയിലുണ്ടുത്തരം ആർജിതകർമ്മഫലം.

ആർജിത കർമ്മഫലങ്ങളുടേയും ഉത്ഭവസ്ഥാനം മനസ്സു തന്നെയാണ്. അപ്പോഴും മാറേണ്ടത് മനസ്സു തന്നെയല്ലേ? ഈ ജന്മത്തിന്റെ ആരംഭം മുതലിന്നുവരെ ചെയ്തു കൂട്ടിയ കർമ്മമായ ആർജിത

കർമ്മവും ഉദയം ചെയ്യുന്നത് മനസ്സിൽ നിന്നുതന്നെയെന്നർത്ഥം. കാര്യം പിടികിട്ടുന്നുണ്ടല്ലോ ഇല്ലേ?

നാം ഇപ്പോൾ ചെയ്യുന്ന കർമ്മങ്ങളെല്ലാം അപ്പപ്പോൾ മനസ്സിൽ നിന്നുദയം ചെയ്യുന്ന ചിന്തകളുടെ ആധാരത്തിലല്ലേ? രണ്ടുവട്ടം ചിന്തിച്ചേ ഓരോ കാര്യവും ചെയ്യാവൂ എന്നു പറയാറുണ്ട്. ചിന്തിക്കണമെങ്കിൽ ചിന്ത ഉത്ഭവിക്കേണ്ടത് മനസ്സിൽ നിന്നാണല്ലോ? അങ്ങിനെയുള്ള കർമ്മത്തിന്റെ പേരാണ് പ്രാരബ്ധകർമ്മങ്ങൾ. അതിന്റെ ഫലങ്ങളാണ് **പ്രാരബ്ധകർമ്മഫലങ്ങൾ.**

ഈ ജന്മത്തിലെ ആർജിതകർമ്മഫലങ്ങളും പ്രാരബ്ധ കർമ്മഫലങ്ങളും അനുഭവിച്ചുതീർക്കാത്തത് അടുത്ത ജന്മത്തിലേക്ക് സഞ്ചിതകർമ്മമായി ആത്മാവ് കൂടെ കൊണ്ടുപോകുന്നു. അതൊഴിവാക്കാനെന്തുവഴി. ഒരേ ഒരു വഴിയേയുള്ളൂ. ഈ ജന്മത്തിൽ തിന്മകളും ദുഷ്കർമ്മങ്ങളും ചെയ്യാതിരിക്കുക. ഇന്നുമുതൽ ദുഷ്കർമ്മങ്ങൾ നമ്മളിൽ നിന്നും നമ്മുടെ മക്കളിൽ നിന്നുമുണ്ടാകാ(ക്കാ) തിരിക്കട്ടെ എന്നു പ്രാർത്ഥിച്ചാൽപോരാ പ്രവർത്തിക്കുകയും വേണം.

ചെയ്തുകൂട്ടിയ ആർജിതകർമ്മത്തെയെങ്ങിനെ ഇറേസ് ഔട്ട് ചെയ്യാം? അതിനൊരു മാർഗമുണ്ടെന്നും ഞാനിവിടെ സൂചിപ്പിക്കട്ടെ. നാം അറിഞ്ഞോ അറിയാതേയോ ചെയ്ത കർമ്മങ്ങളുടെ (കർമ്മഫലങ്ങളുടെ പാപങ്ങളുടെ) നരകയാതന (ശിക്ഷ) പ്രകൃതിയാണ് നമുക്ക് നൽകുന്നത്. അതു നാം അനുഭവിച്ചുതന്നെ തീരണമെന്നത് സത്യമായും വസ്തുതയായും നിലനിൽക്കുന്നു. നമ്മുടെ മുമ്പിലുള്ള മറ്റൊരു പന്ഥാവ്, പ്രകൃതിയതിന്റെ ശിക്ഷ നടപ്പിലാക്കുന്നതിനു മുമ്പ്തന്നെ നാം അത് സ്വയം ഏറ്റെടുത്തനുഭവിച്ചാലെങ്ങിനെയിരിക്കുമെന്നു ചിന്തിച്ചിട്ടുണ്ടോ? സ്വയം ആ ശിക്ഷയുടെ തുല്യമായ വേദനയനുഭവിക്കാൻ തയ്യാറാകുകയെന്നർത്ഥം.

ഒരാളിൽ നിന്ന് വാങ്ങിയ സമ്പത്തിന് തുല്യമായി പണിയെടുത്തു കടംവീട്ടുന്നതുപോലെ. അഥവാ സ്വന്തം പുരയിടത്തിന്റെ ഒരു ഭാഗം വിറ്റ് ബാങ്കിലെ കടം വീട്ടുന്നതുപോലെ അനുഭവിച്ചുതീർക്കേണ്ട ദുഃഖങ്ങൾ നാം സ്വയം ഏറ്റെടുത്തനുഭവിച്ചുതീർക്കുന്നു. ഇതിനാണ് പ്രായശ്ചിത്തകർമ്മമെന്നു പറയുന്നത്.

ശബരിമലയിലേക്ക് സ്വയം തീരുമാനിക്കുന്ന കഠിനമായ കരിമല കയറ്റത്തിലൂടെയൊരു യാത്രയും ദർശനവും അതേപോലൊരു പ്രായശ്ചിത്തമാണ്. തീർത്ഥാടനത്തിന്റെ വിഷമതകളും ബുദ്ധിമുട്ടുകളും സഹിച്ചുകൊണ്ടുള്ള യാത്ര, കഠിനവ്രതം... ഇതെല്ലാം പാപ



Scanned with CamScanner

പ്രായശ്ചിത്തമാകുന്നത് നമ്മുടെ ദുഷ്കർമ്മത്തിന്റെ പ്രതിഫലത്തെ നാം സ്വയം അറിഞ്ഞുകൊണ്ട് ഏറ്റുവാങ്ങി അനുഭവിച്ചു തീർക്കലായതിനാലാണ്.

- ഇന്നത്തെ ജയിൽവാസവും, ജീവപര്യന്തവും, കഠിനതടവുമെല്ലാം ചെയ്ത ദുഷ്കർമ്മത്തിന് ശാരീരികവും മാനസീകവുമായ തത്തുല്യ ദുഃഖം അനുഭവി(പ്പി)ക്കലാണല്ലോ. നല്ലവണ്ണം ചിന്തിച്ചാലെ ഇപ്പോൾ പറഞ്ഞതിന്റെയർത്ഥം മനസ്സിലാകുകയുള്ളു.

- നമ്മുടെ ദുഷ്കർമ്മത്തിന് പ്രകൃതി ശിക്ഷ തരുന്നു. ചിലപ്പോൾ നീതിന്യായ വ്യവസ്ഥയിലൂടെ അതു ലഭിക്കുന്നു. അല്ലെങ്കിൽ സ്വയം അതേറ്റെടുക്കുന്നു. അതുകൊണ്ടു പ്രായശ്ചിത്തത്തിന് ഒരു ശാസ്ത്രമുണ്ട്. അതിന്റെ പേര് (Karma dynamics) കർമ്മ ഡൈനാമിക്സ്. ഇതിന്റെ സന്ദേശം നമ്മുടെ മക്കൾക്കും പറഞ്ഞുകൊടുക്കണം.

- കർമ്മഫലം അനുഭവിച്ചു തീർക്കാനുള്ള മറ്റൊരു മാർഗം പരോക്ഷമായി നേരത്തേ ഒരുദാഹരണത്തിലൂടെ സൂചിപ്പിച്ചു. ബാങ്കിൽ നിന്നെടുത്ത കടം വീട്ടാനും, അനുഭവിക്കാനുള്ള ഭൂമിയുടെ ഒരു ഭാഗം വിറ്റുകിട്ടുന്ന സംഖ്യ ബാങ്കിലടച്ചു തീർക്കാനും സാധിക്കുന്നപോലൊന്നാണത്. അനുഭവിച്ചു തീർക്കാനുള്ള ദുഷ്കർമ്മഫലങ്ങളെ സത്കർമ്മഫലങ്ങളിലൂടെ compensate ചെയ്യുക എന്നതും ഒരു മാർഗമാണ്. മലയാളത്തിലൊരു പ്രയോഗമുണ്ട്; പാപപുണ്യങ്ങളായ ദുഷ്കർമ്മഫലങ്ങളും സത്കർമ്മഫലങ്ങളും തട്ടിക്കിഴിക്കുക.

- നിത്യജീവിതത്തിൽ ഇതെളുപ്പത്തിൽ പ്രയോഗിക്കാൻ സാധിക്കും. അനുഭവിക്കാനുള്ള സ്വത്ത്, സുഖം, ദ്രവ്യങ്ങൾ, എല്ലാത്തിന്റേയും കുറച്ചംശം അർഹിക്കുന്നവർക്കായി കൊടുക്കുക. ഇതിനെ ത്യാഗം, ദാനം, പരസഹായം, മാനവസേവ, മാധവസേവ, നരസേവ, നാരായണസേവ, ദരിദ്രനാരായണ സേവ, ധർമ്മാശുപത്രി, അന്നദാനം, നേത്രദാനം, രക്തദാനം, ഭൂദാനം, ഔഷധ ദാനം, കർമ്മദാനം, വസ്ത്രദാനം ഗൃഹദാനം...... എന്നെല്ലാം പറയുന്നു! ഇതിൽ കർമ്മാ ഡൈനാമിക്സിൽ പെടാത്ത ഒന്നുമില്ല. ഇതു സയൻസാണ്, ശുദ്ധ ശാസ്ത്രം. കാരണം ചെയ്ത സത്കർമ്മങ്ങളുടെ ഫലം അറിഞ്ഞോ അറിയാതെയോ ചെയ്ത ദുഷ്കർമ്മങ്ങളുടെ ഫലവുമായി തട്ടികിഴിച്ച് കടം വീട്ടുന്നതുപോലെ തീർക്കണം.

- ഇത്രയും എഴുതിയത് മനസ്, ചിന്തകൾ, കർമ്മം, കർമ്മഫലം, പ്രതിഫലം, പുനർജന്മം, സഞ്ചിതകർമ്മം, ആർജിതകർമ്മം, പ്രാരബ്ധ കർമ്മം, പാപം, പുണ്യം എന്നിവയെല്ലാം ഭാരതീയ വീക്ഷണ



Scanned with CamScanner

ത്തിലുള്ളത്, ശുദ്ധശാസ്ത്രമാണ് എന്ന് കാലിഫോർണിയ യൂണിവേഴ്സിറ്റിയിലെ സൈക്കോളജി പ്രൊഫസർ ഡോ. ബ്രയൻ എൽ വീസ് എഴുതിയ മെനി ലൈവ്സ് മെനി മാസ്റ്റേഴ്സ്, മെസ്സേജസ് ഫ്രം ദ മാസ്റ്റേഴ്സ്, സേം സോൾ മെനി ബോഡീസ്..... എന്നിപ്രകാരമുള്ള പുസ്തകം വായിച്ചാലറിയാം.

ഈശ്വരനിഷ്ടപ്പെടാത്തത് ചെയ്യുക, ഈശ്വരന്റെ നിർദ്ദേശം ലംഘിക്കുക, ഈശ്വരന്റെ കൂടെ നിൽക്കാതിരിക്കുക, ഈശ്വരനെതിരെ പ്രവർത്തിക്കുക ഇതെല്ലാമാണ് 'ചിലരുടെ പാപം'. ചിലത് ഈശ്വരന്റെ ശാപമായി മനുഷ്യനിലേൽക്കുന്നു. 'ഈശ്വരനെ' പരമപവിത്രശുദ്ധ പ്രതിഭാസമായി ഭാരതീയർ കാണുമ്പോൾ സെമിറ്റിക് മതങ്ങൾ ഈശ്വരനെ വാശിയും പകയും വിദ്വേഷവും അസൂയയും അഹങ്കാരവുമുള്ള അൽപനായ മനുഷ്യനെപോലെകാണുന്നു എന്നു നേരത്തെ സൂചിപ്പിച്ചതോർമ്മയുണ്ടല്ലോ?

അങ്ങിനെയുള്ള ഒരീശ്വരന്റെ കൽപന ലംഘിച്ചതാണ് ആദവും ഹവ്വയും ചെയ്ത ആദിപാപം. അത് മനുഷ്യന് തലമുറകളായി കൈമാറിവരുന്നു എന്ന അബദ്ധധാരണയും പ്രചരിപ്പിക്കുന്നു. മനുഷ്യന് വിവേകമുദിച്ചതിന്റെ ആദിപാപം ഇല്ലാതാക്കാൻ മറ്റൊരു മനുഷ്യനെ ദൈവം തന്നെ കുരുശിലേറ്റികൊന്നു. ഇതൊന്നും ചെയ്യാതെ മനുഷ്യന്റെ 'ഈ പാപത്തെ' സർവ്വശക്തനായ ഈ ദൈവത്തിനങ്ങ് ക്ഷമിച്ചുകൂടായിരുന്നോ? യുക്തിരഹിതമായ ഇത്തരം വിവരണങ്ങൾക്കൊടുവിലെല്ലാം ഉത്തരം കിട്ടാത്ത അനവധി ചോദ്യങ്ങളുണ്ടാകും. അതാണ് പാശ്ചാത്യലോകം സെമിറ്റിക് മതങ്ങളെ അറപ്പോടെ വീക്ഷിക്കുന്നതും, നിരാകരിക്കുന്നതും, നിഷേധിക്കുന്നതും, പുതിയ തലമുറ തിരസ്കരിച്ചതും പള്ളിക്കാരിതിനെ ചോദ്യം ചെയ്യാതെ സ്വീകരിക്കാൻ പറയുന്നതും.

അവരുടെ മുന്നിലൊരു ചോദ്യമുണ്ട്. മനുഷ്യൻ ജ്ഞാനക്കനി തിന്നരുതായിരുന്നെങ്കിൽ ജ്ഞാനക്കനി ഭൂമിയിലുണ്ടാക്കാതിരിക്കാൻ, സർവശക്തനായ ദൈവത്തിന് ശക്തിയില്ലാതെ പോയോ? ആ ജ്ഞാനക്കനി ആദം തിന്നില്ലായിരുന്നെങ്കിൽ അവന് കായീനും അബേലും പോലെ മക്കളും അടുത്ത തലമുറയുമുണ്ടാകുമായിരുന്നോ? നമ്മളുണ്ടാകുമായിരുന്നോ? യേശുക്രിസ്തുപോലുമുണ്ടാകുമായിരുന്നോ? ഉണ്ടായിരുന്നാൽ തന്നെ അവർ നാണം മറക്കാതെ ഈ ഭൂമുഖത്ത് നടക്കുമായിരുന്നില്ലേ? ഇനി ആദവും ഹവ്വയും ജ്ഞാന കനി തിന്നപ്പോഴാണ് വിവേകമുദിച്ചതെങ്കിൽ, അത് തെറ്റായി എന്ന് ദൈവം ആക്രോശിച്ചുവെങ്കിൽ, ഇന്നത്തെ



Scanned with CamScanner

ക്രിസ്ത്യാനിക്ക് വിവേകമില്ലാതെ നടക്കാനുള്ള സ്വാതന്ത്ര്യമുണ്ടല്ലോ? വേണമെങ്കിൽ ജ്ഞാനക്കനി തിന്നുന്നതിനു മുമ്പുള്ള ആദത്തേയും ഹവ്വയേയുംപോലെത്തന്നെ നടക്കാമല്ലോ.

- ഇത്രയും ഇവിടെയെഴുതിയത് ഒരു മതത്തിനെതിരെ വിരൽ ചൂണ്ടാനല്ല. മേൽ വിവരിച്ചതെല്ലാം വെറും കെട്ടുകഥയാണെന്നറിയണം എന്നോർമ്മിപ്പിക്കാനാണ്. അതിനെ ശാസ്ത്രവൽക്കരിക്കുകയോ ന്യായീകരിക്കുകയോ ചെയ്താൽ വളരുന്ന തലമുറ ബുദ്ധിയും യുക്തിയും ശാസ്ത്രവുമുപയോഗിച്ച് വിശകലനം ചെയ്ത് അവയെല്ലാം തിരസ്കരിക്കും.
- ഇക്കാരണത്താൽതന്നെയാണ് ഭാരതീയ പുരാണ വിവരണങ്ങൾ കഥകളാണെന്നറിഞ്ഞ് അതിൽ നിന്ന് സന്ദേശങ്ങളെടുക്കണമെന്ന് സൂചിപ്പിച്ചത്. ഇതിഹാസങ്ങളാകട്ടെ അനുഭവങ്ങളുടെ പട്ടികപോലെ പഠിക്കുമ്പോൾ ശരിയും തെറ്റും, നന്മയും തിന്മയും, ധർമ്മവും അധർമ്മവും, സ്വീകരിക്കേണ്ടതും തിരസ്കരിക്കേണ്ടതും, വായനക്കാരുടെയും ശ്രോതാക്കളുടെയും ഉത്തരവാദിത്വമാണ്. വസ്തുതകൾ ചരിത്രവസ്തുതകൾപോലെയെഴുതിയിരിക്കുന്നു. ഇവിടെയാണ് സെമിറ്റിക് മതഗ്രന്ഥങ്ങളും ഭാരതത്തിലെ പുരാണങ്ങളും ഇതിഹാസങ്ങളും തമ്മിലുള്ള വ്യത്യാസം പ്രകടമാകുന്നത്.
- പാശ്ചാത്യലോകവും, വികസിത ലോകവും, പണ്ഡിതരും, ചിന്തകരും, ശാസ്ത്രജ്ഞന്മാരും, ഭാരതീയ ചിന്താധാരകളിലേക്ക് പ്രവഹിക്കുന്നത്. ഇത് ഏതുകാലത്തും ഏതുവിഭാഗത്തിനും സ്വീകരിക്കാനും വേണ്ടമാറ്റങ്ങൾ വരുത്തി പ്രയോഗിക്കാനുമുള്ള സ്വാതന്ത്രമുണ്ടെന്നതിനാലാണ്.
- ഞാൻ പറയുന്നതും, ചിന്തിക്കുന്നതും, പ്രവർത്തിക്കുന്നതും, അനുശാസിക്കുന്നതും മാത്രമാണ് ശരിയെന്നും അതല്ലാത്തതെല്ലാം തെറ്റാണെന്നും, എന്റെ ചിന്തകൾ സ്വീകരിക്കാത്തവർ പാപികളാണെന്നും അവർ നിത്യ നരകത്തിൽ പോകുമെന്നുമുള്ള ക്രൂരമായ സന്ദേശമാണ് മതം പടച്ചുവിടുന്ന വിഷം. അതൊന്നും നമ്മുടെ മക്കളെയും നമ്മെയും ബാധിക്കരുത്, എന്നുമാത്രമല്ല ശരിയും തെറ്റും വ്യക്തമായി പറഞ്ഞുകൊടുക്കണം. സ്വീകരിക്കേണ്ടതും സ്വീകരിക്കാൻ പാടില്ലാത്തതും നാം അറിഞ്ഞിരിക്കണം.
- എന്റേതുമാത്രം ശരിയും നന്മയും എന്നു ചിന്തിപ്പിക്കുന്നതിനുപകരം നന്മയും ശരിയും എവിടേയെല്ലാമുണ്ടെങ്കിലും അതെല്ലാം എന്റേതുമാക്കണം എന്ന ചിന്തയാണ് ഭാരതത്തിന്റേത്. വേദങ്ങൾ ഉദ്ഘോഷിക്കുന്നു. **ആ നോ ഭദ്രാഃ ക്രതവോ യന്തു വിശ്വതഃ ॥**



Scanned with CamScanner

ലോകത്തിലെല്ലായിടത്തുനിന്നും നന്മകളെന്നിലേയ്ക്കു വന്നു ചേരട്ടെ.

- ബൈബിളിലോ, ഖുറാനിലോ, ലെനിൻ-സ്റ്റാലിൻ-മാവോ-സോക്രട്ടീസ്, പറഞ്ഞതിലോ വേദത്തിലോ, പുരാണത്തിലോ ഇതിഹാസത്തിലോ, ഭാരതത്തിലോ, അമേരിക്കയിലോ, പാക്കിസ്ഥാനിലോ..... ഉള്ള നന്മകൾ എന്റേതുമായിത്തീരണം! അതാണ് മാനവ വീക്ഷണം. അതാണു നമ്മളിലും നമ്മുടെ മക്കളിലുമുണ്ടാക്കേണ്ടത്.
- റോഡിലൂടെ നടക്കുമ്പോൾ കാലു ചൂടാകാതിരിക്കാൻ സ്വയം ചെരിപ്പിടുന്നതുപോലെ, മഴകൊള്ളാതിരിക്കാൻ കുടപിടിക്കുന്നതുപോലെ സൂര്യപ്രകാശാധികൃത്തിൽ നിന്ന് കണ്ണുകളെ ഗ്ലാസ് വച്ച് സംരക്ഷിക്കുന്നതുപോലെ അവനവന്റെ മനസ്സിനെ സംരക്ഷിക്കാനും വളർത്താനും ഉയർത്താനും നന്മകളെവിടെയുണ്ടെങ്കിലും അവനവനുവേണ്ടി അതെല്ലാം സ്വീകരിക്കണം.
- എനിക്കിഷ്ടമുള്ളത് ഇഷ്ടമില്ലാത്തത് എന്നതിനേക്കാൾ എനിക്കു നന്മവരുത്തുന്നത് നന്മവരുത്താത് എന്നീ വിഭാഗങ്ങളാണുണ്ടാകേണ്ടത്.
- ലോകത്തെ മുഴുവനും എനിക്കുവേണ്ടി മാറ്റാൻ സാധ്യമല്ല. മറിച്ച് ലോകത്തെ മാറ്റാനായി എനിക്കും പ്രവർത്തിക്കാം. അതും ലോകനന്മയ്ക്കുവേണ്ടി. ചുറ്റും മഞ്ഞനിറം വേണമെന്നാഗ്രഹിക്കുന്നവർക്കു വേണ്ടിമാത്രം ചുറ്റും മഞ്ഞനിറമുണ്ടാക്കാൻ ബുദ്ധിമുട്ടാണ്. പക്ഷേ സ്വയം ഒരു മഞ്ഞ ഗ്ലാസ്സുള്ള കണ്ണട വച്ചാൽ ചുറ്റും മഞ്ഞ നിറമുള്ളതായി തോന്നും! അവനവനിൽ മാറ്റം വരുത്തിയാൽ ചുറ്റുമുള്ളതിൽ മാറ്റം വരും.

**മനസ്സിൽ മാറ്റം വരുത്താൻ :**

- ക്ഷേത്രദർശനം നടത്തുന്നതും മനുഷ്യമനസ്സിന്റെ ശ്രദ്ധാകേന്ദ്രം മറ്റൊരു നന്മയിലേക്കെത്തിക്കാനും നമുക്കതീതമായ ഒരു ശക്തി ഈ പ്രപഞ്ചത്തിലുണ്ടെന്ന സ്മരണയിൽ നിലനിർത്താനുമാണ്.
- ക്ഷേത്രത്തിലെത്തുമ്പോൾ ശരീരശുദ്ധിയും, മനഃശുദ്ധിയും, വാക്ശുദ്ധിയും, കർമ്മശുദ്ധിയും ആഹാരശുദ്ധിയുമുണ്ടാകേണ്ടത്, ആ മനസ്സിലെ തിന്മകൾ കുറച്ച് ആ സ്ഥാനത്ത് നന്മകൾ നിറക്കാനാണ്.
- മനസ്സിനെ കേന്ദ്രീകരിക്കാൻ ഒരു ഇമേജ് വേണം. പുറംകണ്ണുകൊണ്ട് ആ ഇമേജ് അകത്തേക്കെടുത്ത് അകക്കണ്ണുകൊണ്ട് **ഇമാജിനേഷൻ ചെയ്യലാണ്** സർവവ്യാപിയായ ഈശ്വരനെ മനുഷ്യ മനസ്സിലേക്കു കൊണ്ടുവരാനുള്ള എളുപ്പമാർഗ്ഗം.



Scanned with CamScanner

- എന്നിൽ നിലനിൽക്കുന്ന ചൈതന്യം തന്നെയാണ് പ്രപഞ്ചത്തിൽ വാണരുളുന്ന ഈശ്വരൻ എന്ന് വ്യക്തമായി അനുഭവവേദ്യമാകുന്നതുവരെ ക്ഷേത്രദർശനം വേണം. ആസ് ഈസ് ദ മൈക്രോ കോസം സോ ഈസ് ദ മാക്രോ കോസം എന്ന അനുഭൂതി തലത്തിലെത്തിയാൽ പിന്നെ വേണമെങ്കിൽ ക്ഷേത്രദർശനം ഒഴിവാക്കാം. അതുവരെ അഹം ബ്രഹ്മാസ്മിയെന്നു പറഞ്ഞ് ചമഞ്ഞു നടക്കുന്നത് വിവരക്കേടാണ്.

- അഹം ബ്രഹ്മാസ്മിയെന്ന മഹാവാക്യത്തിന്റെ അർത്ഥംപോലറിയാതെ എന്നിൽതന്നെ ഈശ്വരനുള്ളപ്പോൾ പിന്നെയെന്തിനു ഈശ്വരനെക്കാണാൻ അമ്പലത്തിൽ പോകുന്നതെന്നു ചോദിക്കുമ്പോൾ ഉത്തരമിതാണ്; വായുമണ്ഡലത്തിൽ മുഴുവനും വായു നിറഞ്ഞിരിക്കുമ്പോൾ തന്റെ സൈക്കിൾ ടയറിലെന്തിനാണ് കാറ്റുനിറക്കുന്നത്?

- ക്ഷേത്രദർശനത്തിന്റെ പ്രധാനലക്ഷ്യം മനസ്സിന് നന്മയിലേയ്ക്കുയർത്തുക, മനുഷ്യനിലുള്ള ഐക്യം ഊട്ടിയുറപ്പിക്കുക, കുടുംബബന്ധവും സമൂഹബന്ധവും വളർത്തുക, ക്ഷേത്രകലകൾ, അനുഷ്ഠാനങ്ങൾ ആചാരങ്ങൾ, വിചാരങ്ങൾ, സാഹിത്യങ്ങൾ എന്നിവയെല്ലാം വളർത്തുക. വ്യക്തി-കുടുംബ-സമൂഹ-രാഷ്ട്രപരമായ ഐക്യത്തിനും സാമൂഹിക-സാംസ്കാരിക-സാമ്പത്തിക-രാഷ്ട്രീയപര-കലാപര-വ്യാവസായിക-മാനസിക- ആത്മീയ വളർച്ചക്കും വേണ്ടിയാണ്.

- ഭാരതത്തിൽ ക്ഷേത്രങ്ങൾ പാപം കൈമാറ്റ കേന്ദ്രങ്ങളല്ല. എന്റെ പാപം പൂജാരിയുടെ തലയിലേക്കോ ഈശ്വരന്റെ ചുമലിലേക്കോ മാറ്റപ്പെടുന്ന കേന്ദ്രമല്ല ക്ഷേത്രങ്ങൾ. ക്ഷേത്രങ്ങളിവിടെ energisation centre കളാണ്.

- ഹോൾസെയിലായും റീട്ടെയിലായും പാപം ഏറ്റെടുക്കുന്ന ഈശ്വരൻ വസിക്കുന്ന സ്ഥലമല്ല ക്ഷേത്രം എന്നടിവരയിട്ടു പറഞ്ഞുകൊടുക്കണം. ഈശ്വരന്റെ ബ്രേക്ക് ഫാസ്റ്റിന്റെ ചെലവ് വഴിപാട് രൂപത്തിൽ കൊടുത്ത് മക്കൾക്ക് റാങ്ക് വാങ്ങിക്കാനുള്ള ഒന്നുവെച്ച് പത്തടിക്കുന്ന കേന്ദ്രങ്ങളുമല്ല ക്ഷേത്രങ്ങൾ.

- ക്ഷേത്രങ്ങളിൽ നടക്കുന്ന പഞ്ചമഹായജ്ഞത്തിന്റെ ഭാഗമാണ് വഴിപാടുകൾ. ക്ഷേത്രത്തിൽ വഴിപാടിനു കൊടുക്കുന്നത് ദേവയജ്ഞം, ഋഷിയജ്ഞം, പിതൃയജ്ഞം, ഭൂതയജ്ഞം, മനുഷ്യയജ്ഞങ്ങളുടെ ഭാഗമാണ്. അതുകൊണ്ട് വഴിപാടുകളെല്ലാം ശരിയാണ്. കാരണം അതെല്ലാം പഞ്ചമഹായജ്ഞത്തിന്റെ ഭാഗമാണ്. വഴിപാടുകളോടുള്ള ചിലരുടെ വീക്ഷണമാണ് തെറ്റ്.



Scanned with CamScanner

ക്ഷേത്രദർശനത്തിൽ മനസ്സിന്റെ പ്രയാണംപോലെ ശരീരത്തിനും മഹത്വമേറെയുണ്ട്, തീർത്ഥസേവനം, ചന്ദന-ഭസ്മധാരണം, പ്രദക്ഷിണം, നമസ്ക്കാരം, മന്ത്രാലാപനം-മന്ത്രശ്രവണം-ക്ഷേത്രവാദ്യ - ഗീത-മണിനാദ-ശ്രവണം, ക്ഷേത്ര ചൈതന്യദർശനം. ക്ഷേത്ര ഗന്ധഘ്രാണം, ക്ഷേത്ര പ്രസാദ സ്വീകരണം ഇവയെല്ലാം ക്ഷേത്രത്തിന്റെ ലക്ഷ്യം തന്നെയാകുന്ന ശരീരനന്മയ്ക്കുള്ളതാണ്.

കുടുംബസമേതമുള്ള ക്ഷേത്രദർശനം, ബന്ധുക്കളും സുഹൃത്തുക്കളും പങ്കെടുക്കുന്ന ക്ഷേത്രാനു[illegible]ഠാനങ്ങൾ, ഈശ്വര ചൈതന്യത്തെ കേന്ദ്രമാക്കി കുടുംബാം[illegible]നസ് ഏക[illegible]ഭൂതമാക്കൽ കുടുംബ ദേവതാ സങ്കല്പം, പര[illegible] സങ്കല്പം, ഗ്രാമദേവതാ സങ്കല്പം, ആരാധനാമൂർത്തി, ഇഷ്ടദേവതാ സങ്കൽപങ്ങളുമെല്ലാം തന്നെ ക്ഷേത്രത്തെ കേന്ദ്രീകരിച്ചുള്ള കുടുംബബന്ധ ദൃഢീകരണമാണ്. കുടുംബാംഗങ്ങളുടെ മനസ്സിൽ നിറയുന്ന ഏകഭാവം, ശ്രീനാരായണ ഗുരുദേവ[illegible]കത്തെ അറിയിച്ചതുപോലെ ക്ഷേത്രത്തിലൂടെ സാമൂ[illegible]ം സ്ഥാപിതമാകുന്നു. ജാതിക്കും മതത്തിനും, ഭാഷക്കും, ആചാരാനുഷ്ഠാനങ്ങൾക്കും, ദേശത്തിനുപോലും [illegible]തീതനായി ഭാരതീയരും അഭാരതീയരും ശബരിമല-തിരു[illegible]തി-പഴനി-കാശി-രാമേശ്വരം-ഹരിദ്വാരം-ഋഷികേശം, ബദരീനാഥം-കേദാർ[illegible]സം ഇവിടെ ഏകമനസ്സോടെ ഏക ഭാവത്തോടെയെത്തുന്നു. ലോക[illegible]തീയ ആത്മീയതയിൽ സഹനാവവതു...... ഒരുമിക്കുന്നു. അതാണ് ഭാരതീയ ആത്മീയതയെന്നറിയിക്കണം. മാനസീക ഐക്യമാണ് ശാശ്വതം. ശരീരങ്ങളുടെ ഐക്യം താൽക്കാലികമാണ്.

ഒരു ഈശ്വരനും, ഒരു പുണ്യക്ഷേത്രവും, ഒരു പ്രവാചകനും, ഒരു ഗ്രന്ഥവും ഐക്യത്തെ ഉണ്ടാക്കുമായിരുന്നെങ്കിൽ പല പേരിയിൽ നിന്ന് പയറ്റുന്ന പെന്തകോസ്റ്റ്, ഓർത്തഡോക്സ്, ലാറ്റിൻ കത്തോലിക്കൻ, സിറിയൻ കത്തോലിക്കൻ, സെവന്ത് ഡേ അഡ്വന്റിസ്റ്റ്, സാൽവേഷൻ ആർമി, പ്രൊട്ടസ്റ്റന്റ് ഇങ്ങിനെ നൂറുവിഭാഗത്തിന്റെ ആവശ്യമുണ്ടോ? മറ്റൊരുവിഭാഗത്തിന്റെ പള്ളിയിൽ പോകാത്ത ഐക്യം! തമ്മിൽ തമ്മിൽ മതം മാറ്റുകപോലും ചെയ്യുന്നതാണോ ഐക്യം? സ്വന്തം മതത്തിലും വിഭാഗത്തിലും ആളെച്ചേർക്കുന്ന രാഷ്ട്രീയ പാർട്ടിയായി മതങ്ങൾ അധഃപതിക്കുന്നതെന്തിന്?

ഒരേ ഒരു അള്ളാഹു, ഒരേ ഒരു ഖുറാൻ, ഒരേ ഒരു പ്രവാചകൻ, ഒരേ ഒരു കാ അബ...... പതിമൂന്ന് വിഭാഗങ്ങളായി മുസ്ലീമുകൾ പരസ്പരം യുദ്ധം ചെയ്യുന്നു. ഷിയായും, സുന്നിയും, അഹമ്മദീനും, സുഫിയും... ഇതല്ലല്ലോ ഐക്യം! ഐക്യമെവിടെ?



Scanned with CamScanner

എനിക്ക് തോന്നാറുണ്ട്; മുസ്ലീം രാജ്യങ്ങളിൽ ബോംബുണ്ടാക്കുന്നത് മുസ്ലീം, അവ വയ്ക്കുന്നതും പൊട്ടിക്കുന്നതും മുസ്ലീം, പൊട്ടുന്നത് മുസ്ലീം ദേവാലയത്തിൽ, മരിക്കുന്നത് മുസ്ലീം, ചാകുന്നത് മുസ്ലീം, അറസ്റ്റ് ചെയ്യുന്നതും, അഡ്വക്കേറ്റും, ജഡ്ജിയും മുസ്ലീമാണ്. ഒരേ ഒരു മതത്തിന്റെ മക്കൾ ചത്തും കൊന്നും ജീവിക്കുന്നതാണോ ഐക്യമെന്നു പറയുന്നത്?

ആയിരക്കണക്കിന് ഗ്രന്ഥങ്ങൾ, ആയിരക്കണക്കിനു വിഷയങ്ങളിൽ, ആയിരക്കണക്കിനാചാര്യന്മാർ, ആയിരക്കണക്കിന് വർഷങ്ങളായിട്ടെഴുതി ഇഷ്ടമുണ്ടെങ്കിൽ സ്വീകരിക്കാനും വേണ്ടെങ്കിൽ തിരസ്കരിക്കാനും സ്വാതന്ത്ര്യം നൽകിയ ഭാരതീയ സംസ്കാരത്തിന്റെ ഐക്യമാണ് ശാശ്വതമായി ഭൂതകാലത്തിലും വർത്തമാനകാലത്തിലും നിലനിന്നതും ഇനിയും നിൽക്കുന്നതും.

കർമ്മത്തിന്റെയടിസ്ഥാനത്തിൽ വർണ്ണങ്ങൾ നിലനിന്നപ്പോഴും അത് ജാതിയായിരുന്നില്ല. ഉത്തമമെന്നും അധമമെന്നും വർണമുണ്ടായിരുന്നില്ല. ജന്മം കൊണ്ടും വെറും മനുഷ്യരും, കർമ്മംകൊണ്ടു മാത്രം (എഞ്ചിനീയറും ഡോക്ടറും ക്ലാർക്കുമാകുന്നതുപോലെ) ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും ശൂദ്രനുമുണ്ടായപ്പോൾ പരസ്പരം വർണങ്ങൾ സഹകരിച്ചു. അങ്ങോട്ടുമിങ്ങോട്ടും മാറാനും സ്വാതന്ത്ര്യമുണ്ടായിരുന്നു.

ക്ഷത്രിയനായ വിശ്വാമിത്രനും ആ കുലത്തിൽ ജനിച്ചവരും വേദമന്ത്രങ്ങളെഴുതി. മുക്കുവനായി ജനിച്ച കൃഷ്ണദ്വൈപായനൻ വേദങ്ങളെ നാലായിത്തിരിച്ച് വേദവ്യാസനായി. ശ്രീരാമൻ ക്ഷത്രിയനായി ജനിച്ചു. ശ്രീകൃഷ്ണൻ യാദവനായി ജനിച്ചു. നാലുവർണ്ണത്തിൽപ്പെട്ടവരും ഭാരതത്തിൽ രാജവംശങ്ങൾ സ്ഥാപിച്ചു. വേദേതിഹാസപുരാണങ്ങളിൽ തൊട്ടുകൂടായ്മയും, തീണ്ടിക്കൂടായ്മയുമില്ല. ഒരു വർണത്തിൽ നിന്ന് മറ്റൊന്നിലേക്ക് പോകാനും വരാനും സ്വാതന്ത്ര്യമുണ്ടായിരുന്നു. ക്ഷത്രിയനായ വിശ്വാമിത്രൻ ബ്രാഹ്മണ്യത്തിലേക്കു മാറി, ബ്രാഹ്മണനായ ദ്രോണാചാര്യൻ ക്ഷത്രിയനായി യുദ്ധക്കളത്തിലിറങ്ങി.

ഇന്നും ഇതു സംഭവിക്കുന്നു. മുക്കുവവംശത്തിൽ ജനിച്ച മാതാ അമൃതാനന്ദമയി ജഗദ്ഗുരുവിന്റെ സ്ഥാനത്തേക്കുയർന്നു. സായിബാബയും, അരവിന്ദമഹർഷിയും, വിവേകാനന്ദനും, ചിന്മയാനന്ദനും, ശ്രീനാരായണഗുരുവും, വിദ്യാധിരാജ ചട്ടമ്പിസ്വാമിയും ബ്രാഹ്മണരായ മാതാപിതാക്കൾക്ക് ജനിച്ചവരല്ലാതിരുന്നിട്ടും പരമപദവിയിലേക്കുയർന്നു പ്രവർത്തിച്ചു, പ്രവർത്തിക്കുന്നു. ഇതാണ് ഈ നാടിന്റെ ആത്മീയ ഐക്യം.



Scanned with CamScanner

- എല്ലാം കർമ്മത്തിൽ നിന്നുത്ഭവിച്ച് കർമ്മത്തിൽ നിലനിൽക്കുന്നു. ആ കർമ്മം ചിന്തകളിൽ നിന്നും, ചിന്തകൾ മനസ്സിൽ നിന്നും ഉദയം ചെയ്യുന്നു എന്നു പറഞ്ഞതോർക്കുമല്ലോ!
- കർമ്മമണ്ഡലത്തിൽ, നിറഞ്ഞ ഹൃദയത്തോടെ പ്രവർത്തിച്ച് ആധുനിക മനുഷ്യനായിത്തന്നെ ആധുനിക ലോകത്തിൽ ജീവിച്ച് ആധുനിക യുഗത്തിലെ കർമ്മയോഗിയാകുവാൻ മക്കളെ പ്രോത്സാഹിപ്പിക്കണം. നാം കർമ്മയോഗികളാകണം.
- അവാർഡും, സർട്ടിഫിക്കറ്റും, പൊന്നാടയും, പത്മശ്രീയും പ്രതീക്ഷിക്കാത്ത കർമ്മയോഗികളാകാൻ ഹിമാലയത്തിലേക്കൊന്നും പോകേണ്ടതില്ല. അഥവാ പോയാലും അവിടത്തന്നെ തപസ്സനുഷ്ഠിക്കാനായി ഇരിക്കേണ്ടതുമില്ല.
- മാതാ അമൃതാനന്ദമയിയെ ആരാധിക്കുകയോ പൂജിക്കുകയോ ചെയ്യണമെന്നില്ല, അമ്മയുടെ കർമ്മമണ്ഡലത്തിൽ നിരന്തരമായ കർമ്മയോഗികളാകുന്ന പരസഹസ്രം ദേശവിദേശികളിലൊരുവനാകാൻ! സ്വയം മാതൃക കാണിച്ച് സേവനസന്നദ്ധരാകണം.
- സ്വാമി സത്യസായിബാബയുടെ തിരുസന്നിധിയിൽ പോകാതെയും ഭജനപാടാതെയും, ആരതിയിൽ പങ്കെടുക്കാതെയും, പതിനായിരങ്ങൾക്ക് ആശ്രയവും, സ്നേഹവും, ഭക്ഷണവും, സഹായവുമെത്തിക്കുന്നവരിലൊരുവനായി, സായി സേവാസമിതിയിൽ പ്രവർത്തിക്കുന്ന കർമ്മയോഗിയുമാകാം.
- ലോകമെമ്പാടും ജീവനകല പ്രചരിപ്പിച്ച് എല്ലാവിഭാഗത്തിലും മാനസീക ഐക്യമുണ്ടാക്കാൻ, ആർട്ട് ഓഫ് ലിവിങ്ങിൽ പോകാതെയും, കർമ്മനിരതനാകാൻ ഒരു തടസ്സവുമില്ല. നമുക്കനവധി വഴികളുണ്ട്. അത് സ്വീകരിക്കാനുള്ള സ്വാതന്ത്ര്യവുമുണ്ട്, തിരസ്കരിക്കാനുള്ള സ്വാതന്ത്രവുമുണ്ട്.
- ചിന്മയാമിഷനിലും, ഗുരുദേവപ്രചരണവേദികളിലും, ബ്രഹ്മകുമാരീസിലും, ക്ഷേത്ര സംരക്ഷണസമിതിയിലും, വിശ്വഹിന്ദുപരിഷത്തിലും, രാഷ്ട്രീയ സ്വയംസേവക സംഘത്തിലും അംഗങ്ങളാകാതെ തന്നെ അവരുടെയെല്ലാം രാഷ്ട്ര-ധർമ്മ പ്രചരണ സേവന കർമ്മങ്ങളിൽ അവനവന്റെ അഭിരുചിക്കനുസരിച്ചു പ്രവർത്തിക്കാനും സാധിക്കുമെന്നറിയണം.
- ആധുനിക ലോകത്തിൽ കർമ്മയോഗിയാകാൻ ആരുടേയെങ്കിലും കൂടെ പ്രവർത്തിക്കണമെന്നൊരു നിർബന്ധവുമില്ല. ഈമെയിലിന്റേയും ഇന്റർനെറ്റിന്റേയും യുഗത്തിൽ നന്മനിറഞ്ഞ സന്ദേശങ്ങൾ



Scanned with CamScanner

ആവശ്യമുള്ളവർക്ക് ഈ മാധ്യമത്തിലൂടെ സ്വയം നൽകുന്ന ജ്ഞാന വിജ്ഞാന ദാനയജ്ഞം തന്നെ കർമ്മയോഗിയാകാൻ ശ്രേഷ്ഠമാണ്.

- ഭാരതത്തിൽ ഇന്നുകാണുന്ന അഭൂതപൂർവ്വമായ ധർമ്മചേതനയ്ക്കു കാരണം വിവിധ മാധ്യമങ്ങളിലൂടെ പൈതൃകവിജ്ഞാനം പ്രചരിപ്പിക്കുന്ന അനവധി പണ്ഡിതന്മാരുടെ പ്രവർത്തനമാണ്. അവരുടെയെല്ലാം സിഡികളും വിസിഡികളും ഇന്നു ലഭ്യമാണ്. അവയെല്ലാം കോപ്പികളെടുത്ത് ലോകത്തെവിടെയുള്ളവർക്കുമെത്തിച്ചും കർമ്മയോഗികളാകാം.
- സ്വന്തം ഗൃഹത്തിലിരുന്ന് ഇതെല്ലാം യു ട്യൂബിലേക്ക് അപ്ലോഡ് ചെയ്താലും ആധുനിക ലോകത്തിലേക്ക് ഭാരതീയ ജ്ഞാനവിജ്ഞാന പ്രകാശം ചൊരിയുന്ന കർമ്മയോഗിയാകാം.
- അറിയാവുന്നത് അറിയേണ്ടവർക്ക് പറഞ്ഞുകൊടുക്കലുമാകാം. അറിയാനുള്ളതെവിടെയുണ്ടെന്നറിയേണ്ടവരെയറിക്കലും കർമ്മയോഗമാണ്. അറിവുള്ളവരെക്കുറിച്ചറിയിക്കുന്നതും അറിവുള്ളവർക്ക് അറിവു നൽകാൻ കഴിവുള്ള ജ്ഞാനികളെക്കുറിച്ചറിയിക്കുന്നതും കർമ്മയോഗമാണ്. ഇതും ആധുനിക കാലഘട്ടത്തിലത്യാവശ്യമായി നാമനുശാസിക്കേണ്ടതായ കർമ്മയോഗം തന്നെയാണ്.
- ഈ കർമ്മപൂരിതമായ ജീവിതമാണ് മനസ്സിനു സ്വസ്ഥതയും സംതൃപ്തിയും ചാരിതാർത്ഥ്യവും നൽകുന്ന ജീവിതം. കർമ്മനിരതമായ ജീവിതത്തിൽ മനസ്സ് ഏകാഗ്രമായി കർമ്മത്തിൽ അലയുന്നു. ലേത്ത് പ്രവർത്തിപ്പിക്കുന്ന വ്യക്തിയുടെ മനസ്സും വാഹനമോടിക്കുന്ന ഡ്രൈവറുടെ മനസ്സും, കച്ചവടം ചെയ്യുന്ന വ്യാപാരിയുടെ മനസ്സും, പത്രപ്രവർത്തനത്തിൽ മുഴുകുന്നവന്റെ മനസ്സും ആ കർമ്മത്തിൽ ലയിക്കുമ്പോൾ, അവന്റെ മനസ്സ് ഈജിപ്തിലെ ലഹളയിലേക്കും, ഒസാമാ ബിൻലാദനിലേയ്ക്കും പോകില്ല. ഇതാണ് കർമ്മയോഗിയുടെ മാനസീകാവസ്ഥ. ഇതായിരിക്കണം കർമ്മയോഗി!
- പഠിക്കുന്നതും, പഠിപ്പിക്കുന്നതും കർമ്മയോഗം തന്നെയാണ്, ലക്ഷ്യം ജ്ഞാനയോഗമാണെങ്കിലും. നമ്മുടെ മക്കളെ ഗാന്ധിയെപ്പോലെയും, ഭഗത്സിംഗിനെപോലെയും, ഛത്രപതി ശിവജിയെപ്പോലെയും, ഡോ. എ.പി.ജെ. അബ്ദുൾകലാമിനെപോലെയുമുള്ള കർമ്മയോഗികളാക്കണം. അവരെയെല്ലാം അവരുടെ മാതാപിതാക്കൾക്ക് വളർത്തിയുയർത്താനാകുമെങ്കിൽ നമ്മുടെ വീട്ടിലും ഇതു സാധിക്കും.
- സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ 'പാരമ്പര്യവും' പ്രചരണവും അനുയായികളുടെ പ്രഹസനവും കുടുംബാധിപത്യമഹത്വവുംകൊണ്ട്



Scanned with CamScanner

കൊട്ടിഘോഷിക്കപ്പെട്ടവരെപ്പോലെ കൃത്രിമ യോഗികളാകരുത്. അവനവൻ സൃഷ്ടിച്ച പ്രശ്നങ്ങൾക്കൊടുവിൽ അവനവൻ വളർത്തിയ ശത്രുക്കളുടെ വെടിയേറ്റുവീണവരും മാതൃകയാകരുത്. അവരുടെ മരണം രാഷ്ട്രത്തിനുവേണ്ടിയുമായിരുന്നില്ല. ത്യാഗവുമായിരുന്നില്ല. അത് സ്വയം കൃതനാർത്ഥമായ കർമ്മഫലം! അതവർ അനുഭവിച്ചു! ആ ത്യാഗം അവരുടെ മക്കൾക്ക് ഭരണക്കസേര ലഭിക്കാൻ കാരണമായി.

**പരമാർത്ഥിക ജ്ഞാനവും വ്യവഹാരിക ജ്ഞാനവും**

- കർമ്മയോഗികളാകുമ്പോൾ ഈ ലോകത്തിൽ രണ്ടുതരത്തിലുള്ള അറിവുകളുണ്ട് എന്നറിയണം. ഒന്ന് അനുഭവത്തിലൂടെ അറിയാവുന്ന ജ്ഞാനം. രണ്ട് പരീക്ഷണനിരീക്ഷണങ്ങളിലൂടെ അറിയേണ്ടുന്ന വിജ്ഞാനം.
- ജ്ഞാനത്തെ വിദ്യയെന്നും വിജ്ഞാനത്തെ അവിദ്യയെന്നും ചിലപ്പോൾ പറയാറുണ്ട്. അതിനെ ഇംഗ്ലീഷിൽ വിവരിച്ചാൽ കൂടുതൽ വ്യക്തമാകും. 'Eternal experienceable spiritual knoweldge അതാണ് വിദ്യ 'External experimentable scientific knowledge ആത് അവിദ്യ.
- ശാസ്ത്രജ്ഞാനം കൊണ്ടുമാത്രം മാനവരാശിയുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനാകില്ല. ആത്മീയ ജ്ഞാനം മാത്രം കൊണ്ടും മാനവരാശിയുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനാകില്ലെന്ന് ഉപനിഷത്തുക്കളുൽഘോഷിക്കുന്നു.
- സ്നേഹം, ബഹുമാനം, സംതൃപ്തി, ചാരിതാർത്ഥ്യം, വാശി, പക, ദേഷ്യം, അസൂയ ......... ഇവയൊന്നും അളക്കാനോ വിവരിക്കാനോ ശാസ്ത്രം കൊണ്ടുസാദ്ധ്യമല്ല, ഉപകരണങ്ങൾകൊണ്ടും സാധ്യമല്ല!
- ശരീരതാപം, ബ്ലഡ്പ്രഷർ, ഹീമോ ഗ്ലോബിൻ, ഹൃദയമിടിപ്പ്.... എന്നിവയെല്ലാം ശാസ്ത്ര ഉപകരണങ്ങളുപയോഗിച്ചു കണ്ടുപിടിക്കാം, കണ്ടുപഠിക്കാം.
- അതിനാൽ ശാസ്ത്രജ്ഞാനംകൊണ്ട് ജീവിത ദുഃഖങ്ങളില്ലാതാക്കി ആത്മീയ ജ്ഞാനംകൊണ്ട് അമരത്വത്തെ പ്രാപിക്കണം എന്ന് ഉപനിഷത്തുക്കൾ നിർദ്ദേശിക്കുന്നു.
- ശാസ്ത്രവും ആത്മീയതയും ഭാരതത്തിൽ പരസ്പരം പൂരകങ്ങളാണ്. ഒരു നാണയത്തിന്റെ രണ്ടു ഭാഗങ്ങൾ. ആത്മീയത കൈകാര്യം ചെയ്തവരും ശാസ്ത്രം കൈകാര്യം ചെയ്തവരും ഭാരതത്തിൽ ഋഷിവര്യന്മായിരുന്നു.
- വേദങ്ങളെല്ലാം ആത്മീയ ഗ്രന്ഥങ്ങളാണ്. ഉപവേദങ്ങളെല്ലാം ശാസ്ത്രഗ്രന്ഥങ്ങളും. ഇവ പരസ്പരം പൂരകങ്ങളാണുതാനും.



Scanned with CamScanner

അർത്ഥശാസ്ത്രം, ധനുർവേദം, ഗാന്ധർവവേദം, ആയുർവേദം എന്നീ ഉപവേദങ്ങൾ ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവ വേദം എന്നീവേദങ്ങളുടെ ഉപവേദങ്ങളാണ്.

- ശാസ്ത്രഗ്രന്ഥങ്ങളെഴുതിയവരും, ആചാര്യന്മാരും മഹർഷിമാരുമായിരുന്നതിനാൽ ആര്യഭടാചാര്യൻ, ലല്ലാചാര്യൻ, ഭാസ്കരാചാര്യൻ, വരാഹമിഹിരാചാര്യൻ, ആചാര്യ പി. സി. റേ, ആചാര്യ ജെ.സി. ബോസ്..... എന്നു പറയുന്നതുപോലെ ആത്മീയ മണ്ഡലത്തിൽ ശങ്കരാചാര്യൻ, മാധ്വാചാര്യൻ, സുശ്രുതാചാര്യൻ, ചരകാചാര്യൻ എന്നിവരും അറിയപ്പെടുന്നു.
- നാം ഒരു കാര്യം ഓർമ്മിക്കണം, നാം കേൾക്കുന്നതിലും, അറിയുന്നതിലും രണ്ടുവിഭാഗത്തിൽപെടുന്ന സത്യമുണ്ടെന്ന്; വ്യാവഹാരികസത്യവും പാരമാർത്ഥികസത്യവും. പരമാർത്ഥിക സത്യം ചിലപ്പോൾ വ്യാവഹാരിക സത്യത്തിന് വിപരീതമാണെന്നു തോന്നാം. പരമമായസത്യമാണ്: സൂര്യന് ഉദയവുമില്ലാ അസ്തമയവുമില്ല. എന്നാൽ വ്യാവഹാരിക സത്യമെന്നത് ഭൂമി കറങ്ങുന്നതിനാൽ സൂര്യൻ ഉദിക്കുന്നു അസ്തമിക്കുന്നു. സൂര്യൻ കിഴക്കുനിന്ന് പടിഞ്ഞാറേക്ക് പോകുന്നു. ആത്മാവിന് മരണമില്ലെന്നത് പാരമാർത്ഥികസത്യം. ജനിച്ചാൽ മരണമുണ്ടെന്നത് വ്യാവഹാരിക സത്യം. സ്ഥാനമാനങ്ങളും, പ്രൊമോഷനും, പേരും പ്രസിദ്ധിയും എല്ലാം ശാശ്വതമല്ല എന്നത് പാരമാർത്ഥിക സത്യം. അതിനെല്ലാം വലിയ വിലയുണ്ടെന്നത് വ്യാവഹാരിക സത്യം. നിറങ്ങളുടെ കൂട്ടുള്ള പേപ്പർ കഷ്ണമാണ് 500 ന്റേയും 1000 ന്റേയും നോട്ടുകൾ എന്നത് പാരമാർത്ഥിക സത്യം എന്നാൽ അതെല്ലാം വളരെ വിലയുള്ളതാണ് എന്നത് വ്യാവഹാരിക സത്യം. ഇവ രണ്ടും തമ്മിൽ നാം തിരിച്ചറിയണം.

**ഇച്ഛാശക്തി - ജ്ഞാനശക്തി - ക്രിയാശക്തി**

- **നിരന്തരം കർമ്മനിരതനാകാൻ മനസ്സിൽ നിറക്കേണ്ടത് ഇച്ഛാശക്തിയാണ്. ഇച്ഛാശക്തി ഉദയം ചെയ്തത് പ്രകാശമാനമാക്കി നില നിർത്തിയാൽ ആലസ്യം ഉറക്കം തുടങ്ങിയ താമസിക ദോഷമെല്ലാം അപ്രത്യക്ഷമാകും.**
- **ഇച്ഛാശക്തിപോലും ഉയർന്നും താഴ്ന്നും കൊണ്ടിരിക്കും. അതിനാൽ ഇച്ഛാശക്തിയെ നിരന്തരം ഉത്തേജിപ്പിക്കാൻ ജ്ഞാനശക്തി വേണം. അതുകൊണ്ട് ഇച്ഛാശക്തിയിലൂടെ പ്രയാണം ചെയ്യേണ്ടത് ജ്ഞാനശക്തിയിലേക്കാണ്.**



Scanned with CamScanner

- ജ്ഞാനശക്തി കുറേക്കാലം നിലനിൽക്കുന്നതാണ്. വീണ്ടും വീണ്ടുമുള്ള ശുദ്ധീകരണത്തിന് വിധേയമാക്കുന്നതിനനുസരിച്ച് ജ്ഞാനശക്തി ചൈതന്യവത്തായി നിലനിൽക്കും.
- ജ്ഞാനശക്തി മസ്തിഷ്കത്തിലും ഇച്ഛാശക്തി മനസ്സിലുമുണ്ടായി. നിരന്തരം നിലനിൽക്കണം. ഇവ രണ്ടും മൂന്നാമതൊന്നുമായി സമഞ്ജസമാകണം. അതാണ് **ക്രിയാശക്തി!** എന്നുമോർമ്മിക്കേണ്ട മൂന്നു വാക്കുകളാണ് **ഇച്ഛാശക്തി – ജ്ഞാനശക്തി – ക്രിയാശക്തി** യെന്നത്.
- ക്രിയാശക്തിയില്ലാത്ത ജ്ഞാനശക്തി ആർക്കും പ്രയോജനം ചെയ്യാത്തതാണ്. സർവ്വജ്ഞാനിയായ വ്യക്തി ഗുഹക്കകത്ത് ജീവിതകാലം മുഴുവനും കഴിച്ചുകൂട്ടുകയോ തപസ്സനുഷ്ഠിക്കുകയോ ചെയ്യുന്നതുപോലെയാണ് ക്രിയാശക്തിയാക്കി മാറ്റാൻ സാധിക്കാത്ത ജ്ഞാനശക്തി.
- പാരമാർത്ഥിക ജ്ഞാനവും വ്യാവഹാരിക ജ്ഞാനവും ചേർന്നുള്ള യഥാർത്ഥ ജ്ഞാനത്തിന്റെ അഗാധതയിലേക്കെത്തിയാൽ അവിടെ പരിധിക്കപ്പുറമുള്ള ദുഃഖവുമില്ല സന്തോഷവുമില്ല. എന്തുകൊണ്ടെന്നാൽ ദുഃഖിത്തിന്റെയും സുഖത്തിന്റേയും സന്തോഷത്തിന്റെയും കാരണങ്ങൾ ഈ ജ്ഞാനത്തിലൂടെ വ്യക്തമാകുന്നു.
- മാതാപിതാക്കൾ മരിക്കുമ്പോൾ അലമുറയിട്ട് കരയുന്നവരറിയണം; കരഞ്ഞിട്ടു കാര്യമില്ല, മരണമെല്ലാവർക്കുമുള്ളതാണ്, ജനിച്ചാൽ മരിക്കാത്തവരായിട്ടാരുമില്ല, ഈ കരയുന്നവനും മരണമുണ്ട്. ഇന്നു കരയുന്നവൻ രണ്ടു മൂന്നു മണിക്കൂർ കഴിയുമ്പോൾ കരച്ചിൽ നിർത്തും. ഒന്നുരണ്ടു ദിവസം കഴിയുമ്പോൾ ചിരിക്കും. അതുകൊണ്ടു ചിരിയും, കരച്ചിലും, സുഖവും, ദുഃഖവും, സന്തോഷവും എല്ലാം വരുകയും പോകകുയം ചെയ്യുമെന്നതാണ് പാരമാർത്ഥികവും വ്യാവഹാരികവുമായ സത്യം. ഈ അറിവ് ലഭിച്ചാൽ, ദുഃഖത്തിന്റെ കാരണമില്ലാതായാൽ ദുഃഖമില്ലാതായിത്തീരും. ദുഃഖകാരണം അറിവോ അറിവിനെക്കുറിച്ചുള്ള ഓർമ്മയോ ഇല്ലാത്തതാണ്. ഇതാണ് ഭാരതീയ ദർശനങ്ങളെല്ലാം പറയുന്നത്.
- അതുകൊണ്ട് ജ്ഞാനശക്തിനേടിയവൻ അത് പ്രചരിപ്പിക്കുന്ന ക്രിയാശക്തിയിലേക്കുയരണം. കർമ്മമനുഷ്ഠിക്കണം! മരിക്കുവോളം കർമ്മം ചെയ്തുകൊണ്ടേയിരിക്കണം. അങ്ങിനെ ഇച്ഛാശക്തിയേയും ജ്ഞാനശക്തിയേയും ക്രിയാശക്തിയേയും പരസ്പരം പൂരകവും സമഞ്ജസവും ബന്ധിതവുമാക്കണം. അപ്പോൾ ആലസ്യമില്ല, ദുഃഖമില്ല, വേദനകളില്ല, അപകർഷതയില്ല, അഹങ്കാരമില്ല, അസൂ



Scanned with CamScanner

യയില്ല .........! പുരാണങ്ങളും ഇതിഹാസങ്ങളും ഈ സന്ദേശങ്ങ ളുടെ അനുഭവങ്ങൾ വിവരിക്കുന്നു.

- രണ്ടു ദുഃഖങ്ങൾക്കിടക്കുള്ള ഇടവേളയാണ് സന്തോഷമെന്ന് പറ ഞ്ഞുവല്ലോ. ഇതെല്ലാവരും ഉൾക്കൊള്ളേണ്ടതാണ്; വന്നതെല്ലാം പോകും. **ആഗമാപായിനോ്നിത്യാ താംതിതിക്ഷസ്വ ഭാരത** = വരു ന്നതിനേയും പോകുന്നതിനേയുമെല്ലാം അഭിമുഖീകരിക്കാനുള്ള അല്ലെങ്കിൽ നിസ്സാരമാക്കാനുള്ള ഇച്ഛാശക്തിയും ജ്ഞാനശക്തിയും ക്രിയാശക്തിയും നമ്മളിലുണ്ടാകണമെന്ന് ഭഗവദ്ഗീത നിർദ്ദേശി ക്കുന്നു.
- അതിനായി കുട്ടിയായ നചികേതസ് യമധർമ്മരാജാവിനോട് ചോദി ച്ചറിഞ്ഞ ഈ മന്ത്രമെന്നും മനസ്സിൽ നിറക്കുക. കഠോപനിഷത്തി ലിങ്ങിനെ നൽകിയിരിക്കുന്നു. ഏതൊരു ബാലനും പരമമായ ജ്ഞാനലബ്ധിസാധിക്കുമെന്നറിയിക്കുന്നതാണ് നചികേതസും യമ ധർമ്മരാജാവും തമ്മിലുള്ള ഈ സംഭാഷണമന്ത്രം.
- ഇതൊരു ജീവിതമന്ത്രമാണ്. **ഉത്തിഷ്ഠതാ ജാഗ്രത പ്രാപ്യവരാ ന്നിബോധതാ** ഇതൊരു നിർദ്ദേശമാണ്, ആവേശോജ്ജ്വലമായ മാർഗ നിർദ്ദേശം. ഇച്ഛാശക്തിയും ജ്ഞാനശക്തിയും ക്രിയാശക്തിയും ചേർത്തുയരാനാഹ്വാനം ചെയ്യുന്ന ശക്തമായ 'ഇൻസ്ട്രക്ഷൻ'.
- **ഉത്തിഷ്ഠതാ!** = ചൈതന്യവത്തായി എഴുന്നേൽക്കുക. ഈ ജീവി തത്തിൽ സുഖദുഃഖങ്ങളുണ്ട്. ദുഃഖങ്ങളേയും തടസ്സങ്ങളേയും വേദ നകളേയും ആസ്വാദ്യകരമായ സന്തോഷങ്ങളാക്കി മാറ്റാൻ ഉയർത്തെ ഴുന്നേൽക്കാനുള്ള നിർദ്ദേശമാണിത്. ഭീരുക്കൾ പലപ്രാവശ്യം മരി ക്കുന്നു, ധീരന്മാർ ഒരിക്കലേ മരിക്കുകയുള്ളൂ. തളരാതെ, തകരാതെ, വരളാതെ വളരാൻ എഴുന്നേൽക്കൂ..... !
- **ജാഗ്രത !** = ഈ ജഗത്തിലാണു നിലനിൽക്കുന്നതെന്നറിയുക. ജഗ ത്തെന്നാൽ ജനിച്ച് നിലനിന്ന് ഇല്ലതാകുന്നതെന്തോ അതാണ് ജഗ ത്ത്. നമ്മൾ അതിൽ നിലനിൽക്കുന്നു. നാമിവിടെ ശാശ്വതരല്ല. നമ്മുടേതായിട്ടുള്ളതൊന്നും ശാശ്വതമായി നമ്മുടേതല്ല. വാടകവീ ടുപോലെ നാമിവിടെ വരുന്നു. കുറേക്കാലം ജീവിക്കുന്നു. അന്ത്യ ത്തിൽ തിരിച്ചുപോകുന്നു.
- ഇതു മറക്കരുത്; വാടകക്കാരനെപോലെ കുറേക്കാലം ഇവിടെ ജീവിച്ചു. പിന്നെ തിരിച്ചുപോകണം. വന്ന്, നിലനിന്ന്, തിരിച്ചുപോ കുന്നതേതോ അതാണ് **ജഗത്. ജനിച്ചു നിലനിന്ന് ഇല്ലാതാകുന്നത് ജഗത്.** അതിനാലാണ് കുറേക്കാലം നിലനിൽക്കുന്നതെന്ന ബോധ



Scanned with CamScanner

മുണ്ടാകുന്നതിനെ പറയുന്നു; ജാഗ്രത. ട്രാൻസ്ഫോർമറിൽ ജാഗ്രത എന്നെഴുതിയിരിക്കുന്നതിന്റെ അർത്ഥമെന്താണ്? ജനിച്ച് കുറേ ക്കാലം നിലനിന്ന് ഇതിൽ കയറിപിടിച്ച് ഇല്ലാതാകരുത് എന്നാണ തിന്റെയർത്ഥമെന്നു ചിന്തിച്ചാൽ വ്യക്തമാകും.

- 'തസ്മാത് ജാഗ്രത ജാഗ്രത' - ഇത് ഉപനിഷത്തിന്റെ നിർദ്ദേശങ്ങ മാണ്. അതുകൊണ്ട് ഓർമ്മിക്കുക ഇവിടെ നാം ശാശ്വതരല്ല, നാമി വിടെ താൽകാലികമായി വന്ന് കുറേക്കാലം ജീവിച്ച് തിരിച്ചുപോ കുന്നവരാണ്. തിരിച്ചുപോകേണ്ടവരാണ്. We are not permanent here!

- 'ഇവിടെ ശാശ്വതരല്ല' എന്ന ഓർമ്മപ്പെടുത്തൽ തളരാനോ തക രാനോ ഉള്ളതല്ല. റോഡിലൂടെ പോകുമ്പോൾ വഴിയിൽ ഹമ്പ് ഉണ്ട് എന്ന ബോർഡുണ്ടെങ്കിൽ അത് നമ്മെ ഓർമ്മിപ്പിക്കുന്നത് വേഗത കുറച്ചുപോകണമെന്നാണല്ലോ. വാഹനമോടിക്കാതിരിക്കാനുള്ള സിഗ്നലല്ല അത്. ശ്രദ്ധിച്ച് വാഹനമോടിക്കാനുള്ള സിഗ്നൽ മാത്രം.

**പ്രജ്ഞാനവും സ്വബോധവും**

- ഈ രണ്ടു ശ്രദ്ധേയമായ ഇംഗ്ലീഷ് വാക്കുകൾ awareness and consciousness നിരന്തരം ഓർമ്മിക്കണം. രണ്ടും സ്വബോധവും പ്രജ്ഞാനവും എന്ന പദങ്ങളിൽ നിന്നാണുണ്ടായതാണ്. ഇവിടെ യുള്ളതിന്റെ നശ്വരതയെക്കുറിച്ച് ഓർമ്മിക്കണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നത്.

- 16 ലക്ഷം തരത്തിലുള്ള ജന്തുക്കളിലൊന്നുമാത്രമാണ് മനുഷ്യൻ. ഉലകത്തെ വെല്ലാൻ ഇറങ്ങി പുറപ്പെട്ട നീയുമൊരു ദിവസം വില പിടിയാത്തൊരു തലയോടാകും. ഒരു പിടി ചാരമാകുന്ന ദിവസം നൂറ്റാണ്ടുകൾക്കപ്പുറമല്ല. അതെന്നു വേണമെങ്കിലും വരും.

- ജനന ദിവസം മുതൽക്കുതന്നെ മരണം നമ്മുടെ കൂടെയുണ്ട്. ആ മരണദേവതയാണ് കാലം. അതിന്റെ പ്രതിപുരുഷനാണ് **കാലൻ.** മരണമേതോ ഒരു യാമത്തിൽ നടക്കും. (നിമിഷമാണ്). അതിന്റെ പ്രതിപുരുഷനാണ് യമൻ. വിവേകവും വിവേചനവുമില്ലാതെ പണ്ഡിതനേയും പാമരനേയും പാവപ്പെട്ടവനേയും പണക്കാര നേയും കാലം (കാലൻ) ഏതു യാമ (യമൻ)ത്തിലും വാരിക്കെട്ടി യെടുത്തുകൊണ്ടുപോകും!

- ഒരുദിവസം നിന്റെ പേരും യാത്രക്കുപോകുന്നവരുടെ ലിസ്റ്റിലുണ്ടാ കും. അന്നുയാത്ര ചെയ്തേ മതിയാകൂ. ഉറ്റവരേയും ഉടയവരേയും ഇവിടെത്തന്നെ ഉപേക്ഷിച്ച് കെട്ടിപ്പടുത്തതും, വെട്ടിപ്പിടിച്ചതുമെ



Scanned with CamScanner

ല്ലാം ഇവിടെത്തന്നെ ഉപേക്ഷിച്ച്, ചുറ്റുമിരുന്നു കരയുന്ന ബന്ധുക്കളുടെ നടുക്ക് ദർഭപുല്ലിൽ കിടക്കും. അതാണ് ഉപനിഷത്തെഴുതിയതും ഋശീശ്വരന്മാർ പറഞ്ഞതും തസ്മാത് ജാഗ്രത ജാഗ്രത ഇതൊരുജ്ജ്വലമായ ഓർമ്മപ്പെടുത്തൽ മാത്രം.

🕉 നിന്റെ മുതുമുത്തച്ഛന്റെ മൃതദേഹം പട്ടടയിൽ വെച്ചപ്പോൾ നിന്റെ മുത്തച്ഛൻ ദർഭപുല്ലു കൊണ്ട് മൃതദേഹം തൊട്ടുകൊണ്ടീ യജുർവേദ മന്ത്രം ചൊല്ലി. വായുരനിലമമൃതമദേദം ഭസ്മാന്തം ശരീരം ഓം **സ്മര കൃതോ സ്മരകൃതം സ്മര കൃതോസ്മര =**

പ്രിയ പിതാവേ വായുവും, അഗ്നിയും, അമരത്വമുള്ള ചൈതന്യവും കൊണ്ടനുഗ്രഹീതമായ അങ്ങയുടെ ശരീരം ഏതാനും നിമിഷം കൊണ്ട് ഭസ്മമാകാൻ പോകുന്നു. കഴിഞ്ഞകാല ചെയ്തികളെക്കുറിച്ചോർക്കുക. ഇപ്പോൾ എവിടെക്കിടക്കുന്നു എന്നു ചിന്തിക്കുക, ഏതാനും നിമിഷം കഴിഞ്ഞ് ഞാൻ ഈ ചിതക്കഗ്നികൊടുത്തുകഴിഞ്ഞാലെന്തു സംഭവിക്കുമെന്ന് ചിന്തിക്കുക.

🕉 ശ്മശാനത്തിൽ ചൊല്ലാവുന്ന ഒരേയൊരു വേദമന്ത്രമാണിത്. യജുർവേദത്തിന്റെ നാൽപതാമദ്ധ്യായമായ ഈശാവാസ്യ ഉപനിഷത്തിലെ 17-ാമത്തെ മന്ത്രം. ഇതു ചൊല്ലി നിന്റെ പിതാമഹൻ പ്രപിതാമഹന്റെ ചിതക്ക് കണ്ണുനീരോടെ തീകൊളുത്തി.

🕉 അച്ഛന്റെയച്ഛന്റെ ചിതയ്ക്ക് നിന്റെയച്ഛൻ ഇതേ മന്ത്രം ചൊല്ലി തീകൊളുത്തി. നിന്റെയച്ഛന്റെ ചിതക്ക് നീ തീകൊളുത്തുന്നു മകനേ!

🕉 കാലചക്രം തിരിയുമ്പോൾ കാലത്തിന്റെ ആ അനസ്യൂത പ്രവാഹത്തിൽ വലിയൊരു സത്യം നാമറിയണം. പ്രപിതാമഹൻ അഗ്നിയിൽ ലയിച്ചതുപോലൊരു ചിതയിൽ പിതാമഹനും അഗ്നിയിൽ ലയിച്ചു. പിതാമഹൻ കിടന്നപോലൊരു ചിതയിൽ പിതാവും പിന്നീട് നാമും കിടക്കും!

🕉 അന്ന് നമ്മുടെ മകൻ ഇതേ മന്ത്രം ചൊല്ലി ചിതക്ക് തീകൊളുത്തും. അതുകൊണ്ട് ഓർമ്മിക്കുക! **തസ്മാത് ജാഗ്രത ജാഗ്രത....** !

🕉 നാം ചിന്തിക്കണം! മരിച്ച് ചിതയിൽ കിടക്കുന്ന അച്ഛന്റെ ശരീരം തൊട്ട് ചൊല്ലിയ മന്ത്രമില്ലേ.... ആ മന്ത്രം ജീവനില്ലാതെ കിടക്കുന്ന അച്ഛൻ ജീവനുള്ള നമ്മളോടാണ് പറയുന്നതെന്നു ചിന്തിക്കുക. "ഞാനിന്നലെവരെ നിന്റെ കൂടെയുണ്ടായിരുന്നു. മകനേ ഇന്നലെ ഞാൻ തളർന്നു... നിമിഷങ്ങൾക്കകം എന്റെ ആത്മാവ് ഈ ശരീരം വീട്ടുപോയി. ആ ആത്മാവ് വസിച്ച ശരീരം നീ നിമിഷങ്ങൾക്കകം അഗ്നിക്കു സമർപ്പിക്കുന്നു. ഇന്നലെവരെയുള്ളതോർക്കുക,



Scanned with CamScanner

ഇന്നത്തെ അവസ്ഥയുമോർക്കുക. ഏതാനും നിമിഷങ്ങൾക്കു ശേഷ മുള്ള അവസ്ഥയുമോർക്കുക.... മകനേ.''

- യാത്രയാകുന്നതിനുമുമ്പ് അവനവനും കുടുംബത്തിനും സ്വധർമ്മ ത്തിനും രാഷ്ട്രത്തിനുമായി ചെയ്തുതീർക്കേണ്ടതെല്ലാം ചെയ്തു തീർത്തതിനുശേഷമേ നീയെന്നെപോലെ ഈ ചിതയിൽ കിടക്കാ വൂ.... ദിവസങ്ങൾ കുറച്ചേയുള്ളൂ. നീയും ഉത്തിഷ്ഠതാ! ... തസ്മാത് ജാഗ്രത ജാഗ്രത.... ! ഇതച്ഛന്റെ ഉപദേശമായി സ്വീകരിക്കുക. ഒരൊറ്റ ഉപനിഷദ് (വേദ) മന്ത്രത്തിൽ വിവരണാതീതമായ ജീവിത സന്ദേ ശമല്ലേ ഉള്ളത്.

- കർമ്മനിരതരായ എല്ലാവരേയും ഓർമ്മിപ്പിക്കുക, സ്ഥാനമാന ങ്ങൾക്കും, പേരിനും, പ്രസിദ്ധിക്കും, പുരസ്കാരത്തിനും പുകഴ്ത്ത ലിനും വേണ്ടി കാത്തുനിൽക്കരുതേയെന്ന്. യാദൃശ്ചികമായി ലഭി ക്കുന്നതെല്ലാം സംതൃപ്തിയോടെ സന്തോഷത്തോടെ സ്വീകരിക്കാം. പക്ഷേ കർമ്മങ്ങളൊന്നും ഇവയെ ലക്ഷ്യമിട്ടാകരുത്. കാരണം പുര സ്കാരങ്ങളൊന്നും നാം കൂടെ കൊണ്ടുപോകില്ല.... ഇത്രയുംകാലം ഈ ആത്മാവിനെ വഹിച്ച ശരീരംപോലും ഇവിടെ ഇട്ടേച്ചുപോകു കയാണ്!

- നചികേതസിന് യമധർമ്മരാജാവ് മൂന്നാമത്തെ നിർദ്ദേശവും നൽകി. 'പ്രാപ്യവരാന്നിബോധതാ'. ജീവിതമാകുന്ന നാടകത്തിൽ മരണ ത്തിനുമുമ്പ്, അഭിനയിക്കുമ്പോൾ പ്രാവർത്തികമാക്കേണ്ടതാണിത്! "അറിവുള്ളവനിൽ നിന്ന് അറിവുനേടി ചൈതന്യവത്തായിട്ടുയരുക". അറിവു നേടിക്കൊണ്ടേയിരിക്കുക..... !

- ഏകദേശം 28,000 ദിവസം ജീവിക്കുന്ന നാം ഓരോ ദിവസവും 23,000 പ്രാവശ്യം ശ്വാസോച്ഛ്വാസം ചെയ്യുന്നു എന്നു പറയുന്നു. ഇക്കാലയളവിൽ ഏകദേശം 60 ടൺ ഭക്ഷണം കഴിക്കുന്നു. നാം വളരണം. ജനനം മുതൽ മരണം വരെ സ്വയം ഉയരണം, സ്വയം ഉയർത്തണം.

- മാനസീകമായി – ശാരീരികമായി – സാമ്പത്തീകമായി – സാമൂഹി കമായി – ആത്മീയമായി – വിദ്യാഭ്യാസപരമായി – ബുദ്ധിപരമായി – യുക്തിപരമായി – വിവേകപരമായി.... ഉയരണം അനുനിമിഷം അനുദിനം ജീവിതാന്ത്യംവരെ വളരണം. അതാകട്ടെ ജീവിതത്തിലെ ലക്ഷ്യവും ജീവിതമാർഗവും. ഇതു മാത്രമാണ് ഭാരതീയ സംസ്കാരം നമ്മെ പഠിപ്പിക്കുന്നത്.

- അറിവുകളും അനുഭവങ്ങളും എവിടെ നിന്നെല്ലാം ലഭിക്കുമോ അവി ടെനിന്നെല്ലാം അത് തുറന്ന മനസ്സോടെ സ്വീകരിച്ച് വളരണം, ഉയ



Scanned with CamScanner

രണം. അറിവാണ് ആയുധം; സ്വയം സംരക്ഷിക്കാനും കുടുംബ ത്തേയും സമൂഹത്തേയും ധർമ്മത്തേയും രാഷ്ട്രത്തേയും സംര ക്ഷിക്കാനുമുള്ള ആയുധമാണറിവ്.

- അറിവുണ്ടെങ്കിലറിവുണ്ടെന്നറിയണം, അറിവില്ലെങ്കിലറിവില്ലെന്ന റിയണം, അറിവുണ്ടാകണമെന്നറിയണം, അറിയുന്നവരെയറിയണം. അറിവുള്ളവരിൽ നിന്നറിവുനേടണമെന്നറിയണം, എല്ലാമറിയാന സാദ്ധ്യമെന്നറിയണം, അറിവനന്തമാണെന്നറിയണം, എന്റെയറിവിനു പരിമിതിയുണ്ടെന്നറിയണം, അറിവ്മാറുമെന്നറിയണം. ഇന്നത്തെ അറിവല്ല നാളെത്തെയറിവെന്നറിയണം, അറിവുണ്ടാക്കേണ്ടതെങ്ങി നെയെന്നറിയണം, അറിവ് പ്രകടിപ്പിക്കേണ്ടതെങ്ങിനെയെന്നറിയ ണം, അറിവിലഹങ്കരിക്കരുതെന്നറിയണം, അറിവിൽ ദുരഭിമാനിക്ക രുതെന്നറിയണം, അറിവാണ് വെളിച്ചമെന്നറിയണം, നല്ലയറിവ് ചീത്തയറിവെന്നൊന്നില്ലെന്നറിയണം, അനന്തമായറിവിലൽപമേ യെന്നിലുള്ളൂയെന്നറിയണം, അറിവാണായുധമെന്നറിയണം, അറി വുള്ളവനറിവുള്ളവനെ തിരിച്ചറിയുമെന്നറിയണം, അറിവു കൂടു ന്തോറും അറിവുള്ളവൻ താഴണമെന്നറിഞ്ഞു വാഴണം, അറിയാ ത്തതൊത്തിരിയുണ്ടെന്നറിയണം, അതെല്ലാമറിയാനസാദ്ധ്യമാണെ ന്നറിയണം, വിവരത്തിന്റെ മുകളിലാണറിവെന്നറിയണം, അറിവിന്റെ മുകളിലാണ് ബുദ്ധിവൈഭവമെന്നും, അതിനും മുകളിലാണനുഭവ ങ്ങളെന്നുമറിയണം, ആചാര്യനിൽ നിന്നും കാൽഭാഗമറിവേ ലഭി ക്കൂയെന്നറിയണം, കാൽഭാഗം നാം തനിയേയുണ്ടാക്കേണ്ടതാണെ ന്നും, അറിവുള്ള സഹപാഠികളിൽ നിന്ന് മൂന്നാം കാൽഭാഗമറി വും, ശേഷം ജീവിത പ്രയാണത്തിൽ നേടേണ്ടതാണെന്നുമറിയ ണം. അറിവുകൂട്ടി ചേർക്കണം, വേണ്ടാത്തയറിവ് കളയണം, തിരു ത്തേണ്ടയറിവ് തിരുത്തണം, മാറ്റേണ്ടയറിവ് മാറ്റണമെന്നുമറിയണം, കണ്ടും, കേട്ടും, ചർച്ച ചെയ്തും ചിന്തിപ്പിച്ചും നേടേണ്ടയറിവാ ണാനുകാലികമെന്നറിഞ്ഞു വേണ്ടതു ചെയ്യണം. അറിവില്ലാത്തവ രുമുണ്ടെന്നറിയണം. അറിയാനാഗ്രഹമില്ലാത്തവരും അറിയാൻ ഭാഗ്യം ലഭിക്കാത്തവരും അറിവുണ്ടെന്നറിയാത്തവരുമുണ്ടെന്നറി യണം!

- ഇതെല്ലാമറിയുമ്പോളാണ് **ഉത്തിഷ്ഠതാ ജാഗ്രത പ്രാപ്യവരാന്നി ബോധതാ** എന്ന വരിയുടെ സന്ദേശമറിയാകുന്നത്. ഈ വരികൊണ്ട് യമധർമ്മരാജാവ് നമുക്കുള്ള സന്ദേശമവസാനിപ്പിച്ചില്ല. ഇതോ ടൊപ്പം ചേർത്തു പറഞ്ഞു **ക്ഷുരസ്യധാരാ നിശിതാ ദുരത്യയാ ദുർഗം പദസ്തദ് കവയോ വദന്തി** = മേൽവിവരിച്ച മൂന്നു



Scanned with CamScanner

നിർദ്ദേശങ്ങളും ജീവിതത്തിൽ പകർത്തുകയെന്നത് മൂർച്ചയുള്ള കത്തിയിലൂടെ നടക്കുന്ന അത്രയും ദുഷ്കരമാണെന്ന് ജ്ഞാനികൾ പറയുന്നു എന്ന് നചികേതസിനെ ഓർമ്മിപ്പിച്ചു. ഈ സന്ദേശം നമുക്കും മനസ്സിൽ സൂക്ഷിക്കാം. ഉപദേശങ്ങളും നിർദ്ദേശങ്ങളുമെല്ലാം ജീവിതത്തിൽ എളുപ്പത്തിൽ പകർത്താനാകില്ല..... !

- മനസ്സിനെ ഉണർത്തിയാലേ അവനവനെ അവനവന് ഉദ്ധരിക്കാനാകൂ! അവനവനെ അവനവൻ അപകീർത്തിപ്പെടുത്താതിരിക്കുകയുള്ളൂ. അവനവന്റെ ബന്ധു അവനവനാണെന്നും അവനവൻ തന്നെ അവനവന്റെ ശത്രുവാകരുതെന്നും തിരിച്ചറിവുണ്ടാകൂ! ഇതാണ് ഭഗവദ്ഗീതയിലെ വളരെ ശ്രേഷ്ഠമായ സന്ദേശം (6-ാം അദ്ധ്യായം 5-ാം വരി)

- അവനവനെയും കുടുംബത്തേയും സമൂഹത്തേയും രാഷ്ട്രത്തേയും ഉദ്ധരിക്കേണ്ടതായ ഉത്തരവാദിത്വം അവനവന്റേതാണ്. സീതാദേവിയെ ലങ്കയിൽ നിന്നു കൊണ്ടുവരാനുള്ള ഉത്തരവാദിത്വം ശ്രീരാമൻ ഹനുമാനേയോ മറ്റാരേയെങ്കിലുമാ ഏൽപ്പിച്ചില്ല.

- പാണ്ഡവരോട് ധർമ്മം സംരക്ഷിക്കാനുള്ള കർമ്മം ചെയ്യാൻ പറഞ്ഞു ശ്രീകൃഷ്ണൻ. പാണ്ഡവർ ചെയ്യേണ്ടുന്ന ജോലി സ്വയം ശ്രീകൃഷ്ണൻ ഏറ്റെടുത്തില്ല. പരീക്ഷിത്തിന്റെ മരണത്തെയും ശാപത്തേയും ശ്രീശുകബ്രഹ്മർഷി മാറ്റിക്കൊടുത്തില്ല. മരണത്തെ അഭിമുഖീകരിക്കാനുള്ള ചങ്കൂറ്റമാണുണ്ടാക്കികൊടുത്തത്. അതുകൊണ്ട് അവനവനെ ഉദ്ധരിക്കേണ്ടത് അവനവനാണ്.

- മറ്റുള്ളവർ ഉപദേശവും, മാർഗദർശനവും, അനുഗ്രഹവും, അഭിനന്ദനങ്ങളും നൽകിയേക്കാം. പ്രവർത്തിക്കേണ്ടത് സ്വയം അവനവനാണ്. ചെടിക്ക് വളവും വെള്ളവും എല്ലാം കർഷകർ നൽകും. പക്ഷേ സ്വയം വളരേണ്ടത് ചെടിയാണ്. ഉയരേണ്ടതും പുഷ്പിക്കേണ്ടതും ചെടിയാണ്. മറ്റുള്ളവർക്ക് സഹായിക്കാനേ ആകൂ.

- അവനവനെ അവനവൻ ഉദ്ധരിക്കണം, വളർത്തണം, ഉയർത്തണം, ഉണർത്തണം എന്നതുപോലെ അവനവനെ അപകീർത്തിപ്പെടുത്തരുത്, തളർത്തരുത്, തകർക്കരുത്. അവനവന്റെ കുടുംബത്തേയും സമൂഹത്തേയും രാഷ്ട്രത്തേയും അപകീർത്തിപ്പെടുത്തുന്ന ഒന്നും ചെയ്യരുത്.

- അവനവന്റെ കുടുംബത്തേയും സമൂഹത്തേയും രാഷ്ട്രത്തേയും അപകീർത്തിപ്പെടുത്തിയാൽ സ്വന്തം മാതാപിതാക്കളെ അപകീർത്തിപ്പെടുത്തുന്നതുപോലെയാണത്. മുകളിലേക്ക് തുപ്പിയാൽ വീഴുന്നതവനവനിലേക്കായിരിക്കില്ലേ?



Scanned with CamScanner

- ലോകത്തെവിടെ ചെന്നാലും, നമ്മളറിയപ്പെടുന്നതും ഭാരതീയനാണെന്നായിരിക്കും. ക്രിസ്ത്യാനിയോ, മുസ്ലീമോ, കമ്മ്യൂണിസ്റ്റുകാരനോ എന്നതെല്ലാം പ്രാധാന്യം കുറഞ്ഞ വിവരണമാണ്. ഇവിടത്തെ ക്രിസ്ത്യാനിയുടെ രക്തം യരുശലേമിലെ രക്തമല്ല, മുസ്ലീമിന്റെ രക്തം സൗദി അറേബ്യയിലെ രക്തവുമില്ല. നമ്മളിലുള്ളത് ഭാരതീയരക്തമാണ്. സ്വയം അവനവനേയും കുടുംബത്തേയും സമൂഹത്തേയും രാഷ്ട്രത്തേയും അപകീർത്തിപ്പെടുത്തുന്നതിൽ നിന്ന് പിന്തിരിയണമെന്ന് ഈ രാഷ്ട്രത്തിലിന്നുവരെ ആരും ആരേയും ഉപദേശിക്കാത്തിന്റെ പരിണതഫലമാണ് നാം ഇപ്പോളിവിടെ കാണുന്ന ചില ദുഷ്ടത്തരങ്ങളും അധർമ്മങ്ങളും
- ലോകത്തിലെവിടെ ഭാരതീയനെന്തു പ്രശ്നമുണ്ടായാലും ലോകത്തിലെ ആരും തിരിഞ്ഞുനോക്കില്ല. ഭാരതമെന്ന മാതൃഭൂമി മാത്രമേ ആശ്രയത്തിനുവരൂ. അതുകൊണ്ട് ആദ്യം നാം ഭാരതീയരാണ്, പിന്നീട് മാത്രമാണ് ഹിന്ദുവോ, ക്രിസ്ത്യാനിയോ, മുസൽമാനോ ആകുന്നത്. ഇത് മനസ്സിലുറപ്പിക്കണം. ഞാൻ ഭാരതീയനാണ് .... ! ഭാരതീയനാണ് !
- ഭാരതത്തിൽ രണ്ടേ രണ്ടു വിഭാഗം ജനതയേയുള്ളൂ. ഹിന്ദുക്കളും ഹിന്ദുക്കളായിരുന്നവരുമെന്നു സൂചിപ്പിച്ചു. ഭാരതീയന്റ രക്തം ഹിന്ദുവിന്റെ രക്തമാണ്. മുപ്പത്തിമുക്കോടി ദേവന്മാരുടെ കൂട്ടത്തിൽ ഒരു യഹോവയേയും അള്ളാഹുവിനേയും സ്വീകരിക്കാൻ ഭാരതീയൻ വിമുഖത കാണിച്ചിട്ടില്ല.
- സായിബാബയുടെ പുണ്യകേന്ദ്രമായ പുട്ടപർത്തിയിലും, ഗുരുജിയുടെ ബാംഗ്ലൂർ ആശ്രമത്തിലും, ചിന്മയാമിഷനിലും, നാരായണ ഗുരുവിന്റെ ആശ്രമത്തിലും, ആനന്ദാശ്രമത്തിലുമെല്ലാം യേശുദേവന്റേയും ക അബയുടെയും ചിത്രം വച്ചു പൂജിക്കുന്നതു കാണാം.
- പുറമേ നിന്നുവന്ന 'ഈശ്വരനെ' സ്വീകരിക്കാൻ ഭാരതീയനു വിഷമതയുണ്ടായിട്ടില്ല. ഇവിടെയുള്ള ശാസ്ത്രീയമായ ഈശ്വരസങ്കല്പത്തെ സ്വീകരിക്കാൻ ഇവിടെ ജനിച്ചു വളർന്ന് ഇവിടെ മരിക്കുന്ന ക്രിസ്ത്യാനിക്കും, മുസൽമാനും വിമുഖതയുണ്ട്. ഇതാണീ നാടിനേറ്റ ഏറ്റവും വലിയ ശാപം. ഈ രാഷ്ട്രത്തിൽ വസിച്ച് ഈ സംസ്കാരത്തെ അനാദരിക്കുന്ന ക്രിസ്ത്യാനിയും, മുസ്ലീമും, കമ്മ്യൂണിസ്റ്റുകാരായ ഹിന്ദുക്കളുമിവിടെയുണ്ട്.
- മതമേതായാലും സംസ്കാരത്തെ സ്വീകരിക്കാമെന്ന് മലേഷ്യയും ഇന്തോനേഷ്യയും നമ്മെ പഠിപ്പിക്കുന്നു. മുസ്ലീം രാഷ്ട്രമായിരുന്നിട്ടും ഗണപതിയും ശ്രീരാമനും രാമായണവും അവിടത്തെ ദേശീയ



Scanned with CamScanner

പ്രതീകവും ദേശീയോത്സവത്തിന്റെ ഭാഗവുമാണ്. അവിടത്തെ കറൻസി നോട്ടുകളിൽപോലും ശ്രീരാമനും ഗണപതിയുമുണ്ട്.

- അനവധി ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഭാരതീയർക്ക് ഒരു ബൈബിളും ഒരു ഖുറാനും വർജ്യമൊന്നുമല്ല. അതും ഈ നാട് സ്വീകരിച്ചിട്ടുണ്ട്. അനേകലക്ഷം ഹിന്ദുവീടുകളിലതുണ്ട്. അതിലെ ഒരു വരിയും അവർ അവഹേളിച്ചിട്ടില്ല, ആദരിക്കുകയും ചെയ്യുന്നുണ്ട്.
- അതുകൊണ്ടുതന്നെ അവനവനേയും കുടുംബത്തേയും, സ്വധർമ്മത്തേയും, സമൂഹത്തേയും, രാഷ്ട്രത്തേയും, അപകീർത്തിപ്പെടുത്താനുള്ള മനസ്സ് ക്രിസ്ത്യാനിക്കും, മുസൽമാനുമുണ്ടാകരുത്. സ്വന്തം സംസ്കാരം സ്വമാതാവിനെപ്പോലെയാണ്. അമ്മയ്ക്ക് രോഗം വന്നാലും വൃദ്ധയായാലും അമ്മ അമ്മതന്നെയാണ്, നാം അവഹേളിക്കാറില്ല.
- അവനവന്റെ ബന്ധു അവനവനാണ് എന്നെപ്പോഴും ഓർക്കണം. ഈ ലോകത്ത് കരയാനും ദുഃഖിക്കാനും നിന്നാൽ അതിനേ നേരമുണ്ടാകൂ. കരയുന്നവരെയല്ല ഇന്നീനാടിന്നാവശ്യം. ഈശ്വരൻപോലും (ദൈവോ ദുർബല ഘാതക) ദുർബലനെ വെച്ചേക്കില്ല എന്ന് നമ്മുടെ സംസ്കാരം നമ്മെ ശക്തമായി ഓർമ്മിപ്പിക്കുന്നു.
- ശക്തന്റേയും വീരന്റേയും നാടാണ് ഭാരതം. ഇവിടത്തെ ജനത ഒരു രാഷ്ട്രത്തേയും ആക്രമിച്ചിട്ടില്ല. ഇവിടേക്കാക്രമിച്ചുവന്നവരെ നാം വെറുതിവിട്ടിട്ടുമില്ല. അതുകൊണ്ട് നാം പ്രാർത്ഥിച്ചു **കൃണ്വന്തോ വിശ്വമാര്യം** = നമുക്കീനാടിനെ ശ്രേഷ്ഠമായ രാഷ്ട്രവും നമ്മുടെ ധർമ്മത്തെ ശ്രേഷ്ഠമായ ധർമ്മവുമാക്കിയുയർത്താനുള്ള മനസ്സുണ്ടാക്കണം / ഉണ്ടാകണം.
- ലോകത്തിൽ എന്തെല്ലാം ശരികളും തെറ്റുകളും നടക്കുന്നു. എവിടെയെല്ലാം എങ്ങിനെയെല്ലാം പ്രശ്നങ്ങൾ നടക്കുന്നു എന്നു പരിശോധിച്ച് ചിന്തിച്ച് വിലയിരുത്താനുള്ള ഉത്തരവാദിത്വം നമ്മെയാരും ഏൽപിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഇവിടെ നടക്കുന്ന ചില തിന്മകൾ കണ്ടും കേട്ടും രക്തസമ്മർദ്ദം കൂട്ടേണ്ടതില്ല. അതിന്റെയർത്ഥം നാം നിർവികാരരായിട്ടിരിക്കണമെന്നല്ല.
- ഭാരതത്തിലും ലോകത്തിലും നടക്കുന്നതിനെക്കുറിച്ചു പ്രതികരിക്കേണ്ട എന്നുമല്ല. തിന്മകളില്ലാതാക്കാനും നന്മകൾ വർദ്ധിപ്പിക്കാനുമായി പരമാവധി ചെയ്യുക. സ്വയം തിന്മകൾ ചെയ്യാതെയുമിരിക്കുക. അതാണ് അവനവനാണ് അവനവന്റെ ബന്ധു എന്നതിന്റ അർത്ഥം.



Scanned with CamScanner

- നമ്മെ നാം നിയന്ത്രിച്ചില്ലെങ്കിൽ നാം തന്നെയായിരിക്കും നമ്മുടെയും നമ്മളുമായി ബന്ധപ്പെട്ടവരുടേയും ശത്രു ആയിത്തീരുന്നത്. നാൽപത് വർഷങ്ങൾക്കുമുമ്പ് ചെയ്ത അപരാധത്തിന് ഒരു പോലീസ് ഐജിക്കും, രാഷ്ട്രീയ നേതാവിനുമെല്ലാം ജയിൽവാസം അനുഭവിക്കേണ്ടിവന്നത് അവനവന്റെ ശത്രു അവനവൻതന്നെയായി എന്നതിനാലാണ് എന്നു മറക്കരുത്. ആര് ആർക്കുവേണ്ടി ചെയ്തു എന്നല്ല ചെയ്തത് ശരിയോ തെറ്റോ അതാണ് പ്രധാനം.
- ഇന്നു വിപ്ലവം നടത്തുന്നവരും, തീവ്രവാദം പ്രചരിപ്പിക്കുന്നവരും, പലതരത്തിലുള്ള അക്രമങ്ങളും അനീതികളും അന്യായങ്ങളും നടത്തുന്നവരും ജയിലുകളിലെ ഏകാന്തമുറിയിലിരുന്ന് ദുഃഖിക്കുമ്പോൾ ഓർമ്മിക്കേണ്ടത് അവരുടെയാരുടേയും ശത്രു പുറത്തായിരുന്നില്ല. അവരുടെയുള്ളിലെ നീചമായ മനസ്സുതന്നെയായിരുന്നു. തെറ്റുകൾ ചെയ്യുന്നവനാണ് കുറ്റവാളി. അവനാണതിന്റെ പാപഭാരം പേറേണ്ടിവരുന്നത്. പിന്നെ കൂടെ നിന്നവരും.
- കേട്ടും കേൾപ്പിച്ചും, കണ്ടും കാണിപ്പിച്ചും, ചർച്ച ചെയ്തും ചർച്ച ചെയ്യിപ്പിച്ചും, ചിന്തിച്ചും ചിന്തിപ്പിച്ചും ശേഖരിക്കുന്ന വിവരങ്ങളെ അറിവുകളാക്കുക. അറിവുകളുടെ ഉത്തുംഗ ശൃംഗത്തിലെത്തിയാൽ ജ്ഞാനിയാകുവാൻ സാധിക്കുമല്ലോ. ആ ജ്ഞാനപ്രകാശത്തിൽ ജീവിക്കണം.
- അറിവുകളെല്ലാം വിവരങ്ങൾപോലെതന്നെ മാറ്റങ്ങൾക്കു വിധേയമാണ്. അതുകൊണ്ട് അറിവിനെ ബുദ്ധിവൈഭവമാക്കി സൂക്ഷിക്കണം. നമുക്കാവശ്യം ധർമ്മബോധത്തോടെയുള്ള ബുദ്ധിയാണ്. അതാണ് ബുദ്ധിവൈഭവം. പല തീവ്രവാദികളും Intellegent ആണ് ബുദ്ധിയുള്ളവരാണ്. എന്നാൽ ആ ബുദ്ധിയുടെകൂടെ ധാർമ്മിക ബോധവും കൂടി ചേരണം. അത് Wisdom അഥവാ ബുദ്ധിവൈഭവമാകും.
- ബുദ്ധിവൈഭവത്തെ ജീവിതാനുഭവങ്ങളാക്കണം. മനുഷ്യന്റെ ജീവിതത്തിൽ ഓരോ നിമിഷവും ധന്യമാകുന്നത് ആ നിമിഷത്തിലെ ജീവിതാനുഭവമാണ്. ജീവിതാനുഭവങ്ങളുടെ ആകത്തുകയാണ് ജീവിതം.
- ജീവിതാനുഭവങ്ങളിലൂടെ കടന്നുപോകുമ്പോൾ ഭൂതകാലത്തെ തിരുത്താൻ സാധ്യമല്ല. വർത്തമാനകാലത്തിൽ ചില മാറ്റങ്ങളും തിരുത്തലുകളും വരുത്താം. ഭാവിയെ നന്മയുള്ളതാക്കാൻ വേണ്ടിയെല്ലാം ചെയ്യാം. പക്ഷേ ഭാവിയിലേക്ക് നാമുണ്ടാകുമെന്ന് ഉറപ്പൊന്നുമില്ല.



Scanned with CamScanner

- അതുകൊണ്ട് ഭൂതകാലത്തിൽ നിന്ന് വർത്തമാനകാലത്തിലേക്ക് വളരണം. വർത്തമാന കാലത്തിൽ നിന്ന് ഭാവിയിലേക്കും വളരണം. അതാണ് ജീവിതാനുഭവങ്ങൾ! വളർച്ചയാണ് ജീവിതം; ജീവിതം എന്നും വികാസമാണ്, സങ്കോചിക്കുന്നത് മരണമാണ്.
- ഭൂതകാലതിന്മകൾ കുറക്കണം. തെറ്റുകൾ തിരുത്തി, കുറവുകൾ പരിഹരിച്ച് വർത്തമാനകാലത്തിലേക്കു വളരണം. വർത്തമാനകാലത്തിൽ നിന്ന് ഭാവിയിലേക്കുയരണം. താഴാതെയുയരാനുള്ള മനസ്സുണ്ടാകണം. അതാണ് ശ്രീകൃഷ്ണനും, ശ്രീരാമനും ഈ ദേശത്തിലെ എല്ലാ ഋഷീശ്വരന്മാരും കാണിച്ചുതന്ന മാർഗം.
- അതിന് മനസ്സിനുള്ളിൽ **വിപ്ലവകരമായ (revolutionary change) മാറ്റമുണ്ടാകണം.** പുറത്ത് **ശാന്തമായ പരിണാമം (evolutionary change) ഉണ്ടാകണം.** ഇതു തന്നെ മറ്റൊരുവിധത്തിൽ പറയാം. അകത്ത് വയലന്റ് ചേഞ്ചും പുറത്ത് സയലന്റ് ചേഞ്ചും ഉണ്ടാകണം.
- ഈ മാറ്റത്തിനായി ശാസ്ത്രജ്ഞാനമുണ്ടാകണം. ശാസ്ത്രഗ്രന്ഥങ്ങളെ ആധാരമാക്കാൻ ഭാരതീയ ഋഷിവര്യന്മാർ പറഞ്ഞു. **തസ്മാദ് ശാസ്ത്രം പ്രമാണം** എന്ന് ശ്രീകൃഷ്ണൻ ഗീതയിലുപദേശിച്ചു. ശാസ്ത്രഗ്രന്ഥങ്ങൾ മുന്നിലില്ലെങ്കിൽ ശാസ്ത്രജ്ഞാനമുള്ളവരുടെ വിലയിരുത്തലെടുക്കണം; **ആപ്തവാക്യം പ്രമാണം.** അതുമില്ലെങ്കിൽ അനുഭവിച്ചറിഞ്ഞതിൽ നിന്നെടുക്കണം; **പ്രത്യക്ഷം പ്രമാണം.** ഇവയൊന്നും ലഭ്യമല്ലെങ്കിൽ (സത്യമെന്താണെന്നത്) ഊഹിച്ചും ചിന്തിച്ചുമെടുക്കണം, **അനുമാനം പ്രമാണം.** ഏതൊരു ജ്ഞാനവും പ്രത്യക്ഷം പ്രമാണത്തിലൂടെയെന്നു പറഞ്ഞത് ദർശനങ്ങളെഴുതിയ ഋഷിവര്യന്മാരാണ്. ശാസ്ത്രം പ്രമാണമെന്ന് നിർദ്ദേശിച്ചത് ഭഗവാൻ ശ്രീകൃഷ്ണനും. **ആപ്തവാക്യം പ്രമാണമെന്നെ**ഴുതിവച്ചത് ധർമ്മശാസ്ത്രങ്ങളെഴുതിയ ഋഷിവര്യന്മാരുമാണ്. ആയുർവേദാചാര്യന്മാരെഴുതി **അനുമാനം പ്രമാണമെന്ന്.** ഇവയാണ് യഥാർത്ഥത്തിൽ, ഭാരതീയ പൈതൃക സന്ദേശങ്ങളുടെ അടിസ്ഥാനശിലകൾ. അതായത് ദൈവഭയം കൊണ്ടോ സ്വർഗത്തിലേയ്ക്ക് പോകാനുള്ള അത്യാഗ്രഹപൂർത്തിക്കുവേണ്ടിയോ, ഉൾവിളികൊണ്ടോ ദൈവം ശരീരത്തിൽ കയറി പറയിപ്പിച്ചതോ അല്ല ഭാരതീയ ഗ്രന്ഥങ്ങളിലെ വിവരണങ്ങളും, ആചാര-വിചാര-അനുഷ്ഠാന-സങ്കൽപ-വിശ്വാസങ്ങളും.
- ദൈവമോ മാലാഖയോ 'മനുഷ്യശരീരത്തിൽ കയറി' മനുഷ്യനെക്കൊണ്ടു പറയിപ്പിച്ചതുപോലെയല്ല, ഭാരതീയ ഋഷിവര്യന്മാർ പറഞ്ഞത്. അനവധി ദശാബ്ദങ്ങളുടെ തപസ്സിലൂടെയാണവർ



Scanned with CamScanner

പറഞ്ഞത്. ഇവയെല്ലാം മനസ്സിനെ അടിമുടി ശുദ്ധീകരിക്കാനുതകുന്നതാണ്. അവിടെയാണല്ലോ മാറ്റം വരേണ്ടത്.

🕉 മനഃ എന്ന സംസ്കൃതവാക്കിൽ നിന്നാണ് 'മാൻ' എന്ന ഇംഗ്ലീഷ് വാക്കുണ്ടായതെങ്കിൽ ആ 'മാൻ' ൽ നിന്നല്ലെ 'മാനേജ്മെന്റ്' 'മാനേജിംഗ്' 'മാനേജർ' 'മാനേജ്മെന്റ് സയൻസ്' എന്നീവാക്കുകളെല്ലാമുണ്ടായത്. ഈ വാക്കുകളെല്ലാം മനസ്സിന്റെ (മനഃ) ആധാരത്തിലാണുണ്ടായതെന്നർത്ഥം!

🕉 ഈ ലോകത്തെ നാം മാനേജ് ചെയ്യുന്നു. നമ്മളെയും കുടുംബാംഗങ്ങളേയും ബന്ധുക്കളേയും നാം മാനേജ് ചെയ്യുന്നു. സമയവും സ്ഥലവും, ഭക്ഷണവും ആടയാഭരണങ്ങളും, സംസാരരീതിയും, പ്രവൃത്തിയും, തീരുമാനങ്ങളും, വിഷയവും..... എല്ലാമെല്ലാം നാം മാനേജ് ചെയ്യുന്നു. ആ മാനേജ്മെന്റ് ആരംഭിക്കുന്നത് മനഃ എന്ന വാക്കിൽ നിന്നാണെങ്കിൽ മാറേണ്ടതും, ഉയരേണ്ടതും വളരേണ്ടതും മനസ്സാണ്.

പുരാണങ്ങളിലൂടെ

🕉 അതുകൊണ്ടാണ് ഇത്രയും പുരാണങ്ങളീനാട്ടിലെഴുതിയത്. ശരീരം ഒരിക്കൽ കുളിച്ച് വൃത്തിയാക്കിയാൽപോരാ, ഒരിക്കൽ ഓഫീസിൽ പോയാൽ പോരാ ........ ഒരിക്കലൊരുകാര്യം ചെയ്താൽമതി എന്നുള്ളത് രണ്ടെണ്ണം മാത്രം. ഇതുപോലൊരു ശരീരവുമായുള്ള ജനനവും ആ ശരീരത്തിന്റെ മരണവും ഒരിക്കലേയുള്ളൂ. ശരീരത്തെ നിരന്തരം വൃത്തിയാക്കുന്നതുപോലെ മനസ്സിനേയും ശുദ്ധീകരിക്കണം. മനസ്സിലെ മാലിന്യങ്ങൾ നിരന്തരം കളയണം.... കളഞ്ഞുകൊണ്ടേയിരിക്കണം. അതുകൊണ്ട് ഭാരതീയർ ഇത്രയും പുരാണങ്ങളെഴുതി. 18 മഹാപുരാണങ്ങളും അത്രതന്നെ ഉപപുരാണങ്ങളും, ആയിരക്കണക്കിന് കഥകളും, ഒരേകഥ തന്നെ മാറ്റിയും മറിച്ചും അവരെഴുതിവച്ചു. കഥയല്ല ശ്രദ്ധാബിന്ദുവാകേണ്ടത് ആ കഥയിലൂടെ ഒരു സന്ദേശത്തിലെത്തണം. ആ സന്ദേശത്തിൽ പിടിച്ച് മനസ്സുയർത്തണം. കഥകളിൽ നിന്നെടുക്കേണ്ടത് സന്ദേശമാണ്.

🕉 ഒരേ കഥ പല പ്രകാരത്തിൽ എഴുതാൻ കാരണം; അതു കഥയാണെന്നതുകൊണ്ടുതന്നെ. പലരെഴുതാൻ കാരണം; അതും കഥയായതുകൊണ്ടുതന്നെ. എല്ലാവരുടേയും ലക്ഷ്യം ഒന്നുതന്നെയാണ്. പല പുരാണങ്ങളിലുമെഴുതാൻ കാരണം? അതിബൃഹത്തായ പുരാണങ്ങളിലേതെങ്കിലും വായിച്ചാൽ ഇതിലേതെങ്കിലും കഥകൾ വായിച്ചിരുക്കുമല്ലോ. ആ കഥ പലപ്രാവശ്യം വായിക്കണം/കേൾക്കണം. കാരണം മനസ്സ് ഒരിക്കൽ ശുദ്ധീകരിച്ചാൽപോരാ, നിരന്തരം



Scanned with CamScanner

ശുദ്ധീകരിക്കണം. മനശുദ്ധീകരണത്തിനാണ് ഭാരതീയ ഗ്രന്ഥങ്ങളെല്ലാം എഴുതിയിരിക്കുന്നത്. ഈശ്വരന്റെയടുത്തേക്കു പോകാനല്ല, ഈ പുരാണങ്ങളെല്ലാം വായിക്കുന്നത്. മറിച്ച് ഈശ്വരീയ നന്മകളിലേക്ക് മനസ്സിനെ ഉയർത്താനാണ്.

- പുരാണത്തിന്റെ നിലവാരത്തിൽ കാര്യങ്ങൾ ഗ്രഹിക്കാൻ കഴിവുള്ളവർക്കും അഥവാ കഥകളിലൂടെ സന്ദേശങ്ങളെടുക്കാൻ നിലവാരമുള്ളവർക്കുമാണ് പുരാണഗ്രന്ഥങ്ങളുടെ പ്രസക്തിയേറെ വരുന്നത്. കൂടാതെ പുരാണകഥാപാത്രങ്ങളും, പുരാണങ്ങളിലെ ചരിത്രഭാഗങ്ങളിൽ വരുന്ന കഥാപാത്രങ്ങളും ജിവിതാനുഭവങ്ങൾ പരസ്പരം പങ്കുവെക്കുന്നു. ഒരു കഥാപാത്രം മറ്റൊരു കഥാപാത്രത്തിന് കൊടുക്കുന്ന ഉപദേശം നമുക്കും ബാധകമാക്കാമല്ലോ. അതുകൊണ്ട് പുരാണങ്ങളിൽ ജീവിതാനുഭവങ്ങളും ഉപദേശങ്ങളുമുണ്ട്.

- ധ്രുവന് നാരദമഹർഷി ഉപദേശിക്കുന്നു, നരസിംഹമൂർത്തി പ്രഹ്ലാദന് ഉപദേശം നൽകുന്നു, ദേവി ത്രിമൂർത്തികൾക്ക് ഉപദേശം നൽകുന്നു. മഹാബലിക്ക് ശുക്രമുനി, പ്രാചീന ബർഹിസിന് നാരദമഹർഷി, രഹൂഗണന് ജഡഭരതൻ, ദേവഹൂതിക്ക് മകനായ കപിലൻ, ഇങ്ങിനെ കഥകൾക്കുള്ളിൽ ഉപദേശങ്ങളുണ്ട്. ആ ഉപദേശങ്ങൾ നമ്മളുമെടുക്കണം. അതു നമുക്കുവേണ്ടി മാത്രമെഴുതിയതാണ്. അതുപറഞ്ഞവരും നേരിൽ കേട്ടവരും ഇന്നില്ല, അതെഴുകിയ ഗ്രന്ഥങ്ങളിന്നുമുണ്ട്.

- കഥാപാത്രങ്ങൾ തമ്മിലുള്ള ചർച്ച പഞ്ചതന്ത്രത്തിലെ കഥകളിലുള്ളതുപോലെയാണ്. അത് ലോകരാഷ്ട്രങ്ങളിൽ മാനേജ്മെന്റിന്റെ ഭാഗമാണ്. ഓരോ കഥയിലുമില്ലേ മുയലും, കീരിയും, പാമ്പും, സിംഹവും, കുറുക്കനും പരസ്പരം സംസാരിക്കുന്നത്. അതേപ്രകാരം മൃഗങ്ങളുടെ സംഭാഷണം പുരാണത്തിലെഴുതിയാൽ അതൊരു കുട്ടികഥയാകും. (പുരാണങ്ങളിൽ അതുമുണ്ട്. കീരി ധർമ്മപുത്രരോടു ചോദ്യം ചോദിക്കുന്നുണ്ട്.) ആ കുട്ടികഥകളേക്കാൾ ശ്രേഷ്ടവും നിലവാരമുയർന്നതുമാകുമല്ലോ മനുഷ്യ-അസുര-ദേവ-ഋഷിമാർ തമ്മിലുള്ള ചർച്ചകളും ഉപദേശങ്ങളും എന്നറിഞ്ഞാണ് പുരാണങ്ങളിൽ തലങ്ങും വിലങ്ങും കഥകൾ പറയുന്നതും പറയിപ്പിക്കുന്നതും.

- അപ്പോൾ പുരാണങ്ങളുടെ കാതലായ ലക്ഷ്യം കഥകളിൽ നിന്ന് സന്ദേശങ്ങളെടുക്കലും കഥാപാത്രങ്ങൾ തമ്മിൽ ചർച്ച ചെയ്യപ്പെടുന്നതിന്റെ ഉപദേശങ്ങളെടുക്കലുമാണ്. സാധാരണക്കാർക്ക് പുരാണങ്ങൾ യാഥാർത്ഥ്യങ്ങളുടെ വിവരണങ്ങളാണ്. അൽപം കൂടി



Scanned with CamScanner

വളർന്നവർക്ക് പുരാണങ്ങൾ കഥകളിലൂടെ യഥാർത്ഥങ്ങളുടെ വിവരണങ്ങൾ നൽകലാണ്.

കഥകൾക്കും ഉപദേശങ്ങൾക്കുമിടക്ക് പുരാണങ്ങളിൽ സംഭവങ്ങളുമുണ്ടാകാം. അതും ജീവിതാനുഭവങ്ങളായിട്ടെടുത്താൽ അതൊരനുഭവത്തിന്റെ തലത്തിലേക്കുയരലാകും. പാണ്ഡവർ നൽകുന്ന ചോറിന്റെ ഉരുള ലജ്ജയില്ലാതെ വാലാട്ടി പട്ടിയെപോലെ തിന്നാൻ ഹേ ധൃതരാഷ്ട്ര മഹാരാജാവേ അങ്ങേയ്ക്ക് അറപ്പില്ലെ എന്നൊരു യഥാർത്ഥജീവിത ഗന്ധിയായ ചോദ്യം വിദുരർ സ്വന്തം ജ്യേഷ്ഠനോട് ചോദിക്കുന്നുണ്ട്. നമുക്ക് ഈ ഒരൊറ്റ ഉദാഹരണംപോരെ തമ്മിലുള്ള ചർച്ചകളിൽ നിന്ന് ജീവിതസന്ദേശമെടുക്കാൻ.

ഇത്രയും പുരാണങ്ങളുള്ളതിൽ ഒന്നെങ്കിലും ജീവിതത്തിൽ വായിക്കാനിടവന്നാൽ അല്ലെങ്കിൽ അവയിലെ കുറേ ഭാഗങ്ങളെങ്കിലും വായിക്കാനിടവന്നാൽ ആ വരികളെല്ലാം ഈ മൂന്നുവിധത്തിലും (കഥകളിൽനിന്ന്) സന്ദേശങ്ങളായും ഉപദേശങ്ങളായും അനുഭവങ്ങളായും വിശകലനം ചെയ്തെടുക്കണം. പുരാണ പഠനരീതിയെക്കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകണം. അവയ്ക്കെല്ലാം ഒരൊറ്റ ഉദ്ദേശമേയുള്ളൂ; മനസ്സിനെ നന്മയിലേക്കു നയിക്കുമ്പോൾ ചിന്തകൾ നന്മയിലേക്കു നയിക്കപ്പെടും. അതിൽനിന്ന് ഉൽപന്നമായ സത്കർമ്മങ്ങളും സത്കർമ്മഫലങ്ങളും ലഭ്യമായാൽ ജീവിതം ധന്യവും ഫലപ്രദവും, ശാന്തവും, ലക്ഷ്യബോധമുള്ളതും, അർത്ഥവത്തുമായിത്തീരും! പോരെ? ഇതിനേക്കാൾ കൂടുതലെന്താ ജീവിതത്തിൽ വേണ്ടത്. ധന്യമായൊരു ജീവിതം അർത്ഥവത്തായ ജീവിതം!

പുരാണം വായിച്ചു പഠിച്ചാൽ മോക്ഷം കിട്ടുമെന്നു പറയാറുണ്ടല്ലോ അതുമെന്തെന്നറിയണം. എന്താണ് മോക്ഷം എന്നും ചിന്തിക്കണം. ഇത് ഈ പുസ്തകത്തിൽ തന്നെ നേരത്തെ സൂചിപ്പിച്ചതാണ്. **മോഹസ്യ ക്ഷയം മോക്ഷം** ആഗ്രഹങ്ങൾ കുറഞ്ഞ്(ച്ച്) കുറഞ്ഞ്(ച്ച്) ഇല്ലാതാകുന്ന അവസ്ഥ. മോഹങ്ങൾ ക്ഷയിക്കുക. അതാണ് മോക്ഷം. ആഗ്രഹങ്ങളാണ് ജീവിതത്തിലോരോ പ്രശ്നത്തിനും കാരണം. അതുവേണ്ടെന്നല്ല, കുറക്കണം. മോഹങ്ങളേയും ആഗ്രഹങ്ങളേയും ക്ഷയിപ്പിക്കലാണ് മോക്ഷം.

മോക്ഷം രണ്ടു പ്രധാന മാർഗത്തിലൂടെയാകാം. ഒന്നാമത്തെ മാർഗം ചിലത് വേണ്ടാത്തതാണെന്നറിഞ്ഞ് അതിനോട് മോഹമില്ലെങ്കിൽ അതിൽ നിന്ന് മോക്ഷം ലഭിക്കും. മദ്യത്തിൽ നിന്നും മാംസാഹാരത്തിൽ നിന്നും പുകവലിയിൽ നിന്നും ആഡംബര ജീവിതത്തിൽ നിന്നും, അമിത ആഹാരത്തിൽ നിന്നും, മോക്ഷം നേടുക. സമ്പ



Scanned with CamScanner

ത്തിനോടും, പദവിയോടും, പ്രസിദ്ധിയോടും, കീർത്തിയോടും, അംഗീകാരങ്ങളോടുമെല്ലാമുള്ള അമിതാഗ്രഹങ്ങളൊന്നുംതന്നെ നമ്മളെ കീഴടക്കിയില്ലെങ്കിൽ അതിനോടുള്ള മോഹമില്ലായ്മയും അതിൽ നിന്നുള്ള മോക്ഷമാണല്ലോ അല്ലേ? അങ്ങിനെയൊന്നു സാധിച്ചാൽ പുണ്യമായി. മനസ്സിനെ ഇന്ദ്രിയങ്ങൾ പിടിച്ചു വലിച്ചിഴക്കില്ല!

- രണ്ടാമത്തെ മാർഗ്ഗം അനുഭവച്ചറിഞ്ഞ് വേണ്ടെന്നുവെക്കലാണ്. അനുഭവിച്ചറിഞ്ഞവരുടെ അനുഭവം കണ്ടും കേട്ടും ചർച്ച ചെയ്തും ചിന്തിച്ചും അറിഞ്ഞ് ആ അനുഭവത്തിന്റെ വെളിച്ചത്തിൽ ആഗ്രഹങ്ങളില്ലാതാകുന്നതും മോക്ഷംതന്നെയാണ്. നിരന്തരം മദ്യം-മാംസം-ലഹരി-മോഷണം-കള്ളക്കടത്ത്.... എന്നിവയിൽ മുഴുകി ജീവിച്ചവർ അതെല്ലാം ഉപേക്ഷിച്ചുവരുന്നതും മോചനവുമാണ് മോക്ഷവുമാണ്. വിപ്ലവം ഉപേക്ഷിച്ച് മഹർഷി പദവിയിലേക്കുയർന്ന അരവിന്ദമഹർഷിയെപ്പോലെയാണല്ലോ ഒന്നിനെ ഉപേക്ഷിച്ച് നല്ല മറ്റൊന്നിനെ വരിക്കുന്നത്.

- ഇവിടെ സ്വയം അനുഭവിച്ചറിയുന്നതിനുപകരം പുരാണ/ഇതിഹാസ കഥാപാത്രങ്ങളനുഭവിച്ചറിഞ്ഞ സത്യം സ്വയം നമ്മളനുഭവിച്ചറിഞ്ഞ സത്യമായി മാറ്റാനുള്ള മനക്കരുത്തുണ്ടെങ്കിൽ, അല്ലെങ്കിൽ മനോവിശാലതയുണ്ടെങ്കിൽ അവരനുഭവിച്ചറിഞ്ഞ് മോചനം നേടിയതുപോലെ, അവരനുഭവിച്ചറഞ്ഞ് നന്മയല്ലെന്നവർ തെളിയിച്ചുകാണിച്ചുതന്നത് നമ്മൾ ഉപേക്ഷിക്കുമ്പോഴും നേടുന്നത് മോക്ഷമാണ്. അതാണ് പുരാണം വായിച്ചു പഠിച്ചുൾക്കൊണ്ടാൽ മോക്ഷം ലഭിക്കുമെന്നു പറയുന്നത്.

- മോക്ഷമെന്നതും മനസ്സിന്റെ അവസ്ഥയാണ്. കാരണം മോഹം, ആഗ്രഹം, അഭിവാഞ്ച, താൽപര്യം, ആസക്തി, ഇതെല്ലാം മനസ്സിൽ നിന്നുത്ഭവിക്കുന്നതാണ്.

- പുരാണങ്ങൾ മിക്കവാറും കഥകൾ പങ്കുവെക്കുന്നതുപോലെ ഇതിഹാസങ്ങൾ അനുഭവങ്ങൾ പങ്കുവക്കുന്നു. ഇംഗ്ലീഷിൽ മൂന്നു പദങ്ങൾ ഒരവസ്ഥ വിവരിക്കുന്നതിനുപയോഗിക്കാറുണ്ട്. apathy അവഗണിക്കുക, sympathy അനുകമ്പയുണ്ടാക്കുക, empathy ഞാനാസ്ഥാനത്താണെന്ന് ചിന്തിച്ച് അനുഭവം വിശകലനം ചെയ്യുക. അതിൽ empathy യാണ് ഇതിഹാസത്തിന്റെ മാർഗവും ലക്ഷ്യവും.

- രാമായണം വായനാവേളയിലും/രാമായണ ചിത്രം കാണുന്ന വേളയിലും ഞാൻ തന്നെ രാമൻ/ലക്ഷ്മണൻ/ഭരതൻ/സീത/ദശരഥൻ/മന്ഥര/കൈകേയി/സുമിത്ര/വസിഷ്ഠൻ/രാവണൻ/വിഭീഷണൻ/



Scanned with CamScanner

കുംഭകർണ്ണൻ/ബാലി/സുഗ്രീവൻ..... എന്നിവരോരുത്തരും ആയിത്തീരുക. അവരെക്കുറിച്ചു വായിക്കുന്ന വേളയിൽ, അവർ ചെയ്ത നന്മകളും നന്മയുടെ ഫലങ്ങളും ഞാൻ ചെയ്തു എന്നും, അതനുഭവിക്കുന്നതായും ചിന്തിക്കുക. അതേപ്രകാരം അവരിൽ ചിലർ ചെയ്ത തിന്മകളും, അതിന്റെ ഫലവും അവരുടെ സ്ഥാനത്തിരുന്നു ഞാൻ ചെയ്തു എന്ന് empathetical situation ലൂടെ വിശകലനം ചെയ്യാൻ പഠിച്ചാൽ അവരനുഭവിച്ചതെല്ലാം ഞാനനുഭവിച്ചതായിട്ടെനിക്ക് അനുഭവിച്ചറിയാൻ സാധിക്കും. ആ അനുഭവങ്ങളാണ് മനുഷ്യന്റെ ഏറ്റവും വലിയ ഗുരുവായിത്തീരുന്നത്.

- എല്ലാം അനുഭവിച്ചറിഞ്ഞ് (അനുഭവിച്ചറിഞ്ഞതിൽ നിന്നെടുത്ത്) മനസ്സിനെ മാറ്റലാണ് ഇതിഹാസത്തിന്റെ പന്ഥാവ്. അത് നാമാകുന്ന കഥാപാത്രങ്ങൾ അഥവാ ചരിത്രപുരുഷന്മാർ അഥവാ കഥാപാത്രങ്ങളായി മാറുന്ന നാം അനുഭവിച്ചറിഞ്ഞ് മനസ്സിനെ മാറ്റാമല്ലോ. പഴഞ്ചൊല്ലിൽ പറയാറില്ലേ ചൂടുവെള്ളത്തിൽ വീണ പൂച്ചയുടെ കാര്യം, അതുപോലെ വേണ്ടാത്തത് വേണ്ടെന്നു വെക്കണം!
- അമിതാവേശത്തിൽ കൈകേയിക്കു വരം കൊടുത്ത ദശരഥന് എന്തു സംഭവിച്ചു? തന്റെ മകനെ രാജാവാക്കണമെന്നു കൈകേയി ശഠിക്കാൻ കാരണമെന്ത്? അതിന്റെ പരിണതഫലമെന്ത്? ബാലിസുഗ്രീവ ജ്യേഷ്ഠാനുജന്മാർ വഴക്കിട്ടതിന്റെ പരിണിതഫലം? നമ്മൾ തമ്മിൽ വഴക്കിടുമ്പോഴും ചിന്തിച്ചുകൂടെ?
- തെറ്റു ചെയ്ത ജ്യേഷ്ഠന്റെ കൂടെ നിന്ന കുംഭകർണ്ണനെന്തുസംഭവിച്ചു? ജ്യേഷ്ഠന്റെ തെറ്റിനെ എതിർത്ത വിഭീഷണനെന്തു സംഭവിച്ചു? ഇതുപോലെ ഒരായിരം അനുഭവഗന്ധിയായ സംഭവങ്ങളിൽ നിന്ന് സന്ദേശമെടുക്കണം. ഇതാണ് 24,000 ശ്ലോകങ്ങളുള്ള വാല്മീകി രാമായണത്തിന്റെ ലക്ഷ്യവും മാർഗവും. നിരന്തരം ചോദിക്കണം. വേടന്റെ അമ്പേറ്റ പക്ഷി വീണില്ലായിരുന്നെങ്കിൽ? വീണുപിടയുന്ന പക്ഷിയെ വാല്മീകി കണ്ടില്ലായിരുന്നെങ്കിൽ? ശ്രവണകുമാരൻ കുടത്തിൽ വെള്ളം നിറക്കുന്നത് ആന വെള്ളം കുടിക്കുന്നതാണെന്നു ദശരഥൻ തെറ്റിദ്ധരിച്ചില്ലായിരുന്നെങ്കിൽ? മന്ഥര കൈകേയിയെ ഉപദേശിച്ചില്ലായിരുന്നെങ്കിൽ? ദശരഥൻ കൈകേയിക്ക് വരം കൊടുക്കാൻ വിസമ്മതിച്ചിരുന്നെങ്കിൽ? ശ്രീരാമൻ കാട്ടിലേക്ക് പോയിരുന്നില്ലെങ്കിൽ? സീത രാമന്റെ കൂടെ പോയിരുന്നില്ലെങ്കിൽ? സീതാ-രാമ-ലക്ഷ്മണന്മാർ ഒരു പർണ്ണശാല കെട്ടി കാട്ടിലൊരിടത്തു തന്നെ 14 വർഷം കഴിച്ചു കൂട്ടിയിരുന്നെങ്കിൽ.... ഈ സാദ്ധ്യതകളെല്ലാം ചിന്തിച്ച് **ജീവിതഗന്ധിയായ ഉത്തരം കണ്ടെത്തണം.**



Scanned with CamScanner

- രാമായണത്തിലെ ശരിതെറ്റുകൾ വാല്മീകി വിലയിരുത്തിയിട്ടില്ല. അതു വിലയിരുത്തി വേണ്ടതെടുക്കാനും വേണ്ടാത്തതു കളയാനുമുള്ള ഉത്തരവാദിത്വം വായനക്കാരനാണെന്നു നേരത്തെ സൂചിപ്പിച്ചു. വാല്മീകി, രാവണനേയും കുംഭകർണനേയും ബാലിയേയും വീരശൂര പരാക്രമികളായിത്തന്നെ വാനോളം പുകഴ്ത്തിപ്പറയുന്നുമുണ്ട്. വാല്മീകിക്ക് രാമായണ കഥാപാത്രങ്ങളോടാരോടും പ്രത്യേകതയൊന്നുമുണ്ടായിരുന്നില്ല. നടന്നതും സംഭവിച്ചതും തന്റെ കൃതിയിൽ എഴുതിവച്ചു.

- നാം രാമനോ ലക്ഷ്മണനോ ഭരതനോ ആയിത്തീരില്ല. ആയിത്തീരുകയാണെങ്കിൽ ഓരോ അനുഭവവും എങ്ങിനെ വീക്ഷിക്കുമെന്നതാണ് ഈ ആദികാവ്യത്തിന്റെ ഉദ്ദേശം. If I were Rama... Ravana, Bali... എന്നൊരു വിവരണമുണ്ടെങ്കിലതെന്തായിരിക്കും? അവിടം കൊണ്ടും തീരുന്നില്ല, മനസ്സിനെ ഉയർത്തേണ്ടതായ പന്ഥാവുകൾ! രാമായണം അടിമുടി ട്രാജഡിയാണ്. ആർക്കും രാമായണം ട്രാജഡിയാണെന്നു തോന്നിയിട്ടില്ല. കാരണം ദുഃഖങ്ങളേയും വേദനകളേയും സത്ഫലത്തിന്നായിട്ടുപയോഗിച്ചു. അതാണ് രണ്ട് ഇതിഹാസങ്ങളുടേയും മഹത്വം. നെഗറ്റീവുകളെല്ലാം പോസിറ്റീവുകളാക്കി മനുഷ്യമനസ്സിൽ പ്രതിഷ്ഠിച്ച ഭാരതീയ ഗ്രന്ഥങ്ങളാണിതിഹാസങ്ങൾ.

- കാട്ടാളനിൽ മനംമാറ്റം വന്നതാണ് വാല്മീകിയായുദയം ചെയ്തത്. അമ്പേറ്റുവീണ പക്ഷിയെക്കണ്ടതാണ് ശോകം ശ്ലോകമായി മാറിയത്. ദശരഥൻ കൈകേയിക്ക് വരം നൽകിയില്ലായിരുന്നെങ്കിൽ രാമൻ കാട്ടിലേക്കു പോകേണ്ടിവരില്ലായിരുന്നു. രാമൻ കാട്ടിലേയ്ക്ക് പോയില്ലായിരുന്നെങ്കിൽ സീതയെ രാവണൻ അപഹരിക്കില്ലായിരുന്നു. സീതയെ അപഹരിച്ചില്ലായിരുന്നെങ്കിൽ രാമന്റെ അവതാര ലക്ഷ്യമായ രാവണനിഗ്രഹം സാധിക്കില്ലായിരുന്നു; ലവകുശന്മാർ വാല്മീകിയുടെ ആശ്രമത്തിലല്ല ജനിച്ചു വളർന്നതെങ്കിൽ വാല്മീകിയെഴുതിയ രാമായണം അവർ രാമസന്നിധിയിൽ പാടുകയില്ലായിരുന്നു, എല്ലാം ഒരു ചരടിൽ കോർത്തിരിക്കുന്ന അനുഭവപരമ്പരകൾ എല്ലാം ദുഃഖങ്ങളുടെ ഗന്ധമുള്ളതുമാണ്. അതാണ് ജീവിതം! മേൽ വിവരിച്ച വരികൾക്കിടക്ക് ചേർക്കാൻ ഒരായിരം but കളും if കളുമുണ്ട്.

- ഇന്നു രാമനില്ല, ലക്ഷ്മണനില്ല, സീതയില്ല, വിഭീഷണനില്ല... വാല്മീകിയുമില്ല ......... രാമായണമുണ്ട്. അതിലെ ചരിത്ര പുരുഷന്മാർ, നമ്മിലോരോരുത്തരുടേയും മനസ്സിൽ ജീവിക്കുന്നു. നമ്മളായി



Scanned with CamScanner

നമ്മുടെ അനുഭവങ്ങളായി മനസ്സിൽ ജീവിക്കുന്നു. അതായിരുന്നു വാല്മീകി ഉദ്ദേശിച്ചതും.

രാമായണം സിനിമയായും, സീരിയലായും, കഥാപ്രസംഗമായും, പാരായണമായും നമ്മുടെ മുന്നിലൂടെ കടന്നുപോകുമ്പോൾ ഇത് ത്രേതായുഗത്തിലെ സംഭവമാണെന്നാർക്കും തോന്നാറില്ല.

കഴിഞ്ഞ നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പല പ്രഗത്ഭരുടേയും പേരുകൾ പോലും നമ്മൾ കേട്ടിട്ടില്ല. അഥവാ കേട്ടിട്ടുണ്ടെങ്കിൽതന്നെ ഇപ്പോൾ ഓർമ്മയില്ല. എന്നാൽ ത്രേതായുഗത്തിലെ രാമായണകഥാപാത്രങ്ങൾ നമ്മോടൊപ്പമുണ്ട്. കാരണം രാമായണാനുഭവങ്ങൾ ആന്തരീകമായി മനസ്സിൽ മാറ്റം വരുത്താനുള്ളതാണ്. നാം പേരോർക്കാത്ത പലരുടേയും ചെയ്തികൾ ബാഹ്യമായ മാറ്റങ്ങൾക്കുവേണ്ടിയുള്ളതാണ്. ആദ്യത്തെ മാറ്റം ശാശ്വതമാണ്. രണ്ടാമത്തേത് താല്കാലികവുമാണ്. താൽക്കാലികമായതെല്ലാം കാലത്തിന്റെ കുത്തൊഴുക്കിൽ തല്ലിത്തകർന്നില്ലാതാകില്ലേ?

അതിബൃഹത്തായ മഹാഭാരതവും ഇങ്ങിനെ വിലയിരുത്തണം. ജീവിതാനുഭവങ്ങളുടെ ഓരോ സംഭവവും നമ്മളതിനകത്തു വസിക്കുന്നതുപോലെ വിലയിരുത്തണം. മഹാഭാരത ഗ്രന്ഥത്തിലെ 1,25,000 ശ്ലോകങ്ങളിൽ പലതും നമ്മളനുഭവിക്കുന്നതുപോലെയറിയാൻ സാധിക്കും. മഹാഭാരത രചയിതാവായ വേദവ്യാസൻ അതിലെ ഒരു കഥാപാത്രത്തേയും ചരിത്രപുരുഷനേയും അപകീർത്തിപ്പെടുത്തുന്ന ഒരു വരിപോലും പറഞ്ഞിട്ടില്ല. പാണ്ഡുവും, ധൃതരാഷ്ട്രരും, വിദുരനും വ്യാസന്റെ മക്കളാണ്. വ്യാസൻ ആരേയും നല്ലവരാണെന്നു മുൻവിധിയോടെ മുദ്രകുത്തിയിട്ടില്ല. ദുഷ്ടരാണെന്നും എഴുതിപ്പിടിപ്പിച്ചിട്ടില്ല. അതുകൊണ്ടുതന്നെ മഹാഭാരത ചരിത്രത്തിലെ ഓരോ സംഭവവും വിലയിരുത്തേണ്ടത് വായനക്കാരാണ്. നന്മതിന്മകൾ തിരിച്ചറിഞ്ഞ് കൊള്ളേണ്ടത് കൊള്ളുകയും തള്ളേണ്ടത് തള്ളുകയും ചെയ്യേണ്ടതിതെല്ലാമാണെന്ന് ചൂണ്ടിക്കാണിക്കേണ്ട ഉത്തരവാദിത്വം പാശ്ചാത്യ രചയിതാക്കളെപോലെ ഭാരതീയ രചയിതാക്കളേറ്റെടുക്കാറില്ല. വിലയിരുത്തി വേണ്ടതുചെയ്യേണ്ടത് വായനക്കാരൻ, സാധകൻ, ഉപാസകൻ, ഭക്തൻ, ശ്രോതാവ്.... എന്നിവരാണ്. ഒരു വായനക്കാരന്റെ ചോദ്യത്തിന് മറ്റൊരു വായനക്കാരൻ ഉത്തരം പറയേണ്ട ആവശ്യവുമില്ല. അവനവനു ശരിയെന്നു തോന്നുന്നത് എടുക്കേണ്ടത് അവനവനാണ്. 'ശരിയെങ്കിലതെടുക്കുക തെറ്റെങ്കിൽ എടുക്കാതിരിക്കുക' ഇതാണ് ഇതിഹാസ സംഭവ സംശയങ്ങൾക്കുത്തരം.



Scanned with CamScanner

- അവകാശപ്പെട്ട രാജ്യത്തിന്റെ ഒരംശംപോലും ലഭിക്കില്ലെന്നറിഞ്ഞിട്ടും മക്കളിൽ വാശിയും പകയും വളരാനനുവദിക്കാത്ത കുന്തീമാതാവ്, ദുർഗുണം നിറഞ്ഞ മക്കളുടെ കൂടെ കുരുക്ഷേത്രയുദ്ധത്തിൽ സഹായിക്കാൻ 11 അക്ഷൗഹിണി പടയുണ്ടായിട്ടും കൗരവർക്ക് സംഭവിച്ചത് സർവനാശം! വില്ലാളി വീരന്മാരാരുമില്ലാതിരുന്നിട്ടും 7 അക്ഷൗഹിണി പടകൾ മാത്രമുണ്ടായിട്ടും, ധർമ്മത്തിന്റെ പിൻബലത്തോടെ വിജയിക്കാൻ സാധിച്ച പാണ്ഡവരുടെ അനുഭവം! ധർമ്മമെന്തെന്നറിഞ്ഞിട്ടും അധർമ്മത്തിന്റെ പക്ഷത്തുനിന്ന് അധർമ്മത്തെ ജയിപ്പിക്കാൻ യുദ്ധം ചെയ്ത ഭീഷ്മർക്കുമാത്രം അനുഭവിക്കേണ്ടിവന്ന ശരശയ്യ! രാഷ്ട്രത്തെ രക്ഷിക്കേണ്ടവർ ഭരണാധികാരികളെ രക്ഷിക്കാനൊരുമ്പെട്ടാലെന്ത് സംഭവിക്കുമെന്ന് തെളിയിച്ച ഭീഷ്മരുടെ അനുഭവം! വലിയൊരു രാജസദസ്സിൽ ഒരു കുലീനയായ സ്ത്രീയുടെ വസ്ത്രമുരിഞ്ഞപ്പോൾ നിശബ്ദരായിരുന്നവർക്കെന്തുപറ്റി? അവരുടെ ധർമ്മബോധം എന്തുകൊണ്ട് മൗനമായിരുന്നു? എന്തുകൊണ്ട് ഗാന്ധാരിക്ക് മക്കളെല്ലാം നഷ്ടമായി? എന്തുകൊണ്ട് കുന്തിക്കു മക്കളാരും യുദ്ധത്തിൽ നഷ്ടപ്പെട്ടില്ല? എന്തുകൊണ്ട് ദ്രോണർക്ക് ഇങ്ങിനെയൊരു മരണത്തെ അഭിമുഖീകരിക്കേണ്ടിവന്നു? എന്തുകൊണ്ട് കുന്തീമാതാവ് മക്കളോട് യുദ്ധത്തിന് തയ്യാറാകാൻ ഉപദേശിച്ചു?.... ഇനിയുമുണ്ടൊരായിരം വരികൾ, സംഭവങ്ങൾ, സന്ദേശങ്ങൾ, ജീവിതഗന്ധിയായ മഹാഭാരതത്തിൽ! ചോദിച്ചുത്തരം കണ്ടെത്താൻ സാധിച്ചാൽ നമ്മുടെ ജീവിതം ധന്യമാകും.

- മാനവരാശിയുടെ ജീവിതത്തിൽ സ്പർശിച്ചതായിട്ടെന്തെല്ലാമുണ്ടോ അതെല്ലാം മഹാഭാരതത്തിലുമുണ്ട്. ശരിയും തെറ്റും നന്മയും തിന്മയും ഏതെല്ലാമാണെന്ന് വ്യാസൻ വിവരിച്ചിട്ടില്ല. ഇതെല്ലാമാണെന്ന് ചൂണ്ടിക്കാണിച്ചിട്ടുമില്ല. കാരണം അത് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം വായനക്കാർക്ക് വ്യാസഭഗവാൻ വിട്ടുകൊടുത്തു. വാല്മീകി ചെയ്തതുപോലെത്തന്നെ ദ്വാപരയുഗത്തിൽ വ്യാസനും ചെയ്തു.

- ലോകചരിത്രത്തിലെ മഹാത്ഭുതമെന്നത്, ഈ രണ്ടു ഇതിഹാസങ്ങളുടേയും രചയിതാക്കൾ ആ ഇതിഹാസങ്ങൾക്കകത്തു ജീവിച്ചവരാണ്. രാമായണമെഴുതിയ വാല്മീകി, രാമായണത്തിന്റെ ഭാഗമാണ്. സീതാദേവി വസിച്ചത് വാല്മീകിയുടെ ആശ്രമത്തിലാണ്. മഹാഭാരതത്തിൽ കൗരവരും പാണ്ഡവരും വേദവ്യാസന്റെ പൗത്രന്മാരാണ്. പാണ്ഡുവും, വിദുരനും, ധൃതരാഷ്ട്രനും വേദവ്യാസന്റെ മക്കളാണ്.



Scanned with CamScanner

- അതുപോലെ ആയുധമെടുക്കാതെ യുദ്ധത്തിൽ പങ്കെടുത്ത ഒരാളെ ലോകത്തുണ്ടായിട്ടുള്ളൂ. അദ്ദേഹത്തിന്റെ സൈന്യം ശത്രുസൈന്യത്തോടൊപ്പവും അദ്ദേഹം മറുപക്ഷത്തുമായിരുന്നു. ഇതാണ് ധർമ്മം ഉപദേശിച്ച ശ്രീകൃഷ്ണൻ ലോകത്തിനു കാണിച്ചുകൊടുത്തത്. രാജാവ് (ശ്രീകൃഷ്ണൻ) ഒരുവശത്തും ആ രാജാവിന്റെ സൈന്യം (യാദവസൈന്യം) മറുവശത്തും....

- ലോകത്തിൽ അധർമ്മം നിലനിൽക്കുന്നതും പ്രചരിപ്പിക്കുന്നതും വളരുന്നതും മനുഷ്യനിലൂടെയാണ്. അധർമ്മത്തെ നശിപ്പിക്കാൻ ഒരു വഴിയേയുള്ളൂ. അധർമ്മം ചെയ്യുന്നവരുടെ മനസ്സിൽ മാറ്റം വരുത്തണം, മാറാത്ത മനസ്സുമായി അധർമ്മമേ ചെയ്യൂ എന്നുശഠിച്ചാൽ അവരെ ഉന്മൂലനം ചെയ്ത് അധർമ്മത്തെ ഇല്ലാതാക്കണം. എന്നിട്ട് ധർമ്മത്തെ സംരക്ഷിക്കണം. അതു ബന്ധുക്കളാകട്ടെ കുടുംബാംഗങ്ങളാകട്ടെ. അതാണ് കുരുക്ഷേത്രയുദ്ധസന്ദേശം!

- അധർമ്മത്തിന്റെ പന്ഥാവു പിന്തുടരുന്നവർ ശക്തരാണെങ്കിൽ അധർമ്മത്തെ പിഴുതെറിയുന്നതുവരെ ആ അധാർമ്മികർക്കു നേരെ അധർമ്മത്തിന്റെ തന്നെ വഴി സ്വീകരിക്കാം. അതിശക്തനായ ഭീഷ്മരെ അടിച്ചു തെറിപ്പിക്കാൻ ശിഖണ്ഡിയെ മുന്നിൽ നിർത്താൻ ശ്രീകൃഷ്ണൻ നിർദ്ദേശിച്ചു. അശ്വത്ഥാമാവു മരിച്ചു എന്നു പറഞ്ഞപ്പോൾ തളർന്ന ദ്രോണരെയാണ് വീഴ്ത്താൻ നിർദ്ദേശിച്ചത്. രഥചക്രം മണ്ണിൽ പൂണ്ടപ്പോൾ കർണ്ണന്റെ ശിരസറുക്കാൻ നിർദ്ദേശം നൽകി ശ്രീകൃഷ്ണൻ! പ്രായോഗിക ധർമ്മശാസ്ത്രം താത്വിക ധർമ്മശാസ്ത്രത്തിന് വഴിമാറിക്കൊടുക്കുന്നു. അധർമ്മത്തെ അധർമ്മംകൊണ്ടു നേരിടേണ്ടിവന്നാൽ അതിനും മടിക്കരുതെന്ന സന്ദേശമിവിടെയുണ്ട്. കൈക്കൂലി മേടിക്കുന്നവനെ പിടികൂടാൻ കൈക്കൂലി കൊടുക്കുന്നവനെ തയ്യാറാക്കേണ്ടിവന്നാൽ അതു ന്യായമാണെന്ന കോടതിവിധി ഓർക്കുമല്ലോ?

- ഒരു സ്ത്രീയുടെ വസ്ത്രം സദസ്സിൽ വച്ച് ഉരിഞ്ഞപ്പോൾ ധർമ്മബോധം പ്രദർശിപ്പിക്കാത്തവരോട് ധർമ്മനീതി പാലിക്കേണ്ടതില്ല എന്ന തത്വം ഇവിടെ പ്രായോഗികമാക്കപ്പെട്ടു. Theoretical dharma sastra എന്നുണ്ട്. Practical applied dharma sastra എന്നതുമുണ്ട്.

- ധർമ്മത്തെ സംരക്ഷിക്കേണ്ടത് ധർമ്മബോധമുള്ളവരാണ്. ധർമ്മത്തെ സംരക്ഷിക്കുന്നവർക്ക് അനുഗ്രഹങ്ങളും മാർഗനിർദ്ദേശങ്ങളും നൽകൽ മാത്രമാണ് അവതാരങ്ങളുടെ ലക്ഷ്യവും മാർഗവും. അവതാരങ്ങൾ ധർമ്മത്തെ സംരക്ഷിക്കാനല്ല വന്നത്. ധർമ്മത്തെ സംരക്ഷിക്കുന്നവരെ സംരക്ഷിക്കാനാണെന്നറിയണം.



Scanned with CamScanner

നമ്മുടെ ഉത്തരവാദിത്വം ഈശ്വരന്റെ തലയിൽ കെട്ടിവച്ച് അതിനു ഈശ്വരനു കൂലിയായി വഴിപാടു കൊടുത്ത് നമ്മുടെ ഉത്തരവാദിത്വം തീർക്കേണ്ടതല്ല മനുഷ്യധർമ്മം. ഇതാണ് ഭാരതീയ സംസ്കൃതിയായി പ്രതിധ്വനിക്കുന്നത്.

- ഒരു കുടുംബത്തെ തകർക്കാൻ ഒരു കുടുംബാംഗം തയ്യാറായാൽ ആ കുടുംബാംഗത്തെ നശിപ്പിച്ച് ആ കുടുംബത്തെ രക്ഷിക്കണം. ഒരു കുടുംബം ഒരു സമൂഹത്തിന്റെ നിലനിൽപ്പിനു വെല്ലുവിളിയായാൽ ആ കുടുംബത്തെ ഉന്മൂലനം ചെയ്ത് സമൂഹത്തെ രക്ഷിക്കണം. ഒരു സമൂഹം രാഷ്ട്രത്തിന്റെ നിലനിൽപ്പിനു തന്നെ വെല്ലുവിളിയായാൽ ആ സമൂഹത്തെ തകർത്ത് രാഷ്ട്രത്തെ രക്ഷിക്കണം. ഒരു രാഷ്ട്രം ലോകത്തിന്റെ നിലനിൽപ്പിനു പ്രശ്നമായാൽ ആ രാഷ്ട്രത്തെ അടിയോടെ പിഴുതെറിഞ്ഞ് ലോകത്തെ രക്ഷിക്കണം. ഇതാണ് ഭാരതീയ നീതിശാസ്ത്രം. ഭാരതം അധർമ്മത്തിനെതിരെ ഹിംസയുടെ ആയുധമെടുത്ത രാഷ്ട്രമാണ്. ധർമ്മസംരക്ഷണത്തിന് ശക്തമായ രക്തപുഴയൊഴുക്കിയ രാഷ്ട്രമാണ്. ഇവിടെ നാം അഹിംസ പറഞ്ഞും പ്രയോഗിച്ചുമിരുന്നെങ്കിൽ ഇന്നും കംസന്മാരനും, ഹിരണ്യകശിപുമാരും, രാവണന്മാരും, ദുര്യോധനന്മാരും കൊണ്ട് ഈ രാഷ്ട്രം നിറയുമായിരുന്നു.
- ഇതിഹാസങ്ങളിൽ അനുഭവങ്ങൾ മാത്രമല്ല ഉള്ളത്. അടിമുടി പരസഹസ്രം ഉപദേശങ്ങളുമുണ്ട്. ശ്രീരാമൻ ലക്ഷ്ണനു നൽകുന്ന **ലക്ഷ്മണോപദേശം**, ശ്രീരാമൻ ഭരതനു നൽകുന്ന **ഭരതോപദേശം**, വസിഷ്ഠൻ നൽകുന്ന ഉപദേശം **യോഗവാസിഷ്ഠം**, അനവധി ഋഷിവര്യന്മാർ രാമലക്ഷ്മണന്മാർക്കു നൽകുന്ന ഉപദേശങ്ങൾ; വിഭീഷണനും, കുംഭകർണ്ണനും, മണ്ഡോദരിയും രാവണനു നൽകുന്ന ഉപദേശം.... ഇവയെല്ലാം വേദസന്ദേശങ്ങൾപോലെ മഹത്വമേറിയതാണ്.
- മഹാഭാരതത്തിലും അനേകം കഥകളും ഉപകഥകളുമുണ്ട്. പുരാണങ്ങൾപോലെയനുഭവപ്പെടുന്ന കഥകളെല്ലാം സാരോപദേശങ്ങൾ നൽകാനായിട്ടുള്ളതാണ്. ഇതിഹാസങ്ങളിൽ, പരസ്പരം നൽകുന്ന ഉപദേശങ്ങൾ മനസ്സിലുറപ്പിക്കാനായി നൽകുന്ന കഥകളാണുള്ളത്. അവ ഇതിഹാസങ്ങളുടെ പ്രധാന ഭാഗമല്ല, ശാഖോപശാഖകളാണ്.
- മഹാഭാരതത്തിലുള്ളത്രയും ഉപദേശങ്ങൾ മറ്റൊരു ഗ്രന്ഥത്തിലും നമുക്കു കാണാൻ സാദ്ധ്യമല്ല. വിദുരൻ ധൃതരാഷ്ട്രർക്കും, കുന്തിദേവി മക്കൾക്കും, ഭീഷ്മർ പാണ്ഡവർക്കും, അനേകം ഋഷിമാരും, ശ്രീകൃഷ്ണനും പാണ്ഡവർക്കും, കുന്തിക്കും, അർജ്ജുനനും



Scanned with CamScanner

നൽകുന്ന ഉപദേശങ്ങളെല്ലാം ആധുനിക മാനേജ്മെന്റിന്റെ ഭാഗമായിട്ടംഗീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നാം അതിലോരോവരിയും അടിസ്ഥാനപരമായി വിശകലനം ചെയ്താൽ മാനേജ്മെന്റ് സന്ദേശങ്ങളുടെ അവസാനത്തെ വരിയും നമുക്കു ലഭിക്കും.

- നാം പഠിച്ചുപഠിപ്പിക്കേണ്ട പലതിനേയും അന്ധവിശ്വാസം വീഴുങ്ങുന്നു. ലോകോത്തര സാഹിത്യ-ഉപദേശ-ധർമ്മശാസ്ത്ര-ഇതിഹാസ-ചരിത്ര-ഗ്രന്ഥമായ മഹാഭാരതത്തെ നമ്മിൽ ചിലർ അവഹേളിക്കുന്നു. (പ്രത്യേകിച്ചും കേരളീയർ) മഹാഭാരതം വീട്ടിൽ വെക്കരുതെന്ന് പറഞ്ഞും അത് വീട്ടിൽ വച്ചാൽ വീട്ടിൽ യുദ്ധമുണ്ടാകുമെന്നും പ്രചരിപ്പിക്കാനും നമ്മൾക്കൊരു വിഷമവുമില്ല. അബദ്ധജഢിലമായ അന്ധവിശ്വാസം, അരോ പടച്ചുവിട്ടത്, നമ്മിൽ ചിലർ ജീവിതത്തിൽ പകർത്തുന്നു. നന്മകളുപേക്ഷിച്ച് തിന്മ സ്വീകരിക്കുന്ന മലയാളിയുടെ മനസ്സിലേ ഇത്തരത്തിലുള്ള ചിന്തകൾ പോകാനിനിയെത്രകാലമെടുക്കുമെന്നറിഞ്ഞുകൂടാ.
- മഹാഭാരത ഗ്രന്ഥത്തിൽ യുദ്ധവിവരണമുള്ളതുകൊണ്ട് അതു സൂക്ഷിക്കുന്ന (വായിക്കുന്ന) വീട്ടിലും യുദ്ധമുണ്ടാകുമെങ്കിൽ രാമായണത്തിലും, ഗീതയിലും, പുരാണങ്ങളിലും, ബൈബിളിലും, ഖുറാനിലും യുദ്ധം വിവരിക്കുന്നില്ലേ? അതെല്ലാം വീടുകളിൽ നിന്നും മാറ്റേണ്ടതല്ലേ എന്നൊരു ചോദ്യം നമ്മുടെ മസ്തിഷ്കത്തിലുദിക്കാത്തതെന്തുകൊണ്ടാണ്.
- മഹാഭാരതം എന്ന ഇതിഹാസം ശ്രദ്ധിച്ചു വായിച്ചാൽ മനസ്സിലാകും; ഓരോഘട്ടത്തിലൂടെ ഇതിഹാസ സംഭവങ്ങൾ കടന്നുപോകുമ്പോൾ പ്രശ്നങ്ങൾ, ദുഃഖങ്ങൾ, വേദനകൾ, പരാജയങ്ങൾ, വെല്ലുവിളികൾ, അസൂയ, അഹങ്കാരം, പ്രതികാരം, പരിദേവനം, കള്ളത്തരം, വാശി, പക, വിദ്വേഷം.... എന്നിപ്രകാരമുള്ള വികാരവിക്ഷോഭങ്ങളുടെ വേലിയേറ്റമാണിവിടെ ചിത്രീകരിച്ചിരിക്കുന്നത്. പൂർണമായോ ഭാഗീകമായോ നമ്മളിൽ തന്നെ ജീവിക്കുന്നവരാണ് ഓരോ കഥാപാത്രവും.
- നമ്മളിൽ തന്നെയുള്ള കണ്ണുകാണാത്ത ധൃതരാഷ്ട്രർ, കാഴ്ചയുണ്ടായിട്ടും കണ്ണുകെട്ടിനടന്ന ഗാന്ധാരി, കള്ളച്ചൂതുകളിച്ച ശകുനി, അധർമ്മത്തിനു കൂട്ടുനിന്നുപദേശിച്ച അമ്മാവൻ, വാശിയുടേയും പകയുടേയും മൂർത്തിമത് ഭാവമായ ദുര്യോധനൻ, ധർമ്മമറിഞ്ഞിട്ടും അധർമ്മത്തിന്റെ പക്ഷത്തുനിന്ന ഭീഷ്മർ, എന്തുവന്നാലും ഭീഷ്മരെ വധിക്കുമെന്നു പറഞ്ഞ ശിഖണ്ഡി, നിവൃത്തിയില്ലാതെ മനസ്സില്ലാമനസ്സോടെ ദുര്യോധനന്റെ കൂടെ ചേരേണ്ടിവന്ന കർണ്ണൻ, "ഹേ



Scanned with CamScanner

കൃഷ്ണാ നിന്നെയെന്നുമെന്നും സ്മരിക്കാൻ ജീവിതത്തിൽ തടസ്സങ്ങൾ തന്ന് അനുഗ്രഹിക്കേണമെന്ന്" പറഞ്ഞ കുന്തി, വില്ലാളി വീരന്മാരായിരുന്നിട്ടും മാതൃഉപദേശം കടുകിട തെറ്റിക്കാത്ത പാണ്ഡവർ, ആയുധമെടുക്കാത്ത ശ്രീകൃഷ്ണൻ, എല്ലാ ധർമ്മവും അറിഞ്ഞിട്ടും രാജാവിനേയും രാജാവിന്റെ മക്കളേയും നിരന്തരം ഉപദേശിച്ചിട്ടും അവരുടെ ദുഷ്ടഹൃദയത്തിൽ നന്മവിതയ്ക്കാൻ സാധിക്കില്ലെന്നറിഞ്ഞ് നാടുവിട്ടുപോയ വിദുരൻ, സത്യം മാത്രം പറയുന്ന സഹദേവൻ, മകൻ ജയിക്കണമെന്നനുഗ്രഹിക്കാതെ 'ധർമ്മമെവിടെയുണ്ടോ അവിടെ ജയമുണ്ടെന്ന്' അനുഗ്രഹിച്ച ഹസ്തിനപുര രാജ്ഞി, അന്ധനായ തനിക്കു ലഭിക്കാത്ത രാജ്യഭാരം അന്ധരല്ലാത്ത മക്കൾക്ക് ലഭിക്കണമെന്ന് ആശിച്ച ഹസ്തിനപുര രാജാവ്! ഇവരെല്ലാം നമ്മുടെതന്നെയുള്ളിലുണ്ട്.

- ചൂതുകളിയുടെ ലഹരിയിൽ പഠിച്ച ധർമ്മമെല്ലാം മറന്നു കളിച്ച ധർമ്മപുത്രൻ. ധർമ്മപന്ഥാവും വ്യതിചലിച്ച് സഹധർമ്മിണിയെ പോലും പണയം വച്ച ധർമ്മപുത്രൻ, യുദ്ധക്ഷേത്രത്തിൽ തളർന്ന വില്ലാളിവീരനായ അർജ്ജുനൻ, തന്റെ ശരീരശക്തിയിൽ അമിതമായഭിമാനിക്കുന്ന ഭീമൻ, സത്യാസത്യങ്ങൾ തിരിച്ചറിയാൻ വിഷമിക്കുന്ന യുധിഷ്ഠിരൻ, ധർമ്മാധർമ്മങ്ങൾ തിരിച്ചറിയാനാകാതെ കുഴയുന്ന അർജ്ജുനൻ, ഏറെക്കാലം കാട്ടിലലയുകയും പ്രച്ഛന്ന വേഷധാരികളായി നടക്കേണ്ടിവരുമെന്നറിഞ്ഞിട്ടും, ചൂതുകളിച്ച യുധിഷ്ഠിരൻ, തന്നെപണയം വച്ച ഭർത്താവിനെ ദാസ്യവേലയിൽ നിന്നുമോചിപ്പിച്ച ഭാര്യ ദ്രൗപതി ..........

- ഒരു സ്ത്രീ സദസ്സിലപമാനിക്കപ്പെട്ടപ്പോൾ കണ്ടുനിന്ന ഭർത്താക്കന്മാരും, പണ്ഡിതന്മാരും, മന്ത്രിമാരും, രാജാവും, രാജ്ഞിയും, രാജഗുരുവും.... ഇനിയുമുണ്ട് സുദീർഘമായ അനുഭവങ്ങളുടെ പട്ടിക.... ഇവരെല്ലാം നമ്മിൽ തന്നെയുറങ്ങിയും ഉണർന്നുമിരിക്കുന്നു. മഹാഭാരതം നടന്നത് ഹസ്തിനപുരത്തിലും ഇന്ദ്രപ്രസ്ഥത്തിലുമാണെന്നത് ഭൂതകാലം, നടക്കുന്നത് നമ്മുടെ മനസ്സുകളിലാണെന്നത് വർത്തമാനകാലം... നാംവർത്തമാന കാലത്തിൽ ജീവിക്കുന്നുവെങ്കിൽ മഹാഭാരതത്തിൽ നന്മകളും ധർമ്മവും കളിച്ചവർക്കെന്തുസംഭവിച്ചു എന്നും തിന്മകൾ കളിച്ചവർക്കെന്തുസംഭവിച്ചുവെന്നും വിശകലനം ചെയ്താൽ മനസ്സിന്റെ താളപ്പിഴകളിൽ നിന്ന് മോക്ഷം കിട്ടും. മാനസീക സംഘർഷങ്ങളിൽ നിന്ന് മോചനം കിട്ടും.... നമ്മുടെ ശരീരവും നമ്മുടെ മനസ്സും മുമ്പോട്ടുള്ള നമ്മുടെ പ്രയാണത്തെ തടസ്സപ്പെടുത്താതെ സുഗതിയായ സ്വർഗം ലഭിക്കും. അതല്ലേ



Scanned with CamScanner

നമ്മുടെ മനസ്സിനുവേണ്ടത്. ജീവിതത്തിലുള്ളതെല്ലാം അനുഭവിച്ച റിഞ്ഞ് ശരിയും തെറ്റും, ധർമ്മവും അധർമ്മവും വിലയിരുത്താനുള്ള സമയം, നമ്മുടെ ഈ കുറഞ്ഞ ജീവിതകാലഘട്ടിലില്ലല്ലോ! അതുകൊണ്ട് ജീവിച്ചറിഞ്ഞ പലരുടേയും പല അനുഭവങ്ങളും നമ്മ ളിൽ നിന്നുത്ഭവിച്ചു നിലനിന്ന് അവസാനിക്കുന്നു എന്നു ചിന്തി ക്കുക. അപ്പോൾ മനസ്സു പറയും ഇത് ശരി ഇത് തെറ്റ് ഇത് ധർമ്മം ഇത് അധർമ്മം.... എന്ന് ഇതാണ് വേദവ്യാസന്റെ മഹത്വം! നിർവി കാരനായി ചിരിക്കുകയും കരയുകയും ചെയ്യാതെ വേദവ്യാസൻ തന്റെ മക്കളുടേയും മക്കളുടെ മക്കളുടേയും കഥയെഴുതി. സഹോ ദര പുത്രന്മാർ തമ്മിൽ യുദ്ധം ചെയ്ത്, കൊന്നും ചത്തും വീണ ജീവിതകഥ.

- വേദത്തെ ക്രോഡീകരിച്ച വേദവ്യാസന്, മരിച്ച മക്കളെയും ബന്ധു ക്കളെയും ഗാന്ധാരിക്കും ധൃതരാഷ്ട്രർക്കും ജീവനോടെ കാണി ച്ചുകൊടുക്കാൻ സാധിച്ചു. ആ വേദവ്യാസൻ സഞ്ജയന് ദിവ്യദൃ ഷ്ടികൊടുത്തു. ആ വേദവ്യാസൻ 18 പുരാണങ്ങളും 18 ഉപപുരാ ണങ്ങളും എഴുതി. ആ സർവ്വജ്ഞാനിയായ വേദവ്യാസന് ....... തന്റെ മക്കളുടെയും മക്കളുടെ മക്കളുടെയും വിധിയും ദുഷ്കർമ്മവും ദുഷ്കർമ്മഫലമനുഭവിക്കാനുള്ള വിധിയും തടയാനായില്ല എന്ന താണ് പച്ചപരമാർത്ഥം. അതാണ് ശ്രീകൃഷ്ണൻ നമ്മോടു പറ ഞ്ഞത്; ഉദ്ധരേത് ആത്മനാത്മാനം .... അവനവനെ മാനസീകമാ യി, ശാരീരകമായി, കുടുംബപരമായി, സാമൂഹികമായി, വിദ്യാഭ്യാ സപരമായി, ശാസ്ത്രീയമായി, യുക്തിപരമായി, ആത്മീയമായി, ഭൗതീകമായി ഉയർത്തേണ്ടത് അവനവൻതന്നെയാണെന്ന്. '
- നിങ്ങൾക്ക് മനസ്സിലാകുന്നുണ്ടോ ഞാൻ പറയുന്നത്? ഇതിഹാസ ങ്ങളിലെ അനുഭവങ്ങളെടുക്കണം, അതിൽ പറയുന്ന അനവധി കഥ കളും ഉപകഥകളുമെടുക്കണം, ഇതിഹാസപുരുഷന്മാരായ കഥാപാ ത്രങ്ങൾ ലോകത്തിനുവേണ്ടി പരസ്പരം നൽകുന്ന ഉപദേശങ്ങളു മെടുക്കണം. അതെല്ലാം നമുക്കുവേണ്ടിയാണെന്നറിഞ്ഞ്, ഇക്കാല ഘട്ടത്തിന്നനുയോജ്യമായത് സ്വീകരിക്കണം. അല്ലാത്തത് തിരസ്ക രിക്കണം.
- നാം ജീവിക്കുന്നത് ത്രേതായുഗത്തിലല്ല, ദ്വാപരയുഗത്തിലുമല്ല. ഈ യുഗത്തിലാണ് ശാസ്ത്ര സാങ്കേതിക യുഗത്തിൽ! അതുകൊണ്ട് ദേശത്തിനും കാലത്തിനുമനുയോജ്യമായതെടുക്കണം. എടുത്തു വിശകലനം ചെയ്തു ജീവിതത്തിൽ പകർത്തുന്നതിനുമുമ്പ് addition ഉം deletion ഉം modification ഉം correction ഉം വേണ്ടിടത്തെല്ലാം വരുത്തണം.



Scanned with CamScanner

കുറവുണ്ടെങ്കിൽ പരിഹരിക്കണം. ഇക്കാലഘട്ടത്തിന് ചേരുംവിധത്തിൽ ബുദ്ധിയും യുക്തിയും ശാസ്ത്രവും ചേർത്ത് ആശയങ്ങൾ വികസിപ്പിക്കണം. അതിൽ പകർത്താനുള്ളതെല്ലാം ഇന്നുമുതൽക്ക് സ്വജീവിതത്തിൽ പകർത്തണം. ധന്യനായി ജീവിക്കാനുള്ള ഒരു മനസ് വാർത്തെടുക്കണം. അതല്ലെ ഭാരതീയ ജീവിതവീക്ഷണം. പുരാണങ്ങളും ഇതിഹാസങ്ങളുമതിനുള്ളതാണ്.

ഇതിഹാസങ്ങളിലെ ഓരോ സംഭവവും, ആ സംഭവത്തിന്റെ ഭൂതകാലവും വർത്തമാനകാലവും ഭാവി കാലപരിണാമങ്ങളും ചേർത്ത് വിശകലനം ചെയ്തില്ലെങ്കിൽ പഠിതാവ് തെറ്റായ ഒരു സന്ദേശത്തിൽ ചെന്നെത്തും. പാണ്ഡവ-കൗരവ യുദ്ധമുണ്ടായാൽ ദുര്യോധനന്റെ പ്രിയ സുഹൃത്തായ നിഷാദ രാജാവും പരിവാരങ്ങളും കൗരവരുടെ കൂടെയുണ്ടാകും. ആ വേളയിൽ നിഷാദരാജന്റെ പുത്രനായ അമാനുഷികമായ ശസ്ത്രപാഠവമുള്ള ഏകലവ്യൻ (കുരയ്ക്കാനായി വായ്തുറന്ന നിമിഷത്തിൽ ഏഴസ്ത്രങ്ങൾ നായയുടെ വായ്ക്കകത്തേക്ക് എയ്ത ഏകലവ്യൻ.) കൗരവരുടെ പക്ഷത്ത് അതേ ശസ്ത്രപാഠവത്തോടെ പങ്കെടുത്താൽ പാണ്ഡവരുടേയും ധർമ്മത്തിന്റെയും ജയം അസാദ്ധ്യമാകുമെങ്കിൽ ചെയ്യാനുള്ളത് ഏകലവ്യന്റെ ശസ്ത്രപാഠവം കുറക്കുക, അതിനായി പെരുവിരൽ നീക്കം ചെയ്തേ മതിയാകൂ. അത് നമുക്കിഷ്ടപ്പെടുന്നോ ഇല്ലയോ എന്നല്ല നാം വിലയിരുത്തേണ്ടത് അധർമ്മത്തോടൊപ്പം നിൽക്കുന്നവരേയും നിൽക്കാൻ സാധ്യതയുള്ളവരേയും തളർത്തുകയോ തകർക്കുകയോ ചെയ്യാതെ അധർമ്മത്തെ തളർത്താനും തകർക്കാനും സാധ്യമല്ലെന്നു വിശകലനത്തിലൂടെ അറിയണം.

## അദ്ധ്യായം 4

## ഉപദേശങ്ങളിലൂടെ

ഇനിയും നമുക്കു ഈ പുസ്തകത്തിലൂടെ മുമ്പോട്ടു പോകേണ്ടേ? കഥകളായ പുരാണങ്ങൾ വായിക്കുന്നതിനേക്കാളും അനുഭവസമ്പത്തുകൾ നിറഞ്ഞ ഇതിഹാസങ്ങൾ വായിക്കുന്നതിനേക്കാളും നിങ്ങൾക്ക് ഉപദേശങ്ങൾ നേരിട്ടു സ്വീകരിക്കലാണെളുപ്പവും അനുയോജ്യവുമെങ്കിൽ നേരേ വേദത്തിലേക്കു പോകുക.

വേദത്തിൽ പാപപുണ്യ വിവരണങ്ങളില്ല, സ്വർഗനരക വിവരണങ്ങളില്ല, ശരിതെറ്റുകൾ വിവരിക്കുന്നില്ല, വിവരിക്കുന്നതൊന്നുമാത്രം; മനസ്സിനും ശരീരത്തിനും കുടുംബത്തിനും സമൂഹത്തിനും മാനവരാശിക്കുമാവശ്യമായ സന്ദേശങ്ങൾ !



Scanned with CamScanner

- ഭക്ഷണവും അതു നൽകുന്ന പാത്രവും ഒരേപോലെ നല്ലതായിരിക്കണമെന്നു പറയാറുള്ളതുപോലെ വേദസന്ദേശങ്ങളും അതു നൽകുന്ന രീതികളും ശ്രേഷ്ഠമായി നിലനിർത്താൻ മന്ത്രങ്ങൾക്ക് ശ്രുതിയുണ്ടാക്കി. സഹസ്രാബ്ദങ്ങളുടെ പാരമ്പര്യത്തിൽ വേദശ്രുതി വ്യതിചലിക്കാതെ നിലനിർത്തി. അങ്ങിനെ പാരമാർത്ഥിക സത്യങ്ങളും വ്യാവഹാരികസത്യങ്ങളും ഈണത്തിൽ വേദമന്ത്രങ്ങളായിട്ടാലപിച്ചോ, കേട്ടോ പഠിച്ച്, പ്രയോഗിച്ചാണ് മനസ്സിനെ ഉദ്ധരിക്കാനവരാവശ്യപ്പെട്ടത്. മന്ത്രദൃഷ്ടാക്കളായ ഋഷിവര്യന്മാരാണവർ! വേദരചയിതാക്കളായ ഋഷിമാരാണവർ!
- മന്ത്രം എന്ന പദം മനസ്സിനെ രക്ഷിക്കുകയും ഉയർത്തുകയും ചെയ്യുന്നതാണ്. തന്ത്രം ശരീരത്തെ ഉയർത്തുകയും ഉണർത്തുകയും ചെയ്യുന്നത്. യന്ത്രം രണ്ടിന്റേയും സന്തുലിതാവസ്ഥ നിലനിർത്തുന്നത്.
- വേദം ബ്രാഹ്മണർക്കേ പഠിക്കാവൂ എന്നല്ല പറഞ്ഞിരിക്കുന്നത് (ബ്രഹ്മജ്ഞാനേനൈവബ്രാഹ്മണഃ) ഏതു വിഭാഗത്തിൽപെട്ട മനുഷ്യനും (ജന്മനാൽ ജായതേ മർത്യ) വേദം പഠിച്ചാലേ ബ്രാഹ്മണനാകൂ എന്നാണ് പറഞ്ഞിരിക്കുന്നത്. നാം ചിലത് തെറ്റായി കേൾക്കുന്നു, തെറ്റായി പഠിക്കുന്നു, തെറ്റായി അറിയുന്നു, തെറ്റായി ഓർമ്മിക്കുന്നു, തെറ്റായി പ്രചരിപ്പിക്കുന്നു, തെറ്റായിട്ടാചരിക്കുന്നു, തെറ്റായി വ്യാഖ്യാനിക്കുന്നു, എന്നിട്ട് തെറ്റായിപ്രതിഷേധിക്കുന്നു.
- വേദം ശ്രദ്ധയോടെ പഠിക്കണം. അതിലെ സന്ദേശങ്ങൾക്കും കൊടുക്കുന്ന രീതികൾക്കും തുല്യപ്രാധാന്യമുണ്ട്. കൊടുക്കുന്ന രീതിതെറ്റിയാൽ സന്ദേശവും തെറ്റും. അതുകൊണ്ട് പഠിക്കാനുള്ള യോഗ്യത ആദ്യം നേടണം. ഇല്ലെങ്കിൽ 'കിടന്നുറങ്ങിയതോർത്തുകൊണ്ട്' എന്നത് കിടന്നുറങ്ങിയ തോർത്തുകൊണ്ട് എന്നാവും (ഓർത്തുകൊണ്ട് എന്നത് തോർത്തമുണ്ട്കൊണ്ട് എന്നാവും). പെരുമാറ്റം പേരുമാറ്റമാവും (സംസ്കൃതത്തിൽ പെ പേകൾക്ക് ഒരുരീതിയാണ്) ആവാഹനംചെയ്തു എന്നത് ആ വാഹനം ചെയ്തു, എന്നിപ്രകാരം പദങ്ങളും മന്ത്രവരികളും അടിമുടി മാറിക്കൊണ്ട് വേദ പഠനപാരായണത്തിൽ അബദ്ധങ്ങൾ സംഭവിക്കും.
- വരികൾക്കെല്ലാം മൂന്നുതരത്തിലുള്ള അർത്ഥങ്ങളുണ്ട്; വാച്യാർത്ഥം വ്യംഗ്യാർത്ഥം, ലക്ഷ്യാർത്ഥവുമാണത്. വാക്കുകളുടെ അർത്ഥങ്ങൾ ചേരുമ്പോളുണ്ടാകുന്നത് **വാച്യാർത്ഥം**. ആ വരിയിൽ അന്തർലീനമായിരിക്കുന്നത് **വ്യംഗ്യാർത്ഥം**. ആ വരികൊണ്ടു ലക്ഷ്യമിടുന്നതാണ് **ലക്ഷ്യാർത്ഥം**. ഇതാണ് സാധാരണ വാചകങ്ങൾക്കുള്ള മൂന്നർത്ഥങ്ങൾ.



Scanned with CamScanner

വേദങ്ങളിലൂടെ :

- വേദത്തിന്റെ സന്ദേശങ്ങൾ / അർത്ഥങ്ങൾ; **ആദ്ധ്യാത്മീകം** = അതു പഠിക്കുന്ന / കേൾക്കുന്ന / വായിക്കുന്ന വ്യക്തിയിലുണ്ടാകുന്ന സ്വാധീനം; **ആധിഭൗതികം** = സമൂഹത്തിലും / ചുറ്റുപാടും/ അന്തരീക്ഷത്തിലുമുണ്ടാകുന്ന മാറ്റവും സ്വാധീനവും; **അധിദൈവതം** = ഈ പ്രകൃതിയിൽ മുഴുവനുമുണ്ടാകുന്ന സ്വാധീനം എന്നിപ്രകാരം മൂന്നുവിധത്തിലുണ്ട്.
- ഇവിടെ ആധുനീക മനഃശാസ്ത്രം പറയുന്നതും ഭിന്നമല്ല! Individual consciousness, social consciousness and cosmic consciousness ഇതു മൂന്നും സമഞ്ജസപ്പെടുത്തുന്നതാണു മന്ത്രങ്ങൾ. ഇതു മൂന്നും സമഞ്ജസപ്പെട്ട വീക്ഷണമുള്ള ഒരു സമൂഹത്തിൽ നിന്ന് അനീതി, അക്രമം, തീവ്രവാദം, നശീകരണം, മതംമാറ്റം, അടിമത്വം.... ഇവ ഉണ്ടാകില്ല എന്നതാണ് ആധുനിക മനശാസ്ത്രം പറയുന്നത്. ഇതൊരു പാശ്ചാത്യ പഠനഗ്രൂപ്പിന്റെ മനഃശാസ്ത്ര വിലയിരുത്തലാണ്. അതു ഭാരതത്തിനേറ്റവും ചേർന്നതാണ്. അതാണു പറയാറുള്ളത് ഭാരതത്തിന്റെ അടിത്തറ വേദസന്ദേശങ്ങളിലാണ് എന്ന്.
- അനവധി ഋഷിവര്യന്മാർ, അനേക കാലംകൊണ്ട്, അനേകം വിഷയങ്ങളിൽ, സ്തുതികൾപോലെഴുതിയ മന്ത്ര കവിതകൾ കൃഷ്ണ ദ്വൈപായനൻ ക്രോഡീകരിച്ചു. ആ ക്രോഡീകരിച്ചെടുത്ത കർമ്മമാണ് വേദവ്യാസൻ ചെയ്തത്.
- ജ്ഞാനഭാഗം ഋഗ്വേദത്തിലും, കർമ്മഭാഗം യജുർവേദത്തിലും സംഗീത കലയുടെ അടിസ്ഥാന നിയമങ്ങൾ സാമവേദത്തിലും സാധാരണ മനുഷ്യന്റെ ജീവിതഗന്ധിയായ എല്ലാം അഥർവവേദത്തിലും ക്രോഡീകരിച്ച്, ചിലമന്ത്രങ്ങളിൽ ഇവ നാലുംവരുന്നുവെങ്കിൽ ആ മന്ത്രങ്ങൾ നാലുവേദങ്ങളിലുമുണ്ടാകും. ചില മന്ത്രങ്ങൾ മൂന്നുവേദങ്ങളിലുമുണ്ടാകും.... ചിലത് രണ്ടിലും, ചിലത് ഒന്നിൽ മാത്രവുമുണ്ടാകുന്ന തരത്തിൽ ക്രമീകരിച്ചു.
- ഋഗ്വേദമന്ത്രങ്ങളിൽ നിന്ന് യാഗയജ്ഞങ്ങൾക്കായി തെരഞ്ഞെടുത്തത് യജുർവേദത്തിലും ചേർത്തു. ഋഗ്വേദമന്ത്രങ്ങളെ ഗാനങ്ങളായി ആലപിച്ചത് സാമഗാനങ്ങളായി സാമവേദത്തിൽ ചേർത്തു. യാഗങ്ങൾക്കും ഷോഡശകർമ്മങ്ങൾക്കും, പൂജകൾക്കും പ്രാർത്ഥനകൾക്കുമായി വേദമന്ത്രങ്ങളിലേതുവേണമെങ്കിലും ഉപയോഗിച്ചു കൊള്ളുവാനും നിർദ്ദേശിച്ചു.
- വേദം നിർബന്ധമായും പഠിക്കണമെന്നു പറഞ്ഞിട്ടില്ല. വേദസന്ദേശങ്ങളുപയോഗിച്ച് ജീവിക്കുന്നതാണുത്തമമെന്നു പറഞ്ഞു. വേദം



Scanned with CamScanner

പഠിച്ചാലെ ഹിന്ദുവാകൂ എന്നും ശഠിച്ചില്ല. വേദം പഠിക്കുന്നുവെങ്കിൽ അക്ഷര-സ്വര-അർത്ഥ-സന്ദേശതെറ്റുകളുണ്ടാകാതിരിക്കാൻ ഗുരുമുഖത്തുനിന്നു/ഗുരുവിൽനിന്നുതന്നെ പഠിക്കണമെന്നു പറഞ്ഞു. ഒരിക്കൽ തെറ്റായി പഠിച്ചാൽ തിരുത്താൻ പറ്റാത്തതാണ് വേദശ്രുതി. അതുകൊണ്ട് തെറ്റായി പഠിക്കുന്നതിനേക്കാൾ ഉത്തമം പഠിക്കാതിരിക്കലാണെന്നറിയിച്ചു.

- അതുകൊണ്ട് തന്നെയാണ് സിഡിയും, കാസറ്റും കേട്ട് വേദങ്ങൾ പഠിക്കരുതെന്ന് പറയുന്നത്. വേദം പഠിക്കാത്തവനിൽ നിന്നും, ഒരു ബിസിനസ്സായി പഠിപ്പിക്കുന്നവരിൽ നിന്നും, ശ്രദ്ധയില്ലാത്തവരെയും പഠിപ്പിക്കുന്നവരിൽ നിന്നും വേദം പഠിക്കരുത്. ഈ നിബന്ധനകൾ പാലിക്കപ്പെടുന്നതുകൊണ്ടാണ് ഒരു പതിനായിരം വർഷത്തെ പാരമ്പര്യമുള്ള വേദവും വേദസന്ദേശവും ഇന്നും നിലനിൽക്കുന്നത്. വേദം എങ്ങിനെ വേണമെങ്കിലും കേൾക്കാം അതിനു നിയമങ്ങളില്ല. പഠിക്കാനാണ് മുകളിലത്തെ നിയമം!

- വേദസന്ദേശങ്ങൾ ജാതിക്കും മതത്തിനും ഇസത്തിനും വർഗവർണ്ണ പ്രായ ലിംഗ വ്യത്യാസങ്ങൾക്കും ദേശകാലത്തിന്നുമതീതവുമാണ് എന്നതാണ് പരമമായ സത്യം. സത്യം ഒന്നേയുള്ളൂ. വീക്ഷണം പലതാകാം. **ഏകം സത് വിപ്രാഃ ബഹുധാ വദന്തിഃ** അതുകൊണ്ട് വേദമെന്നും നിലനിൽക്കും, വേദസന്ദേശങ്ങളും! ലോകത്തെവിടേയും അതു പ്രചരിക്കുന്നുണ്ട്. വേദിക് മാനേജ്മെന്റ് അത്യാധുനിക മാനേജ്മെന്റ് സങ്കൽപമാണ്.

- ഇക്കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിലുണ്ടായ എല്ലാ ചിന്താധാരകളും മണ്ണടിഞ്ഞു. കമ്മ്യൂണിസവും, ക്യാപ്പിറ്റലിസവും, സോഷ്യലിസവും എല്ലാം എല്ലാം ചത്തൊടുങ്ങി. അവയെഴുതിയ "പണ്ഡിതർ" ശവക്കല്ലറകളിൽ മാത്രമൊതുങ്ങുന്നു. മനുഷ്യമനസ്സുകളിൽ നിന്ന് അവരുടെ രചനകളും ആഹ്വാനങ്ങളുമെല്ലാം തുടച്ചു നീക്കം ചെയ്യപ്പെട്ടു. പല സഹസ്രാബ്ദങ്ങൾ പഴക്കമുള്ള വേദേതിഹാസങ്ങൾ ഭാരതത്തിലിന്നും ചൈതന്യവത്തായി നിലനിൽക്കുന്നു. അതിന് കാരണം വേദത്തിന് യഥാർത്ഥ ജീവിതഗന്ധവും പാരമാർത്ഥിക സത്യവും വസ്തുതയും വഹിക്കാൻ കഴിഞ്ഞു എന്നതുകൊണ്ടാണ്. മനുഷ്യശരീരത്തേക്കാൾ മാനവരാശിയുടെ മനസ്സിനെയതു സ്വാധീനിക്കുന്നതുകൊണ്ടാണവയെല്ലാം ഇന്നും നിലനിൽക്കുന്നത്.

- കാശും കൂലിയും കൊടുത്ത് പദവിയും പുരസ്കാരവും കൊടുത്ത് പഠിപ്പിക്കാഞ്ഞിട്ടുപോലും അതെല്ലാം ആദരവോടെ നിലനിൽക്കുന്നു, പ്രചരിക്കുന്നു, പ്രചാരകർ സ്വയം പ്രചരിപ്പിക്കുവാൻ മുന്നോട്ടുവരുന്നു.



Scanned with CamScanner

ഒരായിരം വർഷത്തെ അടിമത്തത്തിനും തച്ചുടക്കാൻ പറ്റാതെ ഈ വേദസംസ്കൃതി ഇന്നും നിലനിൽക്കുന്നു. എന്താണതിനു കാരണമെന്നറിയാമോ? ശാശ്വതമായി നിലനിർത്തേണ്ടതിനെ പ്രകൃതി നിലനിർത്തും! അല്ലാത്തതൊക്കെ കാലത്തിന്റെ കുത്തിയൊഴുക്കിൽ കാലം അലിയിപ്പിച്ചില്ലാതാക്കും! അതെല്ലാം തട്ടിത്തകർത്തില്ലാതാക്കും. അതാണ് കാലത്തിന്റെ സുനാമി!

ഭാരതീയ ഗ്രന്ഥങ്ങളെല്ലാം വാരണാസി ശിവക്ഷേത്രത്തിനു മുന്നിൽ കൂട്ടിയിട്ട് നീചനായ ഔറംഗസീബ് കത്തിക്കാൻ നിർദ്ദേശിച്ചു. ലഭിക്കാവുന്ന ഗ്രന്ഥങ്ങളെല്ലാം അയാൾ കത്തിച്ചു. ആറുമാസക്കാലം തീയണയാതെ കത്തിനിന്നു. ഭാരതസംസ്കൃതി ചത്തു എന്ന് ആ കാപാലികൻ വിചാരിച്ചു. ഈ സംസ്ക്കാരത്തിനൊന്നും സംഭവിച്ചില്ല; കാരണം ഇത് വേദസംസ്കാരമാണ് എന്നും പറയാറില്ലെ! അതുകൊണ്ടുതന്നെ ഇതിനൊന്നും സംഭവിച്ചില്ല.

ഇവിടെ പോർത്തുഗീസുകാരും, സ്പെയിൻകാരും, ഡച്ചുകാരും, ഫ്രഞ്ചുകാരും പിന്നെ ഇംഗ്ലീഷുകാരും വന്നു നശിപ്പിക്കാവുന്നതെല്ലാം നശിപ്പിച്ചു. മതം മാറ്റി, ക്രൂരമായി ഇവിടത്തെ ജനത്തെ വേദനിപ്പിച്ചു. കാലാപാനിയെന്ന സിനിമ കണ്ടിട്ടില്ലേ. അതിന്റെ നൂറിരട്ടിയാണ് ആ നീചന്മാർ ഇവിടെ ചെയ്തത്.

ഇവിടത്തെ പലരും അവരോടൊപ്പമുണ്ടായിരുന്നു. പല ബ്രാഹ്മണരും, മുസ്ലീമുകളും, ക്രിസ്ത്യാനികളുമുണ്ടായിരുന്നു. പല രാജാക്കന്മാരുമുണ്ടായിരുന്നു. ഇന്നും നമ്മെ വിദേശി ഭരിക്കുന്നില്ലേ? ഹോട്ടലിൽ വച്ച് കണ്ടുമുട്ടി പ്രേമിച്ചുവന്ന ഇറ്റലിക്കാരിയെ 121 കോടി ജനതയുടെ ഭരണഭാരം ഏൽപ്പിച്ചതുപോലെ നമ്മുടെ പൈതൃകത്തെ നശിപ്പിക്കാൻ അകത്തുള്ളവരും പുറത്തുള്ളവരും ശ്രമിച്ചിട്ടും ഇന്നും ശ്രമിച്ചുകൊണ്ടിരുന്നിട്ടും ഈ സംസ്കാരത്തിന്റെ സൂര്യനസ്തമിച്ചില്ല. കാരണം ഇത് ലോകജനതയുടെ ശാശ്വത നന്മയുടെ വേദസംസ്കാരമാണ്.

അറുപത്തിരണ്ടു വർഷംകൊണ്ട് ആഫ്രിക്കൻ ഭൂഖണ്ഡത്തെയും അവിടത്തെ സംസ്കാരത്തെയും ഇംഗ്ലീഷുകാരായ ക്രിസ്ത്യാനികൾ അടിച്ചമർത്തി തകർത്തു തരിപ്പണമാക്കി. ഇനിയൊരിക്കലും ഉയർത്തെഴുന്നേൽക്കാത്തവിധം ആഫ്രിക്കൻ സംസ്കാരത്തെ ക്രിസ്തുവിന്റെ കുരിശിന്റെ കീഴിൽ കൊണ്ടുവന്ന് കെട്ടിത്തൂക്കി ആണിയടിച്ചുകൊന്നു കുഴിച്ചുമൂടി. യഥാർത്ഥ ആഫ്രിക്ക ചത്തു, യൂറോപ്പ് ചത്തു, അമേരിക്ക ചത്തു. ഭാരതം ചത്തില്ല.

ഈ ഭാരതത്തിലും അതേപോലെ ചെയ്യാൻ ശ്രമിച്ച നമ്മെ ഭരിച്ച വിദേശികളും അവിടത്തെ ആവേശം കൊണ്ട് ഭരിച്ച കുറേ സ്വദേ



Scanned with CamScanner

ശികളുമുണ്ടായിരുന്നു. എന്നിട്ടും ഈ സംസ്കാരത്തെ കുരിശിൽ തറക്കാനൊത്തില്ല. കാരണം ഈ സംസ്കാരത്തിന്റെ ഉടമകൾ പ്രാർത്ഥിച്ചത് **ഹൈന്ദവാ സമസ്താ സുഖിനോ ഭവന്തു** എന്നല്ല. **ഭാരതീയാ സമസ്താ സുഖിനോ ഭവന്തു** എന്നുമല്ല. **ലോകാ സമസ്താ സുഖിനോ ഭവന്തു** എന്നാണ്. അതാണ് വേദത്തിന്റെ സന്ദേശം.

- പ്രപഞ്ചത്തിലും പ്രകൃതിയിലും രാഷ്ട്രത്തിലും സമൂഹത്തിലും കുടുംബത്തിലും വ്യക്തിയിലും നടക്കുന്നതും നടക്കേണ്ടതുമായ ശാശ്വതനന്മകളെ കണ്ടുകൊണ്ടെഴുതിയതിനാലാണ് വേദമന്ത്ര ങ്ങളെഴുതിയ ഋഷിവര്യന്മാരെ **മന്ത്രദൃഷ്ടാക്കളെന്നു** പറയുന്നത്. അവരതു കേട്ടെഴുതി ശിഷ്യപരമ്പരകളെ പഠിപ്പിച്ചതല്ല. പ്രകൃതി യിൽ നിന്ന് കണ്ടെഴുതിയതാണ്.

- വേദമന്ത്രങ്ങൾ എന്നെഴുതിയെന്നറിഞ്ഞുകൂടാത്തതിനാൽ അതിനെ **അനാദി** എന്നു പറയുന്നു. ഇത്രയും അടുക്കും ചിട്ടയോടും കാവ്യ ഭംഗിയോടും തിന്മയുടെ ഒരംശംപോലുമില്ലാതെയും മനുഷ്യമന സ്സിന്റെ ശാശ്വത നന്മയ്ക്കും ആസുരീക ഭാവത്തിന്റെ നിഗ്രഹത്തി നുമായുള്ള പ്രാർത്ഥനയാണ് വേദമന്ത്രങ്ങൾ. അവിടെ പ്രകൃതിയും പ്രപഞ്ചവും പ്രകൃതിയുടെ സന്തതസഹചാരികളും മാത്രമേയുള്ളൂ. പ്രകൃതി തന്നെയാണ് വേദത്തിലെ ദൈവം.

- ബി.സി. 4012 ഒക്ടോബർ 4-ാം തീയതിയാണത്രെ ആദവും ഹവ്വയും ജനിച്ചത് അല്ലെങ്കിൽ യഹോവ ജനിപ്പിച്ചത്. അതുകൊണ്ട് മാനവ രാശിയുമായി ബന്ധപ്പെട്ടതെല്ലാം ക്രിസ്ത്യാനികളായ പാശ്ചാ ത്യർക്ക് ബിസി 4012 നുശേഷമുള്ള കാലഘട്ടമേ നിർണയിക്കാനാകൂ. അതുകൊണ്ടാണ് ഭാരതീയമായതെല്ലാം അവരും അവർ ചവച്ചു തുപ്പുന്നത് ഭക്ഷിക്കുന്ന ഇവിടത്തെ ബുദ്ധിജീവികളും, യുക്തിവാ ദികളും, ചിലചിന്തകരും ബി.സി. 1,500, 1,000 എന്നീ കാലഘട്ടത്തിൽ കൊണ്ടുവന്നെത്തിക്കുന്നത്. വേദത്തിനുപോലും നിർണയിച്ചിരി ക്കുന്ന കാലഘട്ടം അതാണ്.

- എന്നാലും വേദം അനാദിതന്നെയാണ്. ഒരുപക്ഷേ അത് ഈ രൂപ ത്തിലെത്തിയത് ബി.സി. 8250 ലായിരിക്കാനാണ് സാദ്ധ്യതയെന്ന് ഭാരതീയ പുരാവസ്തു പഠനത്തിന്റെ വിശദാംശങ്ങളിലേയ്ക്ക് കട ന്നാൽ അറിയാനാകും. പിന്നെ ജ്യോതിർഗോളത്തിന്റെ ചലന ത്തിന്റെ അടിസ്ഥാനത്തിലുമതുറപ്പിക്കാം.

- **ഇതിവിടെയെഴുതിയത് ശാശ്വത നന്മയുടെ സന്ദേശങ്ങൾ കഥകളി ല്ലാതെ സ്വർഗനരക വിവരണങ്ങളില്ലാതെ, പാപപുണ്യ ചർച്ചകളി**



Scanned with CamScanner

ല്ലാതെ, ജാതി-മത-വർഗ-വർണ്ണ വ്യത്യാസമില്ലാതെ അവരെഴുതിയത് ഇന്നും മാറ്റമില്ലാതെ നിലനിൽക്കുന്നു. കാരണം അതിലുള്ളതെല്ലാം ശാശ്വത സത്യങ്ങളാണ്. മനസ്സിനെ അടിമുടി മാറ്റുന്ന ശാശ്വതവും പാരമാർത്ഥികവും വ്യാവഹാരികവുമായ സത്യങ്ങൾ. അവയൊന്നും നശിക്കില്ല കാരണം നശിപ്പിക്കാൻ സാദ്ധ്യമല്ല എന്നതു തന്നെ. അതും അതെഴുതിയതിലുള്ളതും എല്ലാം അനാദിയാണ്.

നാം പ്രാർത്ഥിക്കുന്ന **സഹനാവവതു..... ഓം ഭദ്രംകർണ്ണേഭി .... ഓം അപ്യായന്തു മമാംഗാനി...... ഓം അസതോമാ സത്ഗമയാ....** ഇതെല്ലാം വേദമന്ത്രങ്ങളുടെ ഭാഗമാണ്. **ഉത്തിഷ്ഠതാ ജാഗ്രത... അഹം ബ്രഹ്മാസ്മി.... തത്വമസി** ഇതെല്ലാം വേദസന്ദേശഭാഗമാണ്. **സംഗച്ഛധ്വം സംവദധ്വം....** ഇങ്ങിനെ പോകുന്നു അനേകായിരം സന്ദേശങ്ങളടങ്ങുന്ന വേദമന്ത്രങ്ങൾ.

വേദങ്ങളൊന്നും ദൈവം എഴുതിയതല്ല. ദൈവം ശരീരത്തിൽ കടന്നുകൂടിയവരെഴുതിയതുമല്ല, ഈ വേദമന്ത്രങ്ങൾ. ബൈബിളിലേയോ ഖുറാനിലേയോ വിവരങ്ങളും വിവരണങ്ങളുമായി താരതമ്യം ചെയ്യാനും ശ്രമിക്കരുത്. വേദങ്ങളുടെ തലം വേറെയാണ്. അതു ബൈബിൾക്കഥമാതിരിയുള്ള വിവരണമല്ല. വേദമന്ത്രങ്ങളെഴുതിയ ഋഷിതുല്യരായവർ ഈശ്വരാവതാരനിലവാരത്തിലെത്തിയവരാണ്. അവർ ദൈവവുമല്ല അവതാരങ്ങളുമല്ല. ഈ വേദവരികളെഴുതിയത് പണ്ഡിതരായ പച്ചമനുഷ്യരാണ്.

വേദമന്ത്രങ്ങൾ പ്രാർത്ഥനകളായിട്ടാണ് നൽകിയിരിക്കുന്നത്. പ്രപഞ്ചശക്തികളെ ദേവതാരൂപത്തിൽ സങ്കൽപിച്ച് ആ ദേവതകളോട് മാനവരാശിക്കാവശ്യമായത് നൽകണമെന്നഭ്യർത്ഥിച്ചവരായിത്തീരുന്നു. ഹേ ഇന്ദ്രദേവ ഈ രാഷ്ട്രം കള്ളന്മാരിൽ നിന്നും കൊള്ളക്കാരിൽ നിന്നും മോചനം നേടട്ടേ! ഹേ അഗ്നിദേവാ എന്റെ ഗ്രാമം രോഗമുക്തമായി ആരോഗ്യത്തോടെ വിരാജിക്കട്ടെ! എന്റെ ഗൃഹത്തിലുള്ളവർ ഐക്യത്തോടെ വസിക്കട്ടെ! പശു പശുക്കുട്ടിയെ പാലുകൊടുക്കുന്ന മാതൃസ്നേഹം ഈരാഷ്ടത്തിലലയടിക്കട്ടെ. എപ്രകാരമാണോ ചെറു ചെടികൾ വൻവൃക്ഷത്തെ ആശ്രയിച്ച് മുകളിലേക്കു പടരുന്നത് അപ്രകാരം ശക്തിയുള്ളവർ ദുർബലരെ വളരാനനുവദിക്കുമാറാകട്ടെ! ഈ ജലം എല്ലാ രോഗങ്ങളിൽ നിന്നും മനുഷ്യന്ന്മോചനം തരുന്ന തീർത്ഥമായിത്തീരട്ടെ! ദേവവൈദ്യനായ ശിവൻ എന്നെ മരണത്തിൽ നിന്ന് മോചിപ്പിക്കട്ടെ! നന്മനിറഞ്ഞ ശ്രേഷ്ഠമായ ദ്രവ്യങ്ങളും ഇന്ദ്രദേവൻ എനിക്കു നൽകുമാറാകട്ടെ! എന്റെ മനസ്സിനെ ഇന്ദ്രൻ ഭയത്തിൽ നിന്ന് മോചിപ്പിക്കട്ടെ! ഇന്ദ്രൻ എന്റെ മക്കൾക്ക് ആയുസ് നൽകട്ടെ! ഞങ്ങൾ കുടുംബസമേതം



Scanned with CamScanner

അങ്ങയെ ഒരുമിച്ചിരുന്ന് ഐക്യത്തോടെ പ്രാർത്ഥിക്കുന്നു! ഞങ്ങളുടെ മനസ്സിനെ ഗൂഢലക്ഷ്യങ്ങളിൽ നിന്നു മുക്തമാക്കേണമേ! നമ്മുടെ ഗൃഹങ്ങളിൽ ഹേ അഗ്നിദേവാ ശാന്തി പകരേണമേ! ഞങ്ങളുടെ മക്കളും മരുമക്കളും സ്നേഹത്തോടെ ദാമ്പത്യമാസ്വദിക്കേണമേ! ഞങ്ങളുടെ വഴികളിൽ സൂര്യൻ പ്രഭചൊരിയട്ടെ! ഞങ്ങളുടെ അജ്ഞതജ്ഞാന പ്രകാശത്താൽ മാഞ്ഞുപോകട്ടെ. ഈ പ്രാർത്ഥനകൾ വേദമന്ത്രങ്ങളുടെ പല പല തലങ്ങളിൽ വരുന്നതാണ്. അതാണ് സന്ദേശങ്ങൾ. ഈ മന്ത്രങ്ങൾ ചൊല്ലി യാഗം നടത്താം, പൂജ നടത്താം, പ്രാർത്ഥനയായിത്തന്നെ വേദമന്ത്രാലാപനം നടത്താം.....

- വേദമന്ത്രങ്ങൾ അർത്ഥമറിഞ്ഞോ അറിയാതേയോ ആലപിച്ചാലും അതിന്റേതായ നല്ല ഫലമുണ്ട്. മന്ത്രങ്ങൾ കേൾക്കുമ്പോൾ തലച്ചോറിലെ ഗ്രന്ഥികൾ 'ക്യൂറേറ്റീവ് കെമിക്കൽസ്' പുറപ്പെടുവിക്കുമത്രെ. ഇതിനെ ചിലർ 'ന്യൂറോ ലിംഗ്വിസ്റ്റിക് ഇഫക്ട്' എന്നും 'സൈക്കോലിംഗ്വിസ്റ്റിക് ഇഫക്ടെ'ന്നും പറയുന്നു.
- അതുകൊണ്ട് വേദമന്ത്രാലാപനങ്ങൾക്ക് രണ്ടുതരം ഫലങ്ങളുണ്ട്. ഒന്ന് അർത്ഥസന്ദേശങ്ങളറിഞ്ഞ് ആലപിക്കുമ്പോൾ മനസ്സിലുണ്ടാകുന്ന മാറ്റം. മറ്റൊന്ന് സംഗീതാത്മക വേദമന്ത്രത്തിന്റെ മുൻസൂചിപ്പിച്ച ഫലം. അതുകൊണ്ടാണ് വേദമന്ത്രം ആലപിക്കുമ്പോൾ മന്ത്രസന്ദേശവും ആലപിക്കുന്ന രീതിയും പ്രധാനമെന്നു പറയുന്നത്. അർത്ഥമറിയാതെയും മന്ത്രങ്ങൾ കേൾക്കാം.
- വൈദികസാഹിത്യത്തിൽ വേദങ്ങൾ കഴിഞ്ഞാൽ ബ്രാഹ്മണങ്ങൾ വരുന്നു. വൈദീക സാഹിത്യങ്ങളിവയാണെന്നറിയണം.

## A. വേദങ്ങൾ

I. ഋഗ്വേദസംഹിത (25 ശാഖകൾ) II. യജുർവേദസംഹിത (108 ശാഖകൾ)
III. സാമവേദസംഹിത (1000 ശാഖകൾ) IV. അഥർവവേദസംഹിത (50 ശാഖകൾ)

## B. ബ്രാഹ്മണങ്ങൾ

### I. ഋഗ്വേദീയ ബ്രാഹ്മണങ്ങൾ

1. ഐതരേയ ബ്രാഹ്മണം 2. സംഖായന ബ്രാഹ്മണം 3. കൗഷീതകി ബ്രാഹ്മണം

### II. യജുർവേദീയ ബ്രാഹ്മണങ്ങൾ

1. ശതപഥബ്രാഹ്മണം 2. തൈത്തരീയബ്രാഹ്മണം 3. മൈത്രായണീയബ്രാഹ്മണം

### III. സാമവേദീയ ബ്രാഹ്മണങ്ങൾ

1. ജൈമിനീയ ബ്രാഹ്മണം 2. താണ്ഡ്യബ്രാഹ്മണം 3. ആർഷേയ ബ്രാഹ്മണം
4. ഷഡ്വിംശ ബ്രാഹ്മണം 5. ഛാന്ദോഗ്യബ്രാഹ്മണം 6. സാമവിധാനബ്രാഹ്മണം



Scanned with CamScanner

7. അദ്ഭുതബ്രാഹ്മണം 8. വംശബ്രാഹ്മണം 9. സംഹിതോപനിഷദ്ബ്രാഹ്മണം

**IV. അഥർവവേദീയ ബ്രാഹ്മണം**

1. ഗോപഥബ്രാഹ്മണം

## C. ആരണ്യകങ്ങൾ

**I. ഋഗ്വേദീയ ആരണ്യകം**

1. ഐതരേയ ആരണ്യകം 2. കൗഷീതകി ആരണ്യകം

**II. യജുർവേദീയ ആരണ്യകം**

1. മൈത്രായണീയ ആരണ്യകം 2. തൈത്തിരീയ ആരണ്യകം

**സാമവേദത്തിനും അഥർവവേദത്തിനും ആരണ്യകങ്ങളില്ല**

- വേദങ്ങൾ മുഴുവനുമായോ ഭാഗീകമായോ ശ്രുതിയോടെയോ പഠിക്കാൻ വിഷമമുള്ളതുകൊണ്ട് കർമ്മമണ്ഡലത്തിൽ പ്രയോഗിക്കേണ്ട വേദസന്ദേശങ്ങൾ തന്നെയാണ് നമ്മുടെ പുരാണങ്ങളിൽ കഥകളായും ഇതിഹാസങ്ങളിൽ അനുഭവങ്ങളായും നൽകിയിരിക്കുന്നത്.

- ഇനിയുമിനിയുമുയരണമെങ്കിൽ, വേദത്തിന്റെ പന്ഥാവിലൂടെ ചരിക്കണമെന്നാശയുണ്ടെങ്കിൽ വേദത്തിന്റെ വിവർത്തനങ്ങൾ ഉണ്ട്. അവയിൽ അർത്ഥവുമുണ്ട്. അർത്ഥത്തിൽ നിന്ന് സന്ദേശത്തിലേക്കു പോകുക, ഉപമകളിൽ നിന്നും താരതമ്യങ്ങളിൽ നിന്നും യാഥാർത്ഥ്യങ്ങളിലേക്കു പോകുക. അതാണ് വേദത്തിന്റെ പന്ഥാവ്.

- മേൽ വിവരിച്ചതിന് വളരെ ലളിതമായൊരുദാഹരണം വിവരിക്കട്ടെ 'അടിതെറ്റിയാൽ ആനയും വീഴുമെന്നല്ലേ' പഴമൊഴി. അതു ഞാൻ മാറ്റട്ടെ 'അടിതെറ്റിയാൽ മന്ത്രിയും വീഴും + അടിതെറ്റിയാൽ പ്രസിഡന്റും വീഴും'. ഇനി മറ്റൊന്ന് 'കുരയ്ക്കുന്ന ചെയർമാൻ കടിക്കില്ല', 'ഉപ്പുതിന്നുന്ന സെക്രട്ടറിയും വെള്ളം കുടിക്കും', 'ചൂടുവെള്ളത്തിൽ വീണ ട്രഷറർ പച്ചവെള്ളം കണ്ടാൽ ഭയപ്പെടും'. അർത്ഥത്തിൽ നിന്നു സന്ദേശത്തിലേക്കു പോയതു മനസ്സിലായോ? ഇങ്ങിനെയുള്ള സന്ദേശങ്ങൾ കൊടുത്തും അപഥസഞ്ചാരം നടത്തുന്ന മനസ്സിനെ ഉയർത്താം. ഓരോ വേദവരിയും, പുരാണകഥയും ഇതിഹാസാനുഭവവും മനുഷ്യമനസ്സിനെ ഉയർത്താനാണ് എന്നോർക്കുമല്ലോ.

### ഉപനിഷത്തുക്കളിലൂടെ

- വേദത്തിൽ നിന്ന് നമുക്ക് വേദസത്തയിലേക്കുപോകാം. പുരാണകഥകളിൽ നിന്ന്, ഇതിഹാസാനുഭവങ്ങളിലേക്കും, അവിടെനിന്ന് വേദസന്ദേശങ്ങളിലേക്കും നാം പഠിച്ചുയർന്നു. ഇനിയും വളരേണ്ടേ?



Scanned with CamScanner

അതുവേണമെങ്കിൽ അതു സാധിക്കുന്നത് സാമാന്യം എളുപ്പമല്ലാത്ത ഉപനിഷത്തുക്കൾ പഠിക്കാനായി വളരണം. അതുകൊണ്ടാണീ ഗ്രന്ഥങ്ങളെ ഉപനിഷത്തുക്കളെന്നു പറയുന്നത്.

ഭാരതീയ സംസ്കൃതിയുടെ ആണിക്കല്ലുകളാണീഗ്രന്ഥങ്ങൾ. അത റിയപ്പെടുന്നത് അതിന്റെ ലക്ഷ്യത്തിന്റെ പേരിലാണ്. വേദം എന്ന പദം അറിവ് എന്ന അർത്ഥത്തിലുപയോഗിക്കുന്നു. വേദാന്തം എന്ന പദത്തിന് അറിവിന്റെ അവസാനത്തെ ബിന്ദു എന്നാണർത്ഥം. അത് പരമമായ സത്യത്തിന്റെ, ഏറ്റവും അടുത്ത ബിന്ദുവാണല്ലോ? അതിന്റെയടുത്തേക്കു നയിക്കുന്നതാണീ ഉപനിഷത്തുക്കൾ. ഉപ നയനം എന്ന പദത്തിന്റെ അതേ അർത്ഥമാണ് ഉപനിഷത്തിനുമു ള്ളത്. പരമമായ സത്യത്തിന്റെ ഏറ്റവും അടുത്തേക്കു നയിക്കുന്ന ഉപനിഷത്തുക്കൾ 108 എണ്ണം, ശ്രേഷ്ഠമായത് 18 എണ്ണം അതിശ്രേ ഷ്ഠമായത് 10 എണ്ണം. അതിലൊന്നാമത്തേത് ഈശാവാസ്യ ഉപ നിഷത്താണ്.

## ഉപനിഷത്തുകൾ

### I. ഋഗ്വേദീയ ഉപനിഷദ്

1. ഐതരേയ ഉപനിഷദ് 2. കൗഷീതകി ഉപനിഷദ് 3. നാദബിന്ദു ഉപനിഷദ്
4. ആത്മബോധ ഉപനിഷദ്, 5. നിർവാണ ഉപനിഷദ് 6. മുൽഗല ഉപനിഷദ്
7. അക്ഷമാലിക ഉപനിഷദ് 8. ത്രിപുര ഉപനിഷദ് 9. സൗഭാഗ്യലക്ഷ്മി ഉപനിഷദ്
10. ബഹ്വൃച ഉപനിഷദ്

### II. ശുക്ലയജുർവേദീയ ഉപനിഷദ്

1. ഈശാവാസ്യ ഉപനിഷദ് 2. ബൃഹദാരണ്യക ഉപനിഷദ് 3. ഹംസ ഉപനിഷദ്
4. പരമഹംസ ഉപനിഷദ് 5. സുബാല ഉപനിഷദ് 6. മന്ത്രിക ഉപനിഷദ്
7. ത്രിശിഖിബ്രാഹ്മണ ഉപനിഷദ് 8. നിരാലംബ ഉപനിഷദ് 9. മണ്ഡലബ്രാഹ്മണ ഉപനിഷദ്
10. അദ്വയ ഉപനിഷദ് 11. താരക ഉപനിഷദ് 12. ഭിക്ഷുക ഉപനിഷദ്
13. അദ്ധ്യാത്മ ഉപനിഷദ് 14. മുക്തിക ഉപനിഷദ് 15. താരാശര ഉപനിഷദ്
16. യജ്ഞവൽക്യ ഉപനിഷദ് 17. ശാട്യായന ഉപനിഷദ് 18. തുരിയാതീയ അവധൂത ഉപനിഷദ്

### III. കൃഷ്ണയജുർവേദീയ ഉപനിഷദ്

1. കഠ ഉപനിഷദ് 2. തൈത്തിരീയ ഉപനിഷദ് 3. ബ്രഹ്മ ഉപനിഷദ്
4. കൈവല്യ ഉപനിഷദ് 5. ശ്വേതാശ്വേതര ഉപനിഷദ് 6. ഗർഭ ഉപനിഷദ്
7. മഹാനാരായണ ഉപനിഷദ് 8. അമൃതബിന്ദു ഉപനിഷദ് 9. അമൃതനാദ ഉപനിഷദ്
10. കാലാഗ്നിരുദ്ര ഉപനിഷദ് 11. ക്ഷുരിക ഉപനിഷദ് 12. സർവസാര ഉപനിഷദ്
13. ശുകരഹസ്യ ഉപനിഷദ് 14. തേജബിന്ദു ഉപനിഷദ് 15. ധ്യാനബിന്ദു ഉപനിഷദ്



Scanned with CamScanner

16. ബ്രഹ്മവിദ്യ ഉപനിഷദ് 17. യോഗതത്വ ഉപനിഷദ് 18. ദക്ഷിണാമൂർത്തി ഉപനിഷദ്
19. സ്കന്ദ ഉപനിഷദ് 20. ശാരീരിക ഉപനിഷദ് 21. യോഗശിഖ ഉപനിഷദ്
22. ഏകാക്ഷര ഉപനിഷദ് 23. അക്ഷി ഉപനിഷദ് 24. അവധൂത ഉപനിഷദ്
25. കഠരുദ്ര ഉപനിഷദ് 26. രുദ്രഹൃദയ ഉപനിഷദ് 27. പഞ്ചബ്രഹ്മ ഉപനിഷദ്
28. പ്രാണാഗ്നിഹോത്ര ഉപനിഷദ് 29. വരാഹ ഉപനിഷദ് 30. യോഗകുണ്ഡലിനി ഉപനിഷദ്
31. കലിസന്തരണ ഉപനിഷദ് 32. സരസ്വതി രഹസ്യ ഉപനിഷദ്.

## IV. സാമവേദീയ ഉപനിഷദ്

1. കേന ഉപനിഷദ് 2. ഛാന്ദോഗ്യ ഉപനിഷദ് 3. ആരുണി ഉപനിഷദ്
4. മൈത്രായണി ഉപനിഷദ് 5. മൈത്രേയീ ഉപനിഷദ് 6. വജ്രസൂചിക ഉപനിഷദ്
7. യോഗചൂഡാമണി ഉപനിഷദ് 8. വാസുദേവ ഉപനിഷദ് 9. മഹോപനിഷദ്
10. സന്യാസ ഉപനിഷദ് 11. അവ്യക്ത ഉപനിഷദ് 12. കുണ്ഡിക ഉപനിഷദ് 13. സാവിത്രി ഉപനിഷദ് 14. ജാബാല ഉപനിഷദ് 15. ദർശന ഉപനിഷദ്
16. രുദ്രാക്ഷ ജാബാല ഉപനിഷദ്

## V. അഥർവവേദീയ ഉപനിഷദ്

1. പ്രശ്ന ഉപനിഷദ് 2. മുണ്ഡക ഉപനിഷദ് 3. മാണ്ഡൂക്യ ഉപനിഷദ്
4. അഥർവശിര ഉപനിഷദ് 5. അഥർവശിഖ ഉപനിഷദ് 6. ബൃഹദ്ജാബാല ഉപനിഷദ്
7. സീത ഉപനിഷദ് 8. ശരഭ ഉപനിഷദ് 9. മഹാനാരായണ ഉപനിഷദ് 10. രാമരഹസ്യ ഉപനിഷദ് 11. രാമതാപിനി ഉപനിഷദ് 12. സാണ്ഡില്യ ഉപനിഷദ് 13. പരമഹംസ ഉപനിഷദ് 14. അന്നപൂർണ ഉപനിഷദ് 15. സൂര്യ ഉപനിഷദ്
16. ആത്മ ഉപനിഷദ് 17. പാശുപത ഉപനിഷദ് 18. പരബ്രഹ്മ ഉപനിഷദ്
19. ത്രിപുരതാപിനി ഉപനിഷദ് 20. ദേവി ഉപനിഷദ് 21. ഭാവന ഉപനിഷദ്
22. ഭസ്മ ജാബാല ഉപനിഷദ് 23. ഗണപതി ഉപനിഷദ് 24. മഹാവാക്യ ഉപനിഷദ്
25. ഗോപാലതാപിനി ഉപനിഷദ് 26. ശ്രീകൃഷ്ണ ഉപനിഷദ് 27. ഹയഗ്രീവ ഉപനിഷദ്
28. ദത്താത്രേയ ഉപനിഷദ് 29. ഗരുഡ ഉപനിഷദ് 30. നരസിംഹപൂർവതാപിനി ഉപനിഷദ്
31. നാരദപരിവ്രാജക ഉപനിഷദ് 32. നരസിംഹ ഉത്തരതാപിനി ഉപനിഷദ്.

- ഭാരതീയ തത്വശാസ്ത്രങ്ങളുടെയും, ചിന്താധാരകളുടേയും, ജീവിത സന്ദേശങ്ങളുടെയും സത്തയാണ് ഉപനിഷത്തുക്കൾ. വ്യാഖ്യാനിച്ചാലും വിവരിച്ചാലും തീരാത്ത അനന്തമായ അറിവിന്റെ ഉറവിടമാണത്.

- ലാഘവത്തോടെ പലരും കൈകാര്യം ചെയ്തു വിവരിക്കാറുണ്ട്. അതിലും തെറ്റില്ല. പക്ഷെ അതുമാത്രമല്ല ശരി. അതിനപ്പുറത്താണ് യഥാർത്ഥ ശരിയിരിക്കുന്നത്. തത്വങ്ങളെക്കുറിച്ചും, മനസ്, ചിന്ത, ബുദ്ധി, യുക്തി, വിചാരം, വികാരം, പഞ്ചഭൂതം, പഞ്ചപ്രാണൻ,



Scanned with CamScanner

പഞ്ചകർമ്മേന്ദ്രിയം, പഞ്ചജ്ഞാനേന്ദ്രിയം, ജീവാത്മാവ്, പരമാത്മാവ്, പരബ്രഹ്മം, ഈശ്വരൻ ....... ഇത് നാമിന്നുവരെ കേൾക്കാത്ത രീതിയിൽ വിവരിക്കുന്നത് ഉപനിഷത്തുക്കളിലാണ്.

ഇതിലെന്താണു വിവരിക്കുന്നതെന്നറിയേണ്ടേ? ഒറ്റവരിയിൽ പറയട്ടെ ഇതൊന്നും പരിമിതമായ അക്ഷരങ്ങളുള്ള ഭാഷയിലെ പരിമിതമായ വാക്കുകളുപയോഗിച്ച് വിവരിക്കാനസാദ്ധ്യമാണെന്നാണ് വിവരിക്കുന്നത്. നമ്മൾ പറയാറില്ലേ. എം.എ ഡിഗ്രിയെന്ന്. അതെന്താണ്? മാസ്റ്റർ ഓഫ് അജ്ഞാനം. അറിവില്ലെന്നറിയണമെങ്കിൽ എം.എ വരെയെത്തണമെന്നറിയണം. പുരാണങ്ങളിൽ നിന്നുയർന്ന് ഇതിഹാസങ്ങളിലൂടെ നാം കടന്നുപോയി, വേദവും കഴിഞ്ഞെത്തി നിൽക്കുമ്പോൾ ഉപനിഷത്തുകൾ പറയും. **യതോ വാചോ നിവർത്തന്തേ അപ്രാപ്യ മനസാസഹ** = പരമമായ സത്യത്തെ മനസ്സുകൊണ്ട് മനനം ചെയ്യാൻ സാധിക്കില്ല. അതുകൊണ്ടുതന്നെ വാക്കുകൾ അതിനെക്കുറിച്ച് വിവരിക്കാനാകാതെ മടങ്ങും. ഇതാണുപനിഷത്ത് നൽകുന്ന അവസാനത്തെ വിവരണം. ഇതൊന്നും വിവരിക്കാനാകില്ലെന്ന്! ഈശ്വരനെന്താണെന്നുപനിഷത്തു പറയുന്നു. **യതോവാ ഇമാനി ഭൂതാനി ജായന്തേ യേന വാ ജാതാനി ജീവന്തി യത് പ്രയന്ത്യഭി സംവിശന്തി തദ് വിജിജ്ഞാസസ്വ തദ് ബ്രഹ്മേതി** = ഏതിൽ നിന്നാണോ സർവ്വചരാചരങ്ങളും ജന്മം കൊണ്ടത്, ഏതുകാരണമാണോ ജനിച്ചതെല്ലാം നിലനിൽക്കുന്നത് ഏതിലേക്കാണോ നിലനിന്നതെല്ലാം അന്ത്യത്തിൽ ചെന്നുചേരുന്നത്. അതാണീ ബ്രഹ്മം എന്ന പരമമായ സമഗ്ര സത്യം. അതറിഞ്ഞാൽ അവസാന സത്യത്തിന്റെ അടുത്തെത്തി എന്നറിഞ്ഞുകൊള്ളണം.

ബ്രഹ്മസത്യം ജഗദ്മിഥ്യ എന്നു ശങ്കരാചാര്യർ പറഞ്ഞില്ലെ! ഈ പ്രപഞ്ചമെല്ലാം ഈശ്വരനെന്ന ചൈതന്യത്തിന്റെ 'manifestation ഉം manipulation'നുമാണ്. അതാണ് നമ്മുടെ പരമമായ fact + truth + essence = സത്യം. അതുകൊണ്ട് ഭാരതീയർ പറഞ്ഞു; 'പരമാണു മുതൽ അതിമഹത്തായ ഈ പ്രപഞ്ചംവരെയെല്ലാം ഈശ്വരന്റെ മാനിഫെസ്റ്റേഷനും മാനിപ്പുലേഷനുമാണെന്ന്.' **അണോരണീയാൻ മഹതോ മഹീയാൻ ആത്മാഗുഹായാം നിഹിതോഃസ്യജന്തോ....** അണുവും മഹത്തായ പ്രപഞ്ചവും ജീവജാലങ്ങളിലെ ജീവാത്മാവുമതാണ്. ഇതാണ് ഉപനിഷത്തിന്റെ ഭാഷ.

കഥകളിലും അവതാരങ്ങളുടെ വിവരണങ്ങളിലും പുരാണഗ്രന്ഥങ്ങളിലും വിവരിക്കുന്ന ഈശ്വര രൂപ ഭാവവർണ്ണനകളൊന്നും വേദ



Scanned with CamScanner

ത്തിലെ ഈശ്വരവർണ്ണനകളിലില്ല. വേദത്തിലുള്ളത് പ്രപഞ്ചപുരുഷചൈതന്യം. വേദങ്ങൾ, ഏകദേശം നാരായണ/മഹാവിഷ്ണു, രുദ്ര സങ്കല്പം വരെയെത്തി നിൽക്കുന്നു. പ്രധാന ഉപനിഷത്തുക്കളിൽ ബ്രഹ്മത്തിലെത്തിനിൽക്കുന്നു. അതിനപ്പുറത്തൊന്നുമില്ല, ഉള്ളതെല്ലാം ഇപ്പുറത്താണ്.

- ജീവാത്മാവ്, പരമാത്മാവ്, പരബ്രഹ്മം എന്നിവ ദശോപനിഷത്തുകളിലും അഷ്ടാദശോപനിഷത്തുക്കളിലും വിവരിക്കുന്നു. അതിൽ ഈശ്വരനെ വിവരിക്കാനസാദ്ധ്യമായതെന്തുകൊണ്ടെന്നും വിവരിക്കുന്നു. ന തത്രശ്ചുക്ഷുർഗച്ഛതി ന വാഗ്ഗച്ഛതി നോ മനഃ നവിദ്മോ ന വിജാനീമോ യഥൈതതനുശിഷ്യാത് = ഈശ്വര ചൈതന്യത്തെ കാണാൻ സാധ്യമല്ല, കാരണം കണ്ണവിടേക്കെത്തില്ല. ഈശ്വരചൈതന്യത്തെവിവരിക്കാനാകില്ല, കാരണം വാക്കുകളവിടെയെത്തില്ല, മനനം ചെയ്യാൻ മനസ്സവിടെയെത്തില്ല, ഈശ്വരനെക്കുറിച്ചറിയാവുന്നവരില്ല. അറിയാൻ കഴിവുള്ളവരുമില്ല. പിന്നെയെങ്ങിനെ ഞാൻ നിനക്കായി ഈശ്വരനെ വിവരിക്കും? ഇതുപനിഷത്തിന്റെ ചോദ്യമാണ്.

- ന തത്ര സൂര്യോഭാതി ന ചന്ദ്രതാരകം.... പരമപ്രകാശത്തിനു മുന്നിൽ കത്തിജ്വലിക്കുന്ന സൂര്യൻ നിസ്സാരമാണ്, ചന്ദ്രനും താരകങ്ങളും ഒന്നുമല്ല. മിന്നി മറയുന്ന മിന്നൽപിണറൊന്നുമല്ല..... അതു സ്വയം പ്രകാശിക്കുന്നു. മറ്റെല്ലാത്തിനേയും പ്രകാശിപ്പിക്കുന്നു.

  ഇതുപോലുള്ള ആയിരക്കണക്കിന് ഗഹനമായ സന്ദേശങ്ങൾ ആദ്യത്തെ 18 ഉപനിഷത്തുക്കളിലുണ്ട്. തുടർന്നുള്ള ഉപനിഷത്തുക്കളിലെ വിഷയങ്ങളുടെയും വിവരണങ്ങളുടേയും കാഠിന്യം കുറഞ്ഞുകൊണ്ടുവരുന്നു.

- ഈ ഉപനിഷത്തുക്കൾ പഠിക്കുമ്പോളും പഠിപ്പിക്കുമ്പോളും നാം എത്ര നിസ്സാരനായ ഒരു മനുഷ്യനാണെന്നു മനസ്സിൽ ഉറപ്പുവരും. അപ്പോൾ നമ്മുടെ മനസ്സ് 'നമിക്കിലുയരാം നടുകിൽ തിന്നാം നൽകുകിൽ നേടീടാം നമുക്കു നാമേ പണിവതുനാകം നരകവുമതുപോലെയെന്നോർമ്മിപ്പിക്കും'.

- കൈകൂപ്പി കണ്ണടച്ച് പന്തളം കെ.പി. യുടെ വരികൾ, ഉപനിഷത്തു പഠിച്ചവന്റെ ചുണ്ടിൽ തത്തിക്കളിക്കും. 'അഖിലാണ്ഡ മണ്ഡലമണിയിച്ചൊരുക്കി അതിനുള്ളിലാനന്ദ ...........' തൂണിലും തുരുമ്പിലുമീശനുണ്ടെന്നറിയും

- നാം പ്രാർത്ഥിക്കും 'ഒന്നൊന്നായ് എണ്ണിയെണ്ണി തൊട്ടെണ്ണും പൊരുളൊടുങ്ങിയാൽ നിന്നിടും ദൃക്കുപോലുള്ളം നിന്നിലസ്പന്ദമാകണം' ആ 'നീ' യാണ് ഉപനിഷത്തിലെ പരമാത്മചൈതന്യം.



Scanned with CamScanner

- 'ആഴിയും തിരയും കാറ്റും ആഴവും പോലെ ഞങ്ങളും മായയും തിന്മഹിമയും നീയുമെന്നുള്ളിലാവണം'

ഞാൻ തന്നെയാണ് ഈശ്വരചൈതന്യവാഹകനെന്നറിയും. ആ 'നീയും' ഈ 'ഞാനും' ഒന്നാകുന്ന വേളയാണ് ഉപനിഷദ്.

- ഉപനിഷത്തിലൂടെ കടന്നുപോകുക, അപ്പോളറിയും പ്രജ്ഞാനം ബ്രഹ്മാ, അഹം ബ്രഹ്മസ്മി, തത്വമസി, അയമാത്മാ ബ്രഹ്മാ എന്നീ മഹാവാക്യങ്ങളുടെയെല്ലാം അർത്ഥം. സർവചരാചരങ്ങളിലും നില കൊള്ളുന്ന awareness and consciousness ആണ് ബ്രഹ്മം (ഐതരേയോപനിഷദ്) ഞാൻതന്നെ ഈശ്വരന്റെ മാനിഫെസ്റ്റേഷനാണ് (ബൃഹദാരണ്യകോപനിഷദ്) തത്വമസി = നീയും ആ ചൈതന്യം തന്നെ (ഛാന്ദോഖ്യ ഉപനിഷദ്) 16 ലക്ഷം തരത്തിലുള്ള ജന്തുക്കളിലും 4 ലക്ഷം തരത്തിലുള്ള സസ്യകളിലും എൺപതിനായിരം തരത്തിലുള്ള വൃക്ഷങ്ങളിലും നിലനിൽക്കുന്ന ആത്മചൈതന്യമാണീശ്വരൻ (മുണ്ഡകോപനിഷദ്)
- ഇതെല്ലാം തിരച്ചറിഞ്ഞാൽ അവന് മന്ത്രമോ, തന്ത്രമോ, ഊണോ, ഉറക്കമോ, സ്നാനമോ, യജ്ഞോപവീതമോ, ശൗചമോ...... ഒന്നും വേണ്ട. അവന് ന മന്ത്രം ന തന്ത്രം ന സ്നാനം ന ശൗചം ന യജ്ഞോപവീതം ന ദണ്ഡം ന ശിഖാ.... എന്ന അവസ്ഥയിലെത്തും.
- ആ നിലയിലെത്തുന്നകാലം വരെ അതെല്ലാം വേണം. അവിടെയെത്താതെ അതൊന്നും വേണ്ടെന്നു പറഞ്ഞാൽ, രമണമഹർഷിയുടെ നിലവാരത്തിലെത്താതെ രമണമഹർഷിയെപോലെ നടന്നാലത്തെ അവസ്ഥയായിരിക്കും.
- ഉപനിഷത്തിന്റെ തലത്തിലെത്താത്തവൻ ഉപനിഷത്തിൽ പറഞ്ഞിരിക്കുന്നതുപോലെ പ്രവർത്തിക്കരുത്. ബാങ്കിലെ ക്യാഷർ എണ്ണിയെടുക്കുകയും കൊടുക്കുകയും ചെയ്യുന്ന പൈസ ക്യാഷിയറുടേതല്ല എന്ന് അറിയുന്ന അവസ്ഥയിലെത്തിയാലേ ക്യാഷറുടെ കസേരയിലിരിക്കാനൊക്കുകയുള്ളൂ.
- ഋഷിയുടെ നിലവാരത്തിലേക്കുയർന്നാലേ മറ്റുള്ളവർക്ക് സന്യാസദീക്ഷ കൊടുക്കാനാകൂ. ശസ്ത്രക്രിയയിൽ ഡിഗ്രി നേടിയാലെ രോഗിയുടെ ശരീരം കീറാനനുവാദമുള്ളൂ. അനവധി കാലത്തെ നിയമപഠത്തിനുശേഷമേ തൂക്കിക്കൊല്ലാൻ വിധി പറയുന്ന ജഡ്ജിയാകാനാകൂ....
- ഉപനിഷത്തിന്റെ നിലവാരത്തിലെത്താതെ അഹം ബ്രഹ്മാസ്മിയാണ് പിന്നെയന്തിനാ ഞാൻ അമ്പലത്തിൽ പോകുന്നതെന്നു



Scanned with CamScanner

ചോദിച്ചാൽ അതിനുത്തരമെന്താണെന്നറിയാമോ? 'ആടോളം ആയാൽ ആനയോളമായിയെന്നുധരിക്കരുത്.' 'കുഴിയാന മദയാനയാകില്ല' എന്നൊക്കെ പറയാറില്ലേ? അതൊക്കെയാണുത്തരം. മറ്റൊരുത്തരം നേരത്തെ പറഞ്ഞിട്ടുണ്ട്.

എല്ലാവരും മനുഷ്യരാണെങ്കിലും പ്രധാനമന്ത്രി, പ്രസിഡന്റ്, മുഖ്യമന്ത്രി, എം.പി., എം.എൽ.എ. ...... ഇവർക്കൊക്കെ സമൂഹത്തിൽ വ്യത്യസ്ഥ സ്ഥാനമല്ലേ ഉള്ളത്. അതുപോലെ അറിവിന്റെ നിലവാരത്തിൽ നമ്മളെല്ലാം വ്യത്യസ്ഥ തലത്തിലാണെന്നുമറിയേണ്ടേ? അല്ലാതെങ്ങിനെയാ എല്ലാവരുമൊന്നുപോലെയാകുന്നത്.

സർവസാധാരണ മനുഷ്യനായി നാമെല്ലാം ജനിച്ചു വീഴുമ്പോൾ എല്ലാവരും ശൂദ്രരാണ്. അവിടെനിന്നും വ്യാവഹാരിക തലത്തിലേക്ക് (എന്റേത് നിന്റേത് എന്നതിലേക്കു) കടക്കുമ്പോൾ മാനസികമായി **വൈശ്യനിലേക്കുയരുന്നു**, അവിടെ നിന്നും സ്വയം/സ്വന്തക്കാരുടെ സംരക്ഷണമെന്ന പഥത്തിലേക്കുയരുമ്പോൾ മാനസികമായ നാം **ക്ഷത്രിയനായിത്തീരുന്നു.** ജീവിതത്തിലെ സത്യങ്ങളെക്കുറിച്ചറിയാറാകുമ്പോൾ **ബ്രാഹ്മണനായി വളരുന്നു.** ശാശ്വതസത്യങ്ങളെന്തൊക്കയാണെന്നറിഞ്ഞുതുടങ്ങുമ്പോൾ മാനസീകമായി **സന്യാസിയായി** വളരുന്നു അവിടെ നിന്നും **ഋഷിയും** പിന്നെ **മഹർഷിയുമായി** വളരുന്നു. നന്മതിന്മകളുള്ള ലോകത്തിൽ നന്മകൾ മാത്രം കാണാൻ കഴിയുന്ന അവസ്ഥയിലെത്തുമ്പോൾ നാം അരയന്നത്തെപോലെ മാനസീകമായി **ഹംസഋഷിയായിത്തീരുന്നു.** അതിന്റെ ഉത്തുംഗശൃംഗത്തിലെത്തുമ്പോൾ പരമമായ സത്യത്തെക്കുറിച്ചുള്ള പരമമായ ജ്ഞാനം നമുക്കു ലഭിക്കുമ്പോൾ നാം **പരമഹംസഋഷി**യായിത്തീരുന്നു. അവിടെ നിന്ന് ഈ ശരീരത്തോടും, ഇരിപ്പിടത്തോടുപോലും അഥവാ ഒന്നിനോടും ബന്ധവും ബന്ധനവുമില്ലാത്ത അവസ്ഥയിലെത്തിയാൽ അയാൾ **പരമഹംസപരിവ്രാജക**നായി. ആ മനുഷ്യൻ **കൈവല്യപദവിയിലെത്തി** എന്നു പറയാം. ഇതാണ് മനുഷ്യ മനസ്സിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ.

ഇത് ശരീരത്തിന്റെ വളർച്ചയല്ല. ഇതാണ് മനുഷ്യമനസ്സിന്റെ വളർച്ച ഗീതയിൽ ശ്രീകൃഷ്ണൻ അടിവരയിട്ടു പറയുന്നു. **വിദ്യാ വിനയ സമ്പന്നേ ബ്രാഹ്മണേ ഗവിഹസ്തിനി ശുനിച്ചൈവ ശ്വപാകേ ച പണ്ഡിതാ, സമദർശിനഃ** = വിദ്യയും വിനയവും കൊണ്ടു സമ്പന്നനായ പരമപദവിയെത്തിയവന് ബ്രാഹ്മണനെന്നോ, പശുവെന്നോ, ആനയെന്നോ, എലിയെന്നോ, നായയെ പാകംചെയ്തു



Scanned with CamScanner

കഴിക്കുന്നവനെന്നോ വ്യത്യാസമില്ല. അവർക്കെല്ലാവരും ഒന്നുപോലെയാണ്.

- ഇതാണ് ഉപനിഷത്തിന്റെ നിലവാരം. അവിടെയെത്താൻ അസാദ്ധ്യമല്ല എന്നാൽ ബുദ്ധിമുട്ടും പ്രയാസവുമാണ്. ചന്ദ്രനിലെത്താൻ പ്രയാസമാണെങ്കിലും ചന്ദ്രനിലെത്തുന്നതിന്റെ വിവരണം കേൾക്കാൻ പ്രയാസമില്ലല്ലോ! കൈലാസയാത്ര വിഷമമേറിയതാണെങ്കിലും കൈലാസയാത്രയുടെ ചിത്രം കാണാമല്ലോ. എത്താവുന്നിടത്തോളം മാനസീകമായോ ശാരീരികമായോ എത്തുകയുമാകാം.

- പുരാണത്തിന്റേയും ഇതിഹാസത്തിന്റേയും വേദത്തിന്റേയും നിലവാരത്തിലേക്ക് പഠിച്ച്, അനുഷ്ഠാനം ചെയ്ത് ആചരിച്ച് നമുക്കുയരാം. ഉപനിഷത്തിന്റെ ലെവലിലേക്ക് അനുഭവിച്ച് അനുഭൂതിയുടെ തലത്തിലൂടെ പ്രയാണം ചെയ്യണം. അപ്രകാരം അകക്കണ്ണുകൊണ്ടു കാണുന്ന നിലവാരത്തിലേക്കുയർന്നാൽ അയാൾ ബ്രഹ്മത്തെ അഥവാ പരമാത്മ ചൈതന്യത്തെ അറിയുന്നവനായി അഥവാ അറിയാൻ സാധിക്കുമെന്ന അവസ്ഥയിലെത്തി. അയാളെ **ബ്രഹ്മജ്ഞാനി** എന്നു പറയുന്നു.

- ബ്രഹ്മജ്ഞാനത്തിലേക്കുള്ള മാർഗമൊരു തപസ്സാണ്, **ചരൈവേതി ചരൈ വേതി** എന്ന് പറഞ്ഞു മുന്നോട്ടു പോകണം ആചരിക്കലാണാ ബ്രഹ്മചര്യം. ലൈംഗീക ബന്ധമില്ലാതെ ജീവിക്കുന്നതാണ് ബ്രഹ്മചര്യമെന്നു ചിലർ വിവരിക്കുന്നുണ്ട്. ശാരീരകമായ സുഖത്തേക്കാൾ മാനസീക സുഖമാണ് വലുത് എന്നറിയാൻ സാധിക്കലാണ് ബ്രഹ്മചര്യത്തിന്റെ ആരംഭം.

- ബ്രഹ്മചര്യത്തിലൂടെ ബ്രഹ്മജ്ഞാനിയായാൽ, ആ വ്യക്തിക്ക് ലഭിക്കുന്ന കാഴ്ചയാണ് (അനുഭൂതിയുടെ തൊട്ടടുത്ത പടിയാണ്) **ബ്രഹ്മസാക്ഷാത്കാരം.** സാ + അക്ഷാത് + കാരം എന്നാണ് സാക്ഷാത്കാരത്തിന്റെ പിരിക്കൽ. അതിന്റെ അർത്ഥമെന്താണെന്നറിയോ? അതാണ് കണ്ണിനു കാണാവുന്ന അവസ്ഥയിലെത്തി നിൽക്കൽ. ബ്രഹ്മസാക്ഷാത്കാരത്താൽ പുറം കണ്ണുകൊണ്ടു കാണലല്ല. അകക്കണ്ണുകൊണ്ടു കാണലാണ്. അതാണ് ഉപനിഷത്തുക്കൾ വിവരിക്കുന്ന ഭാരതീയ ദർശനങ്ങളുടേയും സന്ദേശങ്ങളുടേയും അവസാന ബിന്ദു.

- ബ്രഹ്മസാക്ഷാത്കാരം ലഭിച്ച് ബ്രഹ്മജ്ഞാനിയായവന് എന്താണു തോന്നുന്നത്; അതാണ് **ബ്രഹ്മാനന്ദം.** ചില ബ്രാഹ്മണർ പായസം കഴിച്ചിട്ട് അതിന്റെ സ്വാദാസ്വദിച്ചുകൊണ്ടു പറയുന്ന ബ്രഹ്മാനന്ദ



Scanned with CamScanner

മല്ല ഈ ബ്രഹ്മസാക്ഷാത്കാരിയുടെ ബ്രഹ്മാനന്ദം. ഇതനുഭൂതിതലമാണ്. അനുഭവിക്കാതെ ബ്രഹ്മജ്ഞാനിയാകില്ല, ബ്രഹ്മാനന്ദം ലഭിക്കുകയുമില്ല.

ഭാരതീയ പൈതൃകം സമഗ്രമായി പഠിക്കണമെങ്കിൽ രണ്ടായിരത്തോളം അടിസ്ഥാന ഗ്രന്ഥങ്ങളും, പതിനായിരത്തോളം വ്യാഖ്യാനങ്ങളും, ഒരുലക്ഷത്തോളം ഉപാഖ്യാനങ്ങളും പഠിക്കണം. സാധിക്കുമെന്നു തോന്നുന്നുണ്ടോ? ഇല്ലെന്നെനിക്കറിയാം. അപ്പോഴോ... മഹാഭാരതത്തിലെ 1,25,000 ശ്ലോകത്തിലൂടെ മാനവരാശിയുടെയും ഈ പ്രപഞ്ചത്തിലേയും സത്യങ്ങൾ പഠിക്കുക. സമയമുണ്ടോ അതിന്? ഇല്ലെങ്കിൽ വേദങ്ങളുടെയും, ഉപനിഷത്തുക്കളുടേയും, ധർമ്മശാസ്ത്രങ്ങളുടേയും, മാനേജ്മെന്റിന്റേയും മനഃശാസ്ത്രത്തിന്റേയും ചൈതന്യം നിറഞ്ഞിരിക്കുന്ന ഭഗവദ്ഗീത പഠിക്കുക. അതിനും സമയമില്ലെങ്കിൽ വേദത്തിന്റെ ഭാഗമായ ഒന്നാമത്തെ ഉപനിഷത്തായ ഈശാവാസ്യ ഉപനിഷദ് പഠിക്കുക. അതിൽ 18 മന്ത്രങ്ങൾ മാത്രമേയുള്ളൂ. ജീവിതത്തിലെ 18 സമുജ്ജ്വലമായ സമഗ്രസന്ദേശം അതു തരുന്നു. അതിനും സമയമില്ലെങ്കിൽ ഈശാവാസ്യോപനിഷത്തിലെ ഒന്നാമത്തെ മന്ത്രം പഠിച്ച് മനനം ചെയ്യുക. ഇതിനും വയ്യെങ്കിൽ ഒന്നാമത്തെ മന്ത്രത്തിലെ ഒന്നാമത്തെ വരി **ഈശാവാസ്യമിദം സർവ്വം** മാത്രം പഠിച്ച് വിശകലനം ചെയ്തുകൊണ്ടേയിരിക്കുക. അതാണ് ഭാരതീയ വീക്ഷണം. അതാണിവിടത്തെ പൈതൃകം ഒറ്റവരിയിൽ, ആ വരിയിൽ സമഗ്ര ജ്ഞാനത്തെ ആവാഹിച്ചവരാണ് ഋഷിമാർ.

ഉപനിഷത്തുക്കളോരോന്നും പരമമായ സത്യത്തിന്റെയും തത്വത്തിന്റേയും ഉൾക്കാഴ്ച തരുന്നു. അവയെല്ലാം മനസ്സിലാക്കാൻ എളുപ്പമല്ല. നല്ല ഉപമയോടുകൂടിയതും കഥ ചേർത്തും പറയുന്ന വ്യാഖ്യാനങ്ങൾ വേണം. യഥാർത്ഥത്തിൽ, ആധുനീക ബയോകെമിസ്ട്രിയുടെ അടിത്തറയുണ്ടെങ്കിൽ അതിഗഹനമായ ഉപനിഷത്തിലെ പലതും മനസ്സിലാക്കാൻ കുറേയൊക്കെ എളുപ്പമാണ്. എന്നാലും വായിക്കുന്തോറും പഠിക്കുന്തോറും, അപ്പോൾ മനസ്സിലായി എന്നു തോന്നും. നിമിഷങ്ങൾകൊണ്ട് ആ മനസ്സിലായത് മാഞ്ഞുപോയതായിട്ടനുഭവപ്പെടും. അപ്പോൾ മനസ്സിലായില്ല എന്നും തോന്നും.

ഉപനിഷത്തുകളെല്ലാം അദ്വൈതത്തിന്റെ ദർശനങ്ങളിലേക്ക് നമ്മെ എത്തിക്കുന്നു. ദ്വൈതമനസ്സിൽ നിന്ന്, ഞാനും ഈശ്വരനും വേറെ അഥവാ ജീവാത്മാവും പരമാത്മാവും വേറെ എന്ന മനസ്സിലെ തോന്നലിൽ നിന്നുയർന്ന് **അഹം-സാ = ഹംസാ** ഞാൻ തന്നെ



Scanned with CamScanner

അവനാണ്/അതാണ്. ഞാനും അവനും രണ്ടല്ലാത്ത ഒന്നാണ്. **ഏക മേവാ അദ്വിതീയം** എന്ന അവസ്ഥയിലെത്തിനിൽക്കുന്നു.

- **ത്വം സ്ത്രീ ത്വം പുമാൻ ത്വം കുമാര ഉതവാ കുമാരീ ജീർണ്ണോ ദണ്ഡേനവാഞ്ചസി ത്വം ദാതാഹം വിശ്വതോ മുഖം** = നീ തന്നെ, സ്ത്രീയും പുരുഷനും കുമാരനും കുമാരിയും ജീർണിച്ച ശരീരവു മായി വടികുത്തിപ്പിടിച്ചു നടക്കുന്നവനും നീതന്നെ, തരുന്നവനും ഈ ലോകത്തിൽ മുഴുവനും വ്യാപിച്ചുകിടക്കുന്നവനും നീ തന്നെ. ഇതാണ് ഉപനിഷത്തുക്കളിലെ ഈശ്വരചൈതന്യം.

- എല്ലാം ഒന്നിലേയ്ക്ക് പ്രയാണം ചെയ്യുമ്പോൾ ... **തമക്രതുപശ്യതി വീതശോകോ ദാതുപ്രസാദാൻ മഹിമാനമീശം** = എല്ലാം ഒന്നിന്റെ തന്നെ മാനിഫെസ്റ്റേഷനെന്നറിഞ്ഞുകഴിഞ്ഞാൽ ദുഃഖമെവിടെ? എല്ലാത്തിന്റേയും ദാതാവായ അവൻതന്നെ എന്നിൽ വസിക്കുന്നു എന്നറിവു ലഭിക്കുന്നു. പരിമിതിയുള്ള മനുഷ്യമനസ്സിൽ നിന്ന് പരി മിതിയില്ലാത്ത മാനസീക വളർച്ചയിലേക്കെത്തിക്കലാണ് ഉപനിഷദ് ലക്ഷ്യം.

- ഉപനിഷത്തുക്കളുടെ സത്തെടുത്ത് ശ്രീകൃഷ്ണൻ അർജ്ജുനന് ഉപ ദേശിച്ചതാണല്ലോ ഭഗവദ്ഗീത. **ഇച്ഛാശക്തിയും ജ്ഞാനശക്തിയും** ക്രിയാശക്തിയുമുണ്ടാക്കാൻ **പാരമാർത്ഥിക ജ്ഞാനവും വ്യാവ ഹാരികജ്ഞാനവും** തിരിച്ചറിയിക്കാൻ **ജ്ഞാനയോഗവും കർമ്മ യോഗവും ഭക്തിയോഗവും** ചേർത്ത്, **ഉത്തിഷ്ഠതാ ജാഗ്രത പ്രാപ്യ വരാന്നിബോധ**തയുടെ പന്ഥാവിലൂടെ, തളർന്നു തകർന്നു വരണ്ടു പോയ അർജ്ജുനമനസ്സിനെ, ഉയർത്തിയെഴുന്നേൽപിച്ചു. അതാണ് ഉപനിഷത്തുക്കളുടെ പരിപൂർണസത്തായ ഗീതയുടെ മഹത്വം.

- എല്ലാ ഉപനിഷത്തുക്കളും പഠിക്കുന്നതിൽ നിന്ന് എന്താണോ നേടേ ണ്ടത് അതും അതിന്റെ സമഗ്രസമ്പൂർണ പ്രായോഗികതയും ഭഗവദ്ഗീതയിലുണ്ട്.

- ഗീതയിലെ ചാതുർവർണ്യത്തിലെ ബ്രാഹ്മണർ (ബ്രഹ്മജ്ഞാനി യുടെ കാര്യമല്ല ഇത്) വേണ്ടുന്ന വ്യാവഹാരിക ലോകത്തിലെ പ്രത്യേകതകൾ ഇതൊക്കെയാണ്. ബ്രാഹ്മണനു വേണ്ടത് ക്ഷമ, അഹിംസാ, സത്യം, പക്വത, വൃത്തി, ഇന്ദ്രിയ സംയമം, ഗുരുശുശ്രൂ ഷ, തീർത്ഥാടനം, ദയ, ഇച്ഛാശക്തി, പിശുക്കില്ലായ്മ, വേദപഠനം പണ്ഡിതപൂജ, അനസൂയ, ദാനം സ്വീകരിക്കലും ദാനം ചെയ്യലും. ബ്രാഹ്മണനാകാൻ ഏകദേശം ഇതുമതി. ഈ ലക്ഷണങ്ങളാണ് ധർമ്മശാസ്ത്രം വിവരിക്കുന്നത്. എന്നാൽ ഇതൊന്നുമല്ല, ബ്രഹ്മ ജ്ഞാനിയുടെ ലക്ഷണം! അതുകൊണ്ടറിയുക ബ്രാഹ്മണൻ വെറെ ബ്രഹ്മജ്ഞാനി വേറെ.



Scanned with CamScanner

നാദബ്രഹ്മ ഉപാസനയിലൂടെ ഒരുപക്ഷേ ശ്രീ യേശുദാസും ശാസ്ത്ര ഉപാസനയിലൂടെ ആൽബർട്ട് ഐൻസ്റ്റീനും, ഡോ. അബ്ദുൾകലാമും, വേദപഠനത്തിലൂടെ ശ്രീ സാത്വലേക്കറും, ഇക്കാലഘട്ടത്തിലെ ബ്രഹ്മജ്ഞാനികളാണെന്നു പറയാം. ശ്രീശങ്കരാചാര്യനേയും, ശ്രീരാമകൃഷ്ണ പരമഹംസനേയും ഭഗവാൻ രമണമഹർഷിയേയും മാതാ അമൃതാനന്ദമയിയേയും, ശ്രീ സത്യസായി ബാബയേയും കുറിച്ച് വിവരിക്കാൻ എനിക്കസാദ്ധ്യമാണ്. ആത്മീയ മണ്ഡലത്തിൽ പ്രവർത്തിച്ചാലേ ബ്രഹ്മജ്ഞാനി എന്ന അവസ്ഥയിലെത്തുകയുള്ളൂ എന്നൊന്നുമില്ല. ഏതു മണ്ഡലവും, പരാവിദ്യയും അപരാവിദ്യയും ചെന്നെത്തുന്നത് ഒരു ബിന്ദുവിലാണ്. ബ്രഹ്മജ്ഞാനത്തിലേക്കു തന്നെ.

ഈ ഉപനിഷദ് സന്ദേശങ്ങളെക്കുറിച്ചു പറയുന്നു "എവിടെയാണോ അത്യാധുനീകശാസ്ത്രം വന്ന് പൊടുന്നനെയെത്തിനിൽക്കുന്നത് അവിടെ നിന്നാരംഭിക്കുന്ന അതിപുരാതന ഭാരതീയ ഉപനിഷദ് തത്വശാസ്ത്രങ്ങൾ." സത്യമിതാണ്! ആധുനീക ശാസ്ത്രത്തേയും ഉപനിഷദ് ചിന്താധാരകളേയും ബന്ധിപ്പിക്കുന്ന രണ്ടു വാക്കുകളാണ് പ്രജ്ഞാനം + സ്വബോധം (awareness + consciousness) എന്നു നേരത്തേ സൂചിപ്പിച്ചു.

ഈ ഉപനിഷദ് വാക്യം പ്രജ്ഞാനം ബ്രഹ്മ, ആധുനീക ശാസ്ത്രത്തിലെയും ഉത്തരം ലഭിക്കാത്ത അനവധി ചോദ്യങ്ങൾക്കുത്തരം നൽകുന്നു. The intrinsic inherent self guiding self motivating self energising awareness and consciouness present in every living and non living beings, the Hindus call it as Brahmam = സർവ ചരാചരങ്ങളിലും സ്വതസിദ്ധമായിത്തന്നെ, പ്രകൃതി നൽകിയ, സ്വയം ദിശാബോധം നൽകുന്ന, സ്വയം ഉത്തേജിപ്പിക്കുന്ന, പ്രജ്ഞാനവും സ്വബോധവും നിലനിൽക്കുന്നു. അതിനെ ഹിന്ദുക്കൾ ബ്രഹ്മം എന്നു പറയുന്നു. ഇതൊരു പാശ്ചാത്യ ശാസ്ത്രജ്ഞന്റെ വിവരണമാണ്.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യത്തിൽ (1999) ഡോ. ഗുന്തർ എന്ന ശാസ്ത്രജ്ഞന് നോബൽ സമ്മാനം ലഭിച്ചത് ചില പ്രത്യേക പ്രോട്ടീൻ മോളിക്യൂളുകൾക്ക് ഈ awareness ഉം consciousness ഉം ഉണ്ടെന്ന് തെളിയിച്ചതിനാണ്. ഇത് ഭാരതത്തിന്റെ അത്യുജ്ജ്വലമായ സംഭാവനയെ ആധുനിക ശാസ്ത്രംകൊണ്ട് തെളിയിച്ചു എന്നു പറഞ്ഞാൽ അതൊരു തെറ്റാകില്ലതന്നെ.

സർവ്വചരാചരങ്ങളിലും പ്രജ്ഞാനമുണ്ട്, സ്വബോധമുണ്ട്, ഈശ്വര ചൈതന്യമുണ്ട്, അവയെ എങ്ങിനെ പ്രവർത്തിപ്പിക്കണം - നില



Scanned with CamScanner

നിർത്തണം - പരിണമിപ്പിക്കണം - എന്ന അറിവെല്ലാം അതിനകത്തുതന്നെ സ്വതസിദ്ധമായി നിലനിൽക്കുന്നു എന്നു പറഞ്ഞത് സഹസ്രാബ്ദങ്ങൾക്കുമുമ്പ് ഭാരതീയരാണ്.

- ആ സ്വബോധമാണ് ആറ്റത്തിലെ ഇലക്ട്രോണുകളെ വ്യക്തമായ ഓർബിറ്റിലൂടെ വ്യക്തമായ വേഗതയിൽ ഭ്രമണം ചെയ്യിക്കുന്നത്, ന്യൂക്ലിയസിനെ ഭ്രമണം ചെയ്യിക്കുന്നത്, ആറ്റങ്ങൾക്കില്ലാത്ത ഗുണവിശേഷങ്ങളായ **എമർജന്റ് പ്രോപർട്ടീസ്** മോളിക്യൂളുകളിൽ ദൃശ്യാനുഭവമാകുന്നത്.

- **ക്വാണ്ടം എൻറാംഗിൾമെന്റ്** എന്ന പ്രതിഭാസം അത്യാധുനിക ശാസ്ത്രം വിവരിക്കുന്നതും ഈ പ്രജ്ഞാനത്തിലൂടെയാണ്. **അണോരണീയാൻ** എന്നു ഉപനിഷദ് തത്ത്വശാസ്ത്രരചയിതാവ് അർത്ഥശങ്കക്കിടമില്ലാതെ പറഞ്ഞു, ഏറ്റവും ചെറിയ അണുവിൽപോലും ഈ ബ്രഹ്മചൈതന്യം നിലനിൽക്കുന്നു എന്ന്. അതിമഹത്തായ പ്രപഞ്ചത്തിലെ ബില്യൺസ് ഓഫ് ഗാലക്സികളിൽ, ഓരോന്നിലുമുള്ള സോളാർ സിസ്റ്റങ്ങൾ! **അനന്തമജ്ഞാതമവർണനീയം ഈ ലോകഗോളം തിരിയുന്ന മാർഗം അതിങ്കലെങ്ങാണ്ടൊരിടത്തിരിന്നു നോക്കുന്ന മർത്യൻ കഥയെന്തറിഞ്ഞു** എന്ന ചോദ്യം ശാസ്ത്രജ്ഞന്മാർക്കുള്ളതാണ്! ഭാരതീയ ഋഷിവര്യന്മാർക്കുള്ളതല്ല. കാരണം ഈ പവിത്രഭൂമിയിലെ ഋഷിവര്യന്മാർ കഥയറിഞ്ഞുകൊണ്ടുതന്നെ അവസാനത്തെ വാക്കുകൾ ആദ്യംതന്നെ പറഞ്ഞവരാണ്.

- ഓരോദിവസവും ആധുനീകശാസ്ത്രം മാറിക്കൊണ്ടിരിക്കുന്നു. എന്നാൽ ഭാരതീയ ചിന്താധാരകൾ മാറുന്നില്ല. ശാശ്വതമായത് നിലനിൽക്കും. താൽക്കാലികമായത് മാറിക്കൊണ്ടേയിരിക്കും. ഇന്ന് താൽക്കാലികമായ ആധുനീകശാസ്ത്രം എത്തിനിൽക്കുന്നത് ഭാരതീയ ചിന്തകളിലാണ്. മസ്തിഷ്കമാകുന്ന ലാബറട്ടറികളിൽ ചിന്തകളാകുന്ന ഗവേഷണ ഉപകരണങ്ങളുപയോഗിച്ച് ധ്യാനമാർഗത്തിലൂടെ പരീക്ഷണം നടത്തി ഭാരതീയർ കണ്ടുപിടിച്ചത് അകത്തുനിന്ന് പുറത്തേക്കുവന്നതാണ്. അതു ഭാരതത്തിന്റെ സംഭാവനയാണ്. പുറത്തുനിന്നകത്തേക്കു പോയതാകട്ടെ പാശ്ചാത്യ സംഭാവനയാണ്. ഏതൊന്നാണോ നിലനിൽക്കേണ്ടത് അത് നിലനിൽക്കുക തന്നെ ചെയ്യും. പുറത്തുനിന്നകത്തേക്കു പോകുന്ന പാശ്ചാത്യവിജ്ഞാനം പുറത്തുമാറുമ്പോൾ അകത്തേക്കുപോകുന്നതും മാറും.

- വാല്മീകിയും, വ്യാസനും, ആര്യഭടനം, വരാഹമിഹിരനും സഹസ്രാബ്ദങ്ങൾക്കു ശേഷം ഇന്നും ജീവിക്കുന്നു. വിദേശത്തു



Scanned with CamScanner

പ്രവർത്തിച്ച് നോബൽ സമ്മാനം നേടിയ ഭാരതീയ ശാസ്ത്രജ്ഞന്മാരുടെ പേര് ഭാരതീയർപോലും ഇപ്പോൾ ഓർമ്മിക്കുന്നുണ്ടോ എന്ന് സംശയമല്ലേ. ഡോ. ഹരിഗോവിന്ദ് ഖൊറാനോ, ഡോ. വെങ്കിടേശ്വരൻ ........ ഓർമ്മിക്കുന്നുണ്ടോ നിങ്ങൾ?

- പ്രജ്ഞാന പ്രപഞ്ചശാശ്വതസത്യത്തെക്കുറിച്ചും അതാണ് ഋഷിമാർ പറഞ്ഞത്. അതിനെ ഈശ്വരചൈതന്യമെന്ന് ഋഷി പറഞ്ഞു. മനുഷ്യശരീരഘടനയിലൂടെ ഒന്നുകൂടി പ്രജ്ഞാനത്തെ ഒന്നു പരിശോധിച്ചാലെങ്ങിനെയുണ്ടാകും? ബയോകെമിസ്ട്രിയുടെ അടിത്തറയുണ്ടെങ്കിൽ ഉപനിഷത്തുക്കളെളുപ്പം മനസ്സിലാകുമെന്നും ഞാൻ പറഞ്ഞില്ലേ!

- നമ്മുടെ കണ്ണുകൾ പ്രവർത്തിക്കുന്നതെങ്ങെയെന്ന അത്ഭുത പ്രതിഭാസം അറിയുമോ? നമ്മുടെ ചെവികൾ, ഹൃദയം, ദഹനേന്ദ്രിയങ്ങൾ, മൂക്ക്, നാക്ക്, എല്ലാമെല്ലാം നമ്മുടെ നിർദ്ദേശപ്രകാരമല്ല പ്രവർത്തിക്കുന്നത് എന്നാദ്യം അറിയണം. അതാതു ഇന്ദ്രിയങ്ങൾക്കകത്തുതന്നെ/ഇന്ദ്രിയങ്ങളിൽ തന്നെ awareness ഉം consciousness ഉം ഉണ്ട്. അതുകൊണ്ടുമാത്രം അതെല്ലാം കൃത്യമായി പ്രവർത്തിക്കുന്നു.

- **യേന ചക്ഷൂംഷി പശ്യതി** ഏതു ചൈതന്യത്താലാണോ കണ്ണുകൾ കാണുന്നത്, **യേന ശ്രോത്രമിദം ശ്രുതം** = ഏതിനാലാണോ ചെവികൾ കേൾക്കുന്നത്; **യേനാഹുർ മനോമതം** = ഏതിനാലാണോ മനസ് പ്രവർത്തിക്കുന്നത്..... **തദേവ ബ്രഹ്മത്വം വിദ്ധി** അതുതന്നെയാണ് പരമാത്മ / ബ്രഹ്മചൈതന്യമെന്ന് മനസ്സിലാക്കുക. ഇതിനപ്പുറം പറയേണ്ടതുണ്ടോ എന്നും ചിന്തിക്കുക.

- നമ്മുടെ ശരീരത്തിൽ, ഏകദേശം 60,000 കിലോമീറ്റർ ദൂരം, ഒരു മിനിറ്റിൽ രക്തം ഓടുന്നുണ്ട്, മിനിറ്റിൽ ഏകദേശം 68 പ്രാവശ്യം ഹൃദയമിടിക്കുന്നു, ശരീരതാപനില 37.3 ഡിഗ്രിയിൽ തന്നെ നിൽക്കുന്നു പൊട്ടാസ്യത്തിന്റേയും സോഡിയത്തിന്റേയും 'സന്തുലിതാവസ്ഥ' കൃത്യമായി നിലനിൽക്കുന്നു. ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കു വരുമ്പോൾ കണ്ണടക്കുന്നു, വെളിച്ചത്തിൽ നിന്നിരിട്ടിലേക്കു വരുമ്പോൾ കണ്ണുകൾ ലഭ്യമായ വെളിച്ചമെടുക്കാൻ തയ്യാറാകുന്നു. മൂക്കിനുള്ളിൽ എന്തെങ്കിലും പോയാൽ ശക്തിയായി തുമ്മുന്നു, റിഫ്ളക്സ് ആക്ഷൻ ശരീരം തനിയെ ചെയ്യുന്നു. ഞാനല്ലാത്ത ഒരു ശക്തി ഈ ശരീരത്തിനെക്കൊണ്ട് ഇതെല്ലാം ചെയ്യിക്കുന്നു. ആ ശക്തിയാണ് പ്രപഞ്ചചൈതന്യം എന്നു വേദങ്ങൾ പറയുന്നതുതന്നെ പരമാത്മ ചൈതന്യം എന്ന മറ്റൊരുവാക്കിലൂടെ



Scanned with CamScanner

ഉപനിഷത്തുക്കളും പറയുന്നു. അതിന്റെയൊരംശം എന്നിലുള്ളതാണ്, ജീവാത്മചൈതന്യം. അതാണ് **ജീവൻ**. ആ വാക്കിൽ നിന്നല്ലെ ഓക്സിജൻ, നൈട്രജൻ, ജീൻ എന്ന വാക്കുകളുണ്ടായത്.

- അതിർത്തികളില്ലാതെ പ്രപഞ്ചം മുഴുൻ വ്യാപിച്ചു കിടക്കുന്നതിനാൽ അതു പരമാത്മ ചൈതന്യം. ത്വക്കിന്റെ അതിർത്തിയുള്ള ശരീരത്തിന്റെ അകത്തു നിലനിൽക്കുന്നതിനാൽ, ആത്മാവ് ശരീരത്തിലുള്ളപ്പോൾ ജീവാത്മചൈതന്യം എന്നും പറയുന്നു. അതെന്നിലുണ്ട്, നിന്നിലുമുണ്ട്, സർവചരാചരങ്ങളിലുമുണ്ട്. അകത്തുമുണ്ട്, പുറത്തുമുണ്ട്.

- കടലിലെ വെള്ളം പരമാത്മചൈതന്യംപോലെയെന്നും അതൊരു കുടത്തിലെടുത്താൽ അതു ജീവാത്മചൈതന്യംപോലെയെന്നുമുപമിക്കാമെന്നും ഗീതയും ഉപനിഷത്തും പറയുന്നു. രണ്ടിലുമുള്ളത് കടൽവെള്ളമാണല്ലോ. പരിമിതിയില്ലാത്തത് കടലും പരിമിതിയുള്ളത് കുടത്തിലെ ജലവും. ആദ്യത്തേത് പരമാത്മചൈതന്യം, രണ്ടാമത്തേത് ജീവാത്മചൈതന്യം.

- എല്ലാ ഉപനിഷത്തുക്കളും വിവരിക്കുന്നത് ജീവാത്മ-പരമാത്മ-പരബ്രഹ്മ-മന-പഞ്ചഭൂത-പഞ്ചകർമ്മേന്ദ്രിയ-കർമ്മജ്ഞാനേന്ദ്രിയ വിഷയങ്ങളല്ലേ? അതു നിങ്ങളോടു നേരത്തേ പറഞ്ഞതോർക്കുമല്ലോ. എല്ലാ വേദശാഖകൾക്കും ഉപനിഷത്തുക്കളുണ്ട്. അതിലെല്ലാം പല വിഷയങ്ങൾ വിവരിക്കുന്നുമുണ്ട്.

- ഈ വിവരണങ്ങളെ അതിപണ്ഡിതന്മാർക്കും വളരെ സാധാരണക്കാർക്കും വ്യാഖ്യാനത്തോടെയോ വ്യാഖ്യാനമില്ലാതെയോ മനസ്സിലാക്കാൻ സാധിക്കും. ഒരുവരി മാത്രമുള്ള കലിസന്തരണ ഉപനിഷത്തുമുതൽ അനേകം പേജുകളുള്ള ബൃഹദാരണ്യക/ഛാന്ദോഖ്യ ഉപനിഷത്തുക്കൾവരെ എല്ലാ ഗ്രന്ഥങ്ങളും ലക്ഷ്യമിടുന്നത്, നമുക്കതീതമായ ഒരു ശക്തി സർവചരാചരങ്ങളിലും അകത്തും പുറത്തും നിലനിൽക്കുന്നു എന്നറിയിക്കാനാണ്. അതിന്റെ മഹത്വം നാം അറിയുമ്പോൾ മനുഷ്യന്റെ പരിധിയും പരിമിതിയും നാം അറിയും. അപ്പോൾ നമ്മുടെ മനസ് ലാളിത്യത്തിലേക്കും എളിമയിലേക്കും പ്രയാണം ചെയ്യും. അതാണ് ഉപനിഷത്തുക്കളുടെ ലക്ഷ്യവും മാർഗവും.

- എനിക്കതീതമായ ശക്തിയുണ്ടെന്ന്, എന്നു ഞാൻ തിരിച്ചറിയുന്നുവോ അന്നു ഞാൻ ആ ശക്തിക്കു കീഴെയാണ് നിലകൊള്ളുന്നതെന്നറിയും. എന്റെ മനസ്സിലെ തിന്മകളിൽ നിന്നു ഞാൻ മോചനം നേടാൻ തുടങ്ങും. വാശിയും പകയും അഹങ്കാരവും അസഹിഷ്ണ



Scanned with CamScanner

തയും കുറയും. ഞാനതിൽനിന്ന് മുക്തനാകും! മുക്തിനേടും. അതാണ് തിന്മയിൽ നിന്നുള്ള മോക്ഷം! ജീവിതഗതി സുഗമമാകുക. അതാണു സ്വർഗം, ഭൂമിയിലെ സ്വർഗം ! മരണത്തിനു മുമ്പും മരിക്കുമ്പോഴും മരണത്തിനുശേഷവുമുള്ള സ്വർഗം!

പരമാത്മ ചൈതന്യത്തെക്കുറിച്ചു മനസ്സിലാക്കാൻ എളുപ്പമല്ല. അതെന്തുകൊണ്ടാണ്? ഏതൊന്നാണോ വാക്കുകളാൽ വിവരിക്കാൻ സാധിക്കുന്നത്, അത് നേരത്തെ കാണുകയോ പഠിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കും. പരമാത്മ ചൈതന്യത്തെ കണ്ടിട്ടുള്ളവരാരുമില്ല. കാരണം **യത് ചക്ഷുഷാ നപശ്യതി** = അത് കണ്ണുകൊണ്ട് കാണാൻ സാധ്യമല്ല. കാണാത്തത് മനസ്സിലാക്കുവാനോ മനനം ചെയ്യുവാനോ സ്മരിക്കുവാനോ സാധിക്കില്ല. **യത് മനസാ ന മനുതേ** = അത് മനസ്കൊണ്ട് മനനംചെയ്യാനും സാധ്യമല്ല. ഇതു കേട്ടു പഠിച്ചിട്ടുണ്ടോ എന്നാണെങ്കിൽ അത് കേൾവിക്കു വിധേയമല്ല **യത് ശ്രോത്രേണ നശ്രുണോതി.** അതിന് കാരണമുണ്ട്. വാക്കുകൾകൊണ്ടതിനെ വിവരിക്കാനും സാധ്യമല്ല. **യത്വാചാനഭ്യുദിതം** = വാക്കുകളാൽ വിവരിക്കാൻ സാധ്യമല്ല. അങ്ങിനെയുള്ള പരമാത്മ ചൈതന്യത്തെയാണ് ഭാരതീയർ യഥാർത്ഥത്തിൽ പരമമായ ഈശ്വരൻ എന്നു പറയുന്നത്.

ഇപ്പോൾ നമ്മൾ ഉപനിഷത്തുക്കളിലൂടെയാണ് പോകുന്നതെന്നോർമ്മിക്കണം. പുരാണങ്ങൾ കഴിഞ്ഞ്, ഇതിഹാസങ്ങൾ കഴിഞ്ഞ്, വേദങ്ങൾ കഴിഞ്ഞ് ബ്രാഹ്മണങ്ങൾ സ്പർശിച്ച് ഉപനിഷത്തിലെത്തിയതിൽ നിന്നാണ് മുന്നോട്ടു പോകുന്നത് എന്നോർക്കുമല്ലോ!

ഉപനിഷത്തുക്കൾ പറയുന്ന ആ ബ്രഹ്മചൈതന്യത്തിൽ നിന്നാണ് സർവതും ഉത്ഭവിക്കുന്നതും, അതുകാരണമാണ് സർവതും നിലനിൽക്കുന്നതും. അതിലേക്കാണ് സർവതും അലിഞ്ഞു ചേരുന്നതും എന്നു സൂചിപ്പിച്ചുവല്ലോ! **യതോ വാ ഇമാനി ഭൂതാനി ജായന്തേ യേന വാ ജാതാനി ജീവന്തി യത് പ്രയന്ത്യഭിസംവിശന്തി തദ് വിജിജ്ഞാസസ്വ തദ് ബ്രഹ്മേതി അർത്ഥം** മുകളിൽ സൂചിപ്പിച്ചതു തന്നെ. ഇതാവർത്തിക്കുന്നത്, മനുസ്സിലുറക്കാനാണ് എന്നുമോർമ്മിക്കണം.

ആഗാധതലത്തിലെ ഭാരതീയ അറിവ് ചൂണ്ടിക്കാണിക്കുന്നത്; ഇവിടെ ഈശ്വരൻ ഒന്നിനേയും സൃഷ്ടിക്കുന്നില്ല എന്നാണ്. സാധാരണക്കാർക്ക് മനസ്സിലാകാനായി നാം പറയാറുണ്ട്: സൃഷ്ടികർത്താവ്, സ്രഷ്ടാവ്, സൃഷ്ടിച്ചു...... ഇതു പുരാണത്തിലും പറയുന്നുണ്ട്. നമ്മൾ പുരാണത്തിലെ കഥകളിൽ നിന്ന് സന്ദേശമെടുക്കാൻ പഠിച്ച്,



Scanned with CamScanner

ഇതിഹാസങ്ങളിലെ അനുഭവങ്ങളിലൂടെ കടന്ന് അവിടെ നിന്ന് സന്ദേശങ്ങളെടുക്കേണ്ടതാണെന്നറിഞ്ഞ്, വേദത്തിൽ നിന്ന് നേരിട്ട് സന്ദേശങ്ങളെടുക്കണമെന്നുമറിഞ്ഞ് അവസാനത്തെ ബിന്ദുവായ (വേദാന്തമായ) ഉപനിഷത്തിലെത്തിനിൽക്കുമ്പോൾ നേരത്തേയു പയോഗിച്ച് പദപ്രയോഗങ്ങളെല്ലാം മാറുന്നതു കാണാം. ഇവിടെ പാരമാർത്ഥിക സത്യം മാത്രമേയുള്ളൂ. പാരമാർത്ഥിക സത്യം വ്യാവ ഹാരിക സത്യങ്ങൾപോലെ അറിയാനെളുപ്പമല്ല എന്നതും പാര മാർത്ഥികസത്യമാണ്. അതറിയിക്കലും ഉപനിഷത്തിന്റെ ലക്ഷ്യങ്ങ ളിലൊന്നാണ്. പക്ഷേ ഉപനിഷത്തിന്റെ നിലവാരത്തിലുള്ള പരമ മായ ഈശ്വര/പരമാത്മ ചൈതന്യത്തിലേക്കെത്തി വിശകലനം ചെയ്താൽ മനസ്സിലാകും: ഈശ്വരൻ (ഈശൻ) ഇതൊന്നും സൃഷ്ടിച്ചതല്ല. ഇതായിത്തീരുന്നതാണ്, ഈശ്വരീയമാണിതെല്ലാ മെന്ന്. അതിനാൽ World is the manifestation of the divine power എന്നു പറയും. മറ്റെല്ലാ മതങ്ങളും പറയുന്നത് ഈശ്വരൻ ഇതു സൃഷ്ടിച്ചു, അതു സൃഷ്ടിച്ചു എന്ന്. ഭാരതീയരിൽ ഉന്നതങ്ങളി ലെത്തിയവർ പറഞ്ഞു: **സൃഷ്ടിയും, സൃഷ്ടാവും, സൃഷ്ടിജാ ലവും സൃഷ്ടിക്കുള്ള സാമഗ്രിയായതും നീയല്ലോ ദൈവമേ!** ശ്രീനാരായണഗുരുവിന്റേതാണീ വിവരണം.

ശ്രീകൃഷ്ണനും വിവരിച്ചു; **അഹം ക്രതുരഹം യജ്ഞം സ്വധാഹ മഹമൗഷധം മന്ത്രോഹമഹമേവാജ്യം അഹം വഹ്നിരഹം ഹുതഹം** = എല്ലാം ഞാനാണ്! യാഗവും, യജ്ഞവും, യജ്ഞദ്രവ്യ വും, മന്ത്രവും, ഹവിസ്സും, നെയ്യും, അഗ്നിയും, കത്തിജ്ജ്വലിക്കലും... ഞാൻ തന്നെയാണ്.

- ഈശാവാസ്യമിദം സർവം എന്നു വിവരിച്ചതതുകൊണ്ടാണ്, ഈകാ ണുന്നതെല്ലാം ഈശ്വരനും ഈശ്വരന്റെ ഭാഗവുമാണെന്ന് പറഞ്ഞ ത്. ഈശ്വരൻ വേറെ, സൃഷ്ടി വേറെ, സൃഷ്ടികർമ്മം വേറെയി ല്ലെന്നു ഗീത പറയുന്നു. എല്ലാമെല്ലാം ഒന്നുതന്നെയായ പ്രപഞ്ച ചൈതന്യമാണ്. മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടോ? ആഴത്തിൽ ചിന്തിക്കൂ, ഉത്തരം ലഭിക്കും.

- ഈശ്വരൻ വേറെ ഈശ്വരൻ സൃഷ്ടിച്ചതുവേറെ ആയപ്പോഴാണ് ആദത്തിനെ സൃഷ്ടിച്ചുകഴിഞ്ഞപ്പോൾ സൃഷ്ടിക്കുള്ള സാമഗ്രി തീർന്നത്. അതുകൊണ്ട് ആദ്യമുണ്ടാക്കിയ ചപ്പാത്തിയിൽ നിന്ന് കുറച്ചെടുത്ത് മറ്റൊരു ചപ്പാത്തി ഉണ്ടാക്കേണ്ടിവന്നതുപോലെയായി. ആദത്തിന്റെ കുറച്ചെടുത്ത് ഹവ്വയെ ഉണ്ടാക്കേണ്ടിവന്നത് എന്ന് സെമിറ്റിക് മതങ്ങൾ പറയുന്നു. എല്ലാം വേറെവേറെയായാൽ



Scanned with CamScanner

ഈശ്വരന് ആശാരിയുടെയും, കൊത്തന്റേയും, ശില്പിയുടേയും ജോലി മാത്രമായിത്തീരും.

- കടലിലെ ജീവികൾപോലെയാണ് സൃഷ്ടിയും സ്ഥിതിയും സംഹാരവുമെന്നുവേണമെങ്കിൽ പറയാം. അമ്മ മത്സ്യത്തിന്റേയും അച്ഛൻ മത്സ്യത്തിന്റേയും ശരീരത്തിലുണ്ടായതെല്ലാം (ഉള്ളതെല്ലാം) കടലിൽ നിന്നു വന്നതാണ്. ആ കടലിന്റെ ചൈതന്യത്തിൽ നിന്നു വന്ന ദമ്പതികളായ മത്സ്യങ്ങളിൽ നിന്ന് അണ്ഡവും ബീജവും ഉണ്ടായി അതുചേർന്ന് മത്സ്യത്തിന്റെ എംബ്രിയോ ഉണ്ടായി. ആ എംബ്രിയോക്കാവശ്യമുള്ളതെല്ലാം കടലിൽ നിന്നെടുത്ത്, ഒരു മില്ലി ഗ്രാമിൽ താഴെയുണ്ടായിരുന്ന എംബ്രിയോ കടലിൽ നിന്നെടുക്കേണ്ടതെല്ലാമെടുത്ത് 1 ഗ്രാം, 1 കിലോഗ്രാമും, പിന്നെ അതിനേക്കാൾ വലുതുമായ തിമിംഗലം വരെയുള്ളതായിത്തീർന്നു. ആ മത്സ്യകുടുംബത്തിന് ലഭിച്ചതെല്ലാം കടലിൽ നിന്ന്, നിലനിൽക്കുന്നതും കടൽ കാരണമാണ്. (മനുഷ്യൻ പടിച്ചു തിന്നില്ലെങ്കിൽ) ചത്താൽ അഴുകിച്ചേരുന്നതും കടലിൽ തന്നെ. അപ്പോൾ കടലിനെ പരമാത്മ ചൈതന്യത്തോട് ഉപമിക്കാം. മത്സ്യങ്ങളെ 16 ലക്ഷം തരത്തിലുള്ള ജന്തുജാലങ്ങളോടുമുപമിക്കാം..... ഇനി ചിന്തിക്കുക, എല്ലാം ഒന്നിൽ നിന്നാരംഭിച്ച് അതിൽതന്നെയവസാനിക്കുന്നു എന്നതിന്റെ അർത്ഥം മനസ്സിലായോ?

- പ്രപഞ്ചത്തിൽ നിലനിൽക്കുന്ന ചൈതന്യത്തിനകത്തു നിലനിൽക്കുന്ന നമ്മിലെ ചൈതന്യമേതെന്ന് അറിയാൻ വിഷമമുണ്ടാകില്ല. ഏതിലാണോ നിലനിൽക്കുന്നത് അതിൽ നിന്നുവന്ന ചൈതന്യം/ഊർജ്ജം അതല്ലേ നമ്മളിലെല്ലാം നിലനിൽക്കുന്നത്. അതാണ് സത്യം (സത്യം = truth + fact + essence)

- അത് ഏറ്റവും ചെറിയ അണുവിലുണ്ട് (**അണോരണീയാൻ**) ഏറ്റവും വലിയ പ്രപഞ്ചത്തിലുണ്ട് (**മഹതോ മഹീയാൻ**) ജീവാത്മാവായി സർവ ജീവജാലങ്ങളിലുമുണ്ട് (**ആത്മാ ഗുഹായം നിഹിതോഽസ്യ ജാന്തോ**). ഇതാണ് ഉപനിഷത്ത് പരമസത്യമായി നമ്മെ അറിയിക്കുന്നത്. ഭാരതീയ ചിന്താധാരകളിലെ അവസാനത്തെ വീക്ഷണങ്ങളുടെ ആരംഭമിവിടെയാണ്.

- **ബ്രഹ്മസത്യം ജഗത് മിഥ്യാ ജീവോബ്രഹ്മൈവ നാഽപരാ** എന്നതിന്റെ ഉജ്ജ്വലമായ സന്ദേശം എന്നതും അതുതന്നെയാണെന്നു പറഞ്ഞതോർക്കുമല്ലോ. ഈ ലോകത്തിൽ, സത്തായി + സത്യമായി + എസ്സൻസായി + അടിസ്ഥാനഘടകമായി നിലനിൽക്കുന്നത് ഈ ചൈതന്യമാണ്. അതിന് ഈ പൂർവീകർ ബ്രഹ്മമെന്ന് പേരുകൊടു



Scanned with CamScanner

ത്തു. നാം ലാഘവത്തോടെ വിവരിക്കുന്ന, എന്നാൽ ലാഘവ ത്തോടെ വിവരിക്കാനാകാത്തതാണീ ബ്രഹ്മം.

- അതാണ് എല്ലാത്തിന്റേയും എസ്സൻസ് അഥവാ അടിസ്ഥാന ഘടകം എന്നു അതിപുരാതന ഋഷിമാർ പറഞ്ഞതും ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞതും ഒന്നല്ലേ? $E = mc^2$. എല്ലാം E ൽ ആരംഭിക്കുന്നു. E യാൽ നിലനിൽക്കുന്നു E യിൽ തന്നെ ചേരുന്നു.

- അത്യാധുനിക ശാസ്ത്രസത്യം എന്നത്; എല്ലാ ദ്രവ്യങ്ങളും **മോളി ക്യൂളുകൾ** (തന്മാത്രകൾ) കൊണ്ടുനിർമ്മിച്ചിരിക്കുന്നു. തന്മാത്ര കളാകട്ടെ **ആറ്റങ്ങൾ** (പരമാണുക്കൾ) കൊണ്ട് നിർമ്മിതമാണ്. ഈ ആറ്റങ്ങളാണെങ്കിൽ പ്രോട്ടോൺ, ന്യൂട്രോൺ തുടങ്ങി നൂറിൽപരം ആറ്റമിക കണികകളാൽ നിർമ്മിതവുമാണ്. ഇവിടെയും അവസാ നിക്കുന്നില്ല, ആറ്റത്തിന്റെ അടിസ്ഥാനഘടകത്തിലേക്കുള്ള പ്രയാണം! ഇന്നറിയപ്പെടുന്നതിൽ ഏറ്റവും അടിസ്ഥാനഘടകം ഊർജ്ജത്തിന്റെ **സ്ട്രിങ്ങുകളാണ്** (ചരടുകൾ)

- ഭഗവത്ഗീതയിലെ വരിപോലെ **സൂത്രേ മണികണാ ഇവ** = ഒരു ചരടിൽ കോർത്തിരിക്കുന്ന മുത്തകൾപോലെ സർവ്വ ദ്രവ്യങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. $10^{-14}$ മുതൽ $10^{-34}$ വരെ സെ.മീ നീളമുള്ള ഊർജ്ജചരടുകളാണ് ഈ ലോകത്തിലെ സർവദ്രവ്യ ങ്ങളും. ഈ ലോകത്തിലെ സർവതും നിർമ്മിച്ചിരിക്കുന്നത്. ഈ ചരടിനാലാണ്; **ഊർജ്ജചരട്** അതത്രെ ഈശാവാസ്യമിദം സർവ്വം!

- മാങ്ങയും, തേങ്ങയും, ചക്കയും, ചേരയും, ചോരയും, ലഡ്ഡുവും, ദോശയും, ഇഡ്ഡലിയും, ഞാനും നിങ്ങളും എല്ലാമെല്ലാം ഈ ചൈത ന്യമാണ്, ഊർജ്ജകണം. മനസ്സിലായില്ലേ സൃഷ്ടിയും സൃഷ്ടാ വും... എന്നതിന്റെ അർത്ഥം.

- അതറിഞ്ഞാൽ ഈ ഊർജ്ജത്തിന്റെ പരിണാമം മാത്രമാണ് ലോക ത്തിലെയെല്ലാ നാടകവുമെന്നറിഞ്ഞാൽ അവനെവിടെ ദുഃഖം എവിടെ സന്തോഷം? എല്ലാം മായം, പ്രകൃതിയുടെ മായാവിലാ സം. **തമക്രതുപശ്യതിവീത ശോകോ ധാതു പ്രസാദാൻ മഹിമാ നമീശം.** ഈ ഊർജ്ജ സ്രോതസ്സെല്ലാം ഒന്നുതന്നെയാണെന്ന റിഞ്ഞ്, ആ സ്രോതസ്സാണ് ഈശ്വരനെന്നറിഞ്ഞാൽ അവിടെ വികാ രവിക്ഷോഭങ്ങൾ, ദുഃഖം, ഭയം, വാശി, പക, വിദ്വേഷം, അഹങ്കാരം എല്ലാം ഓടി മറയില്ലേ? എന്തുതോന്നുന്നു ഇപ്പോൾ? മായയും മായാ വിയും മായാവിനോദനും നീയല്ലോ മായയെനീക്കി സായൂജ്യം നൽകുമാര്യനും......!



Scanned with CamScanner

- ആ ചൈതന്യമല്ലേ ഈ ലോകത്തിലെ പ്രജ്ഞാനം - awareness and consciousness . താറാവിന്റെ കുഞ്ഞ് വെള്ളത്തിൽ ചാടിയാൽ മുങ്ങില്ലെന്ന് അതിനെ അറിയിച്ചതും, കോഴിക്കുഞ്ഞ് വെള്ളത്തിൽ ചാടിയാൽ പിന്നെ പൊങ്ങില്ലെന്നതിനെയറിയച്ചതുമായ ചൈതന്യം: കമ്മ്യൂണിസ്റ്റുപച്ച തിന്നരുതെന്നു പശുവിനെ അറിയിച്ചത് കോൺഗ്രസ്കാരല്ലല്ലോ! രണ്ടുകിലോമീറ്റർവരെ മുകളിൽ പറക്കുന്ന പരുന്തിന് ഭൂമിയിലുള്ള കുന്നിക്കുരുകാണാം! ഒരുപോത്തിനെ തന്റെ പുറത്തിട്ട് 125 കിലോമീറ്റർ വേഗത്തിൽ ഒരു ചീറ്റപ്പുലിക്ക് പായാനുള്ള ശക്തിയുണ്ട്. അതിവിദൂരത്തിലുള്ള ഒരു പേരക്ക പഴുത്തുവെന്ന് ഒരു വാവലിനറിയാം! ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ നിന്നാരംഭിച്ച് ഒരിടത്തും വിശ്രമിക്കാതെ രണ്ടു മൂന്നുദിവസംകൊണ്ട് ഒരു ഹമ്മിങ് പക്ഷി ഒരു ക്ഷീണവുമില്ലാതെ ഇന്ത്യയിലെത്തും! ഒരു ബീജവും അണ്ഡവും ചേർന്ന് ഒരു എംബ്രിയോ ആയാൽ ആ എംബ്രിയോ 18 ദിവസങ്ങൾകൊണ്ട് വളർന്ന് കോഴിക്കുഞ്ഞായിത്തീരുന്നു. താറാവിന്റെ മുട്ടക്കകത്തു നിലനിൽക്കുന്ന ചൈതന്യം ആ എംബ്രിയോയെ താറാവിന്റെ കുഞ്ഞായിതന്നെ വളർത്തുന്നു. ഇവിടെയെല്ലാം പ്രജ്ഞാനം സ്വതസിദ്ധമായി പ്രകൃതി നൽകിയത് അതിൽ തന്നെ നിലനിൽക്കും. ഓരോ കോശത്തിലുമുള്ള awareness ഉം consciousness ഉം പുറത്തുനിന്ന് അകത്തേക്കു വന്നതല്ല. അകത്തു തന്നെ നിലനിൽക്കുന്ന ചൈതന്യമാണത്.
- ഓരോ ജീവിക്കും **ഇരയേയും ഇണയേയും** തേടാൻ സഹായിക്കുന്ന ചൈതന്യം അകത്തും പുറത്തും നിലനിൽക്കുന്നു = **തദന്തരസ്യ സർവസ്യ തദുസർവസ്യാസ്യ ബാഹ്യതഃ.** എല്ലാത്തിനേയും അതു ചലിപ്പിക്കുമ്പോഴും അതു സ്വയം ചലിക്കുന്നില്ല = **തദേജതി തന്നൈജതി** അത് അങ്ങകലത്തിലുണ്ട് അടുത്തുമുണ്ട്. = **തദ്ദൂരേ തദ്വന്തികേ.** ആ ചൈതന്യമാണ് പരമമായ ഈശ്വരചൈതന്യം. ഇവിടെ ഭാരതീയ ഈശ്വരസങ്കൽപമെന്ന വിഷയവും ഉപനിഷത്തും ഒരേ വിവരണം നൽകി ഒന്നായിത്തീരുന്നു.
- വേദ ഉപനിഷദ് മന്ത്രങ്ങൾക്കെല്ലാം മൂന്നുതരത്തിലുള്ള സന്ദേശങ്ങൽ നൽകാനുണ്ട് എന്നു പറഞ്ഞുവല്ലോ! **ആദ്ധ്യാത്മീകമായ സന്ദേശം, ആദിഭൗതികമായ സന്ദേശം, അധിദേവതാ സന്ദേശം.**
- അദ്ധ്യാത്മിക സന്ദേശങ്ങൾ അവനവനിലെ ചൈതന്യത്തേയും ആ ചൈതന്യത്തെ വഹിക്കുന്ന ശീരത്തേയും ആധാരമാക്കിയുള്ളതുൾപ്പെടുത്തിയിരിക്കുന്നു. ആദിഭൗതീകത്തിൽ, സമൂഹജീവിയായ മനുഷ്യന്റെ എല്ലാ ഭൗതീകകാര്യക്രമങ്ങളും ഉൾപ്പെടുത്തി വ്യാഖ്യാനിച്ചു വിവരിക്കുന്നു. അധിദേവതാ സന്ദേശത്തിൽ വായു,



Scanned with CamScanner

ജലം, ഭൂമി, സൂര്യൻ, ചന്ദ്രൻ, ഔഷധികൾ, ഗിരി, നദികൾ, സമുദ്രം തുടങ്ങിയവയിലെ സമഗ്ര ചൈതന്യത്തെക്കുറിച്ചു വിവരിക്കുന്നു.

- ഇവയെല്ലാം (മേൽവിവരിച്ച മൂന്നും) ശാന്തഗംഭീരമായി നിലനിന്നാലേ ഈ ഭൂമണ്ഡലത്തിലെ സർവചരാചരങ്ങളും ചൈതന്യവത്തായി നിലനിൽക്കുകയുള്ളൂ. അതുകൊണ്ടുതന്നെ പ്രകൃതിയിലെ സൃഷ്ടി സ്ഥിതി സംഹാര കർമ്മങ്ങൾ പ്രകൃതിയുടെ ഓരോ ഘടകത്തേയും ആശ്രയിച്ചും അടിസ്ഥാനമാക്കിയും നിലനിൽക്കുന്നു എന്നു ഋഷിവര്യന്മാർ വിവരിക്കുന്നത്. ആ ഘടകങ്ങളെല്ലാം പ്രകൃതിയുടെയും പ്രപഞ്ചത്തിന്റേയും ഭാഗമായതിനാൽ അവയിലെല്ലാം ഈശ്വരചൈതന്യമുണ്ടെന്നറിയണം.
- ഭാരതം പുണ്യഭൂമിയാണെന്നു പറയുമ്പോൾ ഭാരതത്തിന്റെ ഓരോ ബിന്ദുവും ആ പുണ്യഭൂമിയുടെ ഭാഗമാണ്. അതുപോലെ പ്രപഞ്ചം തന്നെ പ്രപഞ്ചപുരുഷചൈതന്യമായി ഒരു മനുഷ്യരൂപത്തിൽ സങ്കൽപ്പിച്ചാൽ, അതിനെ **പ്രപഞ്ചപുരുഷ സങ്കല്പമെന്നു** പറയുന്നു. ആ പ്രപഞ്ചത്തിന്റെ ഓരോ അംശവും അതുകൊണ്ടുതന്നെ പവിത്രമാണ്.
- വേദത്തിൽ പ്രപഞ്ചപുരുഷ സങ്കല്പം ശ്രേഷ്ഠമായി വർണ്ണിക്കപ്പെടുന്നു. പ്രപഞ്ചം നിറഞ്ഞിരിക്കുന്ന ആ ചൈതന്യത്തെ സാധാരണക്കാർക്ക് അകക്കണ്ണുകൊണ്ടും പുറംകണ്ണുകൊണ്ടും കണ്ടുവിവരിക്കാനസാദ്ധ്യമാണെങ്കിൽ, അത് സങ്കൽപിച്ച് വിവരിക്കാൻ പാകത്തിനാണ് പ്രപഞ്ചത്തെ ഒരു പുരുഷ സങ്കൽപത്തിലൂടെ ഭാവനയിൽ സൃഷ്ടിച്ചിരിക്കുന്നത്.
- **സഹസ്ര ശീർഷ, പുരുഷ, സഹസ്രാക്ഷ സഹസ്രപാദ്.....** = ആയിരക്കണക്കിന് തലകളും, കണ്ണുകളും, കാലുകളുമുള്ള പ്രപഞ്ചപുരുഷചൈതന്യം! **വിശ്വതശ്ചക്ഷുരുത വിശ്വതോമുഖോ വിശ്വതോ ബാഹുരുത വിശ്വതസ്പാദ്...** = ഈ വിശ്വം മുഴുവനും കണ്ണുകളും, മുഖവും, കൈകളു, പാദങ്ങളുമുള്ള ആ വിശ്വരൂപത്തെ ഭഗവദ്ഗീത വിവരിക്കുന്നു. **നാന്തം ന മധ്യം ന പുനസ്തവാദിം...** = തുടക്കവും മധ്യവും അവസാനവുമില്ലാത്ത പ്രപഞ്ചരൂപം ! **ദിവിസൂര്യസഹസ്രസ്യഭവേദ് യുഗപദുത്ഥിതാ** = ആയിരക്കണക്കിന് സൂര്യന്മാരുദിക്കുന്ന പ്രപഞ്ചരൂപത്തെ ഭാരതീയ ഋഷിമാർ വിവരിച്ച് ഇതിനെ മനസാ ധ്യാനിക്കാൻ ഉപദേശിച്ചു.
- അതിമഹത്തായ ഒന്നിനെക്കുറിച്ചു സങ്കൽപിച്ചാൽ അതിസൂക്ഷ്മമയാ പലതും നിസ്സാരമായിത്തീരുമെന്ന് മനസ്സിനെ ബോധ്യപ്പെടുത്താനാണീ സങ്കല്പങ്ങളെല്ലാം ഭാരതീയരുണ്ടാക്കിയത്. (സം +



Scanned with CamScanner

കൽപിക്കുക = ചൈതന്യവത്തായി രൂപഭാവന നൽകുക). ജപ്പാനിലെ സുനാമിയെക്കുറിച്ച് ചിന്തിച്ചാൽ നമ്മുടെ ദേശത്തിലെ ചെറിയ ചെറിയ പ്രശ്നങ്ങൾ എത്ര നിസ്സാരമെന്നു തോന്നുന്നതു പോലെയാണിത്. അതിബൃഹത്തായതിനേയും അതിസൂക്ഷ്മമായതിനേയും കാണിച്ചു വിവരിച്ച് നമ്മളെവിടെ നിൽക്കുന്നു എന്നു ചിന്തിക്കാൻ പറയുക.

- അതിമഹത്തായ പ്രപഞ്ചത്തെക്കുറിച്ച് വിവരിക്കുന്നതിനിടക്ക് ഒരാൾ ചോദിച്ചു എന്നിരിക്കട്ടെ; എന്റെ മകന് മാത്തമാറ്റക്സിന് മാർക്ക് കുറഞ്ഞതിലെ ദുഃഖം മാറാൻ എന്താണു ചെയ്യേണ്ടത് എന്ന്. കേൾക്കുന്ന വ്യക്തികൾക്കെന്താണു തോന്നുക. ഇത്രയും വലിയ അഗാധ കാര്യങ്ങൾ വിവരിക്കുമ്പോൾ ഈ നിസ്സാരകാര്യത്തിനെന്തിനാണ് ഇത്രയും വേവലാതിപ്പെടുന്നതെന്നും അതെല്ലാം ഇവിടയാണോ വിളമ്പേണ്ടത് എന്നുമായിരിക്കുമല്ലോ.
- ഇതാണ് അതിമഹത്തായതിനെക്കുറിച്ചും അതിസൂക്ഷ്മമായതിനെക്കുറിച്ചും ചിന്തിച്ചാൽ പലതും നിസ്സാരമാണെന്നു വിലയിരുത്തി വികാരങ്ങളെ ശമിപ്പിക്കാം. അതുപോലെ പ്രാപഞ്ചിക സത്യത്തെക്കുറിച്ചറിയാൻ സാധിച്ചാൽ വ്യാവഹാരിക സത്യങ്ങളും സുഖദുഃഖങ്ങളിൽപലതും നിസ്സാരമായി കാണാൻ സാധിക്കും. അപ്പോൾ മനസ് ശാന്തമാകും. ആവശ്യമില്ലാത്തതിൽ കിടന്നുഴലുകയില്ല.
- പലപ്പോഴും അതിമഹത്തായ കാര്യങ്ങൾ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഭർത്താക്കന്മാർക്ക് ജീവിതത്തിലെ പലതും നിസ്സാരമായി തോന്നും. അവരുടെ ഭാര്യമാർക്ക് അതിനെ. നിസ്സാരമായി കാണാൻ സാധിക്കില്ല. മനസ് ചെറിയ കാര്യങ്ങളിൽ കറങ്ങിയാൽ അതു ഭയാനകമായി അവർക്കു തോന്നും. ചെറിയ ദുഃഖം, ചെറിയ പ്രശ്നം അതെല്ലാം ഭീകരമെന്നവരുടെ മനസ്സു മന്ത്രിച്ചു കൊണ്ടേയിരിക്കും! വലിയകാര്യം ചിന്തിക്കുന്നവർക്ക് ഈ ചെറിയകാര്യങ്ങൾ നിസ്സാരമായിരിക്കും.
- ഇവിടെയാണ് പ്രപഞ്ചം നിറഞ്ഞിരിക്കുന്ന ഈശ്വരചൈതന്യത്തെയും അതിന്റെ സഗുണാവസ്ഥയേയും നിർഗുണാവസ്ഥയേയും നാം തിരിച്ചറിഞ്ഞു പഠിച്ചുൾക്കൊള്ളേണ്ടത്.
- പ്രപഞ്ചത്തിലെ എല്ലാത്തിനും രണ്ടുഭാവങ്ങളുണ്ട്. സഗുണഭാവം (സഗുണാവസ്ഥ) നിർഗുണഭാവം (നിർഗുണാവസ്ഥ). പ്രപഞ്ച ഘടകങ്ങളിലെല്ലാം അതിന്റെ ചൈതന്യമുള്ളതുകൊണ്ട് അതെല്ലാം ഈശ്വരീയമായിത്തീരുന്നു. അതുകൊണ്ട് വായു-ജലം-അഗ്നി-ആകാശം-ഭൂമി-ഗ്രഹങ്ങൾ,...... എല്ലാമെല്ലാം ഈശ്വരീയമാണ്. അതിന്



Scanned with CamScanner

രണ്ട് ഭാവങ്ങളുണ്ട്. ശാന്തമായ ഭാവം, രൗദ്രഭാവം : ഫാനിന്റെ ചുവട്ടിലിരുന്നാൽ ശാന്തമായ വായുപ്രവാഹം ലഭിക്കും. ഈ ശാന്തമായ വായുവാണ് ന്യൂഓർലിയൻസിൽ ആഞ്ഞടിച്ച് രൗദ്രഭാവം കാട്ടിയ കത്രീന, റീത്താ, വിൽമാ, ജൂണോ, ആൽബർട്ടോ.... എന്നീ ചുഴലിക്കാറ്റുകൾ.

ശാന്തമായ ജലമാണ് ടാപ്പിലൂടെ വരുന്നത്. അതിന്റെ രൗദ്രഭാവമാണ് സുനാമിയായിവന്നത്. ശാന്തമായ അഗ്നിയാണ് വിളക്കിന്റെ തിരിയിൽ കത്തുന്നത്. അതിന്റെ രൗദ്രഭാവമാണ് കാട്ടുതീ. ശാന്തമായ ഭൂമിയിൽ നാം വസിക്കുന്നു. അതിന്റെ രൗദ്രഭാവമാണ് ഗുജറാത്തിലനുഭവപ്പെട്ട ഭൂമികുലുക്കം. ശാന്തമായ സൂര്യകിരണങ്ങൾ ഹിമാലയത്തിലടിക്കുമ്പോൾ രൗദ്രമായ സൂര്യനെ സഹാറാ മരുഭൂമിയിലനുഭവപ്പെടുന്നു. ഇവിടെയാണ് സഗുണാത്മകതയെന്ന രൗദ്രഭാവവും. നിർഗുണാത്മകതയെന്ന ശാന്തഭാവവും. രണ്ടും വിപരീതങ്ങളല്ല. അവ ഒന്നിന്റെ രണ്ടു ഭാവങ്ങളാണ്. രണ്ടുതരത്തിലുള്ള manifestation ഉം manipulation ഉം അല്ലേ? മനസ്സിലാകുന്നുണ്ടോ?.

ഈ രണ്ടും ഒന്നിന്റെതന്നെ ഭാഗമാണ്, ഭാവവുമാണ്. അദ്വൈതമാണ്, രണ്ടല്ലാത്തത്. ജീവാത്മാവും പരമാത്മാവും രണ്ടല്ല ഒന്നുതന്നെ. പഞ്ചഭൂതങ്ങളും പഞ്ചപ്രാണനും ഒന്നിന്റെ തന്നെ പലത്. എല്ലാം പ്രപഞ്ചമെന്ന ചൈതന്യത്തിൽ ഉത്ഭവിച്ച്, നിലനിന്ന് അതിലേക്കു ലയിക്കുമ്പോൾ കടലിലുള്ളതെല്ലാം ഒന്നായ കടലിന്റെ തന്നെ ഭാഗം എന്നല്ലേ ഞാൻ പറഞ്ഞത്. **ഏകം സത് വിപ്രാഃ ബഹുധാ വദന്തീ**യാണെന്ന് വ്യക്തമായി അറിയണം. ഇത്, അല്പം മുമ്പെഴുതിയത് ഉറപ്പിക്കാനായി ആവർത്തിക്കുകയാണ്.

സാമാന്യജനതയ്ക്ക് ജീവാത്മാവും പരമാത്മാവും രണ്ടാണ്. കടലും ഗ്ലാസിലുള്ള കടൽവെള്ളവും അവർക്ക് രണ്ടാണെന്നതുപോലെ. ഗഹനമായി പഠിക്കുന്ന വ്യക്തിക്ക് ഇവയെല്ലാം ഒന്നാണ്. അതുകൊണ്ടാണ് പറയുന്നത് വ്യക്തിയുടെ ആത്മജ്ഞാനത്തിന്റെ നിലവാരത്തിൽ നിന്നുകൊണ്ട് ദ്വൈതത്തിന്റെ നിലവാരമാകാം. അതിലും ഗഹനമായി പോയവന് അദ്വൈതത്തിന്റെ നിലയിലുമെത്താം. എവിടെയെത്തണം എവിടംവരെയെത്തണം എവിടെ നിൽക്കണമെന്നും അവനവൻ തീരുമാനിക്കണം.

നമ്മുടെ ഋഷിവര്യന്മാരെല്ലാം ആരംഭത്തിൽ ദ്വൈതത്തിൽ നിന്നു. പിന്നീട് ഉയർന്നുയർന്നു അദ്വൈതത്തിലെത്തി എന്നു പറയുന്നതല്ലേ ശരിയെന്നു തോന്നാറുണ്ട്. ശങ്കരാചാര്യർ പല ക്ഷേത്രങ്ങളിലേക്കും തീർത്ഥയാത്ര നടത്തി. ഞാൻ അവിടുത്തെ തൊഴുന്നു എന്നല്ലേ



Scanned with CamScanner

അതിന്റെ അർത്ഥം. അതിൽ ഞാനുണ്ട് അവിടുന്നുണ്ട്. രണ്ടാണത് ഞാനും നീയുമാകുന്ന രണ്ട്.

- അന്ത്യത്തിൽ ശങ്കരാചാര്യർ പറഞ്ഞു : ഈ പ്രപഞ്ചം മുഴുവൻ വ്യാപിച്ചുകിടക്കുന്ന ആ മഹാചൈതന്യത്തെ ഞാൻ പരിധിയും പരിമിതിയുമുള്ള ക്ഷേത്രത്തിനകത്തു കാണാൻ ശ്രമിച്ചു! പരിമിതമായ അക്ഷരങ്ങളും പരിമിതമായ വാക്കുകളുമുള്ള ഭാഷകൊണ്ട് പരിമിതിയില്ലാത്ത ചൈതന്യത്തെ ഞാൻ വിവരിക്കാൻ ശ്രമിച്ചു. ആ പ്രപഞ്ച ചൈതന്യത്തേയന്വേഷിച്ച് ഞാൻ അനവധി ക്ഷേത്രങ്ങൾ കയറിയിറങ്ങി... ഈ മൂന്നപരാധവും പൊറുക്കേണമെ ജഗതീശ്വരായെന്ന്!

- അതിഗഹനമായ തപസ്യയിലൂടെയാണ് ആ നിലവാരത്തിലെത്തിയത്. അതാണ് അദ്വൈതഭാവം, അതിനുമുമ്പുള്ളത് ദ്വൈതഭാവം വ്യക്തമായല്ലോ ഇല്ലേ? സാധാരണക്കാരന് ദ്വൈതമേ പറ്റൂ. അതുമതി.

- ഒന്നൊന്നായെണ്ണിയെണ്ണി തൊട്ടെണ്ണും പൊരുളൊടുങ്ങിയാൽ നിന്നിടും ദൃക്കുപോലുള്ളം (എന്റെ ആത്മാവ്) നിന്നിലസ്പന്ദമാകണം. എന്റെ ആത്മാവ് പരമാത്മാവിൽ അലിയണം, അപ്പോഴെ ഒന്നാകൂ. അതുവരെ നമ്മൾ ജീവാത്മാവ് പരമാത്മാവ് എന്നത് രണ്ടായി കാണണം. ആ ഒന്നാകുന്നതുവരെ അതുരണ്ടാണെന്നു ഗുരുദേവൻ ദൈവദശകത്തിൽ പ്രാർത്ഥിച്ചറിയിച്ചു.

- ആഴിയും തിരയും കാറ്റും ആഴവുംപോലെ ഞങ്ങളും മായയും നിന്മഹിമയും നീയും എന്നുള്ളിലാകണം. അവിടെയും നീ വേറെ ഞാൻ വേറെയല്ലേ? അതൊന്നാകണമെന്നല്ലേ ശ്രീനാരായണ ഗുരുദേവൻ അപേക്ഷിച്ചത്. ഗുരുദേവൻ ക്ഷേത്രങ്ങൾ പ്രതിഷ്ഠിച്ചു, തന്ത്രവിധികൾ നടപ്പിലാക്കി, കീർത്തനങ്ങൾ രചിച്ചു. ..... അവയെല്ലാം പരമമായ ഒന്നിലേക്ക് പ്രയാണം ചെയ്യലായിരുന്നു. ദ്വൈതത്തിൽ നിന്ന് അദ്വൈതത്തിലേക്കുള്ള പ്രയാണം. പിന്നീട് വിഗ്രഹം വേണ്ട കണ്ണാടിയും, വിളക്കും മതിയെന്നു തീരുമാനിച്ചു.

- മനസ്സിനെ ഉയർത്താൻ നാം പാരമാർത്ഥിക സത്യത്തെക്കുറിച്ച് പഠിക്കണമെന്ന് പറഞ്ഞു. അതും വ്യാവഹാരികസത്യങ്ങളും മനസ്സിലാക്കണമെന്നു പറഞ്ഞു. ആദ്യത്തേത് അറിയുമ്പോൾ വ്യാവഹാരിക ലോകത്തിലെ ചെറിയ പ്രശ്നങ്ങൾ മനസ്സിനെ തളർത്തുകയോ തകർക്കുകയോ ചെയ്യില്ല എന്നും സൂചിപ്പിച്ചത് ഓർമ്മിക്കുമല്ലോ....!

- മനസ്സിനെ ഈശ്വരനിലേക്കർപ്പിക്കുമ്പോൾ എനിക്കതീതമായ ഒരു ശക്തി ഈ പ്രപഞ്ചത്തിലുണ്ടെന്ന് ഞാനറിയുന്നു. അതുതന്നെ മനസ്സിനെ താഴ്മയിലേക്കു നയിച്ച് ശുദ്ധമാക്കും. വലിയ ഒന്നിന്റെ



Scanned with CamScanner

മുന്നിൽ ചെറിയ ഈ ഞാനാര്? സ്ഥിരമായ ഒന്നിൽ നിലനിൽക്കുന്നത് താൽക്കാലികമായ ഒരു ഞാൻ മാത്രമല്ലേ? അതിബൃഹത്തായതിന്റെ മുന്നിൽ നിൽക്കുന്ന അതിസൂക്ഷ്മമായ ഞാനും അതിസങ്കീർണമായ ഒന്നിന്റെ മുന്നിലെ ഉപരിപ്ലവമായ ഒന്നും മാത്രമാണു ഞാൻ. അപ്പോൾ എന്താവേണ്ടത്? ഈ പാട്ടുപാടുക 'നന്ദി ആരോടു ഞാൻ ചൊല്ലേണ്ടു! പാതിമെയ്യായ മാതാവിനോ, പാതിമെയ്യായ പിതാവിനോ പത്തുമാസം ചുമന്നെന്നെ ഞനാക്കിയ ഗർഭപാത്രത്തിനോ.....' ഈശ്വരാ, അങ്ങേക്കു പ്രണാമം.

- ആ ശക്തി, പ്രപഞ്ചം മുഴുവനും നിറഞ്ഞിരിക്കുന്നതുപോലെ എന്നിലുമുണ്ട്. അത് അദൃശ്യമാണ്. പക്ഷേ അതിന്റെ പ്രതിഫലനം ഈ പ്രപഞ്ചം മുഴുവനുമുണ്ട് എന്ന് ഉപനിഷത്തുക്കളുൽഘോഷിക്കുന്നു, എന്ന് ഞാൻ നേരത്തേ വിവരിച്ചതോർക്കുമല്ലോ?
- ഏതുപോലെയാണോ വൈദ്യുതി അദൃശ്യവും വൈദ്യുതിയുടെ സാന്നിദ്ധ്യം പ്രകാശമായും, ശബ്ദമായും, താപമായും, കാറ്റായും,... ദൃശ്യവുമാകുന്നത് അതുപോലെയാണ് പരമാത്മ-പരബ്രഹ്മ-പരമമായ ചൈതന്യം എന്ന് ഉപമിക്കാറുണ്ട്. ഉപമയായി മാത്രമേ അതെടുക്കാവൂ. ആഴത്തിലേക്കു ഈ ഉപമയിലൂടെയും പോകാം.
- അതിനെ സാധാരണക്കാർക്ക് അൽപംകൂടി എളുപ്പത്തിൽ മനസ്സിലാക്കാൻ മനുഷ്യരൂപത്തിൽ തന്നെ വിവരിച്ചതാണ് വേദങ്ങളിലെ പ്രപഞ്ചപുരുഷ ചൈതന്യവിവരണവും മഹാഭാരതത്തിലെയും അതിന്റെ ഭാഗമായ ഭഗവദ്ഗീതയിലേയും വിശ്വരൂപദർശന വിവരണവും.
- ഈശ്വരചൈതന്യത്തെ ഭാരതീയ ഗ്രന്ഥങ്ങളിൽ വിവരിക്കുന്നത് മറ്റു മതങ്ങളിലെ ഈശ്വരസങ്കൽപ വിവരണം കൊണ്ടുദ്ദേശിക്കുന്നതുപോലെയല്ല എന്നും സൂചിപ്പിച്ചു. മറ്റു മതങ്ങളിൽ ദൈവം ഒരു ജഡ്ജിയാണ്. മനുഷ്യൻ ചെയ്യുന്ന കർമ്മങ്ങളെ ദൈവത്തിനിഷ്ടമുള്ളത് ഇഷ്ടമില്ലാത്തത് ഏതെല്ലാമാണെന്നു വിലയിരുത്തി അന്ത്യവിധിനാളിൽ ശിക്ഷയോ രക്ഷയോ കൽപ്പിക്കുന്നതിനായി തയ്യാറെടുക്കുന്ന ദൈവം!
- ഈ പരമാത്മ ജീവാത്മ ചൈതന്യം, സൃഷ്ടി സ്ഥിതി സംഹാരത്തിന്റെ ആധാരമാണ്. അതാതു ജീവജാലങ്ങൾ അതിലന്തർലീനമായ വാസനകൾക്കനുസരിച്ചു പ്രവർത്തിക്കുന്നു എന്ന് ഉപനിഷത്തുക്കളെടിവരയിട്ടു പറയുന്നു. ആ വാസനകൾ ആ വ്യക്തിയുടെ പൂർവജന്മ-തദ്ജന്മ കർമ്മഫലങ്ങളുടെ ആധാരത്തിലാണ് നിശ്ചയിക്കുന്നത്.



Scanned with CamScanner